**നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ കേരള ധനകാര്യ ബിൽ

(ii) 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ധനകാര്യവും കയറും വകുപ്പുമന്ത്രിക്ക് 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഇവ അവതരിപ്പിക്കാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനകാര്യ ബിൽ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. രമേശ് ചെന്നിത്തല: അങ്ങയുടെ റൂളിംഗിനെ ചോദ്യം ചെയ്യുകയല്ല. It should not be a precedent. Extra ordinary situation this kind of activity can be undertaken. It should not be considered as a precedent.

മി. സ്പീക്കർ: നേരത്തെയുണ്ടായിരുന്ന പ്രത്യേക സാഹചര്യത്തെ മുൻനിർത്തിയാണ് അന്ന് ഇറങ്ങിയത്.

ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി(ഡോ. ടി. എം. തോമസ് ഐസക്): സർ, 2018-ലെ കേരള ധനകാര്യ ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്തമായും 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ പ്രത്യേകമായും പരിഗണിക്കുന്നതിന് സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു.

ശ്രീ. പി. അബ്ദുൾ ഹമീദ്: സർ, 2018-ലെ കേരള ധനകാര്യ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 22-10-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ശശി: സർ, 2018-ലെ കേരള ധനകാര്യ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പ്രദീപ് കുമാർ: സർ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. മുരളി പെരുനെല്ലി: സർ, 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ചർച്ച ആരംഭിക്കുകയാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: വളരെ വിഷമം പിടിച്ച സാമ്പത്തിക അന്തരീക്ഷത്തിലൂടെയാണ് നമ്മൾ കടന്നുപോകുന്നത്. വേണ്ടത്ര ചിന്തയില്ലാതെ നടപ്പാക്കിയ നോട്ടുനിരോധനവും വേണ്ടത്ര തയ്യാറെടുപ്പുകളില്ലാതെ നടപ്പാക്കിയ ജി.എസ്.ടി.-യും നമ്മുടെ സമ്പദ്ഘടനയ്ക്ക് ഏല്പിച്ചത് കനത്ത ആഘാതമാണ്. എല്ലാവർക്കും അറിവുള്ളതുപോലെ ജി.എസ്.ടി. നികുതി ചുമത്തുന്നതിനുള്ള നമ്മുടെ അധികാരത്തെ പരിമിതപ്പെടുത്തി. ഈ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടാണ് ജനങ്ങൾക്ക് ആഘാതം ഏല്പിക്കാതെ നികുതി ചുമത്താവുന്ന മേഖലകളിൽ നികുതി ചുമത്താനും പരിമിതമായ തോതിലെങ്കിലും വിഭവസമാഹരണം നടത്താനും ഈ ഗവൺമെന്റ് തയ്യാറായത്. ഈ നികുതി നിർദ്ദേശങ്ങളിൽ പലതും സഭയിൽ ചർച്ച ചെയ്യപ്പെട്ടതാണ്. ഈ ഗവൺമെന്റ് ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയ

സാമ്പത്തിക സമീപനങ്ങൾ നടപ്പാക്കാൻ പ്രതിജ്ഞാബദ്ധമാണ്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ പ്രതിരൂപമാണ് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഡോ. ടി. എം. തോമസ് ഐസക് കഴിഞ്ഞ ദിവസം സഭയിൽ പറഞ്ഞതുപോലെ ഈ ബഡ്ജറ്റിന് ഒരു രാഷ്ട്രീയമുണ്ട്. അത് വ്യത്യസ്തമായ രാഷ്ട്രീയമാണ്. ബി.ജെ.പി.യുടേതിൽ നിന്നും കോൺഗ്രസിൽ നിന്നും വ്യതിരക്തമായ ഒരു രാഷ്ട്രീയമാണ്. അത് ഇടതുപക്ഷം മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയമാണ്. അഖിലേന്ത്യാതലത്തിൽ നടക്കുന്നതെന്താണ്? അവിടെ പൊതുസ്വത്തുക്കൾ കോർപ്പറേറ്റുകൾക്ക് കൈമാറുന്ന ഒരു ദല്ലാളായിട്ടാണ് കേന്ദ്ര ഗവൺമെന്റ് പ്രവർത്തിക്കുന്നത്. എന്നാൽ നമ്മുടെ ഗവൺമെന്റ് ഈ പൊതുസ്വത്തുക്കൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള നടപടികളാണ് എടുക്കുന്നത്. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ നടപ്പാക്കിയ സാമ്പത്തിക സമീപനങ്ങളുടെ ഫലമായി കേരളത്തിലെ കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ മുഴുവൻ നഷ്ടത്തിലേയ്ക്കുപോയി. കഞ്ചിക്കോട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിനെ കേന്ദ്ര ഗവൺമെന്റ് സ്വകാര്യവൽക്കരിക്കാൻ തീരുമാനിച്ചപ്പോൾ കേരള ഗവൺമെന്റ് ഇടപെട്ട് അത് ഏറ്റെടുത്ത് നടത്താൻ തയ്യാറായി. ഇന്ത്യയിലെ മറ്റേതെങ്കിലും സംസ്ഥാനത്ത് ഇങ്ങനെ നടന്നിട്ടുണ്ടാവില്ല. എച്ച്.എൽ.എൽ.-ന്റെയും ഹിന്ദുസ്ഥാൻ ന്യൂസ്

പ്രിന്റിന്റെയും കാര്യത്തിൽ നമ്മൾ ഇതേ നിലപാട് എടുത്തു. ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന് 700 ഏക്കർ സ്ഥലം കേരള ഗവൺമെന്റ് ഏറ്റെടുത്ത് കൊടുത്തതാണ്. കേരള ഗവൺമെന്റിനോട് ആലോചിക്കാതെയാണ് ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റിന്റെ ഈ 700 ഏക്കർ സ്ഥലം അടക്കം സ്വകാര്യ മേഖലയ്ക്ക് വിട്ടുകൊടുക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തത്. കേരളത്തിന്റെ പ്രതിഷേധങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ബധിരകർണ്ണങ്ങളിലാണ് പതിച്ചിരിക്കുന്നത്. ഈ കാര്യങ്ങളിലെല്ലാം ഇന്ത്യയ്ക്കാകെ മാതൃകയായ സമീപനമാണ് കേരള ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്.

അതുപോലെ കേന്ദ്ര ഗവൺമെന്റിന്റെ ധനസമാഹരണത്തിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ വിറ്റുതുലച്ച് നടത്തുമ്പോൾ കേരള ഗവൺമെന്റ് നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിക്കുകയും കേന്ദ്ര ഗവൺമെന്റ് വിറ്റ് തുലയ്ക്കാൻ പോകുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ട് മുന്നോട്ട് പോകുകയുമാണ് ചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റ് ദേശസാത്കൃത ബാങ്കുകളെ സ്വകാര്യവൽക്കരിക്കാൻ ശ്രമിക്കുകയാണ്. സ്വകാര്യ വൽക്കരണമാണ് ഇന്ന്

ബാങ്കിംഗ് മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കാനുള്ള ഏറ്റവും വലിയ മാർഗ്ഗമെന്ന് റിസർവ് ബാങ്കിന്റെ തലപ്പത്തിരിക്കുന്നവരടക്കം പറയുകയാണ്. ഈ ബാങ്കുകൾ പ്രതിസന്ധിയിലായതിന്റെ കാരണമെന്താണ്? ഇന്ത്യാ രാജ്യത്തെ വൻകിട കോർപ്പറേറ്റുകൾക്ക് കോടിക്കണക്കിന് രൂപ അവർ കടം കൊടുക്കുന്നു. അവർ നഷ്ടത്തിലാകുമ്പോൾ ആ ലോൺ റീ ഷെഡ്യൂൾ ചെയ്യാൻ സഹായിക്കുന്നു. അതിന്റെ തിരിച്ചടവ് കാലാവധി വർദ്ധിപ്പിക്കുന്നു. ഇതെല്ലാം കൊടുത്തിട്ടും അവർ ഈ പണവുമായി ഇന്ത്യാ രാജ്യത്തുനിന്നും മുങ്ങുന്നു. അങ്ങനെയാണ് കേന്ദ്ര ഗവൺമെന്റ് ഈ ബാങ്കുകളെ പ്രതിസന്ധിയിലാക്കിയിരിക്കുന്നത്. എന്നിട്ട് അവർ വലിയ ബാങ്കുകളുണ്ടാക്കാൻ പോകുകയാണ്. ചെറിയ ബാങ്കുകളെയെല്ലാം കൂട്ടിയോജിപ്പിച്ച് പടുകൂറ്റൻ ബാങ്കുകളുണ്ടാക്കുകയാണ്. ഈ പടുകൂറ്റൻ ബാങ്കുകളിൽനിന്നും ഒരു സാധാരണക്കാരന് ലോൺ കിട്ടുകയില്ല. അവരെല്ലാം പടുകൂറ്റൻ വായ്പകളും ഡെപ്പോസിറ്റുകളും സ്വീകരിക്കുന്ന ബാങ്കുകളായി മാറും. അപ്പോഴാണ് നമ്മൾ കേരളത്തിന്റേതായ ഒരു ബാങ്ക് രൂപീകരിക്കുന്നതിന് തയ്യാറെടുക്കുകയും കേരള ബാങ്ക് രൂപീകരിക്കാനുള്ള നടപടികളെടുക്കുകയും ചെയ്യുന്നത്.

കേരള ഗവൺമെന്റിന്റെ കഴിഞ്ഞ രണ്ട് വർഷക്കാലത്തെ

കാര്യങ്ങളെടുത്താൽ ആരോഗ്യ മേഖലയിലെയും വിദ്യാഭ്യാസ മേഖലയിലെയും നമ്മുടെ നിക്ഷേപം വർദ്ധിപ്പിച്ചു. അതുപോലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയെ മറികടന്ന് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയാണ്. കിഫ്ബിയെ വിമർശിക്കുന്നവരെല്ലാം ഒരു കാര്യം പറയണം. കിഫ്ബി അല്ലാതെ നമ്മുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കാനുള്ള പോംവഴി എന്താണ്; മറ്റേതെങ്കിലും ബദൽ നിർദ്ദേശങ്ങളുണ്ടോ? ഈ നാടിന്റെ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ആ പരിമിതിയെ മറികടക്കാനുള്ള ഏറ്റവും വലിയ ഇന്നവേറ്റീവായിട്ടുള്ള സമീപനമാണ് കിഫ്ബി മുന്നോട്ട് വയ്ക്കുന്നതും അതിലൂടെ കേരള ഗവൺമെന്റ് നടപ്പിലാക്കാൻ ശ്രമിക്കുന്നതും.

അഖിലേന്ത്യാ വളർച്ചാ നിരക്ക് മുൻ വർഷങ്ങളിലേക്കാൾ കുറവാണ്. തൊഴിലില്ലായ്മ പെരുകിക്കൊണ്ടിരിക്കുകയാണ്. കാർഷികോല്പന്നങ്ങൾക്ക് വിലയില്ലാതെ കൃഷിക്കാർ വലയുകയാണ്. മദ്ധ്യപ്രദേശിലെ കൃഷിക്കാരുടെ സമ്മർദ്ദം സഹിക്കാൻ കഴിയാതെ അവിടത്തെ ബി.ജെ.പി. ഗവൺമെന്റ് കർഷകരുടെ കടം എഴുതിത്തള്ളാൻ തീരുമാനിച്ചപ്പോൾ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയായ ശ്രീ. അരുൺ ജെയ്റ്റ്ലി പറഞ്ഞ ധിക്കാരപരമായ മറുപടി എന്താണ്? നിങ്ങൾ കടം എഴുതിത്തള്ളിക്കോ, ഒരു പൈസ പോലും കേന്ദ്ര

ഗവൺമെന്റിൽ നിന്നും ധനസഹായം കിട്ടുകയില്ല എന്നാണ്. ലോകത്തെല്ലായിടത്തും പെട്രോളിന്റെ വില പാതാളം വരെ താഴ്ന്നിട്ടും ഒരു പൈസയുടെ പോലും ആനുകൂല്യം ഇന്ത്യയിലെ ജനങ്ങൾക്ക് നൽകാത്ത കേന്ദ്ര ഗവൺമെന്റിന്റെ ധനകാര്യ വകുപ്പുമന്ത്രിയാണ് കാർഷിക കടം എഴുതിത്തള്ളുന്നതിനുവേണ്ടി ഒരു പൈസ പോലും തരില്ലെന്ന് അവരുടെതന്നെ ഗവൺമെന്റിനോടും മുഖ്യമന്ത്രിയോടും പറഞ്ഞത്. ഈ സമീപനങ്ങളെല്ലാം സ്വീകരിച്ച രാഷ്ട്രീയ പാർട്ടിയാണ് കോൺഗ്രസ്. കോൺഗ്രസ്സിന്റെ എ.ഐ.സി.സി. സമ്മേളനത്തിൽ ധനകാര്യ വിഷയം കൈകാര്യം ചെയ്തുകൊണ്ട് സംസാരിച്ചത് ശ്രീ. പി. ചിദംബരമാണ്. കേരളത്തിൽ റബ്ബറിന്റെ വിലയിടിഞ്ഞിട്ട് സർവ്വകക്ഷി നിവേദക സംഘം എത്ര തവണ ശ്രീ. പി. ചിദംബരത്തെ പോയി കണ്ടു. റബ്ബറിന്റെ ഇറക്കുമതി കുറയ്ക്കണമെന്നും ഇറക്കുമതി ചെയ്യുന്ന റബ്ബറിന് ചുങ്കം ചുമത്തണമെന്നുമെല്ലാം പറഞ്ഞ നിവേദനങ്ങൾ എവിടെപ്പോയി? ധനകാര്യ വകുപ്പുമന്ത്രിയുടെ ചവറ്റുകുട്ടയിലേയ്ക്ക് പോയി. എന്നിട്ടും ശ്രീ. പി. ചിദംബരത്തെയാണ് ഇപ്പോഴും നിങ്ങളുടെ ധനകാര്യ വക്താവായി മുന്നിൽ നിർത്തിയിരിക്കുന്നത്. എങ്ങനെ കോൺഗ്രസ് രക്ഷപെടും? ബി.ജെ.പി. ഉയർത്തുന്ന സാമ്പത്തിക സമീപനങ്ങളും

കോൺഗ്രസ്സിന്റെ സാമ്പത്തിക സമീപനങ്ങളും തമ്മിൽ യാതൊരു വ്യത്യാസവുമില്ലായെന്ന് അടിവരയിട്ട് പറയുന്ന ഒന്നാണ് ശ്രീ. പി. ചിദംബരം സാമ്പത്തിക പ്രമേയം അവതരിപ്പിച്ചുകൊണ്ട് എ.ഐ.സി.സി.-യിൽ നടത്തിയ പ്രസംഗം. സംസ്ഥാനത്ത് സാമ്പത്തിക ഞെരുക്കമുണ്ടെന്നുള്ളത് ഒരു വസ്തുതയാണ്. ജി.എസ്.ടി.-യിലും കേരളത്തിന്റെ വിഹിതം മുഴുവൻ കിട്ടിയിട്ടില്ല. ആ വിഹിതം കിട്ടുന്ന മുറയ്ക്ക് നമ്മുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെട്ടുമായിരിക്കും. കേരളത്തിന് പുതിയ നികുതി ഏർപ്പെടുത്താൻ ഇപ്പോൾ പരിമിതിയുണ്ട്. അങ്ങനെയാണെങ്കിലും സാധാരണക്കാരനെ കൈവിടാൻ തയ്യാറായിട്ടില്ല. സാധാരണക്കാരന്റെ പരിരക്ഷ, കൃഷിക്കാർക്ക് സംരക്ഷണം, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള കർമ്മ പരിപാടി ഇവയെല്ലാം ഈ ഗവൺമെന്റിന്റെ മുഖമുദ്രയാണ്.

ഈ ഗവൺമെന്റ് ഉദാരവൽക്കരണത്തിന് എതിരാണ്. അതുകൊണ്ടുതന്നെ ഉദാരവൽക്കരണം നടപ്പാക്കിയ കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും എതിരാണ്. ഞങ്ങൾ എല്ലാത്തരം വർഗ്ഗീയതയ്ക്കും എതിരാണ്. അതുകൊണ്ടുതന്നെ ഞങ്ങൾ ബി.ജെ.പി.-ക്ക് എതിരാണ്. ഞങ്ങൾ അഖിലേന്ത്യാ തലത്തിൽ വലിയ രാഷ്ട്രീയ ശക്തിയല്ലായിരിക്കും. പക്ഷെ എല്ലാ

കാലത്തും ഞങ്ങളുടെ സ്വാധീനത്തിനപ്പുറമായി ഞങ്ങളുടെ രാഷ്ട്രീയ നിലപാടുകൾ ഇന്ത്യൻ രാഷ്ട്രീയത്തെ സ്വാധീനിച്ചിട്ടുണ്ടെന്നും ഇന്ത്യൻ രാഷ്ട്രീയത്തെ മുന്നോട്ട് നയിക്കാൻ പര്യാപ്തമാക്കിയിട്ടുണ്ടെന്നുമുള്ളത് ഞങ്ങളുടെ ശത്രുക്കൾ പോലും അംഗീകരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അങ്ങനെ അഖിലേന്ത്യാ രാഷ്ട്രീയത്തെ ഞങ്ങൾ സ്വാധീനിച്ചവരാണ്. ഇപ്പോൾ കോൺഗ്രസ്സിന്റെയും ബി.ജെ.പി.-യുടെയും സമീപനത്തിന് എതിരായിട്ടാണ് മഹാരാഷ്ട്രയിൽ കർഷക പ്രക്ഷോഭം ഉയർന്നുവന്നത്. ഇന്ത്യാരാജ്യത്തെ ഏതെങ്കിലുമൊരു പ്രക്ഷോഭത്തിന് ഇത്രയേറെ ജനങ്ങളുടെയും വിവിധ വിഭാഗങ്ങളുടെയും രാഷ്ട്രീയ പാർട്ടികളുടെയും പിന്തുണ ആർജ്ജിച്ചിട്ടുണ്ടോ? ജനങ്ങളുടെ സജീവമായ പ്രശ്നം ഏറ്റെടുത്ത് പൊരുതാനും അതിനുവേണ്ടി സമരം നയിക്കാനും മുന്നോട്ട് വന്നപ്പോൾ വിവിധ വിഭാഗം ജനങ്ങളുടെ പിന്തുണ ഈ സമരത്തിന് താനേ വന്നു എന്നുള്ളതാണ് ബോംബെയിലെ കർഷകരുടെ മാർച്ചും അതിന്റെ വിജയകരമായ പരിസമാപ്തിയും കാണിക്കുന്നത്. ഇത്തരം പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് സ്വതന്ത്രമായി ഞങ്ങൾ മുന്നോട്ട് പോകും.

ഞങ്ങൾ ചെറിയ രാഷ്ട്രീയ ശക്തിയായിരിക്കാം. പക്ഷേ ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിന്റെ ഫലമായും കൃഷി ഉല്പന്നങ്ങളുടെ

വിലയിടിഞ്ഞതിന്റെ ഫലമായും കാർഷിക ഉല്പന്നങ്ങൾ നിർബാധം ഇറക്കുമതി ചെയ്യുന്നതിന്റെ ഫലമായും ആത്മഹത്യയിലേയ്ക്ക് നീങ്ങുന്ന കൃഷിക്കാരന്റെ ദുരിതം നിറഞ്ഞ പ്രശ്നങ്ങൾ ഞങ്ങൾ ഏറ്റെടുക്കും. ഈ ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിന്റെയും നിരന്തരമായ കടന്നാക്രമണത്തിന്റെയും ഫലമായി ദുരിതമനുഭവിക്കുന്ന ഈ നാട്ടിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ ഞങ്ങൾ ഏറ്റെടുക്കും. അങ്ങനെയാണ് അഖിലേന്ത്യാ തലത്തിൽ ഭരണകക്ഷികളുടെയടക്കം വിവിധ ട്രേഡ് യൂണിയനുകളെ യോജിപ്പിച്ചുകൊണ്ടുള്ള വലിയ പ്രക്ഷോഭം ഇന്ത്യാ രാജ്യത്ത് നടന്നത്. അങ്ങനെ സ്വതന്ത്രമായ ഒരു രാഷ്ട്രീയ നിലപാട് എടുത്തുകൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോകുന്നത്. ഞങ്ങൾ വർഗ്ഗീയതയ്ക്കും ഉദാരവൽക്കരണത്തിനും എതിരാണ്. ഈ കാര്യങ്ങൾ നടപ്പാക്കുന്നതിന് മുന്നിൽ നിന്നിട്ടുള്ള കോൺഗ്രസ്സിനും ബി.ജെ.പി.-ക്കും ഞങ്ങൾ എതിരാണ്. അതിനെതിരായി സ്വതന്ത്രവും ജനകീയ പങ്കാളിത്തത്തോടും കൂടിയ സമരമുന്നേറ്റവുമായി മുന്നോട്ട് പോകുക എന്നുള്ളതാണ് ഞങ്ങളുടെ രാഷ്ട്രീയ സമീപനം. ആ രാഷ്ട്രീയ സമീപനത്തിന്റെ പേരിൽ ഞങ്ങളെ ഉപദേശിക്കാൻ ആരും വരണ്ട. ഇന്ത്യൻ രാഷ്ട്രീയം ഉയർത്തിയ എല്ലാ വെല്ലുവിളികളുടെ സമയത്തും ശരിയായ രാഷ്ട്രീയ

നിലപാടുകളെടുത്തുകൊണ്ട് ഞങ്ങൾ ഇന്ത്യാ രാജ്യത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. ഞാനും ശ്രീ. കെ. മുരളീധരനും ഒന്നിച്ചുപോയി കൈ പൊക്കിയതല്ലേ? ഒന്നാം യു.പി.എ. ഗവൺമെന്റിനെ പിന്താങ്ങിയതിന്റെ കാരണമെന്താണ്? 101 കാര്യങ്ങളിൽ അഭിപ്രായ വ്യത്യാസമുള്ള കോൺഗ്രസ് ഗവൺമെന്റിനെ ഞങ്ങൾ പിന്താങ്ങിയത് ഇന്ത്യാ രാജ്യത്ത് ബി.ജെ.പി. ഉരുട്ടിക്കൊണ്ടുവന്ന വർഗ്ഗീയതയുടെ രഥത്തെ തടുത്തുനിർത്താൻ വേണ്ടിയാണ്. ആ രാഷ്ട്രീയ നിലപാടുകളെടുത്ത രാഷ്ട്രീയ പാർട്ടിയാണ് ഞങ്ങളുടേത്. ഈ രാഷ്ട്രീയ നിലപാടുകളെല്ലാം ഒരേയൊരു കാര്യത്തിനുവേണ്ടിയായിരുന്നു. ഇന്ത്യാ രാജ്യത്തിന്റെ അഖണ്ഡത കാത്തുസൂക്ഷിക്കാനും പാവപ്പെട്ടവന്റെ താല്പര്യങ്ങൾ സംരക്ഷിക്കാനും തൊഴിലാളികളുടെയും കൃഷിക്കാരന്റെയും താല്പര്യങ്ങൾ സംരക്ഷിച്ച് മുന്നോട്ട് പോകാനും മതേതരത്വം സംരക്ഷിക്കാനും വേണ്ടി ആരുടെയും ഉപദേശമില്ലാതെ സ്വതന്ത്രമായ ഇന്ത്യക്ക് ചേരുന്ന രാഷ്ട്രീയ നിലപാടുകൾ, ഇന്ത്യയിലെ തൊഴിലാളിക്കും കൃഷിക്കാരനും വേണ്ടുന്ന രാഷ്ട്രീയ നിലപാടുകൾ എടുത്തുകൊണ്ടാണ് ഞങ്ങൾ മുന്നോട്ട് പോയത്. ആ നിലപാടുകളുടെ രാഷ്ട്രീയമായ പ്രതിഫലനമാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി സഖാവ് ടി. എം. തോമസ് ഐസക് ഈ നിയമസഭയിൽ

അവതരിപ്പിച്ച ബഡ്ജറ്റും അത് നടപ്പിലാക്കിയ രീതികളും. ഇതെല്ലാം ഉദാരവൽക്കരണ സാമ്പത്തിക സമീപനത്തിന് എതിരായ പ്രതിരോധമാണ്.

ഈ നാട്ടിലെ എല്ലാ വിഭാഗം ദുർബ്ബല ജനവിഭാഗങ്ങളെയും സംരക്ഷിക്കാനുള്ള നടപടികൾ, വിദ്യാഭ്യാസ രംഗം, അവഗണിക്കപ്പെട്ടുകിടന്ന സാധാരണക്കാരന്റെ ആരോഗ്യ പരിപാലന രംഗം, സർക്കാർ ആശുപത്രികളെ ശക്തിപ്പെടുത്തൽ എന്നിവ എല്ലാ തരത്തിലുള്ള സാമ്പത്തിക പ്രതിസന്ധികളുണ്ടായിട്ടും ഈ ബഡ്ജറ്റുകളിൽ പ്രതിഫലിപ്പിച്ചതാണ്. ജി.എസ്.ടി. നടപ്പിലാക്കി നമ്മുടെ കൈകൾ കെട്ടപ്പെട്ടു. ആ പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുള്ള നികുതി നിർദ്ദേശങ്ങളാണ് ഈ ഫിനാൻസ് ബില്ലിലുള്ളത്. ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നുള്ള പ്രമേയത്തെ ഞാൻ പിന്താങ്ങുന്നു. നന്ദി, നമസ്കാരം.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഈ ധനകാര്യബില്ല് അവതരിപ്പിക്കുമ്പോൾ നേരത്തെ ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. കെ. എസ്. ശബരീനാഥനും സൂചിപ്പിച്ചതുപ്പോലെ, ചെയറിന്റെ റൂളിംഗിനെ മാനിച്ചുകൊണ്ട് ഇതൊരു ചീത്ത കീഴ്വഴക്കമാണെന്ന് ഞാൻ ആദ്യമായിട്ട് സൂചിപ്പിക്കുകയാണ്. ഞാൻ ഈ സഭയിൽ വന്നിട്ട് 7 വർഷമായി. അതിനുമുൻപ് പലതവണ

സന്ദർശക ഗാലറിയിലിരുന്ന് നിയമസഭ കാണാനുള്ള ഭാഗ്യം സിദ്ധിച്ച ഒരാൾ കൂടിയാണ്. ഇവിടെ സൂചിപ്പിച്ചത് 2005-ലെ ഒരു പ്രത്യേക സാഹചര്യമൊഴികെ മറ്റെല്ലാവർഷങ്ങളിലും എല്ലാ ധനാഭ്യർത്ഥനകളും പൂർത്തീകരിച്ചതിനുശേഷം ധനകാര്യബില്ലും അവസാനം ധനവിനിയോഗബില്ലുമാണ് പാസ്സാക്കുന്നത്. ഏതായാലും ഇത്തവണ ഒരു പ്രത്യേക സാഹചര്യത്തിൽ ഇത് കൊണ്ടുവന്നുവെന്ന് സൂചിപ്പിച്ചു. എന്നാൽ ഇതൊരു കീഴ്വഴക്കമാക്കരുതെന്ന് ആദ്യമായിട്ട് അഭ്യർത്ഥിക്കുകയാണ്. ഇതൊരു ചീത്ത കീഴ്വഴക്കമായിപ്പോയി. ഭരണത്തിനെ സംബന്ധിച്ച് ഒരു സ്പെല്ലിംഗ് മിസ്റ്റേക്കിന്റെ ഭാഗമായിട്ടുകൂടിയാണ് ഞാൻ ഇതിനെ കാണുന്നത്.

ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് സാമ്പത്തിക നയങ്ങളെക്കുറിച്ച് പറഞ്ഞു. കോൺഗ്രസ്സിന്റെ സാമ്പത്തികനയത്തിൽ തെറ്റൊന്നും സംഭവിച്ചിട്ടില്ല. കോൺഗ്രസ്സിന്റെ സാമ്പത്തികനയം കൊണ്ടുതന്നെയാണ് അമേരിക്കപോലും സാമ്പത്തികമായി തകർന്നപ്പോൾ നമുക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞത്. അത് നടപ്പാക്കിയതിൽ ചില പാളിച്ചകൾ സംഭവിച്ചു. ഇതൊരു സെൽഫ് ക്രിട്ടിസിസമായി അംഗീകരിക്കുന്നു. ഞങ്ങളുടെ പാർട്ടി പ്രസിഡന്റ് ശ്രീ. രാഹുൽ ഗാന്ധിയാണ് കഴിഞ്ഞ എ. ഐ. സി. സി. സമ്മേളനത്തിൽ

അവസാനകാലത്തെ യു.പി.എ. സർക്കാരിന്റെ ചില നടപടികൾ തെരഞ്ഞെടുപ്പിൽ തിരിച്ചടി സംഭവിച്ചുവെന്ന് സൂചിപ്പിച്ചത്.

കഴിഞ്ഞ ലോക് സഭാ തെരഞ്ഞെടുപ്പുകാലത്ത് അന്ന് മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയും ആഭ്യന്തര മന്ത്രിയായിരുന്ന ഇന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും സാമ്പത്തികനയത്തിലെ പാളിച്ചകൾ ഏറ്റുപറഞ്ഞു കൊണ്ടുതന്നെയാണ് അന്ന് ലോക് സഭാ തെരഞ്ഞെടുപ്പിനെ നേരിട്ടത്. അതിനെ കേരളത്തിലെ ജനങ്ങൾ അംഗീകരിക്കുകയും ചെയ്തു. ഇൻഡ്യയിലൊക്കെ കോൺഗ്രസ്സിന് ക്ഷീണം സംഭവിച്ചപ്പോൾ 20-ൽ 12 സീറ്റിൽ കേരളത്തിൽ ഐക്യജനാധിപത്യമുന്നണി വിജയിക്കുകയും 80 നിയമസഭാ നിയോജകമണ്ഡലങ്ങളിൽ അന്ന് ഐക്യജനാധിപത്യമുന്നണിക്ക് ലീഡ് ലഭിക്കുകയും ചെയ്തു. അത് സാമ്പത്തിക നയത്തിൽ വന്ന പാളിച്ചയല്ല; നയങ്ങൾ നടപ്പാക്കിയതിൽ പാളിച്ചകൾ സംഭവിച്ചിട്ടുണ്ട്. അതൊരു സെൽഫ് ക്രിട്ടിസിസമായി തന്നെ ഞങ്ങൾ അംഗീകരിക്കുന്നു. ഇവിടെ ശ്രീ. കെ. സുരേഷ് കുറുപ്പ് ആദ്യത്തെ യു.പി.എ. സർക്കാരിനെ കുറിച്ചുപറഞ്ഞു. ആദ്യത്തെ യു.പി.എ. സർക്കാരിനോട് സി.പി.എം. എടുത്ത നിലപാട് വളരെ സ്വാഗതാർഹമായിരുന്നു.

അങ്ങനെയാണ് നിങ്ങൾക്കും അതിന്റെ മെച്ചം കിട്ടിയത്. കേരളത്തിലുൾപ്പെടെ ഏറ്റവും കൂടുതൽ ലോക് സഭയിൽ സി.പി.ഐ.(എം).-ന് അംഗങ്ങളുണ്ടായത് ആ തെരഞ്ഞെടുപ്പിലാണ്. അന്ന് കേരളത്തിൽ യു.ഡി.എഫ്.-നോട് വിരോധമുണ്ടായിരുന്ന ഒരു കാലഘട്ടമായിരുന്നു. സാധാരണ ലോക് സഭാ തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സിന് പലപ്പോഴും ഒരു പ്ലസ് പോയിന്റ് കേരളത്തിൽ ലഭിക്കാറുണ്ട്. അത് ലഭിക്കാതിരുന്ന ഒരേയൊരു തെരഞ്ഞെടുപ്പായിരുന്നു 2004-ലെ തെരഞ്ഞെടുപ്പ്. അന്ന് ഇടതുപക്ഷം പ്രത്യേകിച്ച് സി.പി.ഐ.(എം) പറഞ്ഞത് അന്നത്തെ നിങ്ങളുടെ അഖിലേന്ത്യാ സെക്രട്ടറിയായിരുന്ന ഹർകിഷൻ സിംഗ് സുർജീത് പറഞ്ഞു, കേരളത്തിൽ ഞങ്ങൾ കോൺഗ്രസ്സിന് എതിരാണെന്നും എന്നാൽ അഖിലേന്ത്യാതലത്തിൽ കോൺഗ്രസ്സിന്റെ ഒരു ഗവൺമെന്റിനെ ഞങ്ങൾ പിന്തുണയ്ക്കുമെന്നും പറഞ്ഞപ്പോൾ കേരളം ഉൾപ്പെടെ നിങ്ങൾക്ക് അതിന്റെ പ്രയോജനമുണ്ടായി.

നിങ്ങൾ തന്നെ ആണവ കരാറിന്റെ പേരിൽ ആ സർക്കാരിനെ താഴെയിറക്കാൻ ബി.ജെ.പി.-യോടൊപ്പം കൂട്ടുകൂടി. ആ തെറ്റ് നിങ്ങൾ ഒരിക്കലും തിരുത്തിയിട്ടില്ല. അങ്ങനെയൊരു പാളിച്ച പറ്റിയെന്ന് പിന്നീടുള്ള ലോക് സഭാ തെരഞ്ഞെടുപ്പിൽ കേരളം ഉൾപ്പെടെ തെളിഞ്ഞില്ലേ? 2009-ലെ

തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്.-ന് 20-ൽ 16 സീറ്റ് കിട്ടിയതും ഏതാണ്ട് വെറും 32 സീറ്റിൽ മാത്രം ഇടതുപക്ഷത്തിന്റെ നിയമസഭാ സീറ്റിലെ ലീഡ് കുറയുകയും ചെയ്ത ഒരു കാലഘട്ടമുണ്ടായി. ഞാൻ സൂചിപ്പിക്കുന്നത്, ബി.ജെ.പി.-യെന്ന വർഗ്ഗീയ പ്രസ്ഥാനം വർഗ്ഗീയത മാത്രമല്ല ഈ കഴിഞ്ഞ നാലുവർഷക്കാലം കൊണ്ട് എല്ലാ സോഴ്സുകളും ഉപയോഗിച്ചുകൊണ്ട് പ്രതിപക്ഷത്തിനെ തകർക്കാൻ നോക്കുകയാണ്. ഇപ്പോൾ തന്നെ രണ്ടുമൂന്ന് സ്റ്റേറ്റുകളിൽ ഒന്നാം സ്ഥാനത്ത് കോൺഗ്രസ് വന്നു. എന്നാൽ കേവലഭൂരിപക്ഷം കിട്ടാത്തതുകൊണ്ടാണ് ഗവൺമെന്റ് രൂപീകരിക്കാൻ കഴിയാത്തത്. ഗവൺമെന്റിന്റെ വിവിധ ഏജൻസികളെ പരമാവധി ദുരുപയോഗപ്പെടുത്തിക്കൊണ്ട് കോൺഗ്രസ്സിലെ പല തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളെയും ഭീഷണിപ്പെടുത്തിക്കൊണ്ട് വന്ന ഗവൺമെന്റുകളാണിത്. ഈ ഗവൺമെന്റുകൾക്കൊന്നും വലിയ ആയുസ്സുണ്ടാവില്ല. ഗോവയിലും മണിപ്പൂരിലും ഏതാണ്ട് സ്ഥിതി മാറിത്തുടങ്ങിയിട്ടുണ്ട്. അങ്ങനെ എല്ലാ ജനാധിപത്യമൂല്യങ്ങളെയും തളർത്തി ഒരു പ്രധാനമന്ത്രിയുടെ അന്തസ്സിന് ചേരാത്ത രീതിയിൽ ഒരു നാലാംകിട പ്രാസംഗികനെപ്പോലെ ശ്രീ. നരേന്ദ്ര മോഡി പ്രവർത്തിക്കുകയും ചെയ്യുമ്പോൾ അതിനെ എല്ലാ ജാധിപത്യ മതേതര

ശക്തികളും ചേർന്ന് പരാജയപ്പെടുത്തണം. പരാജയപ്പെടുത്തി പിന്നീടൊരു സംവിധാനമുണ്ടാകുമ്പോൾ അത് എങ്ങനെ വേണമെന്ന് ചർച്ച ചെയ്യാമല്ലോ; അതാണ് ജനാധിപത്യ മതേതര കൂട്ടുകെട്ടെന്ന് പറയുന്നത്. അതുകൊണ്ട് അഖിലേന്ത്യാതലത്തിൽ വർഗ്ഗീയതയാണ് നമ്മുടെ ശത്രു. ബി.ജെ.പി.-യാണ് നമ്മുടെ ശത്രു. അല്ലാതെ ബി.ജെ.പി.-യെയും കോൺഗ്രസ്സിനെയും മാറ്റിനിർത്തിക്കൊണ്ട് ഒരു സംവിധാനം ഒരു കാലത്തും ഇൻഡ്യയിൽ സംഭവിക്കാൻ പോകുന്നില്ല. ബി.ജെ.പി.-യെ നേരിടാൻ ഇൻഡ്യൻ നാഷണൽ കോൺഗ്രസ് ഒരു പ്രധാന ഘടകം തന്നെയാണ്. ആ കോൺഗ്രസ്സിന്റെ കൂട്ടായ നേതൃത്വത്തിൽ ഒരുമിച്ച് മുന്നേറണം. അതാണ് നമ്മുടെ സാമ്പത്തിക നയത്തിൽ കോൺഗ്രസ്സിന്റെ നിലപാടെന്ന് ഒന്നുകൂടി ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കുകയാണ്.

ഇവിടെ ഈ സർക്കാരിനെ സംബന്ധിച്ച് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം പറഞ്ഞു. വികസനത്തിൽ രാഷ്ട്രീയം പാടില്ലായെന്ന്. ഞാൻ നൂറുശതമാനം അംഗീകരിക്കുന്ന ഒരാളാണ്. വികസനത്തിൽ രാഷ്ട്രീയം പാടില്ലായെന്ന് പറയുമ്പോൾ അത് എപ്പോഴും നമ്മൾക്കും ബാധകമാകണം. ഞങ്ങൾ ആ ഭാഗത്തും (ഭരണപക്ഷത്ത്) എൽ.ഡി.എഫ്. ഈ ഭാഗത്തും

(പ്രതിപക്ഷത്ത്) ഇരിക്കുമ്പോൾ അന്ന് ഈ നിലപാട് എടുത്തിരുന്നോ? ഉദാഹരണമായി ഇപ്പോൾ ഏറ്റവും വലിയൊരു സമരം ബഹുമാനപ്പെട്ട തിരുവമ്പാടി അംഗത്തിന്റെ നിയോജകമണ്ഡലത്തിൽ നടന്നു, ഗെയിൽ സമരം....

ശ്രീ. റ്റി. വി. രാജേഷ്: സർ, ഞങ്ങൾ പ്രതിപക്ഷത്തായിരുന്ന ഘട്ടത്തിൽ ഗ്യാസ് പൈപ്പ് ലൈൻ നിങ്ങൾ കൊണ്ടുവന്നപ്പോൾ അതിനെ അംഗീകരിച്ചവരാണ് ഞങ്ങൾ. അതിന് പിന്തുണ നൽകികയവരാണ്. നേരത്തെ ഡോ. എം. കെ. മുനീറിന്റെ കാലത്ത് എക്സ്പ്രസ് ഹൈവേ വന്നപ്പോഴും ഇടതുപക്ഷം പുതിയ റോഡ് വേണ്ടായെന്ന നിലപാട് സ്വീകരിച്ചിട്ടില്ല. (.....ബഹളം....)

ശ്രീ. കെ. മുരളീധരൻ: സർ, ശ്രീ. ജോർജ് എം. തോമസ് പറയട്ടെ, അന്ന് അദ്ദേഹം പ്രാദേശികമായി ആ സമരത്തിന്റെ കൂടെ നിന്നു. ആ സമരം അന്ന് പ്രതിപക്ഷമാണ് ഏറ്റെടുത്തത്. ഇപ്പോൾ ഭരണം മാറിയപ്പോൾ നേരെ നിലപാട് മാറ്റി.

എനിക്കൊരു കാര്യം അഭ്യർത്ഥിക്കാനുണ്ട്. നമ്മുടെ ഇവിടെ ധാരാളം വികസനം വന്നിട്ടുണ്ട്. പ്രാദേശികമായിട്ടുള്ള എതിർപ്പുകൾ ചില

സന്ദർഭങ്ങളിലുണ്ടാകും. നമ്മൾ അത് വെടിവച്ചും ലാത്തിച്ചാർജ് നടത്തിയിട്ടുമല്ലല്ലോ പരിഹരിക്കുന്നത്? ഉദാഹരണത്തിന് കൊച്ചി നെടുമ്പാശ്ശേരി വിമാനത്താവളം വന്നു. ശ്രീ. എസ്. ശർമ്മയ്ക്ക് അറിയാമല്ലോ, അദ്ദേഹത്തിന്റെ നിയോജക മണ്ഡലത്തിലായിരുന്നു അത്. അന്ന് വിമാനത്താവളം വന്നപ്പോൾ അന്നും പ്രാദേശികമായിട്ടുള്ള എതിർപ്പുകളുണ്ടായിരുന്നു. അത് സംസാരിച്ച് പരിഹരിച്ചില്ലേ? ഒരുപാട് ചർച്ചകൾ നടത്തി. അതുപോലെ തന്നെ കായംകുളം തെർമൽ പ്ലാന്റ്. കായംകുളം തെർമൽ പദ്ധതി അന്ന് വരുമ്പോൾ ഒരുപാട് കൺഫ്യൂഷൻസുണ്ടായിരുന്നു. അന്നത്തെ കൺഫ്യൂഷൻ, ഈ താപനിലയത്തിൽ നിന്നുവരുന്ന കാറ്റടിച്ചാൽ കാൻസർ ഉൾപ്പെടെയുള്ള രോഗങ്ങൾ വരുമെന്ന് പറഞ്ഞ് നാട്ടുകാർക്ക് പരാതിയുണ്ടായിരുന്നു. അന്ന് മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ അവിടെ ചെന്ന് എല്ലാവരുമായി ചർച്ച നടത്തി. അന്ന് എം. പി.-മാരായിരുന്ന ശ്രീ. രമേശ് ചെന്നിത്തലയും ശ്രീ. ടി. ജെ. ആഞ്ചലോസും ഒരു കൂട്ടായ ചർച്ചയിലൂടെ ഈ പ്രശ്നം പരിഹരിച്ചതുമാണ്. ആ രീതിയിൽ പ്രശ്നം പരിഹരിക്കുന്നതിനുപകരം ലാത്തിച്ചാർജ്ജ് നടത്തിയും വെടിവയ്പ് നടത്തിയും ഒരു വികസനം

കൊണ്ടുവന്നാൽ ആ വികസനത്തിന് അർത്ഥമുണ്ടാകില്ല. സത്യം പറഞ്ഞാൽ ഞാൻ വികസനത്തിനെതിരായിട്ടുള്ള ഒരാളല്ല. ചില സന്ദർഭങ്ങളിലൊക്കെ ഭരണകക്ഷിയെന്നോ പ്രതിപക്ഷമെന്നോ നോക്കാതെ എന്റെ അഭിപ്രായം ഞാൻ ശക്തമായി പറഞ്ഞിട്ടുമുണ്ട്. ഗെയിൽ സമരത്തിന്, ഞാൻ ആ ഭാഗത്തേയ്ക്ക് വന്നില്ലല്ലോ? വികസനം വേണമെന്നുള്ള കാര്യത്തിൽ സംശയമൊന്നുമില്ല. വികസനം ഒരു സംഘർഷത്തിലൂടെയല്ലാതെ ഒരു കൂട്ടായ്മയിലൂടെ നടത്തണം. ലോക കേരള സഭ നടത്തിയത് ഏറ്റവും വലിയ നേട്ടമായിട്ടാണല്ലോ നിങ്ങൾ പറയുന്നത്. ലോക കേരള സഭയിൽ ചർച്ച ചെയ്തത് എന്താണ്; വിദേശ രാജ്യങ്ങളിൽ നിന്നും മടങ്ങിവരുന്ന പ്രവാസികളായവരുടെ സേവനം എങ്ങനെ പ്രയോജനപ്പെടുത്താമെന്നാണ് ചർച്ച ചെയ്തത്. ലോക കേരള സഭയെ സംബന്ധിച്ച് ഒരുപാട് ചർച്ചകളും സെമിനാറുകളും നടത്തി. അതിനെക്കുറിച്ചുള്ള വാർത്തകൾ പത്രങ്ങളിൽ വരികയും ചെയ്തു. ഇവിടെ മുതൽ മുടക്കാനുള്ള സാഹചര്യമില്ലെന്നും ഞങ്ങൾക്ക് പലപ്പോഴും ഓഫീസുകൾ കയറി ഇറങ്ങേണ്ടി വരുന്നുവെന്നും പ്രാദേശികമായിട്ടുള്ള എതിർപ്പുകളുണ്ടാകുന്നുവെന്നുമാണ് എല്ലാവരും പറഞ്ഞത്. ഏതാണ്ട് ലോക കേരള സഭ കഴിഞ്ഞയുടനെയല്ലേ പ്രവാസിയായ സുഗതൻ,

അദ്ദേഹത്തിന്റെ എല്ലാ സമ്പാദ്യവും ഒരു വർക്ക്ഷോപ്പിനുവേണ്ടി ചെലവഴിച്ച്, അവസാനം അദ്ദേഹത്തിന്റെ സ്ഥലത്ത് പോയി കൊടി കുത്തി ആ ഹതഭാഗ്യന് ആത്മഹത്യ ചെയ്യേണ്ടൊരു സാഹചര്യമുണ്ടായത്; പിന്നെ എത്ര കേരള സഭ നടത്തിയാലും കേരളത്തിലേയ്ക്ക് ആളുകൾ വരുമോ? കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി നടത്തുന്നുണ്ട്. എന്റെ നിയോജക മണ്ഡലത്തിൽ കെ.എസ്.എഫ്.ഇ.-യുടെ യോഗം ഞാൻ തന്നെയാണ് വിളിച്ചുകൂട്ടുന്നത്. പ്രവാസി ചിട്ടികൾ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നിയോജമണ്ഡല തലത്തിൽ കമ്മിറ്റികൾ ഉണ്ടാക്കി. ഇന്നിപ്പോൾ പ്രവാസി ചിട്ടിയെക്കുറിച്ച് വന്ന വാർത്തയെന്താണ്; മാർച്ച് 11-ാം തീയതി മാതൃഭൂമി പത്രത്തിൽ വന്ന വാർത്തയാണ്-'പ്രവാസി ചിട്ടി ഗൾഫിൽ പൊടിച്ചത് 83 ലക്ഷം രൂപ. പ്രചാരണത്തിന് പോയത് 13 ഉദ്യോഗസ്ഥർ'. പ്രവാസി ചിട്ടിയെക്കുറിച്ചും കേരളത്തിലെ അടിസ്ഥാന സൗകര്യ വികസനത്തിൽ കിഫ്ബിയുടെ പങ്കിനെപ്പറ്റിയും പ്രചരിപ്പിക്കലായിരുന്നു യാത്രയുടെ ഉദ്ദേശ്യം. പ്രവാസി ചിട്ടിയിലെ പണം കിഫ്ബിയിൽ ബോണ്ടാക്കി മാറ്റി അടിസ്ഥാന സൗകര്യ വികസനത്തിന് വിനിയോഗിക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഉദ്യോഗസ്ഥ സംഘത്തിന്റെ വിമാന യാത്രാചെലവ് 2.46 ലക്ഷം രൂപ. വിസ, താമസം

അവിടത്തെ യാത്രകൾ, പരിപാടികൾ എന്നിവയുടെ ചെലവ് 39.31 ലക്ഷം രൂപ. ദുബായിലെയും അബുദാബിയിലെയും എഫ്. എം. ചാനലിലൂടെ മാർക്കറ്റിംഗിന് ചെലവായത് 40.90 ലക്ഷം രൂപ. 83 ലക്ഷം രൂപ ചെലവഴിച്ച് ഗൾഫിൽ പ്രചരണം നടത്തി ലോക കേരള സഭ കേരളത്തിൽ സംഘടിപ്പിച്ചതുകൊണ്ട് ഏതെങ്കിലും പ്രവാസിക്ക് ഗുണമുണ്ടായോ; വരുന്ന ആളുകളെ ദേഹോപദ്രവം ഏൽപ്പിക്കുകയും അവരുടെ സമ്പത്ത് പിടിച്ചുപറിക്കുകയും ചെയ്യുന്നു. മഹാരാഷ്ട്രയിലെ കിസാൻ മാർച്ചിൽ കാല് പൊള്ളി പലരുടെയും കാലിൽ നിന്നും രക്തം വന്നുവെന്നാണ് പറയുന്നത്. ഇവിടെ പ്രവാസികൾ ഒരു ബിസിനസ്സോ എന്തെങ്കിലും ചെറിയ സ്ഥാപനം തുടങ്ങാനോ വരുമ്പോൾ ഓഫീസുകൾ കയറിയിറങ്ങി അവരുടെ കാലിലെ തൊലി പൊട്ടി രക്തം ചീന്തുകയാണ്. പിന്നെ ആരാണ് ഇവിടെ വരുന്നത്; ലോക കേരള സഭയും പ്രവാസി ചിട്ടിയുമെല്ലാം തുടങ്ങിയിട്ട് നമുക്ക് ഏതെങ്കിലുമൊരു പ്രവാസിയെ ഇങ്ങോട്ട് ആകർഷിക്കാൻ കഴിഞ്ഞിട്ടുണ്ടോ; അതുപോലെ തന്നെ വികസനത്തിന്റെ കാര്യം പറഞ്ഞു. വികസനത്തെക്കുറിച്ച് വെറുതെ പ്രസംഗിച്ചാൽ പോരല്ലോ; വികസനമെന്നുപറയുന്നത് നാടിന്റെ വികസനമല്ലേ; അങ്ങനെയുള്ള വികസനങ്ങൾക്ക് എന്തെങ്കിലും

പ്രത്യേകമായിട്ടുള്ള സ്റ്റെപ്പ് ഇക്കഴിഞ്ഞ 21 മാസം കൊണ്ട് എടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ത്രിപുര ഇലക്ഷനും ബംഗാൾ ഇലക്ഷനും കാലുമാറിയതിന്റെ ലിസ്റ്റുമൊക്കെയാണ് ഇവിടെ നടന്ന ധനാഭ്യർത്ഥന ചർച്ചയിൽ ചർച്ച ചെയ്തതെന്ന് മനസ്സിലായി. ഇക്കഴിഞ്ഞ 21 മാസങ്ങൾ കൊണ്ട് ഞങ്ങളുടെ സർക്കാരിന് ഇന്നയിന്ന നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞുവെന്ന് പറയാൻ നിങ്ങൾക്ക് സാധിച്ചിട്ടുണ്ടോ; എല്ലാം കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിനെ മാത്രം കുറ്റപ്പെടുത്തി എത്ര കാലം മുന്നോട്ട് പോകാൻ സാധിക്കും; യു.ഡി.എഫ്. സർക്കാരിന് പാളിച്ച പറ്റിയതുകൊണ്ടാണല്ലോ ഞങ്ങൾ പരാജയപ്പെട്ടത്. പക്ഷെ പകരം വന്ന സർക്കാരിന് വികസന കാര്യങ്ങളിൽ ഇതുവരെ മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടുണ്ടോ; മദ്യനയത്തിൽ ഒരു കുഴപ്പവുമുണ്ടായിട്ടില്ലെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: സമയം കഴിഞ്ഞു. പ്ലീസ്

<u>ശ്രീ. കെ. മുരളീധരൻ</u>: ഇത് ബില്ലാണ്. ബില്ലിന് സമയപരിധി പാടില്ല.

<u>ശ്രീ. എ. പ്രദീപ് കുമാർ</u>: സർ, ഇന്ന് രാവിലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിച്ചപ്പോൾ വികസനത്തിന് രാഷ്ട്രീയം തടസ്സമാകാൻ പാടില്ലെന്ന് പറഞ്ഞിട്ടില്ലെന്നാണ് മനസ്സിലായത്. വികസനത്തിന് എല്ലാവരും

ഒന്നിക്കണമെന്ന് പറഞ്ഞു. നമ്മളെല്ലാവരും സംസാരിക്കുമ്പോൾ അറിഞ്ഞോ അറിയാതെയോ വികസനത്തിന് രാഷ്ട്രീയം തടസ്സമാകരുതെന്ന് പറയുമ്പോൾ രാഷ്ട്രീയമെന്നു പറയുന്നത് വികസനത്തിന് തടസ്സമുണ്ടാക്കുന്ന എന്തോ ഒന്നാണെന്നൊരു പ്രതീതി വരുന്ന സാഹചര്യമുണ്ട്. എന്റെ അഭിപ്രായത്തിൽ രാഷ്ട്രീയമില്ലാതെ ഒരു വികസനവും സാധ്യമല്ല. അത് യു.ഡി.എഫ്. കൊണ്ടുവന്നാലും എൽ.ഡി.എഫ്. കൊണ്ടുവന്നാലും രാഷ്ട്രീയമില്ലാതെ ഒരു വികസനവും രാഷ്ട്രത്തിൽ സാധ്യമല്ല. ആ നിലപാടിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

<u>ശ്രീ. കെ. മുരളീധരൻ</u>: എൽ.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ യു.ഡി.എഫ്. രാഷ്ട്രീയം കണ്ട് വികസനം മുടക്കുന്നതും യു.ഡി.എഫ്. സർക്കാർ ഭരിക്കുമ്പോൾ എൽ.ഡി.എഫ്. രാഷ്ട്രീയമായി വികസനം മുടക്കുന്നതും പാടില്ലെന്നതായിരിക്കാം ഉദ്ദേശിച്ചത്. അല്ലാതെ രാഷ്ട്രീയത്തിന് കുഴപ്പമൊന്നുമില്ല. രാഷ്ട്രീയമില്ലെങ്കിൽ ജനാധിപത്യമുണ്ടോ; ഇപ്പോഴത്തെ ചില ബുദ്ധിജീവികൾക്ക് രാഷ്ട്രീയക്കാരോട് പുച്ഛമാണ്. അവരെക്കൊണ്ട് ഈ നാടിന് ഒരു പുരോഗതിയും ഉണ്ടാകുകയില്ല. വൈകുന്നേരങ്ങളിൽ ചാനൽ ചർച്ചകളൊക്കെ ഉണ്ടല്ലോ; അങ്ങനെയുള്ളവർക്കൊന്നും ജനങ്ങളുമായി ഒരു

ബന്ധവുമില്ല. അതിനെ ഈ കണക്കിൽ കൂട്ടുകയൊന്നും വേണ്ട. വികസന കാര്യങ്ങളിൽ വെറുതെ വാചക കസർത്ത് നടത്തിയതുകൊണ്ട് കാര്യമില്ല. നാടിന്റെ വികസന കാര്യങ്ങളിൽ എല്ലാവരും ഒറ്റക്കെട്ടായി നിൽക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: സമയം കഴിഞ്ഞു. പ്ലീസ്, കൺക്ലൂഡ്.

ശ്രീ. കെ. മുരളീധരൻ: സർ, മദ്യനയത്തെക്കുറിച്ച് പറഞ്ഞുകൊണ്ട് നിർത്തുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ചതിനെക്കാൾ കൂടുതൽ മദ്യഷാപ്പുകളൊന്നും ഞങ്ങൾ അനുവദിച്ചിട്ടില്ലെന്ന് ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി പറഞ്ഞു. പക്ഷെ ഞങ്ങളുടെ കാലത്ത് പൂട്ടിയ പല ഷാപ്പുകളും നിങ്ങൾ തുറന്നു. മാത്രമല്ല ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മഹാഭൂരിപക്ഷവും എൽ.ഡി.എഫ്. ആണ് ഭരിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന്റെ സാങ്ഷൻ കൊടുക്കാനുള്ള അവകാശം നിഷേധിച്ചതുൾപ്പെടെയുള്ള കാര്യങ്ങളാണ് ചർച്ച ചെയ്യേണ്ടത്. ഇന്ന് മദ്യം ഒഴുക്കുകയാണ്. മദ്യവർജ്ജനമെന്നു പറയുമ്പോൾ മദ്യ വ്യാപനം നടത്തുന്നു. മദ്യനിരോധനം എന്ന വാക്കിനോട് യോജിക്കുന്ന ആളല്ല ഞാൻ. കാരണം അത് പ്രായോഗികമല്ല. പക്ഷെ മദ്യവർജ്ജനത്തിനോട് അനുകൂലിക്കുമ്പോൾ ഇന്ന് മദ്യവർജ്ജനമല്ല മദ്യവ്യാപനമാണ് നടത്തുന്നത്.

അതിനെയാണ് ഞങ്ങൾ ശക്തമായി എതിർക്കുന്നത്. സർക്കാരിന്റെ മദ്യനയം തിരുത്തിക്കൊണ്ട് നാടിന്റെ വികസനത്തിനുവേണ്ടി ഇനിയെങ്കിലും പ്രവർത്തിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനകാര്യ ബില്ലുകളെ ഞാൻ എതിർക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ധനകാര്യബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്. ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ എ.ഐ.സി.സി. സമ്മേളനം കഴിഞ്ഞപ്പോൾ കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങൾ പിൻതുടർന്നുവന്നതിനെ ശരിവയ്ക്കുകയും അത് പ്രാവർത്തികമാക്കിയതിലുള്ള പിഴവുകൾ സ്വയം വിമർശനപരമായി അംഗീകരിക്കുകയും ചെയ്തുകൊണ്ടുള്ള സമീപനമാണ് ഇവിടെ സ്വീകരിച്ചുകണ്ടത്. അത് സാമ്പത്തിക നയങ്ങൾ പ്രാവർത്തികമാക്കിയതിൽ വീഴ്ചകൾ ഉണ്ടായി എന്നെങ്കിലും കണ്ടെത്താൻ കഴിഞ്ഞത് ആശ്വാസകരമായ ഒരു കാര്യമാണ്. എന്നാൽ ഒരു കാര്യം അദ്ദേഹം വ്യക്തമാക്കേണ്ടിയിരുന്നത്, കോൺഗ്രസ്സിന്റെ സാമ്പത്തിക നയങ്ങളെ പിൻതുടർന്നാണ് ബി.ജെ.പി. ഗവൺമെന്റ് അവരുടെ സാമ്പത്തിക സമീപനങ്ങൾ സ്വീകരിച്ചത്. യഥാർത്ഥത്തിൽ ഇത് രണ്ടും ഒരു നാണയത്തിന്റെ രണ്ട് വശങ്ങളാണ്. ബി.ജെ.പി.യുടെ സാമ്പത്തിക നയങ്ങളെ നിങ്ങൾ ശരിവയ്ക്കുകയാണോ അതോ അതിനെ എതിർക്കുകയാണോ എന്നത്

ഇനിയും സാമാന്യ ജനങ്ങൾക്ക് ബോധ്യമില്ലാത്ത ഒരു കാര്യമാണ്. സാമ്പത്തിക നയങ്ങളോടുള്ള കോൺഗ്രസ്സിന്റെ സമീപനമെന്ത് എന്ന് ജനങ്ങൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വ്യക്തമാക്കപ്പെടാത്തിടത്തോളം കാലം കോൺഗ്രസ്സിനെ വിശ്വസിക്കാൻ ജനങ്ങളെ ലഭിക്കുമെന്ന് നിങ്ങൾ കരുതരുത്. ആ ധാരണ അവർ തിരുത്തേണ്ടതായ ഒന്നാണ് എന്ന് ഈ അവസരത്തിൽ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. പിന്നെ അദ്ദേഹം പറഞ്ഞു, ഈ ഗവൺമെന്റിന്റെ 21 മാസക്കാലത്തെ പ്രവർത്തന നേട്ടങ്ങളൊന്നുംതന്നെ ഇവിടെ പ്രതിപാദിക്കാൻ കഴിയുന്നില്ലെന്ന്. ആ പ്രവർത്തന നേട്ടങ്ങൾ എണ്ണിയെണ്ണി പറയാൻ ഈ ഗവൺമെന്റിനുണ്ട്. ഞാൻ അദ്ദേഹത്തോടു ചോദിക്കട്ടെ, നിങ്ങളുടെ ഗവൺമെന്റ് കുടിശ്ശിക വരുത്തിയ ക്ഷേമപെൻഷനുകൾ കുടിശ്ശിക തീർത്ത് വിതരണം ചെയ്തത് ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ? നിങ്ങൾ പ്രാവർത്തിമാക്കാതെ മൂന്ന് വർഷക്കാലം വച്ചിരുന്ന ഭക്ഷ്യ സുരക്ഷാ നിയമം പ്രാവർത്തികമാക്കാനുള്ള  നടപടികൾ സ്വീകരിച്ചത് ഈ ഗവൺമെന്റല്ലേ; അത് ഒരു നേട്ടമല്ലേ. നിങ്ങളുടെ കാലത്ത് ഉൾപ്പെടെ കുടിശ്ശികയായി കിടന്ന കെ.എസ്.ആർ.ടി.സി.ക്കാരുടെ പെൻഷൻ തുക നൽകാനുള്ള നടപടി സ്വീകരിച്ചത് ഈ ഗവൺമെന്റിന്റെ ജനപക്ഷ സമീപനമല്ലേ വ്യക്തമാക്കുന്നത്. അതുപോലെതന്നെ നിയമന നിരോധനമേർപ്പെടുത്തിയിരുന്ന നിങ്ങളുടെ കാലത്തിന് വ്യത്യസ്തമായി

വിവിധ ഡിപ്പാർട്ടുമെന്റുകളിലായി നിരവധിയായ നിയമനങ്ങൾ നടത്താൻ ഈ ഗവൺമെന്റ് സന്നദ്ധമായത് ഈ ഗവൺമെന്റിന്റെ നേട്ടമല്ലേ? ഇതിനെല്ലാം ഉപരിയായി 23 മാസക്കാലത്തിനിടയിൽ ഈ ഗവൺമെന്റിലെ ഏതെങ്കിലും ഒരു മന്ത്രിക്കെതിരെ നയാപൈസയുടെ അഴിമതി ആരോപണം ഉന്നയിക്കാനുള്ള അവസരമുണ്ടാകാതിരുന്നത് ഈ ഗവൺമെന്റിന്റെ നന്മയല്ലേ വിളിച്ചറിയിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: സർ, ഇടതുപക്ഷം അഴിമതിയുമായി സന്ധിചെയ്യുന്നത് എന്ന ദുഃഖം എന്നെ വല്ലാതെ വേദനിപ്പിക്കുന്നുവെന്ന് അങ്ങയുടെ നേതാവ് ശ്രീ. പന്ന്യൻ രവീന്ദ്രൻ കോട്ടയത്ത് പ്രസ്താവിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ആർ. രാമചന്ദ്രൻ: ചോദ്യം എനിക്ക് വ്യക്തമായില്ല. അഴിമതിയുമായി ഈ ഗവൺമെന്റ് യാതൊരുതരത്തിലും സന്ധിചെയ്യുകയില്ല എന്നുള്ളത് സുവ്യക്തമായി ജനങ്ങൾക്കാകെ ബോധ്യപ്പെട്ടിട്ടുള്ള കാര്യമാണ്. നിങ്ങളിൽ ചിലർക്കാണ് അത് മനസ്സിലാകാത്തത്. ക്രമേണ അത് ബോധ്യപ്പെട്ടുകൊള്ളും. എനിക്ക് അതേ പറയാനുള്ളൂ. നിങ്ങൾ ഈ ഗവൺമെന്റിന്റെ ജനോപകാരപ്രദമായ നടപടികളെക്കുറിച്ച് വിലയിരുത്താൻ ശ്രമിക്കുമ്പോൾ നിങ്ങൾ ഈ ഗവൺമെന്റിന് കൈമാറിതന്നത് എന്തായിരുന്നു? അത് എന്താണ് നിങ്ങൾ ആലോചിക്കാത്തത്. ഒരു തറവാട് മുടിച്ചിട്ട് ഇറങ്ങിപ്പോയവരല്ലേ നിങ്ങൾ. നിങ്ങൾ ഇറങ്ങിപ്പോകുന്ന

സമയത്ത് 173.46 കോടി രൂപയുടെ കടമാണ് ട്രഷറിയിൽ ഉണ്ടായിരുന്നത്. എന്തെങ്കിലും നിങ്ങൾ ബാക്കിവച്ചോ? ഈ കടം നിങ്ങൾ വരുത്തിവച്ചത് ഈ നാടിന്റെ വികസന പ്രക്രിയയുടെ ഭാഗമായിട്ടായിരുന്നോ? നിങ്ങളുടെ കെടുകാര്യസ്ഥത കൊണ്ട്, അഴിമതികൊണ്ട്, ധൂർത്തുകൊണ്ട് ഉണ്ടാക്കിവച്ച കടമായിരുന്നില്ലേ അത്; ആ കടത്തിന്റെ നടുവിൽ നിന്നുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. അത് മറന്നുപോകരുത്. ഈ ഗവൺമെന്റിനെ സാമ്പത്തികമായി ഞെരുക്കാവുന്നതിന്റെ പരമാവധി ഞെരുക്കണമെന്ന ദുരുദ്ദേശത്തോടുകൂടി, കാരണം നിങ്ങൾ അധികാരത്തിൽ വരില്ല എന്നുള്ള കാര്യം നിങ്ങൾക്കുറപ്പായി. നിങ്ങൾ പോകുന്ന പോക്കിൽ പറ്റെവെട്ടിയിട്ടാണ് പോയത്. ഒന്നും ബാക്കിവച്ചില്ല. യാതൊന്നും ബാക്കിവയ്ക്കാതെ കടുംവെട്ട് വെട്ടിയിട്ട് ഇറങ്ങിപ്പോയവരാണ് നിങ്ങൾ. ആ നിങ്ങൾക്ക് ഈ ഇരുപത്തിയൊന്ന് മാസക്കാലത്തെ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെ വിമർശിക്കാൻ എന്തവകാശമാണുള്ളത്; യാതൊരു അവകാശവുമില്ല. ഏതാണ്ട് ആറായിരം കോടി രൂപയുടെ ബാധ്യതയോടൊപ്പം 4300 കോടി രൂപയുടെ ബഡ്ജറ്റിന് പുറത്തുള്ള ഹ്രസ്വകാല ബാധ്യതയും സർക്കാരിനെ പ്രതിസന്ധിയിലാക്കുന്ന വിധത്തിൽ നിങ്ങൾ വരുത്തിവച്ചു. അത് നിങ്ങൾ

മറന്നുപോകരുത്. വികലമായ നികുതിഘടന നമ്മുടെ ജനങ്ങളുടെ വരുമാനത്തിലും ക്രയവിക്രയശേഷിയിലും വൻതകർച്ചയുണ്ടാക്കിയിട്ടുണ്ട്. 2010-11-ൽ 23.24 ശതമാനം ഉയർന്ന നികുതി വളർച്ച 2015-16-ൽ 10.68 ശതമാനമായി കുറയുകയായിരുന്നു. ഇതൊക്കെ യാഥാർത്ഥ്യങ്ങളാണ്. ഈ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറുവാൻ ഗവൺമെന്റ് ഒരു മാന്ദ്യവിരുദ്ധ പാക്കേജ് പ്രഖ്യാപിക്കുകയുണ്ടായി. കശുവണ്ടി, കയർ, കൈത്തറി വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാൻ ഈ ഗവൺമെന്റ് പ്രത്യേക പരിഗണന നൽകി. അത് വിസ്മരിക്കാൻ പാടില്ല.

നിങ്ങൾക്കറിയാം നോട്ട് റദ്ദാക്കൽ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയിൽ കനത്ത തിരിച്ചടിയുണ്ടാക്കിയതാണ്. അത് കേരളത്തിന്റെ സമ്പദ്ഘടനയിലും വലിയ മാറ്റങ്ങളുണ്ടാക്കി.

ശ്രീ. കെ. മുരളീധരൻ: സർ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അഴിമതി ആരോപണം ഉന്നയിച്ച ചിലരെയൊക്കെ നിങ്ങളിൽ ചിലർ സ്വാഗതം ചെയ്തതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ശ്രീ. ആർ. രാമചന്ദ്രൻ: തൽക്കാലം ഞാൻ അതിനോട് പ്രതികരിക്കുന്നില്ല. ഇതിന്റെ ഫലമായി കേരളത്തിലെ നിർമ്മാണമേഖല തകർച്ചയിലായി. വ്യാപാര

സ്ഥാപനങ്ങളുടെ വിറ്റുവരവ് കുറഞ്ഞു. ചെറുകിട വ്യവസായങ്ങൾ നിശ്ചലമായി. പൊതുവിൽ കേരളത്തിന്റെ സമ്പദ്ഘടന പ്രതിസന്ധിയിലായി. കേരളത്തിന്റെ സഹകരണമേഖലയെ ദുർബലപ്പെടുത്തി. ഇതിനുപിന്നാലെ കൂനിൻമേൽ കുരു എന്നപോലെ ജി.എസ്.ടി. നടപ്പിലാക്കുകയായിരുന്നു. നികുതി ചോർച്ച ഇല്ലാതാക്കിയാൽ വരുമാനം കുതിച്ചുയരുമെന്നായിരുന്നു ജി.എസ്.ടി. വരുമ്പോൾ ഉണ്ടായിരുന്ന പ്രചരണം. എന്നാൽ വരുമാനത്തിൽ കുറവുണ്ടായതായി കണക്കുകൾ വ്യക്തമാക്കുന്നു. ജി.എസ്.ടി. നടപ്പിലാക്കിയ 2017 ജൂലൈയിൽ ദേശീയാടിസ്ഥാനത്തിൽ നികുതി വരുമാനം 94,063 കോടി രൂപയായിരുന്നെങ്കിൽ ആഗസ്റ്റിൽ അത് 90,669 കോടി രൂപയായി കുറയുകയായിരുന്നു. സെപ്റ്റംബറിൽ 92,150 കോടി രൂപയായെങ്കിൽ ഒക്ടോബറിൽ 83,346 കോടി രൂപയായി കുത്തനെ കുറഞ്ഞു. നവംബറിൽ വീണ്ടും കുറഞ്ഞ് 80,808 കോടി രൂപയായി മാറി. വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകുകയും വിലവർദ്ധനവ് രൂക്ഷമാവുകയും ചെയ്ത ജി.എസ്.ടി. കേരളത്തിന് കനത്ത തിരിച്ചടിയാണ് ഏൽപ്പിച്ചത്. വസ്തു ഇടപാടുകൾക്കും ജി.എസ്.ടി. നടപ്പിലാക്കുന്നതാണെന്ന പ്രഖ്യാപനം വന്നുകഴിഞ്ഞു. നോട്ട് നിരോധനത്തിനുശേഷം വസ്തു ഇടപാടുകൾ കുത്തനെ താണ അനുഭവമാണ് കേരളത്തിലുള്ളത്. അതുവഴി സംസ്ഥാനത്തിനുണ്ടായ വരുമാന നഷ്ടം എത്ര

വലുതാണെന്ന് നാം കാണണം. ജി.എസ്.ടി. കൂടി വന്നുകഴിഞ്ഞാൽ ഇതിലും ഭയാനകമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. ഒരു വിഷയം പ്രത്യേകമായി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. പൊതുമേഖലാ ബാങ്കുകൾ നടത്തുന്ന കൊള്ള ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയുന്ന ഒന്നല്ല. സീറോ ബാലൻസ് അക്കൗണ്ട് ഓപ്പൺ ചെയ്യിക്കാൻ നിരവധിയായ പ്രലോഭനങ്ങളാണ് ജനങ്ങൾക്ക് നൽകിയിട്ടുള്ളത്. അങ്ങനെ സീറോ ബാലൻസ് അക്കൗണ്ട് എടുത്ത ജനങ്ങളെ ഇന്ന് ഈ പൊതുമേഖലാ ബാങ്കുകൾ കൊള്ളയടിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ അക്കൗണ്ടിലേയ്ക്കുവരുന്ന തുക മിനിമം ബാലൻസിന്റെ കാരണം പറഞ്ഞ് കൊള്ളയടിക്കുന്ന ഈ നടപടിക്കെതിരെ ശക്തമായ ഇടപെടൽ നടത്താൻ തീർച്ചയായും ധനകാര്യവകുപ്പുമന്ത്രി മുൻകയ്യെടുക്കണമെന്ന് ഈ അവസരത്തിൽ ഞാൻ അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്.

അതുപോലെ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ലോൺ അനുവദിക്കുന്ന കാര്യത്തിൽ വളരെ നിരുത്തരവാദപരമായ സമീപനമാണ് ബാങ്കുകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. കർഷകന് വായ്പ നൽകുന്ന കാര്യത്തിലും അതേ സമീപനമാണ് സ്വീകരിക്കുന്നത്. ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനെത്തുന്ന

ആളുകൾക്ക് യാതൊരുവിധമായ സഹായവും ലഭിക്കുന്നില്ല. ബാങ്കുകളുടെ ഈ ജനവിരുദ്ധമായ സമീപനത്തിനെതിരെ ശക്തമായി ഇടപെടലുകൾ നടത്തണം എന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ബില്ലിനെ ഒരിക്കൽ കൂടി അനുകൂലിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ ഈ ധനകാര്യബില്ലിനെ എതിർക്കുകയാണ്. ഈ ധനകാര്യബില്ലിൽ അബ്കാരി ആക്ട്, സ്റ്റാമ്പ് ആക്ട്, ലാന്റ് ടാക്സസ് ആക്ട്, മോട്ടോർ വെഹിക്കിൾസ് ടാക്സേഷൻ ആക്ട്, വാല്യൂ ആഡഡ് ടാക്സ് ആക്ട്, കേരള ഫിനാൻസ് ആക്ട് തുടങ്ങിയ പത്ത് ആക്ടുകളിൽ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. ഫിനാൻസ് ബില്ലെന്നുപറഞ്ഞാൽ that is to levy new taxes and to modify the existing taxes structure beyond the period approved എന്നാണ് കൺസെപ്റ്റ്. ഇന്ത്യൻ ഭരണഘടനയുടെ 110-ാം അനുച്ഛേദത്തിൽ പറഞ്ഞതുപ്രകാരമാണ് സാധാരണ നമ്മൾ ഇതൊക്കെ ചെയ്യുന്നത്. കേരളത്തിലെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് പറഞ്ഞാൽ വളരെ ദൗർഭാഗ്യകരമാണ്. ഞാൻ ഈ ബില്ലിനെ എതിർക്കാനുള്ള കാരണം ഈ ബില്ലുകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന തരത്തിലുള്ള എന്തെങ്കിലും സാമ്പത്തികമായ പുരോഗതിയോ മാറ്റമോ കേരള സംസ്ഥാനത്ത്

കഴിഞ്ഞ ഭരണകാലത്ത് ഉണ്ടായിട്ടില്ലെന്നത് വളരെ ഖേദകരമാണ്. ഇവിടെ തൊഴിലില്ലായ്മ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. 6.8 ശതമാനമാണ് കേരളത്തിൽ തൊഴിലില്ലായ്മയുടെ ഇന്നത്തെ ശരാശരി. ഇന്ത്യ മുഴുവനുള്ള ശരാശരി 3.4 ശതമാനമേയുള്ളൂ. ഇപ്പോൾ കേരള സർക്കാർ ഗവൺമെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് പ്രചരിപ്പിക്കുന്നതിനുവേണ്ടി കൂടുതൽ പണം ചെലവഴിച്ച് ഒരു Propaganda Squad Cyber Cell രൂപീകരിച്ചിട്ടുണ്ട്. 25 അംഗങ്ങൾ അടങ്ങുന്ന ഈ സംഘത്തിന് ഒരു മാസത്തിൽ 45 ലക്ഷം രൂപയെങ്കിലും ചെലവാകുമെന്നാണ് കണക്കാക്കപ്പെട്ടിട്ടുള്ളത്. വാസ്തവത്തിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഒരു മേഖലയിലും കാര്യമായ പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല. ആഹാരം, വസ്ത്രം, പാർപ്പിടം തുടങ്ങിയ പ്രാഥമിക മേഖലകളിൽപ്പോലും തൃപ്തികരമായ രീതിയിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ ഈ ഗവൺമെന്റിന് സാധിച്ചിട്ടില്ല. ഭരണപരിഷ്കാരങ്ങൾ ഒന്നുംതന്നെ പുതിയ കാലഘട്ടത്തിനനുസരിച്ച് നടന്നിട്ടില്ല. പുതിയ കാലഘട്ടത്തിൽ ഒരു ഗവൺമെന്റിനെക്കുറിച്ചുള്ള കൺസെപ്റ്റ് the best government is the government which governs the least എന്നാണ്. ഭരണകാര്യങ്ങളിൽ പുതിയ പരിഷ്കാരം പോലും ചെലവ് കുറയ്ക്കാൻ വേണ്ടി ചെയ്യാൻ സാധിച്ചിട്ടില്ല. ഇവിടെ ഒരു

ഭരണപരിഷ്കാര കമ്മീഷനൊക്കെയുണ്ട്. അതിൽ ഭരണവുമില്ല പരിഷ്കാരവുമില്ല. അവസാനം പറഞ്ഞ സാധനം മാത്രമേ ബാക്കിയുള്ളൂ. ഇവിടെ എല്ലാവരും പറയുന്നതുപോലെയല്ല, വലതുപക്ഷമോ ഇടതുപക്ഷമോ അല്ലാത്ത ഒരു നിലപാടാണ്. സമയമില്ലാത്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് പറയുന്നില്ല. വലതുപക്ഷമോ ഇടതുപക്ഷമോ എന്ന് നിർണ്ണയിക്കാൻ സാധിക്കാത്ത വിധത്തിലുള്ള നിലപാടാണ് സാമ്പത്തികരംഗത്ത് ഈ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒരു ദിശാബോധം ഇല്ല. നവലിബറലിസത്തെയും ഉദാരവൽക്കരണത്തെയും നമ്മൾ എതിർക്കുമ്പോഴും ഈ ഗവൺമെന്റ് തുടരുന്ന നയങ്ങളൊക്കെ നവലിബറലിസത്തിനും ഉദാരവൽക്കരണത്തിനും ആഗോളവൽക്കരണത്തിനും അനുയോജ്യമായിട്ടുള്ളത് തന്നെയാണ്. 1994 ഏപ്രിൽ മാസം 15-ന് മൊറോക്കോയിലെ മരാക്കേഷ് എന്നുപറയുന്ന സ്ഥലത്തുവച്ച് 116 രാഷ്ട്രങ്ങൾ ചേർന്ന് ഒപ്പുവച്ച ജനറൽ എഗ്രിമെന്റ് ഓൺ താരിഫ് ആന്റ് ട്രേഡ് എന്നുപറയുന്ന ഇരുപത്തിമൂവായിരം പേജുള്ള ഒരു കരാർ പ്രകാരം ലോകത്തിന്റെ സമ്പദ് വ്യവസ്ഥ എല്ലാ സ്ഥലത്തും മാറിക്കഴിഞ്ഞതാണ്. അത് അല്പസ്വല്പം വ്യത്യാസങ്ങൾ മാത്രമേയുള്ളൂ. അതുകൊണ്ട് ഇന്ത്യയുടെ സാമ്പത്തികനയവും അമേരിക്കയുടെ സാമ്പത്തികനയവും ലോകത്തിലെ പല രാഷ്ട്രങ്ങളുടെയും സാമ്പത്തികനയവും ഏതാണ്ട് ഒരുപോലെ

ആയിത്തീർന്നിട്ടുള്ള ഒരു കാലഘട്ടമാണ്. അതുവഴി വന്നിട്ടുള്ള ചില മാറ്റങ്ങൾ അറിയാൻ നമുക്ക് TRIPS, Trade- Related Intellectual Property Rights എന്നുപറയുന്ന ഭൗതിക സ്വത്തവകാശത്തിന്റെ, Trade Related Investment Measures എന്നുപറയുന്ന മൂലധന വ്യവസ്ഥകളുടെ കാര്യങ്ങളിൽ, കാർഷിക മേഖലയിൽ നവലിബറലിസം നടപ്പിലായത്, സേവന മേഖലയിൽ അത് നടപ്പിലാക്കിയത് ഇതൊക്കെ വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളാണ്. ഇതൊക്കെ വച്ചുനോക്കുമ്പോൾ കേരളത്തിലെ ഗവൺമെന്റ് എടുക്കുന്ന പല സമീപനങ്ങളും കാലഘട്ടത്തിനനുയോജ്യമായ സമീപനമല്ല, ഒരു ദിശാബോധമില്ലാത്ത സമീപനമാണ് സ്വീകരിക്കുന്നത് എന്നുപറയേണ്ടി വന്നതിൽ എനിക്ക് ഖേദമുണ്ട്. ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കുമ്പോൾ ഈ ഗവൺമെന്റിനോട് കേരളത്തിലെ ജനങ്ങൾ ചിലപ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാട് ചോദിച്ചതുപോലെ ചോദിച്ചുകൂടായ്കയില്ല.

'പാഠാലയങ്ങളിൽ അടികൂടിയും ഒച്ചവച്ചും
പാഠങ്ങൾ വിട്ട് സമരക്കൊടിയുമേന്തിയും നീ,
ബീഡിക്ക് തീ തരികയെന്ന് ഗുരുക്കളോടും
ചോദിച്ചുവാങ്ങി പെരുതായ ഗുരുത്വദോഷം'

എന്നുപറഞ്ഞതുപോലെ ഗുരുത്വദോഷമുള്ള ഒരു ഗവൺമെന്റായി ഇത് കഴിയുമ്പോൾ മാറും. ബാലചന്ദ്രൻ ചുള്ളിക്കാട് അടുത്തദിവസം പറഞ്ഞത് അദ്ദേഹത്തിന്റെ കവിതയൊന്നും ക്ലാസിൽ പഠിപ്പിക്കണ്ട എന്നാണ്. പക്ഷേ നമ്മൾ ചെല്ലുന്നതിന് കുഴപ്പമില്ല എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ചൊല്ലിയതാണ്.

മദ്യത്തിന്റെ കാര്യത്തിൽ, നേരത്തേ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ഒരു മിനിട്ട് എനിക്ക് വഴങ്ങിത്തരാൻ കൂട്ടാക്കിയില്ല. അദ്ദേഹം നല്ലൊരു ട്രേഡ് യൂണിയനിസ്റ്റാണ്, എന്റെ അടുത്ത സുഹൃത്താണ്. അതൊക്കെ സത്യമാണല്ലോ എന്ന് ഓർത്തിട്ടാണ് എഴുന്നേറ്റത്. പക്ഷേ അദ്ദേഹം വഴങ്ങിത്തന്നില്ല. അദ്ദേഹത്തോട് എന്തെങ്കിലും ചോദിക്കുമല്ലോ എന്നുള്ള ഭയപ്പാട് കൊണ്ടാവും. എന്താണെന്ന് എനിക്കറിയില്ല. മദ്യം വളരെ വ്യാപകമായിക്കൊണ്ടിരിക്കുന്നതിന്റെ ഒരു പ്രശ്നം എന്താണെന്നുവച്ചാൽ, കേരളീയ യുവത്വം ലഹരികൾക്ക് അടിമപ്പെട്ടുകൊണ്ടിരിക്കുകയാണ്. കുറ്റവാളികളായി തീരുകയാണ്. ക്വട്ടേഷൻ സംഘങ്ങളിൽ അംഗത്വം സ്വീകരിക്കുകയാണ്. മദ്യം സൃഷ്ടിക്കുന്ന മഹാദുരന്തം ഇനിയും വർദ്ധിക്കാനുള്ള സാധ്യത മാത്രമേയുള്ളൂ. മദ്യമാഫിയയുടെ സാമ്പത്തിക സഹായത്തോടുകൂടി രാഷ്ട്രീയമായ വളർച്ചയും നേട്ടവും ഉണ്ടാക്കാൻ ഈ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിമാരും വകുപ്പും ശ്രമിക്കുന്നുണ്ട് എന്നാണ് എനിക്ക്

തോന്നുന്നത്. അതുകൊണ്ടാണ് മദ്യം വ്യാപകമാക്കുന്നതിന് അവർ അത്ര ദാഹം കാണിക്കുന്നത്. കുടിവെള്ളം കിട്ടാത്ത രാജ്യത്തും മദ്യം യഥേഷ്ടം കൊടുക്കുകയാണ്. ഇത്തരം ദാഹത്തെയും ആർത്തിയെയും കുറിച്ച് ഒ.എൻ.വി. കുറുപ്പ് പാടിയ ഒരു കവിതയുണ്ട്.

' ഹരിതമൃദുകഞ്ചുകം തെല്ലൊന്നു നീക്കി നീ-
യരുളിയ മുലപ്പാൽ കുടിച്ച് തെഴുത്തവർ-
ക്കൊരു ദാഹമുണ്ടായ് (ഒടുക്കത്തെ ദാഹം)-
തിരുഹൃദയ രക്തം കുടിക്കാൻ!

ആ ദാഹമാണ് ഇപ്പോൾ ഇവിടെ കാണുന്നത്.

'ഇഷ്ട വധുവാം നിന്നെ സൂര്യനണിയിച്ചൊരാ
ചിത്രപടകഞ്ചുകം ചീന്തി
നിൻ നഗ്നമേനിയിൽ നഖം താഴ്ത്തി
മുറിവുകളിൽ-
നിന്നതിരും ഉതിരമവർ മോന്തി.
ആടിത്തിമിർക്കും തിമിർപ്പുകളിലെങ്ങെങ്ങു-
മാർത്തലയ്ക്കുന്നു മൃദുതാളം.'

ആ മൃദുതാളമാണ് മദ്യലഹരിയിൽ കേരളത്തിലാകെ നമ്മൾ കാണപ്പെടുന്നത്. എൽ.ഡി.എഫ്.-ന്റെ ഭരണം അവസാനിക്കുമ്പോൾ ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ ഒരു വരി കൂടി ഞാൻ പാടുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ധനകാര്യ വകുപ്പുമന്ത്രിയോടും താതവാക്യം എന്ന കവിതയിൽ, ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ കാലപുരവാസി കരാളരൂപം പൂണ്ട് അച്ഛൻ മരിച്ചതിനുശേഷം പാതാളത്തിൽ നിന്നും തിരിച്ചുവന്ന് ചോദിക്കുന്ന ചോദ്യങ്ങളാണ് താതവാക്യം എന്ന കവിതയിലുള്ളത്.

'ആയുസ്സ് തീർന്ന സമയത്തൊരു തുള്ളിവെള്ളം
വായിൽപ്പകർന്നു തരുവാനുതകാതെ പോയ
നീയാണു മൂത്ത മകനെന്നതുകൊണ്ടു മാത്രം
തീയാണെനിക്കു ഭുവനസ്മരണാവശിഷ്ടം'

കേരളത്തെക്കുറിച്ചുള്ള എന്റെ ഓർമ്മപോലും തീപടരുന്നതാണ്. നീയാണ് മൂത്ത മകൻ എന്നതുകൊണ്ട് ആയുസ്സ് തീർന്ന സമയത്ത് ഒരു തുള്ളിവെള്ളം പോലും പകർന്നുതരാൻ നിനക്ക് സാധിച്ചില്ല എന്നുപറഞ്ഞതുപോലെ, കേരളത്തിലെ ജനങ്ങൾക്ക് ഈ കഷ്ടപ്പാട് സഹിക്കുന്ന കാലത്ത് ഒന്നും ചെയ്തുകൊടുക്കാൻ സാധിക്കാത്തതുകൊണ്ട് ഇതിന് സമാനമായ ഒരു ചോദ്യം ചോദിക്കുമെന്നാണ് പറഞ്ഞത്. ആ ചോദ്യത്തിന് ഉത്തരം പറയാൻ മന്ത്രിസഭ ഒന്നടങ്കം

ബാദ്ധ്യസ്ഥമാണ്. ധനകാര്യ വകുപ്പുമന്ത്രി പ്രത്യേകിച്ചും ബാദ്ധ്യതയുള്ള ആളായിത്തീരുമെന്നാണ് എനിക്ക് തോന്നുന്നത്. ചെങ്ങന്നൂർ തെരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതിനുശേഷം ശ്രീ. കെ. എം. മാണി സാറിന്റെ പിന്നാലെ എല്ലാവരും ഓടിക്കൊണ്ടിരിക്കുകയാണ്. എത്ര ആളുകളാണ് ശ്രീ. കെ.എം. മാണി സാറിനെ തെരഞ്ഞ് പോകുന്നത്. ഒരത്ഭുത പ്രതിഭാസമായി ശ്രീ. കെ.എം. മാണി സാർ മാറിയിരിക്കുകയാണ്. ശ്രീ. കെ.എം. മാണി സാർ നല്ല വിശ്വാസിയായതുകൊണ്ട് നിങ്ങളുടെ ആരുടെയും ഉപദേശമില്ലാതെ ശരിയായ തീരുമാനമെടുക്കാൻ കഴിവുള്ള ആളാണ്. ശ്രീ. കെ.എം. മാണി സാറിനെ ആരും ഉപദേശിക്കേണ്ട കാര്യമില്ല. ശ്രീ. കെ.എം. മാണി സാർ നല്ല വിശ്വാസിയായതുകൊണ്ട് മത്തായി 5-ാം അദ്ധ്യായം 44-ാം വാക്യത്തിൽ പറഞ്ഞിട്ടുണ്ട് 'ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിപ്പിൻ' എന്തെന്നാൽ 'സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിന് പുത്രന്മാരായി തീരേണ്ടതിനു തന്നെ; അവൻ ദുഷ്ടന്മാരുടെമേലും നല്ലവരുടെ മേലും തന്റെ സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെമേലും നീതികെട്ടവരുടെമേലും തന്റെ മഴ പെയ്യിക്കുകയും ചെയ്യുന്നുവല്ലോ; അതുകൊണ്ട് സ്വർഗ്ഗസ്ഥനായ നമ്മുടെ പിതാവിനെപ്പോലെ നാമും ആയിത്തീരുവാൻ ശത്രുക്കളെ സ്നേഹിപ്പിൻ, ഉപദ്രവിക്കുന്നവർക്കുവേണ്ടി

പ്രാർത്ഥിപ്പിൻ.' അതിലൊക്കെ വിശ്വസിക്കുന്ന ശ്രീ. കെ. എം. മാണി സാറിന് നിങ്ങളുടെ ആരുടെയും ഉപദേശം വേണമെന്ന് എനിക്ക് തോന്നുന്നില്ല. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക് ധനകാര്യ വകുപ്പുമന്ത്രിയെന്ന നിലയ്ക്ക്, അദ്ദേഹം വിശ്വാസിയാണോ അല്ലയോ എന്നെനിക്ക് അറിഞ്ഞുകൂടാ. എന്തായാലും അദ്ദേഹത്തെപ്പോലുള്ളവരോട് യേശു പറഞ്ഞിട്ടുണ്ട് 'സകലതും നേടിയിട്ടും നിന്റെ ആത്മാവിനെ നഷ്ടമാക്കിയാൽ നിനക്ക് എന്തുപ്രയോജനം' എന്ന്. ആ ചോദ്യം യേശു അദ്ദേഹത്തെപ്പോലുള്ള ആളുകളോട് ചോദിച്ചതാണ്. അത് നമ്മൾ വിസ്മരിക്കാൻ പാടില്ല. 'ജെറുസലേമേ, ജെറുസലേമേ, നിന്റെ നേർക്ക് അയച്ചിരിക്കുന്നവരെ കല്ലെറിയുകയും പ്രവാചകന്മാരെ കൊല്ലുകയും ചെയ്യുന്നവളേ, നിനക്ക് ഹാ! കഷ്ടം. കോഴി തന്റെ ചിറകിൻ കീഴിൽ കുഞ്ഞുങ്ങളെ ചേർക്കുമ്പോലെ നിന്റെ മക്കളെ ചേർത്തുകൊൾവാൻ എനിക്ക് എത്രവട്ടം മനസ്സായിരുന്നു. പക്ഷേ നിനക്കോ മനസ്സായില്ല. നിന്റെ ആത്മാവ് ശൂന്യമായിത്തീരും' എന്നാണ് യേശു പറഞ്ഞത്. മത്തായി എഴുതിയ സുവിശേഷം, ലൂക്കോസ് എഴുതിയ സുവിശേഷം അങ്ങനെ എല്ലാവരും എഴുതിയ സുവിശേഷമുണ്ട്. ഈ സുവിശേഷങ്ങളൊന്നുമല്ലാതെ Gospel according to Jesus (യേശുവിന്റെ സുവിശേഷം) എന്നുപറയുന്ന ഒരു പുസ്തകം Jose de Saramago എഴുതിയിട്ടുണ്ട്. നോബൽ പ്രൈസ് കിട്ടിയ

പുസ്തകമാണ്. നോബൽ പ്രൈസ് കിട്ടിയ Jose de Saramago-ന്റെ Gospel according to Jesus-ൽ മാത്രമാണ് ഒരു വഞ്ചിയിൽ ദൈവവും സാത്താനും ഒപ്പം സഞ്ചരിക്കുന്നത്. അതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടത്തിയാൽ നടക്കുന്ന കാര്യമല്ല എന്നാണ് എനിക്ക് പറയാനുള്ളത്. അതുകൊണ്ട് ചെങ്ങന്നൂരിൽ ഞങ്ങൾ സുഖമായി ജയിക്കും എന്നതിൽ യാതൊരു സംശയവും നിങ്ങൾക്കുവേണ്ട. നിങ്ങൾക്ക് ഏൽക്കുന്ന, ഈ ഗവൺമെന്റ് വന്നതിനുശേഷമുള്ള ഉപതെരഞ്ഞെടുപ്പിൽ, ആദ്യത്തെ ശക്തമായിട്ടുള്ള അടി അതായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുകയാണ്. ഞാൻ അതുകൊണ്ടല്ലേ ജീവനോടെ പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. കെ. ആൻസലൻ:.....(മൈക്ക് ഓഫ്).....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ സമയം കഴിഞ്ഞു. പ്ലീസ്....

ശ്രീ. കെ. എൻ. എ. ഖാദർ: Let me conclude Sir, ഉദാരമതിയായ സാറിന്റെ സഹായസഹകരണങ്ങൾ എന്നുമുണ്ടായിട്ടുണ്ട്. അതിൽ ഞാൻ നന്ദിയുള്ളവനാണ്. പക്ഷേ ഇതൊന്ന് കൺക്ലൂഡ് ചെയ്യാൻ എന്നെ അനുവദിക്കണം.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. ആൻസലൻ ഇരിക്കൂ. പ്ലീസ്....

ശ്രീ. കെ. എൻ. എ. ഖാദർ: സർ, അദ്ദേഹത്തിന് സംസാരിക്കാൻ

പാർലമെന്ററി പാർട്ടി നാളെ ഒരു അവസരം കൊടുക്കണം. എന്നോട് പറഞ്ഞിട്ട് കാര്യമില്ല. ബഹുമാനപ്പെട്ട ഡോ. തോമസ് ഐസക്കിനെപ്പോലുള്ള ഒരു മിനിസ്റ്ററെ, എനിക്കറിയാം. അങ്ങ് വളരെ സംതൃപ്തനൊന്നുമല്ല. 50 കൊല്ലം ഇവിടെ ഇരുന്ന് 13 തവണ ബഡ്ജറ്റ് അവതരിപ്പിച്ച ശ്രീ. കെ. എം. മാണിയും ഡോ. തോമസ് ഐസക്കും നല്ല ധനകാര്യ വകുപ്പുമന്ത്രിമാർ ആയിരിക്കും. നിർഭാഗ്യവശാൽ കേരളത്തിൽ എന്തെങ്കിലും മൗലികമായ മാറ്റം വരുത്താൻ ഈ ഗവൺമെന്റിന് ഇതുവരെ സാധിച്ചിട്ടില്ല. ഇത്രയും inefficient ആയ ഒരു മിനിസ്റ്റർ കേരളത്തിൽ വന്നിട്ടില്ല എന്ന് ഭാവിയിൽ ചരിത്രം രേഖപ്പെടുത്തും. അതിനിടയാക്കരുത് എന്നുമാത്രം പറഞ്ഞ് ഈ അപേക്ഷ സ്വീകരിച്ചുകൊണ്ട് ഈ ധനകാര്യ ബില്ലിനെ എതിർത്തുകൊണ്ട് നിർത്തുന്നു.

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u> സർ, ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദി മുതലാളിമാരുടെ സംഘടനയായ ഫിക്കിയുടെ ഒരു സമ്മേളനത്തിൽ പ്രസംഗിക്കുമ്പോൾ അദ്ദേഹം യു.പി.എ.-യെ നിശിതമായി വിമർശിച്ചു. കോർപ്പറേറ്റുകൾക്ക് യു.പി.എ. സർക്കാർ വൻ വായ്പകൾ നൽകിയതാണ് ഇന്നത്തെ ബാങ്കിംഗ് പ്രതിസന്ധിക്ക് കാരണമെന്നാണ് ശ്രീ. നരേന്ദ്ര മോദി പ്രസംഗിച്ചത്. അത് പൂർണ്ണമായും ശരിയാണ്. എന്നാൽ ഈ

സ്ഥിതിയിൽനിന്നും പൊതുമേഖലാ ബാങ്കുകളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനുപകരം മോദി സർക്കാർ പൊതുമേഖലാ ബാങ്കുകളെതന്നെ കോർപ്പറേറ്റുകൾക്ക് കൈമാറിക്കൊണ്ടിരിക്കുകയാണ്. രണ്ട് പാർട്ടികളുടെയും സാമ്പത്തിക നയമാണ് ഇത് വ്യക്തമാക്കുന്നത് അഥവാ വ്യക്തമാക്കിക്കൊണ്ടിരിക്കുന്നത്. ഈ രണ്ട് നയവും, രണ്ട് പാർട്ടികളും സാമ്പത്തിക മേഖലയിൽ സ്വീകരിക്കുന്ന നയം ഒന്നുതന്നെയാണെന്നാണ് നമ്മുടെ അനുഭവം നമ്മെ പഠിപ്പിക്കുന്നത്. കേരളത്തിനു മാത്രമായി ഒരു സമ്പദ്ഘടനയില്ലായെന്ന വിവരം നമുക്കറിയാം. ലോക സമ്പദ്ഘടനയുമായി ചരിത്രപരമായി പല രീതികളിലും സംസ്ഥാന സമ്പദ്ഘടന ബന്ധപ്പെട്ടിരിക്കുന്നുവെന്നതും ഒരു യാഥാർത്ഥ്യമാണ്. ലോകത്തിന്റെ മറ്റ് ഭാഗങ്ങളിലുണ്ടാകുന്ന സാമ്പത്തിക വളർച്ചയുടെ പ്രശ്നങ്ങൾ, തളർച്ചയുടെ പ്രശ്നങ്ങൾ, പ്രതിസന്ധികൾ, വെല്ലുവിളികൾ ഇതെല്ലാം കേരളം പോലൊരു സംസ്ഥാനത്തിനും ബാധകമാണ്. അല്ലാതെ കേരളത്തിന് മാത്രമായി ഒരു സമ്പദ്ഘടനയില്ലായെന്ന് നമുക്കറിയാം. വിദേശ പണത്തിന്റെ വരവിലുണ്ടായ ഇടിവ് സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾ, വിശേഷിച്ച് വാണിജ്യ മേഖല, റിയൽ എസ്റ്റേറ്റ് രംഗം, നിർമ്മാണ മേഖല എന്നിവയെ നന്നായി ദുർബലപ്പെടുത്തിയിട്ടുണ്ടെന്നുള്ളതും നമുക്കറിയാം. ഇത്

പ്രതിപക്ഷത്തിനുമറിയാം. ഈ സമീപകാലത്തുണ്ടായിട്ടുള്ള സംഭവ വികാസങ്ങൾ എല്ലാവർക്കും അറിയാവുന്നതാണ്. കയറ്റുമതിയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ കശുവണ്ടി, കയർ, കൈത്തറി, മറ്റ് നാണ്യവിളകൾ എന്നിവ കേരളത്തിന്റെ സാമ്പത്തിക വളർച്ചയിലും പുതുതായി തൊഴിൽ സൃഷ്ടിക്കുന്നതിലും പ്രധാന പങ്കുവഹിച്ചുവരുന്നുവെന്നതും നമുക്കറിയാം. ഇപ്പോൾ വളർച്ചാ നിരക്ക് രേഖപ്പെടുത്തി കണ്ടത് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനം എക്കാലവും അഭിമാനകരമായിരുന്നു. എന്നാൽ കേന്ദ്ര സ്റ്റാറ്റിസ്റ്റിക്കൽ ഓർഗനൈസേഷന്റെ ഏറ്റവും പുതിയ കണക്കു പ്രകാരം സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ചാ നിരക്ക് ആശാവഹമല്ലെന്നാണ് അവർ ചൂണ്ടിക്കാണിക്കുന്നത്. ദേശീയ ശരാശരിയേക്കാൾ ഉയർന്നുനിന്ന സംസ്ഥാനത്തിന്റെ മൊത്ത ആഭ്യന്തര ഉത്പാദനത്തിന്റെ വളർച്ച 2012-13 മുതൽ ക്രമമായി കുറഞ്ഞുതുടങ്ങി. 2015-16-ൽ ദേശീയ ശരാശരി 9.94 എന്നത് കുറഞ്ഞ് 8.59-ൽ എത്തി. ഇതാണ് കേരളത്തിന്റെ സ്ഥിതി. 2016-ൽ അധികാരത്തിൽ വന്ന ശ്രീ. പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാരിന് യു.ഡി.എഫ്. കൈമാറിയത് യഥാർത്ഥത്തിൽ ഒരു സുരക്ഷിതമായ സാമ്പത്തിക ഘടനയായിരുന്നില്ല. അസ്ഥിരമായ, ശിഥിലീകരിക്കപ്പെട്ട ഒരു സാമ്പത്തിക

ഘടനയാണ് യു.ഡി.എഫ്. എൽ.ഡി.എഫ്.-ന് കൈമാറിയത് എന്ന് നിങ്ങൾക്കറിയാം. അതിന്റെ കണക്കെല്ലാമുണ്ട്. ട്രഷറിയിൽ അവശേഷിച്ചത് 173.46 കോടി രൂപയുടെ കടമായിരുന്നു. ഇതെല്ലാം രേഖയിലുള്ളതാണ്. വെറുതെ ഒരു പ്രസംഗത്തിനുവേണ്ടി നിയമസഭയിൽ നടത്തുന്ന പ്രസംഗമല്ല. ഈ രേഖയിലുള്ളതാണ്, കണക്കുകൾ നമ്മുടെ മുന്നിലുള്ളതാണ്. മുൻ സർക്കാർ കുടിശ്ശിക വരുത്തിയ 6000 കോടി രൂപയുടെ വലിയ ബാദ്ധ്യതയോടൊപ്പം 4300 കോടി രൂപയുടെ ബഡ്ജറ്റിന് പുറത്തുള്ള ഹ്രസ്വകാല കട ബാധ്യതയും സർക്കാരിന് പ്രതിസന്ധിയുണ്ടാക്കി കേരളത്തിൽ. ഈ പ്രതിസന്ധിയുടെ ഉത്തരവാദി ആര്; കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റുകൾ മാത്രമാണോ; വികലമായ നികുതി നയങ്ങളായിരുന്നല്ലോ കേരളത്തിൽ. ജനങ്ങളുടെ വരുമാനത്തിലും അവരുടെ വാങ്ങൽ കഴിവിലും തകർച്ച നേരിട്ടു. അതിൽനിന്നും കരകയറാനുള്ള ബാധ്യതയും സർക്കാരിന്റെ ചുമതലയിലായി. കേരളത്തിലെ ഇടതുപക്ഷ സർക്കാർ ഏറ്റെടുക്കേണ്ടി വന്നു. നേരത്തെ ഇവിടെ ശ്രീ. ആർ. രാമചന്ദ്രൻ സൂചിപ്പിച്ചതുപോലെ, 2010-11-ലെ നികുതി വളർച്ച 23.24 ശതമാനമായിരുന്നത് 2015-16-ൽ 10.68 ശതമാനമായി മാറി. ഇക്കാലത്തെ രൂക്ഷമായ സാമ്പത്തിക പ്രശ്നങ്ങൾ മറികടക്കാൻ പുതിയ സർക്കാർ ചെയ്തത് ഒരു ബദൽ വികസന മാതൃക

അവതരിപ്പിക്കുന്നതിനുള്ള ധീരമായ നടപടി സ്വീകരിച്ചുവെന്നുള്ളതാണ്. പ്രതിസന്ധികളിൽനിന്നും കരകയറണം, എങ്ങനെയാണ് കേരളത്തെ പ്രതിസന്ധിയിൽനിന്നും കരകയറ്റേണ്ടത്; ഇന്നത്തെ പ്രതിസന്ധി, സമ്പദ്ഘടനയിൽ വന്ന പ്രതിസന്ധി, കഴിഞ്ഞ 5 വർഷംകൊണ്ട് ഉണ്ടാക്കിയ പ്രതിസന്ധി എങ്ങനെ കരകയറണം, അതിന് ഒരു ബദൽ നടപടി സ്വീകരിക്കുകയായിരുന്നു, ഒരു ധീരമായ നടപടിയാണ് അക്കാര്യത്തിൽ സ്വീകരിച്ചത്. സുസ്ഥിരമായ പശ്ചാത്തലവികസനം കൈവരിക്കുന്നതിനും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സമഗ്രമായ സാമൂഹ്യ സുരക്ഷാ പാക്കേജുകൾ ഉൾപ്പെടുത്തുന്നതിനായി 2016-ൽ സംസ്ഥാന സർക്കാർ ഒരു ബഹുമുഖ വികസന തന്ത്രം സാമ്പത്തിക മേഖലയിൽ ആവിഷ്കരിച്ചു. അതാണ് ഗവൺമെന്റ് ആവിഷ്കരിച്ച ഒരു പുതിയ പദ്ധതി അഥവാ ഒരു പുതിയ ബദൽ നയം. സാമ്പത്തിക മാന്ദ്യത്തെ നേരിടാനും ഒരു പാക്കേജ് തയ്യാറാക്കിയിരുന്നു. കശുവണ്ടി, കയർ, കൈത്തറി എന്നീ വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കാനും പരമ്പരാഗത മേഖലയിൽ സർക്കാർ 600 കോടി രൂപ മാറ്റിവച്ചു. ഇതിനുമുമ്പ് ഒരിക്കലും കേരളത്തിൽ ഇത്രമാത്രം തുക മാറ്റിവച്ചിരുന്നില്ല. ഈ മേഖലയിലെ ഉത്പന്നങ്ങളുടെ വിലയിടിവ്, അവിടെ പുനരുജ്ജീവിപ്പിക്കാൻ ഒരു പരിശ്രമം നടത്തിയപ്പോൾ ഈ മേഖലയിലെ

ഉത്പന്നങ്ങളുടെ വിലയിടിവ് ആയിരക്കണക്കിന് തൊഴിലാളികളുടെ ജീവിതത്തെ ബാധിച്ചു. അതിനുപുറമെ അശനിപാതംപോലെ നോട്ട് റദ്ദാക്കൽ സംസ്ഥാനത്തിന്റെ സാമ്പത്തിക നില കൂടുതൽ സങ്കീർണ്ണമാക്കി. ഇതാണ് ഇവിടെ നടന്നത്. കയർ, കൈത്തറി, കൃഷി അനുബന്ധമേഖലകളിലെ സാമ്പത്തിക പ്രവർത്തനങ്ങൾ നോട്ട് ക്ഷാമംമൂലം ഏകദേശം നിശ്ചലമായി. കേരളത്തിന്റെ നഗര സമ്പദ് വ്യവസ്ഥയെ ഉയർത്തിപ്പിടിക്കുന്നതിൽ ദീർഘകാല പാരമ്പര്യമുള്ള സഹകരണ മേഖല അടച്ചുപൂട്ടേണ്ട വക്കിലെത്തി. നോട്ട് നിരോധനത്തിന്റെ ഭാഗമായി സാമ്പത്തിക വളർച്ചാനിരക്ക് ഇടിയുകയും കേരളത്തിലേയ്ക്ക് വരേണ്ട നിക്ഷേപത്തെ സാരമായി ബാധിക്കുകയും ചെയ്തു. നോട്ട് നിരോധിക്കാനുള്ള അപ്രതീക്ഷിത തീരുമാനം വരുമാന വർദ്ധനവിലൂടെ സമ്പദ്ഘടനയെ ശക്തിപ്പെടുത്താനുള്ള പുതിയ നീക്കത്തെയും സാരമായി ബാധിച്ചു. ഉപഭോഗചെലവിൽ കുറവുണ്ടായാൽ അത് സംസ്ഥാന ഖജനാവിലേയ്ക്കുള്ള പണത്തിന്റെ ഒഴുക്കിനെ ബാധിക്കുമെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്. ഖജനാവിലേയ്ക്ക് വരേണ്ട പണം വരാതായി. സാമ്പത്തിക പ്രവർത്തനങ്ങളെ ശരിയായ ദിശയിലേയ്ക്ക് നയിക്കാനുള്ള ശ്രമങ്ങളെയും നോട്ട് നിരോധനം പ്രതികൂലമാക്കിയെന്നുള്ളതും യാഥാർത്ഥ്യമാണ്. കേരളത്തിന്റെ സമ്പദ്ഘടനയെ എങ്ങനെ മെച്ചപ്പെടുത്തണം. അതിനുവേണ്ടി ഇടതുപക്ഷ

ഗവൺമെന്റ് കൊണ്ടുവന്ന പല പദ്ധതികളെയും നോട്ട് നിരോധനം വന്ന് പ്രതികൂലമാക്കുകയാണ് ചെയ്തത്. 2016-17-ൽ നികുതി വരുമാനം ഉയർത്താനുള്ള ശ്രമവും പരാജയപ്പെട്ടു. അതുമൂലം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്കായ 14.24 ശതമാനത്തിൽനിന്നും 8.16 ശതമാനമായി കുറഞ്ഞു. സംസ്ഥാന ബഡ്ജറ്റിൽ വിഭാവന ചെയ്തിരുന്ന സാമ്പത്തിക ആവശ്യങ്ങൾ പാടേ തകിടം മറിഞ്ഞു. 2011 മുതൽ 2015 വരെയുള്ള യു.ഡി.എഫ്. ഭരണകാലയളവിൽ സംസ്ഥാനം മൊത്തം ആഭ്യന്തര ഉത്പാദനത്തിന്റെ റവന്യൂ കമ്മിയുടെയും ധന കമ്മിയുടെയും അനുപാതത്തിന്റെ കണക്കുകളുണ്ട്. അതിൽ രേഖപ്പെടുത്തിയിട്ടുണ്ട്. യഥാക്രമം 2.2 മുതൽ 1.73 ശതമാനം വരെയും 3.52 മുതൽ 3.19 വരെയുമുള്ള ക്രമത്തിലായിരുന്നു. ധനകമ്മി നികത്താനുള്ള കേന്ദ്ര ഗ്രാന്റായ 4,640 കോടി രൂപ ലഭിച്ചതുകാരണമാണ് 2015-16-ൽ നിലവിലുള്ള സ്ഥിതി തുടർന്ന് പരാപരം നീങ്ങിപ്പോയത്. തകർച്ചയിലായിരുന്ന ധനകാര്യ സ്ഥിതി എൽ.ഡി.എഫ്. വന്നപ്പോൾ 2016-17-ൽ ചെറിയ തോതിൽ മെച്ചപ്പെട്ടു. ധന കമ്മിയുടെ അനുപാതം കുറഞ്ഞു. നോട്ട് പ്രതിസന്ധി വന്നതോടെ റവന്യൂ വരുമാനത്തെ അത് ബാധിച്ചു. പത്താം ശമ്പള കമ്മീഷൻ നടപ്പിലാക്കിയതിലെ അധിക ബാദ്ധ്യതകൾ ഏറ്റെടുക്കേണ്ടി വന്നത് എൽ.ഡി.എഫ്.-അല്ലേ; യു.ഡി.എഫ്. സർക്കാർ കൊടുത്തു

തീർക്കേണ്ട ഭീമമായ മറ്റ് ബാധ്യതകൾ, സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വളരെ കാലത്തെ കുടിശ്ശികയിനത്തിൽ എത്ര കോടി രൂപയാണ് കൊടുക്കേണ്ടി വന്നത്. സാമൂഹ്യക്ഷേമ പെൻഷനുകളുടെ എത്ര കോടി രൂപയാണ് കേരളത്തിൽ ഇടതുപക്ഷ ഗവൺമെന്റ് വന്നതിനുശേഷം കൊടുത്തുതീർത്തത്. ഇവ സാമ്പത്തിക പരാധീനതകൾക്ക് വഴിവച്ചു. എങ്കിലും 2016-17-ൽ വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ ചെലവ് യഥാക്രമം 26 ശതമാനം, 19 ശതമാനം വർദ്ധനവ് വരുത്തിയത് ശ്രദ്ധേയമാണ്. 86,000 കോടി രൂപയുടെ വിവിധ മരാമത്ത് പണികൾക്കാണ് കിഫ്ബി വഴിയും ഗവൺമെന്റ് നേരിട്ടും ചെലഴിക്കുന്നതിനാണ് പ്രോജക്ടുകൾ തയ്യാറാക്കിയിരിക്കുന്നത്. ഇങ്ങനെ ഏതു കാലത്തുണ്ടായിട്ടുണ്ട്; ധനകാര്യ വകുപ്പും പൊതുമരാമത്ത് വകുപ്പും ചേർന്നുകൊണ്ട് കേരളത്തിന്റെ അടിസ്ഥാന വികസനത്തെ ലക്ഷ്യം വച്ചുകൊണ്ട് ഇത്രമാത്രം തുക എപ്പോഴാണ് ചെലവഴിക്കുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ കൊണ്ടുവന്നിട്ടുള്ളത്, എസ്റ്റിമേറ്റുകൾ തയ്യാറായിട്ടുള്ളത്. വിദ്യാഭ്യാസ മേഖലയ്ക്ക് മാത്രമാണ് 26 ശതമാനം തുക മാറ്റിവച്ചത്. ആരോഗ്യ മേഖലയ്ക്ക് 19 ശതമാനം മാറ്റിവച്ചു. ഇത് സാമ്പത്തിക തകർച്ചയുടെ നടുവിൽ അഥവാ സാമ്പത്തിക മേഖലയിൽ ഉണ്ടായിട്ടുള്ള പ്രതിസന്ധിയുടെ കാലയളവിലാണ് ഇക്കാര്യങ്ങൾ കൈകാര്യം ചെയ്തതെന്ന കാര്യം നാം ഓർക്കേണ്ടതല്ലേ;

കഴിഞ്ഞ 5 വർഷമായി നികുതി വരുമാനത്തിന്റെ വളർച്ചാനിരക്ക് കുറഞ്ഞുകൊണ്ടിരിക്കുകയാണ്. 2015-16 ൽ 38,995 കോടി രൂപ ആയിരുന്നത് 2016-17 ൽ 42,176 കോടി രൂപയായി ഉയർന്നു. സാമൂഹിക സാമ്പത്തിക മേഖലയിലെ ചെലവുകൾകൂടി ചേരുന്നതാണ് വികസനച്ചെലവുകളെന്നാണ് നാം വിലയിരുത്തുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വികസനത്തിനും ആസ്തിപരിപാലനത്തിലും നൽകുന്ന തുകയും വികസന ചെലവുകളായി കണക്കാക്കുന്നുണ്ട്. കടബാധ്യതകൾ, പെൻഷൻ ചെലവുകൾ, ഭരണപരമായ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന ഒഴിവാക്കാനാകാത്ത ചെലവുകൾ വികസനേതര ചെലവുകളിൽ ഉൾപ്പെടുന്നതാണ്. അടിസ്ഥാന സൗകര്യത്തിന് ആവശ്യമായ പണം കണ്ടെത്തുന്നതിനുള്ള പ്രധാന തടസ്സം വിഭവങ്ങളുടെ അഭാവമാണെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്? അതുകൊണ്ട് പ്രധാന അടിസ്ഥാന വികസന പ്രോജക്ടുകൾക്ക് പണം കണ്ടെത്തി സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ സുസ്ഥിരമാക്കുന്നതിന് സർക്കാർ ബദൽ നയം ഇതിനകം സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ മുൻകൂട്ടി തുടങ്ങിയ ഈ ബദൽ വികസന മാതൃകയാണ് നമ്മുടെ രാജ്യത്ത് വരാനിരിക്കുന്നതെന്ന് മനസ്സിലാക്കിയതുകൊണ്ടും ആഗോളവൽക്കരണ കാലയളവിൽ സമൂഹത്തെ ഗ്രസിക്കുന്ന ഈ പ്രതിസന്ധികൾ

സ്വാഭാവികമായും വരുമെന്ന് മനസ്സിലാക്കി മുൻകൈ എടുത്തതുകൊണ്ടുമാണ് ദീർഘകാല നിക്ഷേപം നടത്തുന്നതിനുള്ള ശുഭ സൂചനകൾ കണ്ടുതുടങ്ങിയിട്ടുള്ളത്. ഒരുപക്ഷേ പ്രതിപക്ഷം കണ്ടിട്ടുണ്ടാവില്ല. ശുഭപ്രതീക്ഷയ്ക്ക് വകയുണ്ട്. ശുഭസൂചകങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. സാമ്പത്തിക മേഖലയിൽ അത് കാണാൻ അൽപ്പംകൂടി കാത്തിരിക്കേണ്ടി വരും. അധ്വാനിക്കുന്ന ജനങ്ങളുടെ ചരിത്രപരമായ നേട്ടങ്ങളെ സംരക്ഷിക്കുകയും മതനിരപേക്ഷ ജനാധിപത്യ സാമ്പത്തിക സാമൂഹിക വികസനത്തിന്റെ ഇടതുപക്ഷ ബദൽ നിർമ്മിക്കുന്നതിന് ഈ ഗവൺമെന്റിനെ ഉപയോഗപ്പെടുത്തിക്കൊണ്ട് കേരളത്തിൽ ശ്രമിക്കുകയും ചെയ്യും. നിങ്ങൾ കാണുന്നതായിരിക്കില്ല, നമുക്ക് ഭാവിയിൽ കണ്ടറിയാം.

ചെങ്ങന്നൂർ ഉപതെരഞ്ഞെടുപ്പിൽ ഇടതുപക്ഷം ജയിക്കും. അക്കാര്യത്തിൽ നിങ്ങൾക്ക് സംശയം വേണ്ട. ശ്രീ. എം. വിൻസെന്റിന്റെ രാഷ്ട്രീയ കാഴ്ചപ്പാടല്ല ഞങ്ങൾക്കുള്ളത്. ചെങ്ങന്നൂരിൽ ഉജ്ജ്വല വിജയം കരസ്ഥമാക്കി ഇടതുപക്ഷ എം.എൽ.എ. ഈ നിയമസഭയിലേയ്ക്ക് വരുമെന്ന കാര്യത്തിൽ യാതൊരു സംശയവും വേണ്ട. ഞങ്ങൾ ജനങ്ങൾക്കുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതികളാണ്. അത് ജനങ്ങൾ ഏറ്റെടുക്കുമെന്ന കാര്യത്തിൽ തർക്കം വേണ്ട. ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളെ ഏറ്റെടുക്കാൻ ലക്ഷക്കണക്കിന് ആളുകൾ

കേരളത്തിലുണ്ട് എന്ന യാഥാർത്ഥ്യം നിങ്ങൾ അംഗീകരിക്കണം. താൽക്കാലികമായി ഏതെങ്കിലും ചെറിയ സംഭവങ്ങളെ ഊതിവീർപ്പിച്ചുകൊണ്ട് പൊതുസമൂഹത്തിന്റെ ശ്രദ്ധ മാറ്റാമെന്ന ധാരണ വ്യർത്ഥമാണെന്ന കാര്യംകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനകാര്യ ബില്ലിലെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. മോൻസ് ജോസഫ്</u>: സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ല് കാർഷിക മേഖലയാണ്. ഇന്നത്തെ കാർഷിക മേഖല നട്ടെല്ല് ഒടിഞ്ഞ് തകർന്നു കിടക്കുന്ന ഗുരുതര അവസ്ഥയിലാണ്. ഇതിൽനിന്ന് കരകയറാനുള്ള ഫലപ്രദമായ നടപടികളൊന്നും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല എന്നുള്ളത് സങ്കടകരവും പ്രതിഷേധാർഹവുമാണ്.

ഇന്ന് World Happiness Day ആണ്. പക്ഷേ കർഷകന്റെ അവസ്ഥയെന്താണ്? Most unhappiness days കർഷകന്റെ മുൻപിൽ നിൽക്കുകയാണ്. സങ്കടങ്ങളുടെയും വേദനകളുടെയും മാത്രം ദിവസങ്ങളാണ് കർഷകന്റെ മുൻപിലൂടെ കടന്നുവരുന്നത്. ഈ കണ്ണുനീരൊപ്പാൻ ഗവൺമെന്റിന് കഴിയുന്നില്ല എന്നുള്ളത് സങ്കടത്തോടെ ഇവിടെ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. രാഷ്ട്രീയത്തിന് അതീതമാണ് ഈ പ്രശ്നം എന്നുള്ളതിൽ യാതൊരു സംശയവുമില്ല. അത് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കുഴപ്പംകൊണ്ട്

സംഭവിക്കുന്ന കാര്യങ്ങളാണെന്ന് ഞാൻ പറയുന്നില്ല. ഓരോ കാലഘട്ടങ്ങളിലും സംഭവിക്കുന്ന നയസമീപനങ്ങളുടെ പ്രശ്നങ്ങളാണ്. പക്ഷേ ഈ കാലഘട്ടത്തിൽ ഇത് പരിഹരിക്കാൻ ആത്മാർത്ഥമായി മുന്നോട്ട് വരേണ്ടത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. ആ നിലയിലുള്ള ഒരു ആത്മാർത്ഥത കാണിക്കുന്നില്ല എന്നുള്ളത് ഇവിടെ പ്രത്യേകം ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ധനകാര്യവകുപ്പ് തലത്തിൽ ഇതിനുള്ള ഇടപെടലുണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഇന്നത്തെ Business Line പറയുന്നത്, ക്ലൈമറ്റ് ചെയ്ഞ്ചുമായി ബന്ധപ്പെട്ട് കാർഷിക മേഖലയ്ക്ക് 10 ശതമാനം നഷ്ടമെന്നാണ്. ഇതിന്റെ പരിഹാരം എന്താണ്? കാലാവസ്ഥാ വ്യതിയാനത്തെക്കുറിച്ച് നിയമസഭയിൽ പലപ്രാവശ്യം ചർച്ചകൾ ഉണ്ടായിരുന്നതാണ്. എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; നാണ്യവിളകളുടെ വിലത്തകർച്ച തുടങ്ങിയ ഗുരുതരമായ പ്രശ്നങ്ങൾ നിൽക്കുന്നതിന്റെ കൂടെയാണ് ഇപ്പോൾ കാലാവസ്ഥാവ്യതിയാനംകൂടി വരുന്നത്. തിരിച്ചടിയേറ്റ് കർഷകൻ വിഷമിക്കുമ്പോൾ എങ്ങനെ ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ കഴിയും; അതിന് ഒരു detailed study തന്നെ ആവശ്യമാണ്.

ശ്രീ. കെ. എം. മാണി ഇവിടെ അടിയന്തരപ്രമേയത്തിൽ ചൂണ്ടിക്കാണിച്ച പ്രസക്തമായ ഒരു കാര്യമുണ്ട്. കേരളത്തിന്റെ കാർഷിക മേഖല നേരിടുന്ന

പ്രശ്നങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ ഒരു സർവ്വകക്ഷി യോഗമെങ്കിലും വിളിച്ചുകൂട്ടി കൂട്ടായ ചർച്ച നടത്തേണ്ടതായിട്ടുണ്ട്. എന്തുകൊണ്ട് ഗവൺമെന്റ് അതിന് മുന്നോട്ട് വരുന്നില്ല? കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണസമയത്ത് കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ശ്രീ. കെ. കൃഷ്ണൻകുട്ടി മുന്നോട്ടുവച്ച കുറേയേറെ നിർദ്ദേശങ്ങൾ ലൈവായി ചർച്ച ചെയ്യപ്പെട്ടതാണ്. നമുക്ക് ഇതെല്ലാം നടപ്പാക്കാൻ കഴിയുന്നില്ല എന്നുള്ളതാണ്. കാർഷിക മേഖലയുടെ ഇന്നത്തെ അവസ്ഥയാണിത്. ആർ.സി.ഇ.പി. കരാർ ഉൾപ്പെടെ കേന്ദ്ര ഗവൺമെന്റ് ജൂലൈ മാസത്തിൽ ഒപ്പിടാൻ പോവുകയാണ്. ഇത്തരം കാര്യങ്ങളിൽ കേരളം എങ്ങനെ പിടിച്ചുനിൽക്കും. എല്ലാ മേഖലയും തകരാൻ പോവുകയാണ്. പാലും പാലിന്റെ അനുബന്ധ കാര്യങ്ങളും, കുരുമുളക്, ജാതിക്ക, റബ്ബർ, കൃഷിയുമായി ബന്ധപ്പെട്ട എല്ലാ കാർഷിക വിളകളും പരിപൂർണ്ണമായ തകർച്ചയിലേയ്ക്ക് വരുന്നു. നെല്ലിന്റെ പ്രതിസന്ധി പലപ്രാവശ്യം നമ്മൾ ചർച്ച ചെയ്തു. ഈ ഒരു സ്ഥിതിവിശേഷത്തിൽ കർഷകരെ സഹായിക്കാൻ കഴിയുന്ന വിധത്തിൽ ധനകാര്യ വകുപ്പിന് എങ്ങനെ ഫലപ്രദമായി ഇടപെടാൻ കഴിയുമെന്ന് കാര്യമായി ചിന്തിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ഇന്ന് കേരളം സാമ്പത്തിക പ്രതിസന്ധിയിൽ നിൽക്കുകയാണ്. ഭൂ നികുതി, മദ്യം വ്യാപിപ്പിക്കുക എന്നിവയാണ് ഇതിൽനിന്ന് കരകയറാൻ എൽ.ഡി.എഫ്.

ഗവൺമെന്റ് കണ്ടെത്തിയ രണ്ട് കാര്യങ്ങൾ. ഇത് രണ്ടും ജനദ്രോഹമാണ്. ഇവിടെ എന്തെല്ലാം നല്ല കാര്യങ്ങൾ ചെയ്തു എന്ന് പറഞ്ഞാലും ഇതുപോലുള്ള ഉപദ്രവങ്ങളിൽ നിന്നും എങ്ങനെ രക്ഷപ്പെടും. സംസ്ഥാനത്തെ ഭൂമിയുടെ ന്യായവില 10 ശതമാനം കൂട്ടി. യു.ഡി.എഫ്. സർക്കാർ ഉപേക്ഷിച്ച ഭൂനികുതി ഇവിടെ പുനഃസ്ഥാപിച്ചു. കുടുംബാംഗങ്ങൾ തമ്മിലുള്ള ഭൂമി ഇടപാടിൽപ്പോലും ചെലവേറുന്നു. ഇത്തരം പ്രശ്നങ്ങൾ ഗൗരവമായി ഗവൺമെന്റ് പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇവിടെ തകർന്ന് തരിപ്പണമാകുന്ന കർഷകന്റെ മുമ്പിൽ നികുതി അധിഷണലായി കൊണ്ടുവന്നാൽ എന്ത് ചെയ്യും?

മദ്യത്തിന്റെ വ്യാപനവുമായി ബന്ധപ്പെട്ട് ഗവൺമെന്റിന് ലാഭമുണ്ട് എന്നുള്ളത് ശരിയാണ്. സാമ്പത്തിക പ്രതിസന്ധി അതിജീവിക്കാനൊരു മാർഗ്ഗമാണത്. പക്ഷേ ഇതുപോലെ അന്യായമായ നിലയിൽ മദ്യം വ്യാപിപ്പിച്ചാൽ, ഇതൊരു വലിയ ചൂഷണമാക്കി മാറ്റിയാൽ ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. തെറ്റായ നിലപാടുകൾ തിരുത്തണം എന്ന് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി മൂന്ന് ബഡ്ജറ്റുകൾ അവതരിപ്പിച്ചു. ഈ മൂന്ന് ബഡ്ജറ്റുകളിലൂടെ ഒരുപിടി നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവന്നു. ഇതിൽ എന്തെല്ലാം നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്? ഒരു പരിശോധനയുടെ സമയമായി എന്ന്

ഞാൻ കരുതുകയാണ്. ഇപ്പോൾ വിവിധ പദ്ധതികൾ വന്നു. കഴിഞ്ഞ മൂന്ന് വർഷക്കാലത്തെ ബഡ്ജറ്റുകൾ പരിശോധിക്കുമ്പോൾ അതിലൂടെ പ്രഖ്യാപിച്ച പദ്ധതികൾക്ക് എ.എസ്.-ഉം ടി.എസ്.-ഉം കൊടുക്കാൻ കഴിയാതെ പോകുന്ന സാഹചര്യങ്ങൾ, കൊടുത്തതുതന്നെ ടെണ്ടർ ചെയ്യാൻ കഴിയാത്ത സാഹചര്യങ്ങൾ. ഇത് മുന്നോട്ട് നീങ്ങുന്നില്ല എന്ന ഒരു പ്രതിസന്ധി ഞങ്ങളെല്ലാം കാണുകയാണ്. അത് പ്രത്യേകമായി അങ്ങ് പരിശോധിക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന് 417 കോടി രൂപ വകയിരുത്തി. അതിൽ 130 കോടി രൂപ പോലും ചെലവഴിച്ചതായി കാണുന്നില്ല. പുതിയ ഒരു പദ്ധതിയും ഇല്ലെന്നാണ് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് പറയുന്നത്. ഈ രീതിയിൽ എങ്ങനെ പോകാൻ കഴിയും. അങ്ങയുടെ പ്രത്യേകമായ പരിശോധനകൾ ധനകാര്യ വകുപ്പിന്റെ തലത്തിൽ ഓരോ വകുപ്പുമായി ബന്ധപ്പെട്ട് ഉണ്ടാകേണ്ടത് അനിവാര്യമാണെന്ന് കരുതുകയാണ്. വാട്ടർ അതോറിറ്റി ഒരു പദ്ധതിയെക്കുറിച്ചും പറയുന്നില്ല. ഉള്ള വെള്ളംതന്നെ കൊടുക്കാൻ കഴിയാത്ത നിലയിൽ വലിയ പ്രതിസന്ധി നേരിടുകയാണ്. കെ.എസ്.ആർ.റ്റി.സി.-യുടെ മറ്റൊരു പതിപ്പായി വാട്ടർ അതോറിറ്റി നിൽക്കുകയാണ്. ഇത്തരത്തിൽ വകുപ്പ് തിരിച്ചുള്ള ഒരു പരിശോധനയ്ക്ക് ധനകാര്യ വകുപ്പ് തയ്യാറാകേണ്ടത് ആവശ്യമാണ് എന്നൊരു നിർദ്ദേശം മുന്നോട്ട് വയ്ക്കാൻ

ആഗ്രഹിക്കുകയാണ്.

ജി.എസ്.റ്റി. കേരളത്തെ ആകെ കുഴപ്പത്തിലാക്കി. ജി.എസ്.റ്റി. വരുമ്പോഴുള്ള പ്രതീക്ഷ അങ്ങ് ചൂണ്ടിക്കാണിക്കുകയും പന്നീടത് തിരുത്തുകയും ചെയ്തു. കേരളം രക്ഷപ്പെടുമെന്ന് പറഞ്ഞെങ്കിലും വലിയ കുഴപ്പത്തിലേയ്ക്കാണ് പോയത്. ജി.എസ്.റ്റി. നടപ്പിലാക്കിയപ്പോൾ കേരളത്തിന്റെ നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥ പരിഹരിക്കാൻ കരാറുകാർക്ക് കോമ്പൻസേഷൻ കൊടുക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി തന്നെ ചർച്ച ചെയ്ത് ധാരണ ഉണ്ടാക്കിയതാണ്. നിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നതിനുവേണ്ടിയുള്ള ജി.എസ്.റ്റി. കോമ്പൻസേഷൻ ഇപ്പോൾ പൊതുമരാമത്ത് വകുപ്പിലും പഞ്ചായത്ത് വകുപ്പിലുമൊന്നും ഫലപ്രദമായി നടക്കുന്നില്ല. കരാറുകാർക്ക് കോമ്പൻസേഷൻ കൊടുക്കാൻ തയ്യാറാകാത്ത സാഹചര്യം നിൽക്കുന്നു. അത് അങ്ങ് പരിശോധിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. അതുപോലെ കരാറുകാർ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുമ്പോൾ എല്ലാ വർഷവും ടാക്സ് അടയ്ക്കുന്നത് കോമ്പൗണ്ടിംഗ് സിസ്റ്റത്തിലായിരുന്നു. അത് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ളതാണ്. കോമ്പൗണ്ടിംഗ് സിസ്റ്റത്തിൽ നിൽക്കുന്നതിനിടയിലാണ് 2011 മുതലുള്ള മുഴുവൻ ഡോക്യുമെന്റ്സും പരിശോധനയ്ക്ക് വിധേയമാക്കാൻ സബ്മിറ്റ്

ചെയ്യണമെന്ന് ഇപ്പോൾ ടാക്സസ് ഡിപ്പാർട്ടുമെന്റ് പറയുന്നത്. കോമ്പൗണ്ടിംഗ് സിസ്റ്റം നിൽക്കുമ്പോൾ ഓരോ വർഷവും അവർ റിട്ടേൺ കൊടുത്തുകൊണ്ടിരിക്കുമ്പോൾ ഇത്തരത്തിലുള്ള കാര്യങ്ങൾ വരുന്നത് അഴിമതിക്കുവേണ്ടിയാണോ എന്ന സംശയം ഉയരുകയാണ്. കൂടാതെ സ്തംഭനാവസ്ഥ ഉണ്ടാകാൻ ഇടയാവുകയാണ്. ഇക്കാര്യങ്ങൾ പ്രത്യേകം പരിശോധിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ജി.എസ്.റ്റി.-യുമായി ബന്ധപ്പെട്ട് ഉണ്ടായിരിക്കുന്ന പ്രതിസന്ധികളെ അതിജീവിക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയോജകമണ്ഡലങ്ങളുടെ വികസനം അങ്ങ് ചൂണ്ടിക്കാണിച്ചു. ഈ വർഷത്തെ ബഡ്ജറ്റിൽ എം.എൽ.എ.-മാരുമായി ചർച്ച ചെയ്ത് ഇക്കാര്യങ്ങൾ തീരുമാനിക്കുമെന്ന് അങ്ങ് പറഞ്ഞു. 50 പ്രവൃത്തികൾ സജസ്റ്റ് ചെയ്യാമെന്ന് പറഞ്ഞു. ഭരണപക്ഷ-പ്രതിപക്ഷ ഭേദമന്യേ എല്ലാവരും 50 പ്രവൃത്തികൾ വീതം വച്ചു. ഇതിൽ ഏത് നടപ്പാക്കും, ഇതുമായി ബന്ധപ്പെട്ടുള്ള നടപടികൾ എങ്ങനെയാണ് എന്നിവയെ സംബന്ധിച്ച് ഇതുവരെ വ്യക്തത ഉണ്ടായിട്ടില്ല. പദ്ധതികൾ ഏതെന്നുള്ളതിന് വ്യക്തത വന്നിട്ടില്ല. ഇത് പ്രത്യേകമായി പരിശോധിക്കാൻ അങ്ങ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

കഴിഞ്ഞ മൂന്ന് വർഷത്തെ ബഡ്ജറ്റിലും ഞാൻ ചൂണ്ടിക്കാണിച്ച ഒരു കാര്യമുണ്ട്. നിയമസഭയുടെ കവാടത്തിൽ ഇന്ത്യയുടെ മുൻ രാഷ്ട്രപതി ഡോ. കെ. ആർ. നാരായണന്റെ ചിത്രത്തെ വണങ്ങിയാണ് നമ്മളെല്ലാം ഇങ്ങോട്ട് പ്രവേശിക്കുന്നത്. ഇന്ത്യയുടെ മുൻ രാഷ്ട്രപതി എന്നുള്ള നിലയിൽ ചെയ്ത സേവനങ്ങളെ അനുസ്മരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഒരു ആശുപത്രി ജന്മനാടായ ഉഴവൂരിൽ സ്ഥാപിക്കുകയുണ്ടായി. കഴിഞ്ഞ ഗവൺമെന്റിന്റെ ഭരണസമയത്ത് ശ്രീ. കെ. എം. മാണി 15 കോടി രൂപ അനുവദിച്ച് 6 നില കെട്ടിടം പൂർത്തിയാക്കി. കേരളത്തിലെ ഗ്രാമപ്രദേശങ്ങളിലെ ഏറ്റവും നല്ല ആശുപത്രി സമുച്ചയമാണത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും സന്ദർഭവശാൽ ഒരു ദിവസം അവിടെ വരികയും അക്കാര്യങ്ങൾ നേരിട്ടുകണ്ട് ബോധ്യപ്പെടുകയും ചെയ്തതാണ്. ആശുപത്രി താൽക്കാലികമായി അങ്ങോട്ട് ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. പക്ഷേ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്ന നിലയിലേയ്ക്ക് പ്രവർത്തനം ആരംഭിക്കുന്നതിന് കഴിഞ്ഞിട്ടില്ല. അവിടെ നമുക്ക് അനുയോജ്യമായ കെട്ടിടമുണ്ട്. അങ്ങ് ഒരു നിർദ്ദേശം മുന്നോട്ട് വച്ചു. ഇപ്പോൾ അവിടെ 110 തസ്തികകളാണ് വന്നത്. അത് 50 ആക്കി ചുരുക്കുന്നതിനെക്കുറിച്ച് അങ്ങ് പറഞ്ഞു. 50 ആക്കി ചുരുക്കിക്കൊണ്ടുള്ള ഫയൽ ഗവൺമെന്റിലേയ്ക്ക് അയയ്ക്കുകയും അങ്ങയുടെ അനുമതിക്കുവേണ്ടി

കാത്തിരിക്കുകയുമാണ്. ഇക്കാര്യത്തിൽ അനുവാദം തരേണ്ടത് കേരളത്തിന്റെ ഒരു പൊതു ആവശ്യമായി വരികയാണ്. ഗവൺമെന്റ് ഒന്നാമത്തെ പരിഗണന കൊടുക്കേണ്ട കാര്യമാണ്. മുൻ രാഷ്ട്രപതിയുടെ പേരിലുള്ള ആശുപത്രിയോട് അനാദരവ് കാണിക്കുന്ന ഒരു സാഹചര്യം സമൂഹത്തിലുയരുകയാണ്. അങ്ങ് അത് പരിഹരിക്കാൻ കഴിയുന്ന വിധത്തിൽ ഇക്കാര്യത്തിൽ അനുകൂലമായ നടപടി സ്വീകരിക്കണം എന്നുകൂടി അഭ്യർത്ഥിക്കുന്നു.

കേരളത്തിന്റെ നിരവധിയായ പ്രതിസന്ധികളുടെ മുൻപിലൂടെ കടന്നുപോകുമ്പോൾ അതിനെ അതിജീവിക്കാൻ കഴിയുന്ന തരത്തിൽ ഈ രണ്ട് വർഷക്കാലത്തിനിടയ്ക്ക് മൂന്ന് ബഡ്ജറ്റുകളിലായി അങ്ങ് മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ പ്രത്യേകമായി പരിശോധിക്കാൻ കഴിയുന്ന വിധത്തിലുള്ള ഇടപെടലിന് ഈ ചർച്ച സഹായകരമായിത്തീരട്ടെ എന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ ഉപസംഹരിക്കുന്നു.

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഞാൻ ഈ ധനകാര്യബില്ല് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ പിൻതാങ്ങുന്നു. എനിക്ക് ഏറ്റവും തമാശയായിട്ട് തോന്നിയത്, മുൻപ് സംസാരിച്ച ശ്രീ. കെ. എൻ. എ. ഖാദർ നല്ലൊരു കവിതയൊക്കെ ചൊല്ലി, മത്തായിയുടെ സുവിശേഷമൊക്കെ വിശാലമായിട്ട് പറഞ്ഞു. അദ്ദേഹം ഈ നാട്ടിലല്ലേ താമസിക്കുന്നതെന്ന് എനിക്ക് തോന്നിപ്പോയി.

കാരണം മൗലികമായ യാതൊരു മാറ്റവും ഈ ഗവൺമെന്റ് വന്നിട്ട് ഉണ്ടായിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. അദ്ദേഹം താമസിച്ച് വന്നതുകൊണ്ടായിരിക്കാം നടന്ന കാര്യങ്ങളൊന്നും മനസ്സിലാക്കാത്തത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നല്ല ദീർഘവീക്ഷണത്തോടെ കൃത്യമായി പ്ലാൻ ചെയ്തുകൊണ്ട് പുതിയ ഒരു കേരളത്തെ സൃഷ്ടിക്കാൻ സമസ്തമേഖലയിലും സ്പർശിച്ചുകൊണ്ട് നാലു മിഷനുകൾ രൂപീകരിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്. ലൈഫ് പദ്ധതി ഗവൺമെന്റ് എങ്ങനെ ലക്ഷ്യമിടുന്നു; അതേപോലെ നിങ്ങൾ ഏറ്റെടുത്തില്ലേ? അവിടെ വീടുവച്ചു കൊടുക്കാനായിട്ട് പറയുന്നുണ്ട്. അതുപോലെ സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽക്കൂടി ജനകീയമായിട്ട്, ജനങ്ങളെ ഉൾപ്പെടെ ഏറ്റെടുത്തുകൊണ്ട് സർക്കാർ നല്ല നിലയ്ക്ക് പണം അനുവദിച്ചുകൊണ്ട് ധാരാളം സ്കൂൾ കെട്ടിടങ്ങളുടെ പണി നടത്തിക്കൊണ്ടിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ വന്നാൽ ഞാനത് കാണിച്ചു തരാം. ഇതൊക്കെ ഈ നാട്ടിൽ നടക്കുന്ന വികസന പ്രവർത്തനങ്ങളാണ്. കൃത്യമായ പ്ലാനിംഗിലൂടെ നല്ല ബഡ്ജറ്റ് പ്രൊവിഷൻ വച്ചുകൊണ്ട് നിങ്ങൾ കളിയാക്കുന്ന കിഫ്ബിയിൽ

ഉൾപ്പെടുത്തിയുള്ള നാനാതരത്തിലുള്ള പ്രവൃത്തികളാണ് നടക്കുന്നത്. ഏനാത്ത് പാലം പൊളിഞ്ഞിട്ട് യുദ്ധകാലാടിസ്ഥാനത്തിൽ പണി പൂർത്തീകരിച്ച് കൊടുത്തില്ലേ, കൃത്യസമയത്തിനുള്ളിൽ പന്തളത്ത് പാലം പണിഞ്ഞ് കൊടുത്തില്ലേ? അതുപോലെ പത്തു കോടി രൂപയിലധികം ചെലവ് വരുന്ന അറക്കടവ് പാലവും അതിൽ വരും. ഇങ്ങനെ എത്രയോ വർക്കുകളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി ആരംഭിച്ചത്. നിങ്ങൾ എന്തിനാണ് ഇങ്ങനെ കളിയാക്കുന്നത്. നിങ്ങളുടെ നിയോജകമണ്ഡലങ്ങളിലുൾപ്പെടെ ഉണ്ടാകുന്ന ഈ കാര്യങ്ങൾ കണ്ണുതുറന്ന് കാണാതെ കവിതചൊല്ലി, മത്തായിയുടെ സുവിശേഷം പറഞ്ഞ്, കളിയാക്കിയതുകൊണ്ട് യാതൊരു കാര്യവുമില്ല. നിങ്ങളുടേതുൾപ്പെടെയുള്ളവർ ഇത് ഏറ്റെടുക്കുന്നു എന്നുള്ളത് കൃത്യമായിട്ട് കണ്ടതുകൊണ്ടാണ് ഞാനിതൊക്കെ പറയുന്നത്. അതുപോലെ ശ്രീ. കെ. മുരളീധരൻ, കോൺഗ്രസ്സിന്റെ ധനകാര്യ കാഴ്ചപ്പാട് ശരിയായതുകൊണ്ടാണ് 2008-ൽ നടന്ന സാമ്പത്തിക മാന്ദ്യത്തിൽ ഇന്ത്യാരാജ്യം പിടിച്ചുനിന്നതെന്ന് ഇവിടെ സൂചിപ്പിച്ചു. അത് കേട്ടിട്ട് സഹിക്കാൻ വയ്യാത്തതുകൊണ്ട് പറയുകയാണ്, അത് നിങ്ങളുടെ മിടുക്കുകൊണ്ടാണോ? എന്തു

കാര്യക്ഷമമായ നടപടിയാണ് നടന്നത്, ഇവിടെ എല്ലാവരും സമരം ചെയ്യാനുള്ളതുകൊണ്ടല്ലേ. ഞാൻ രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കാം. നിങ്ങൾ തുടങ്ങിവച്ച സ്വകാര്യവൽക്കരണവും സാമ്പത്തിക ഉദാരവൽക്കരണ നയങ്ങളും പതിൻമടങ്ങ് ശക്തിയോടുകൂടി ബി.ജെ.പി. കൊണ്ടുപോകുന്ന കാഴ്ചയാണ് ഇപ്പോൾ കാണുന്നത്. 2010 ജൂണിൽ പെട്രോളിന്റെ വില നിർണ്ണയാധികാരം എടുത്ത് കളഞ്ഞത് ആരാണ്; ആർക്കാണ് അതുകൊണ്ടുള്ള ഗുണം; അതിലൂടെ വമ്പന്മാരായി മാറിയത് ഇവിടുത്തെ ഓയിൽ കമ്പനിക്കാരല്ലേ? പെട്രോളിന്റെ വില നിർണ്ണയിക്കാനുള്ള അവകാശം കമ്പനികൾക്ക് നൽകി 2014 ഒക്ടോബർ 19-ന് ബി.ജെ.പി. അധികാരത്തിൽ വന്നു. അന്നുമുതൽ ഡീസലിന്റെ വില നിയന്ത്രണവും എടുത്തുകളഞ്ഞു. അപ്പോൾ ഒരു പടികൂടി കടന്ന് അസംസ്കൃത എണ്ണവിലയ്ക്ക് അനുസരിച്ച് പെട്രോളിന്റെയും ഡീസലിന്റെയും വില ഓരോ ദിവസവും മാറ്റാൻ, 2017 ജൂൺ മുതൽ മോദി സർക്കാരും തയ്യാറായി. അതുകൊണ്ട് ആർക്കെങ്കിലും ഗുണമുണ്ടായോ; ഇവിടെ അനുവദിക്കുന്ന പണം മുഴുവൻ വെട്ടിക്കുറയ്ക്കുകയല്ലേ? കേന്ദ്രം 50 ശതമാനവും 75 ശതമാനവും വീതം നൽകിക്കൊണ്ടിരുന്ന എസ്.എസ്.എ.

ഫണ്ടും ഐ.സി.ഡി.എസ്.-ന് വേണ്ട ഫണ്ടും ഇപ്പോൾ 25 ശതമാനമാക്കി വെട്ടിക്കുറച്ചില്ലേ? കുത്തക എണ്ണ കമ്പനിക്കാർക്കും മുതലാളിമാർക്കും കട്ടുകൊണ്ട് പോകാനും കൂടുതൽ ലാഭമുണ്ടാക്കാനും വേണ്ടിയുള്ള അവസരം കൊടുത്തതാണോ നല്ല സാമ്പത്തിക നയം? കേരളത്തിൽ അതിനൊരു ബദൽ സർക്കാരല്ലേ ഉള്ളത്. 2008-ൽ, 147 ഡോളർ വിലയുണ്ടായിരുന്നപ്പോൾ പെട്രോളിന്റെ വില 50/- രൂപയും ഡീസലിന്റേത് 35/- രൂപയും ആയിരുന്നു. എന്നാൽ ഇന്നത്തെ വില എത്രയാണ്? 2017 ജൂണിൽ 46.56 ഡോളറായി വർദ്ധിച്ചിരുന്നു. ഇപ്പോൾ ജനുവരി മാസത്തിൽ എണ്ണവില 76.8 ഡോളർ മാത്രമേയുള്ളൂ, എന്നിട്ടും പെട്രോളിന്റേയും ഡീസലിന്റേയും വില കയറിപ്പോകുന്നു. നിങ്ങൾ തുടങ്ങിവച്ചതിന്റെ ഭാഗമായിട്ടാണ് ബി.ജെ.പി. സർക്കാർ ഇപ്പോൾ അത് ചെയ്തുകൊണ്ടിരിക്കുന്നത്. വർഗ്ഗീയതയും സ്വജനപക്ഷപാതവും നിങ്ങൾ തുടങ്ങിവച്ച കാര്യങ്ങളും പലമടങ്ങ് വർദ്ധിപ്പിച്ചുകൊണ്ട് സാധാരണക്കാരന്റെ മുഖത്തേയ്ക്ക് നോക്കാതെ അവന്റെ പ്രയാസങ്ങൾ കാണാതെ, കർഷകരെ നോക്കാതെ വൻകിടക്കാരന്റെ പിറകേ പോകുന്ന കാഴ്ചയാണ് കാണുന്നത്. അതിനൊക്കെ നിങ്ങളെല്ലാം

ഉത്തരവാദികളാണ്, അത് സ്വയം മനസ്സിലാക്കണം. ഈ രണ്ടുപേരുടെ പ്രസംഗം കേട്ട് സഹിക്കാൻ വയ്യാത്തതുകൊണ്ടാണ് ഞാൻ ഇത്രയും കാര്യങ്ങൾ പറഞ്ഞത്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് രണ്ടു വർഷമായി. എല്ലാവരുടെയും പെൻഷൻ വർദ്ധിപ്പിച്ചില്ലേ? ഇവിടെയൊരു ബില്ലിനെക്കുറിച്ച് ചാനൽ ചർച്ച നടത്തുന്നതു കണ്ടു. ഞങ്ങളൊക്കെ നല്ല അന്തസ്സായിട്ട് ജോലി ചെയ്ത് ജീവിച്ചു കൊണ്ടിരുന്നവരാണ്. ഞങ്ങളാരും ഒരു നയാപൈസയുടെ അഴിമതിക്ക് കൂട്ടു നിൽക്കുന്നവരല്ല. ആ ബില്ലിനെ സംബന്ധിച്ച് എനിക്ക് പറയാനൊന്നുമില്ലെങ്കിലും എന്തുമാത്രം ആക്ഷേപിച്ചുകൊണ്ടാണ് എം.എൽ.എ.-മാരെപ്പറ്റിയും ജനപ്രതിനിധികളെപ്പറ്റിയും പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ ചാനൽ ചർച്ച ഞാൻ കേട്ടു. ഇവരൊക്കെ എവിടെ നിന്ന് ഇറങ്ങി വന്നവരാണ്. അവരുടെ മുഖത്തേയ്ക്ക് ഒന്നു നോക്കണം, അവർ ചെയ്യുന്നത് എന്താണെന്ന് നോക്കണം. കേരളത്തിലെ ഗവൺമെന്റ് എല്ലാ വിഭാഗം ജനങ്ങൾക്കും പെൻഷൻ വർദ്ധിപ്പിച്ചുക്കൊടുത്തു, ശമ്പളം വർദ്ധിപ്പിച്ച് കൊടുത്തു, ശമ്പളം അഞ്ചു വർഷം കൂടുമ്പോൾ കൃത്യമായി വർദ്ധിപ്പിച്ച് കൊടുത്തു, ക്ഷേമ പെൻഷനുകളെല്ലാം കൊടുത്തു, അടച്ചുപൂട്ടിയ ഫാക്ടറികൾ തുറക്കാൻ

എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തു, അടച്ചുപൂട്ടാറായ സ്കൂളുകൾ ഏറ്റെടുത്തുകൊണ്ട് അതിനുവേണ്ട സൗകര്യങ്ങളെല്ലാം ചെയ്തുകൊടുത്തു. ഇങ്ങനെയല്ലേ ധനകാര്യ മാനേജ്മെന്റ് ചെയ്ത കാര്യങ്ങൾ. എത്ര ഏക്കർ സ്ഥലം പുതുതായി കൃഷി ചെയ്തുവെന്ന് ഇന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ആറന്മുള അടക്കമുള്ള സ്ഥലങ്ങളിൽ നെൽകൃഷി ചെയ്ത് ഉല്പാദന മേഖലയിൽ മെച്ചമുണ്ടാക്കി. നിങ്ങളും കൃഷി ചെയ്തതല്ലേ, നല്ല കാര്യങ്ങളല്ലേ ചെയ്തത്, നിഷേധിക്കാൻ കഴിയുകയില്ലല്ലോ. ഹരിതകേരളം പദ്ധതിയിൽ ഉൾപ്പെടെ നാട്ടിൽ നല്ല മാറ്റമുണ്ടാക്കി. ജൈവ പച്ചക്കറി കൃഷി ഉൾപ്പെടെ പ്രോൽസാഹിപ്പിച്ചുകൊണ്ട് സ്വയം പര്യാപ്തതയിലേയ്ക്ക് പോകുന്ന നയസമീപനങ്ങളും സാമ്പത്തിക ഇടപെടലുകളുമാണ് ഇവിടെ നടക്കുന്നത്. അതിനുവേണ്ട ഇൻവെസ്റ്റുമെന്റാണ് കൊടുക്കുന്നത്. ഞങ്ങളുടെ മണ്ഡലങ്ങളിൽ പാടശേഖര സമിതികളൊക്കെ ഇഷ്ടംപോലെയുണ്ട്. കഴിഞ്ഞ കാലങ്ങളിൽ പാടശേഖര സമിതിക്ക് കിട്ടാനുള്ള തുകയ്ക്കുവേണ്ടി ഞാൻ മുൻ കൃഷി വകുപ്പുമന്ത്രി ശ്രീ. കെ. പി. മോഹനന്റെ പുറകേ നടന്നിട്ടുണ്ട്. എന്നാൽ ഇപ്പോൾ അങ്ങനെയല്ല, കാശ് കിട്ടിയാൽ അന്നേരംതന്നെ കൊടുക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യുന്നുണ്ട്.

ഇതൊക്കെ ചെയ്യുന്നത് എപ്പോഴാണെന്ന് ഒന്ന് ആലോചിക്കണം. ജി.എസ്.ടി. കൊണ്ടുവന്നത് നിങ്ങളാണ്. എല്ലാം നിങ്ങളുടെ മക്കളാണെന്ന് പറയുന്നത് അതുകൊണ്ടാണ്. ഉദാരവൽക്കരണവും നയസമീപനങ്ങളുമെല്ലാം പതിന്മടങ്ങ് വർദ്ധിപ്പിച്ച് ദേശദ്രോഹപരമായിട്ട്, ജനദ്രോഹപരമായിട്ട് കൊണ്ടുവരുന്നതിന്റെ തുടക്കം കുറിച്ചിട്ട് ഇങ്ങനെ ഇരുന്നാൽ പറ്റില്ല, നിങ്ങൾ പുനർ ചിന്തിക്കണം. അന്ന് ചെയ്ത കാര്യങ്ങളുടെ ശിക്ഷകളാണ് നമ്മൾ ഇപ്പോൾ അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഡയമണ്ട് രാജാവെന്ന് അറിയപ്പെടുന്ന ശതകോടീശ്വരൻ നീരവ് മോദിയും കുടുംബവും പഞ്ചാബ് നാഷണൽ ബാങ്കിൽ നിന്ന് 11,500 കോടി രൂപ തട്ടിയെടുത്തിരിക്കുകയാണ്. ആ പണം വിദേശ ബാങ്കിൽ നിക്ഷേപിച്ച് വീണ്ടും 30000 കോടി രൂപയിലേറെ തട്ടിയെടുത്തിരിക്കുകയാണ്. അങ്ങനെയുള്ള ആളുകൾ ഇന്ത്യാ രാജ്യത്തിന്റെ പ്രധാനമന്ത്രിയോടൊപ്പം ഓരോ യോഗങ്ങളിൽ പങ്കെടുക്കുകയാണ്. ജനുവരി 23 മുതൽ 26 വരെ ലോക സാമ്പത്തിക ഉച്ചകോടിയിൽ പങ്കെടുക്കുന്നതിന്റെ ദൃശ്യങ്ങൾവരെ നമ്മൾ കാണുകയാണ്. ഇതിൽ ആർക്കൊക്കെയാണ് ബന്ധമുള്ളതെന്ന് പരിശോധിക്കണം. ഒരു വശത്തുകൂടി

വർത്തമാനം പറയുകയും മറുവശത്തുകൂടി നാട്ടുകാരുടെ കീശ മുഴവൻ കാലിയാക്കി മുണ്ട് മുറുക്കി ഉടുക്കണമെന്ന് പറയുകയും ചെയ്യുമ്പോൾ, മുണ്ട് മുറുക്കി ഉടുക്കേണ്ടത് ജനപ്രതിനിധികളാണെന്ന് പറയുന്ന ആൾക്കാരോട് നല്ല മറുപടി പറയാനുണ്ട്. സർവ്വ ആൾക്കാർക്കും സാമാന്യമായി ജീവിക്കാനുള്ള എല്ലാ സാഹചര്യവും ബഹുമാനപ്പെട്ട പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റും മന്ത്രിമാരും ചേർന്ന് ചെയ്യുന്നുണ്ട്. നാട്ടിലുള്ള ഓരോ പ്രശ്നങ്ങളിലും ഇടപെട്ടുകൊണ്ട് സർക്കാരിനെ ലക്ഷ്യപ്രാപ്തിയിൽ എത്തിക്കാൻ തക്കവണ്ണം 24 മണിക്കൂറും ജനപ്രതിനിധികൾ ജോലി ചെയ്യുന്നുണ്ട്. നാട്ടിലൊന്നും നടക്കുന്നില്ലെന്ന് പറഞ്ഞ് വലിയ കയ്യടി വാങ്ങിക്കൊണ്ട് ചാനലിൽ വരുന്ന ചില മനുഷ്യരുണ്ട്. ഈ ചെയ്യുന്നത് ശരിയാണോ എന്നറിയാനായി നിങ്ങൾ നിങ്ങളുടെ മുഖത്തേയ്ക്ക് ഒന്ന് നോക്കണം. 24 മണിക്കൂറെന്ന് പറയുന്നത് ശരിയാണ്. രണ്ടോ നാലോ മണിക്കൂറൊഴിച്ച് എല്ലാ സമയവും ഈ നാട്ടിലെ ജനങ്ങളുടെ പ്രശ്നങ്ങൾ കേട്ടുകൊണ്ടിരിക്കുന്ന ജനപ്രതിനിധികൾ അത് രാഷ്ട്രീയക്കാരായാലും രാഷ്ട്രീയമില്ലാത്ത സ്വതന്ത്രരായിട്ട് മൽസരിച്ചവരായാലും അതൊക്കെ തന്നെയാണ് ചെയ്യുന്നത്. അതിനെ അധിക്ഷേപിച്ചുകൊണ്ട് പോകുന്നവർ നേരത്തെ ഇവിടെ പറഞ്ഞതുപോലെ ഈ

നാട്ടിൽ നടക്കുന്ന കാര്യങ്ങളൊന്നും കാണാതെ പോകുന്നവരാണെന്നും, അവർ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുമ്പോൾ അത് രുചിയോടെ വാങ്ങിയെടുക്കുന്ന ആ സ്വഭാവം മാറ്റിയെടുക്കണമെന്നുമാണ് എനിക്ക് പറയാനുള്ളത്. നീരവ് മോദിയെ സഹായിക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ നയങ്ങളും അതുപോലെ വിമാനം വാങ്ങുന്നതുമായി ബന്ധപ്പെട്ട അഴിമതിയുമൊക്കെ ഈ അവസരത്തിൽ പുറത്തു വന്നിട്ടുണ്ട്. കേന്ദ്രത്തിൽ നിങ്ങളുടെ ഭരണമായാലും ബി.ജെ.പി.-യുടെ ഭരണമായാലും എപ്പോഴും ഒരു ചിറ്റമ്മ നയമാണ് ഇടതുപക്ഷ ഗവൺമെന്റിനോട് സ്വീകരിക്കുന്നത്. ഇപ്പോഴത്തെ കാര്യം തന്നെ ഞാൻ പറയാം, ഓഖി ദുരന്തം വന്നപ്പോൾ നിങ്ങളെല്ലാപേരുംകൂടി കുറ്റപ്പെടുത്തുകയാണ്. മനുഷ്യസാധ്യമായിട്ടുള്ള മുഴുവൻ കാര്യങ്ങളും ഇവിടെ ചെയ്തില്ലേ? ആത്മാർത്ഥതയോടെ ഒന്ന് ആലോചിച്ച് നോക്കു. നിങ്ങൾ അങ്ങോട്ടുപോകേണ്ട മുഖ്യമന്ത്രി ഇങ്ങോട്ടുവരട്ടെ എന്നൊക്കെ പറഞ്ഞ് ആൾക്കാരെ ഇളക്കി വിടുന്നത് ശരിയാണോ? ഒരു ദുരന്തം വരുമ്പോൾ നല്ല കാര്യങ്ങൾ ചെയ്യാൻ ഒരുമിച്ച് നിൽക്കേണ്ടേ. ഓഖി ദുരന്തം വന്നപ്പോൾ നമ്മുടെ സർക്കാർ അതിന്റെ കാര്യങ്ങളെല്ലാം കൃത്യമായി പഠിച്ച് 1843 കോടി രൂപയുടെ

ധനസഹായം അഭ്യർത്ഥിച്ച് ശ്രീ. രാജ്നാഥ് സിംഗിനും ശ്രീമതി നിർമലാ സീതാരാമനും അപേക്ഷ കൊടുത്തപ്പോൾ, കേന്ദ്ര ഗവൺമെന്റ് തന്നത് 169.6 കോടി രൂപയാണ്. ഇതിനേക്കാൾ പ്രയാസം കുറഞ്ഞ സ്ഥലങ്ങളിൽ വലിയ വ്യത്യാസം കാണിച്ചുകൊണ്ട്, പ്രളയ ദുരിതാശ്വാസമായിട്ട് ബീഹാറിന് 1711 കോടി രൂപയും ഗുജറാത്തിന് 1055 കോടി രൂപയും രാജസ്ഥാന് 425 കോടി രൂപയും ഉത്തർപ്രദേശിന് 421 കോടി രൂപയും പശ്ചിമ ബംഗാളിന് 839 കോടി രൂപയും അനുവദിച്ചപ്പോൾ നിങ്ങൾ കുറച്ചുകൂടി തുക നൽകണമെന്ന് പറഞ്ഞോ. ശ്രീ. വി. ടി. ബൽറാം കൊടി നല്ലതാണെന്ന് പറഞ്ഞു. ത്രിപുരയിൽ ഇടതുപക്ഷം തോറ്റപ്പോൾ നല്ല കാര്യമാണെന്ന് പറഞ്ഞ നിങ്ങൾ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് സ്വന്തമായി ഓർത്തോളൂ. രണ്ട് സീറ്റിൽ ജയിച്ചാൽ നാഗാലാന്റിൽ ബി.ജെ.പി.-യുടെ നേതൃത്വത്തിൽ ഭരണം വരുന്ന ഒരു സ്ഥിതിയിലേയ്ക്കെത്തിയത് നല്ല കാര്യമാണെന്ന് നിങ്ങൾ രണ്ട് എം.എൽ.എ. മാർ പറഞ്ഞിട്ടുള്ള കാര്യങ്ങൾ സ്വയമൊന്ന് ആലോചിക്കുന്നത് നല്ലതായിരിക്കുമെന്നാണ് എനിക്ക് പറയുവാനുള്ളത്. അതുപോലെ കഴിഞ്ഞ ഭരണത്തിൽ മുഖ്യമന്ത്രിയുടെ ഒരു വലിയ ജനസമ്പർക്ക പരിപാടിയുണ്ടായിരുന്നു, ഞങ്ങളൊക്കെ കണ്ടതാണ്, എന്തായിരുന്നു

ആൾക്കൂട്ടം. എത്ര കാര്യങ്ങൾക്ക് പരിഹാരമുണ്ടായിയെന്ന് ഒന്നാലോചിച്ചു നോക്കൂ. പക്ഷേ ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് കൊല്ലം കൊണ്ട് അതിനേക്കാൾ പത്തിരട്ടി പരിഹാരങ്ങളുണ്ടാക്കിയെന്ന് നമുക്കറിയാം. ഉദ്യോഗസ്ഥർ താഴെത്തലത്തിൽ ചേർന്ന് പരിഹാരമുണ്ടാക്കും. നൂറായിരം കാര്യം ചെയ്യേണ്ടിടത്ത് അത് ചെയ്യാതെ മുഖ്യമന്ത്രിയും മന്ത്രിമാരും എല്ലാം അവിടെ പോയി ആളെക്കൂട്ടി ആർക്കുമൊന്നും കൊടുക്കാതിരിക്കുന്നതിനേക്കാൾ നല്ല കാര്യമാണ് മനുഷ്യരെ അതാത് സ്ഥലത്തെ താലൂക്കാഫീസുകളിൽ വിളിച്ചുചേർത്ത് അവിടെ കൊടുത്തു തീർക്കുകയെന്നത്. നിങ്ങൾ ഇതെല്ലാം കാണുന്നുണ്ടാകുമല്ലോ. ഈ സർക്കാർ പട്ടികജാതി വകുപ്പ് വഴിയും, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള പണവുമെല്ലാം ബങ്ക് അക്കൗണ്ടിലേയ്ക്ക് കൊടുക്കുകയാണ്. ബാങ്ക് അക്കൗണ്ട് കൂടിച്ചേർത്ത് അപേക്ഷ കൊടുക്കാൻ പറഞ്ഞിരിക്കുകയാണ്. അത്തരത്തിൽ ജനങ്ങളോടൊപ്പം നിന്നുകൊണ്ട് പ്രവർത്തിക്കുന്ന ഈ ഗവൺമെന്റ് എന്തു ചെയ്തുവെന്ന് ചോദിച്ചാൽ അത് പറയാൻ ഒരു മണിക്കൂർ കൂടിയുണ്ടെങ്കിലും തീരില്ല എന്നതാണ് യാഥാർത്ഥ്യം. മാറ്റങ്ങൾ എത്രമാത്രമുണ്ടായി. വികസന കാര്യത്തിൽ മുന്നോട്ടു പോകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ചോദിച്ചു, എന്ത് കാര്യമാണ് ഈ സർക്കാർ വന്നശേഷം ചെയ്തത് എന്നു ചോദിച്ചതിനാണ് ഞാൻ ഈ കാര്യങ്ങൾ

പറഞ്ഞത്. ഇനിയും ഒരുപാട് കാര്യങ്ങളുണ്ട്. തിരുവനന്തപുരത്തുനിന്നും ഏറണാകുളം വഴി പോകുന്ന എൻ.എച്ച്.-ൽ കൂടി കഴിഞ്ഞ കാലങ്ങളിൽ പോയാൽ എങ്ങിനെയിരുന്നതാണ്? നിങ്ങൾ ഇടയ്ക്കിടയ്ക്ക് അറ്റകുറ്റപ്പണികൾ ചെയ്യുമായിരുന്നു. എന്നിട്ട് ചിതൽ തിന്നപോലെ മഴ പെയ്താൽ മാറും. ഇപ്പോൾ അങ്ങിനെയാണോ? അവിടെ പോയി നോക്കൂ. നേരെ ചൊവ്വേ ചെയ്തില്ലെങ്കിൽ അപ്പോൾ വിവരമറിയും, അതാണ് ഭരണം. സുതാര്യതയോടുകൂടി അഴിമതിയ്ക്കിടകൊടുക്കാതെ ഓരോ മേഖലയിലും ഇടപെടുകയാണ്.

സ്ത്രീകളുമായി ബന്ധപ്പെട്ട കുടുംബശ്രീയെക്കുറിച്ച് പറയാതിരിക്കാൻ കഴിയില്ല. എന്നും സ്ത്രീകളോട് ആഭിമുഖ്യം കാണിച്ചിട്ടുള്ളവരാണ് ഇടതുപക്ഷം. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇന്ന് 50 ശതമാനത്തിലധികം സ്ത്രീകളിരിക്കുന്നുണ്ട്. സ്ത്രീകൾ വന്നാൽ ഇവിടെ എല്ലാമങ്ങ് തകർന്നുപോകുമെന്നല്ല, ഒരുപാടു കാര്യങ്ങൾ ചെയ്യാൻ കഴിയുമെന്ന് കാണിച്ചു തരാൻ കഴിഞ്ഞിട്ടുണ്ട്. അതിലൊരു ഭാഗമാണ് കുടുംബശ്രീ. ഇന്നത് ഏതൊക്ക തലത്തിലേയ്ക്കെത്തിയിരിക്കുന്നുവെന്ന് ആലോചിച്ചു നോക്കണം. അവർക്കാവശ്യമുള്ള ഫണ്ട് കൊടുത്ത് വികസനത്തിന്റെ എല്ലാ ചാനലുകളിലും സ്ത്രീകളുടെയുംകൂടി ഇടപെടൽ ആത്മാർത്ഥമായി ഏറ്റെടുത്ത്, അവർക്കാവശ്യമായ എല്ലാ സഹായവും ചെയ്തു കൊടുത്തു. അവരുടെ ഒരു സംഘടന

രൂപീകരിച്ച് ട്രെയിനിംഗ് കൊടുത്ത് ടെൻഡർ കൊടുക്കാതെ തന്നെ ലൈഫ് പദ്ധതിയുൾപ്പെടെ അവർക്ക് ചെയ്യാൻ കഴിയുന്ന രീതിയിലാക്കി. വേണമെങ്കിൽ വ്യക്തികൾക്കോ പഞ്ചായത്തിനുതന്നെയോ വീടുവയ്ക്കാനുള്ള സഹായം ചെയ്തു കൊടുക്കാൻ കഴിയുന്ന രീതിയിൽ, അവരെ പ്രവൃത്തികൾ ഏൽപ്പിക്കാനാകുന്ന വിധത്തിൽ, അത്രയും സുതാര്യമായി കാര്യങ്ങൾ മാറ്റിയിരിക്കുന്നുവെന്ന് നമുക്ക് കാണാൻ സാധിക്കും.

ഒന്നുരണ്ടു കാര്യങ്ങൾകൂടി പറയാനുണ്ട്, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഒരു കാര്യം ഓർക്കണം, ആസ്തി വികസന ഫണ്ടിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇപ്പോൾ കളക്ടർമാർക്ക് അധികാരം കൊടുത്തിട്ടുണ്ട്. എം.എൽ.എ.-യുടെ സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതുപോലെ അതും വിനിയോഗിക്കാൻ ഒരു മാറ്റമുണ്ടാക്കിയാൽ തീർച്ചയായും കുറച്ചുകൂടി വേഗത്തിൽ വർക്കുകൾ ചെയ്യാൻ സാധിക്കും. ഇപ്പോൾ വളരെ ഫലപ്രദമായ രീതിയിൽ അങ്ങനെയൊരു തീരുമാനം ഗവൺമെന്റ് എടുത്തതുകൊണ്ട് പെട്ടെന്നുതന്നെ എ.എസ്. കിട്ടാനും നൂലാമാലകൾ മാറ്റാനും കഴിയുന്നുണ്ട്. ഒരു കോടി രൂപ വരെയുള്ളവ മാത്രമേ അങ്ങിനെ ചെയ്യാൻ കഴിയുകയുള്ളൂ എന്ന പ്രശ്നമുണ്ട്. മറ്റൊരു പ്രശ്നം എനിക്ക് ശ്രദ്ധയിൽപ്പെടുത്താനുള്ളത്, കേരള പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ കൂടെയുള്ള ആയമാരുടേതാണ്. ഇവർക്ക്

ഗവൺമെന്റ് തന്നെയാണ് ശമ്പളം കൊടുക്കുന്നത്. ആയമാരുടെ ശമ്പളം വർദ്ധപ്പിച്ചിട്ടില്ല. ആറായിരം രൂപ മാത്രമാണ് അവരുടെ ശമ്പളം. പ്രീ-പ്രൈമറി ടീച്ചേഴ്സിന്റെ ശമ്പളം വർദ്ധിപ്പിച്ച് 10,000/- ആക്കിയപ്പോഴും ഇവരുടേത് വർദ്ധപ്പിച്ചിരുന്നില്ല. അത് വർദ്ധപ്പിച്ച് കൊടുക്കണം. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ സിവിൽ സ്റ്റേഷന്റെ പണി പൂർത്തീകരിക്കാറായി. കൊല്ലം ജില്ലയിൽ അനുവദിക്കാൻ പോകുന്ന പുതിയ റവന്യൂ ഡിവിഷണൽ ഓഫീസ് കൊട്ടാരക്കരയ്ക്ക് തന്നെ അനുവദിക്കാനുള്ള ഒരു സഹായം കൂടിയുണ്ടാകണം. കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ടിട്ടുള്ള കുറച്ച് പ്രോജക്റ്റുകൾ തന്നിട്ടുള്ളത് അനുവദിച്ചു തരണം. ജില്ലയുടെ മദ്ധ്യഭാഗമായിട്ടുള്ള കൊട്ടാരക്കരയാണ് അതിന് ഏറ്റവും അനുയോജ്യം. രാഷ്ട്രീയ നിറമതിനില്ല. കേരളത്തിന് മോഡലായുള്ള റവന്യൂ ഓഫീസാണ് ഇപ്പോൾ പണി പൂർത്തീകരിച്ചിരിക്കുന്നത്. ബഹുമാനപ്പെട്ട വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി ശ്രീ. കെ രാജു തീർച്ചയായും അതിനെതിരു നിൽക്കില്ല. കാരണം ജില്ലയുടെ സെന്ററാണ്, താലൂക്കിന്റെ ആസ്ഥാനമാണ്, ആ ഭാഗത്തു തന്നെ അത് വരാനായിട്ടുള്ള സഹായമുണ്ടാകണം. ഇത്രയും പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

<u>ശ്രീ. പി. സി. ജോർജ്</u>: സർ, എനിക്ക് ഡോ. ടി. എം. തോമസ് ഐസക്

അവതരിപ്പിച്ച ബില്ലായതുകൊണ്ട് അനുകൂലിച്ച് സംസാരിച്ചാൽക്കൊള്ളാമെന്ന തോന്നലുണ്ട്. അദ്ദേഹത്തിന്റെ മന:പ്രയാസം എനിക്ക് മനസ്സിലാകും. കാരണം എവിടെ നിന്നാണ് പണമുണ്ടാകുക എന്നെനിക്കറിയില്ല. ബഹുമാനപ്പെട്ട എ.കെ. ബാലൻ 5 ലക്ഷം വീടുണ്ടാക്കുമെന്ന് പറഞ്ഞു. അതിന് എവിടെ നിന്നാണ് പണമുണ്ടാക്കുക എന്നറിയില്ല. വെറുതെ ഉണ്ടാക്കുമെന്ന് പറഞ്ഞാൽ എവിടെ നിന്ന് കാശ് കൊടുക്കും? ഡോ. ടി. എം. തോമസ് ഐസക്കിന്റെ കിഫ്ബി പൊളിഞ്ഞിരിക്കുകയാണ്. ഇനി പണം എവിടെ നിന്ന് കിട്ടും. 5 ലക്ഷം പാവങ്ങൾക്ക് വീടുവയ്ക്കണമെന്നാണ് തീരുമാനം. നടപ്പിലാക്കാൻ സാധിക്കാത്ത കാര്യങ്ങൾ പറയരുതെന്നാണ് എന്റെ അപേക്ഷ. എല്ലാ കാര്യങ്ങളും നന്നായി നടക്കുന്നുവെന്ന് കൊട്ടാരക്കര അംഗം പ്രസംഗിച്ചത് എനിക്ക് ഇഷ്ടപ്പെട്ടു. ഇന്നും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ എസ്കോർട്ട് വാഹനമിടിച്ച് പരിക്കേറ്റ രണ്ട് പേർ കൊട്ടാരക്കര ആശുപത്രിയിൽ കിടപ്പുണ്ട്. മന്ത്രിമാരുടെയൊക്കെ യാത്രയ്ക്ക് ഡോ. ടി. എം. തോമസ് ഐസക് കാശുണ്ടാക്കിക്കൊടുക്കണ്ട. അവരോട് ഇത് ഇത്തിരി കുറയ്ക്കാൻ പറയണം. പാവങ്ങൾക്കുവേണ്ടി വന്ന ഗവൺമെന്റല്ലേയിത്! മധു മരിച്ചിടത്തു വച്ച് ഞാൻ മുഖ്യമന്ത്രിയെ കണ്ടു, ആയിരത്തിൽ കൂടുതൽ പോലീസുകാരും, തണ്ടർ ബോൾട്ടും, ബ്ലാക്ക് ക്യാറ്റും എന്തായിരുന്നു പ്രപഞ്ചം!

ആദിവാസികൾ ജീവനുംകൊണ്ട് വനത്തിലേയ്ക്ക് ഓടി രക്ഷപ്പെട്ടു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി വന്ന ബഹളമാണ്. എന്തിനാണ് ഇത്രയും പണം മുടക്കുന്നതെന്ന് എനിക്ക് അത്ഭുതം തോന്നി. ഈ പോലീസ് എന്തിനാണ്; ഇത് ഒരു ഇടതുപക്ഷ ഗവൺമെന്റല്ലേ? മുന്നിലും പിന്നിലും രണ്ട് വണ്ടി പോലീസുമായി മുഖ്യമന്ത്രി പോകുന്നതിൽ നമുക്ക് വിരോധമില്ല, എന്തിനാണീ നൂറ്റമ്പത് പോലീസ്, എന്തൊരു പോക്കാണ്, ഏതാണ് നിയമം? ഇതൊന്നും ശരിയല്ല. നമ്മൾ പാപ്പരാണ്, കാശില്ല എന്ന കാര്യം ഡോ. ടി. എം. തോമസ് ഐസക് നേരിട്ട് മുഖ്യമന്ത്രിയോട് പറയണം. അത് പറയാതിരിക്കുന്നതാണ് അദ്ദേഹത്തിന്റെ കഴപ്പം. ഡോ. ടി. എം. തോമസ് ഐസക്കിനോട് സ്നേഹമാണ്, അതുകൊണ്ടാണ് പിന്തുണച്ചാലോയെന്ന് ആലോചിച്ചത്. അതുകൊണ്ടാണ് ചെലവ് ചുരുക്കാനും പാവങ്ങളുടെ വീടു പണി പൂർത്തീകരിക്കാനുമുള്ള നടപടി സ്വീകരിക്കണം. പണം എവിടുന്നുണ്ടാകുമെന്നെനിക്കറിയില്ല. ഡോ. ടി. എം. തോമസ് ഐസക് എന്തെങ്കിലും കാണിച്ച് പണം കൊണ്ടു വരുമെന്ന് വിശ്വസിച്ച് ഞാനിരിക്കുകയാണ്. ആ കാര്യത്തിൽ അദ്ദേഹത്തിന്റെ ശ്രമം ഉണ്ടാകട്ടെ, വിജയിക്കട്ടെയെന്ന് കൂടി ഞാൻ ആശംസിക്കുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഈ ധനകാര്യ ബില്ലിനെ ഞാൻ

അനുകൂലിക്കുകയാണ്. പൊതുവെ എല്ലാവരും നിലവിലുള്ള രാഷ്ട്രീയ അവസ്ഥയെ സംബന്ധിച്ച് പ്രതിപാദിച്ചു. സത്യമെന്താണെന്ന് എല്ലാവർക്കുമറിയാം. കേരളത്തിൽ ഇന്നു നമ്മൾ വല്ലാത്തൊരു പ്രതിസന്ധി അനുഭവിക്കുകയാണ്. എതാണ്ടൊരു നട്ടപ്പിരാന്തു പോലെയാണ് നോട്ടുനിരോധനം പ്രഖ്യാപിക്കപ്പെട്ടത്. അതുപോലെ അവധാനതയില്ലാതെ അടിച്ചേൽപ്പിക്കപ്പെട്ട ജി.എസ്.ടി. നമുക്ക് വലിയ ബധ്യതയാണ് വരുത്തിവച്ചത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഉണ്ടാക്കിയതല്ല ജി.എസ.ടി. അതിന്റെ അടിസ്ഥാന ഘടനയെല്ലാം ഈ ഗവൺമെന്റ് കേരളത്തിൽ വരുന്നതിന് മുമ്പുതന്നെ കേന്ദ്രത്തിൽ പ്ലാൻ ചെയ്യുതും നടപ്പാക്കപ്പെട്ടതുമാണ്. ഇക്കാര്യത്തിൽ കോൺഗ്രസാണെങ്കിലും ബി.ജെ.പി. ആണെങ്കിലും മോശക്കാരല്ല. ഇന്ത്യൻ ഫെഡറൽ സംവിധാനത്തെ അതിവേഗതയിൽ തകർക്കാൻ വ്യാമോഹിക്കുന്നവരാണ് ജി.എസ്.ടി.-യുടെ വക്താക്കളായ കോൺഗ്രസും പ്രയോക്താക്കളായ ബി.ജെ.പി.-യുമെന്ന് നമ്മളറിയണം. ഏതാണ്ട് ചേട്ടൻ ബാവയും അനിയൻ ബാവയും കൂടി നടപ്പിലാക്കി നശിപ്പിച്ചതാണ് ഫെഡറൽ സംവിധാനം തകർക്കുന്ന ജി.എസ്.ടി. നയം. ഈ ജി.എസ്.ടി.-യുടെ പശ്ചാത്തലത്തിൽ സംസ്ഥാന അധികാരം പരമാവധി സംരക്ഷിക്കുകയും ജനങ്ങളുടെ നികുതിഭാരം കുറയ്ക്കാൻ എന്തെങ്കിലും

വഴിയുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്. ഇതാണ് ഗവൺമെന്റ് ഇപ്പോൾ ഏറ്റെടുത്ത വലിയ ചുമതല. ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി സംസ്ഥാനങ്ങൾക്ക് വില്പന നികുതി ചുമത്താനുള്ള അധികാരം പൂർണ്ണമായും നഷ്ടപ്പെട്ടിരിക്കുകയാണ്. അതിനുശേഷമുള്ള ആദ്യ ബഡ്ജറ്റാണ് ഇത്. അതുകൊണ്ട് അതിന്റെ ആശങ്കകളും പ്രയാസങ്ങളുമുണ്ടാകും. വരവും ചെലവും പൊരുത്തപ്പെട്ടുപോയില്ലെങ്കിൽ സാമ്പത്തിക പ്രതിസന്ധി രൂപപ്പെടുമെന്ന് എല്ലാവർക്കുമറിയാം. ജി.എസ്.ടി. നടപ്പിൽവരുമ്പോൾ ഒരു ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ നമുക്ക് പ്രതീക്ഷിക്കാം. അല്ലെങ്കിൽ പൊതുവായി ഉണ്ടാകേണ്ട 25 ശതമാനത്തിന്റെ വർദ്ധനവ് അത് അടുത്ത കാലത്തൊന്നും നടക്കും എന്ന പ്രതീക്ഷ നമുക്കില്ല. ഇതര സംസ്ഥാനത്തിൽ നിന്നും കേരളത്തിലെ വ്യാപാരികൾ സാധനങ്ങൾ വാങ്ങുമ്പോൾ കൊടുക്കുന്ന ഐ.ജി.എസ്.ടി. സംസ്ഥാനത്തിന് വലിയ തോതിൽ അതിന്റെ വിഹിതം കിട്ടാനുള്ളതാണ്. പക്ഷേ, ഇത് ലഭിക്കാൻ തുടങ്ങിയിട്ടില്ല എന്ന് എല്ലാവർക്കുമറിയാം. അതിന്റെ കാരണവും നമുക്ക് വ്യക്തമാണ്. സംസ്ഥാനത്തിനകത്ത് വ്യാപാരികൾ വില്പന നടത്തുമ്പോഴാണ് ക്രെഡിറ്റ് എടുത്ത് റിട്ടേൺ ഫയൽ ചെയ്യേണ്ടത്. അപ്പോഴാണ് ഇതിന്റെ വിഹിതം

അനുസരിച്ച് നമുക്ക് കിട്ടുന്നത്. എന്നാൽ ജി.എസ്.ടി.-യുടെ കമ്പ്യൂട്ടർ ശൃംഖല പ്രവർത്തനസജ്ജമല്ലാത്തതിനാൽ റിട്ടേൺ സമർപ്പിക്കുന്ന തീയതി അനിശ്ചിതമായി നീട്ടികൊണ്ടുപോകുകയാണ്. ഡിജിറ്റൽ ഇന്ത്യ എന്നാണ് ബി.ജെ.പി. പ്രഖ്യാപിച്ച് നടക്കുന്നത്. എത്രമാത്രം പരിഹാസ്യമാണ് ഇന്ത്യയുടെ ഡിജിറ്റലൈസേഷന്റെ സ്ഥിതിയെന്ന് ബോദ്ധ്യപ്പെടുന്ന സംഗതിയാണ് ഇത്. കേരളത്തിലെ മുൻ യു.ഡി.എഫ്. സർക്കാർ പണ്ട് കൊച്ചി മെട്രൊ ഉദ്ഘാടനം ചെയ്തു. ഏതാണ്ട് അതുപോലെയാണ് ജി.എസ്.ടി.-യും. അന്ന് പാളമൊന്നുമില്ലാതെ കൊച്ചി നഗരത്തിലൊരു ബോഗി ഇറക്കി ഒരു നാട മുറിച്ച് കയറിയിരുന്നതാണ്. അതുപോലെയാണ് ബി.ജെ.പി. ഇന്ത്യയിൽ ജി.എസ്.ടി നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി നമുക്ക് കിട്ടേണ്ട 1,35,000 കോടി രൂപ കേന്ദ്ര സർക്കാരിന്റെ പക്കൽ പങ്കുവയ്ക്കാതെ കിടക്കുകയാണ് എന്നാണ് ഇപ്പോൾ പറയുന്നത്. ഏതാണ്ട് പൊതിയ തേങ്ങ പോലെയാണ് ജി.എസ്.ടി. വിഹിതം കേരളത്തിനുണ്ട് എന്നുപറയുന്നത്. മുമ്പ് സംസ്ഥാനത്ത് ലഭ്യമാകേണ്ട നികുതി വിഹിതം ഓരോ മാസവും അതിന്റെ തുടക്കത്തിൽ കേന്ദ്രം ഏതാണ്ട് കൃത്യമായി തന്നിരുന്നതാണ്. ഇപ്പോൾ മൂന്നാമത്തെ ആഴ്ചയിൽമാത്രം ലഭ്യമാക്കുമെന്നാണ് പ്രഖ്യാപനം. ഈ കണക്കിനാണെങ്കിൽ മൂന്നാണ്ട്

കഴിഞ്ഞാലും ഇതിന്റെ വിഹിതം കിട്ടുമെന്ന് തോന്നുന്നില്ല.

അന്തർസംസ്ഥാന വ്യാപാര രംഗത്തെ സംബന്ധിച്ച് വിവര ശേഖരണം നടത്തപ്പെട്ടിരുന്നത് സംസ്ഥാന അതിർത്തിയിലെ ചെക്ക്പോസ്റ്റുകൾ വഴിയാണ്. ജി.എസ്.ടി. നിയമം വന്നതോടുകൂടി ഇതെല്ലാം നിർത്തി. ഇതിനു പകരമായി നിർദ്ദേശിച്ചിരുന്ന ഇ-വേ ബിൽ സമ്പ്രദായം ഇതുവരെയും നടപ്പിലാക്കാനും സാധിച്ചിട്ടില്ല. ഈ സാഹചര്യം മുതലെടുത്തുകൊണ്ട് ഇതര സംസ്ഥാനങ്ങളിൽനിന്നും നികുതി വെട്ടിച്ച് ധാരാളം സാധനങ്ങൾ സംസ്ഥാനത്തേയ്ക്ക് എത്തുന്നുണ്ട്. എന്റെ ജില്ലയായ പാലക്കാടിന്റെ അതിർത്തിയിലെ ഏറ്റവും പ്രധാനപ്പെട്ട ചെക്ക്പോസ്റ്റ് വാളയാർ ചെക്ക്പോസ്റ്റാണ്. അതുപോലെ മറ്റ് അതിർത്തികളിലുണ്ടായിരുന്ന വേലന്താവളം, ഗോപാലപുരം, ഗോവിന്ദാപുരം, നടപ്പുണി ചെക്ക്പോസ്റ്റുകളെല്ലാം ഇപ്പോൾ പ്രവർത്തനരഹിതമാണ്. എന്റെ കഴിഞ്ഞ പ്രസംഗത്തിൽ പറഞ്ഞു, വിലങ്ങനെ വച്ച ചെക്ക്പോസ്റ്റെല്ലാം ഇപ്പോൾ കുത്തനെ നിർത്തിയിരിക്കുകയാണ്. അനവരതം അതിലൂടെ ചരക്ക് നീക്കം നടക്കുകയാണ്.

സംസ്ഥാനത്ത് വരുന്ന നികുതി വെട്ടിച്ചുള്ള ചരക്കുനീക്കം

തടയുന്നതിനായി നിലവിലുള്ള എൻഫോഴ്സ്മെന്റ് സംവിധാനം കൂടുതൽ കാര്യക്ഷമമായി മാറ്റണം, അതിനെ ശക്തിപ്പെടുത്തണം. സംസ്ഥാനത്തിന്റെ വർത്തമാനകാല സാമ്പത്തിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിന് അധികവിഭവ സമാഹരണം നടത്തണം. അതിനാണ് ഈ ധനകാര്യ ബില്ലിലെ പല നികുതി നിർദ്ദേശങ്ങളും എന്നു ഞാൻ കാണുകയാണ്. ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം വിഭവ സമാഹരണത്തിന് സംസ്ഥാന ഗവൺമെന്റിൽ അവശേഷിക്കുന്ന അധികാരങ്ങൾ വളരെ പരിമിതമാണെന്ന് എല്ലാവർക്കുമറിയാം. പരിമിതമായ ഈ മേഖലകളിൽ നിന്ന് വിഭവ സമാഹരണം നടത്തുമ്പോൾ ജനങ്ങൾക്ക് അധിക ഭാരം നൽകാതിരിക്കുക എന്നതാണ് ഇപ്പോൾ ഈ ഗവൺമെന്റ് ശ്രദ്ധിക്കുന്ന ഒരു കാര്യം. ഈ ധനകാര്യ ബില്ലിലൂടെ ഏതാണ്ട് 1000 കോടി രൂപയുടെ അധിക വിഭവ സമാഹരണം നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അങ്ങനെ ആയിരം കോടി രൂപയുടെ അധിക വിഭവ സമാഹരണം ഇവിടെ മെമ്പർമാർ ആവശ്യപ്പെടുകയും നിരവധി വികസനപ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുവേണ്ടിയും ഇടതുപക്ഷം ഇപ്പോൾ ആരംഭിച്ച കേരളത്തിൽ അത്ഭുതകരമായി മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ മുന്നേറ്റത്തിന്

അടിത്തറയിടുന്ന നിരവധി സാമൂഹ്യ പദ്ധതികൾ നടപ്പാക്കുന്നതിനുവേണ്ടിയും സമാഹരിക്കാൻ തീരുമാനിക്കുമ്പോഴും പാവപ്പെട്ട നിർദ്ധനരായ സാധാരണക്കാരായ ജനങ്ങളെ ദ്രോഹിക്കുന്നില്ല എന്നതാണ് ഈ നികുതി നിർദ്ദേശങ്ങളുടെ പ്രധാനപ്പെട്ട ഗുണമായി കാണേണ്ടത്. കഴിഞ്ഞ ബഡ്ജറ്റിൽ 2010-11 വരെയുള്ള വില്പന നികുതി അസസ്മെന്റുകൾക്ക് പ്രഖ്യാപിച്ചിരുന്ന ആംനെസ്റ്റി 2018 ജൂൺ 30 വരെ നീട്ടി കിട്ടിയത് ഒട്ടേറെ വ്യാപാരികൾക്ക് ആശ്വാസകരമാണ്. എന്നാൽ ജി.എസ്.ടി. നടപ്പാക്കിയ സാഹചര്യത്തിൽ 2010-11 വരെയുള്ളത് മാത്രമായി ചുരുക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് തുടർന്നുള്ള, ഇതുവരെയുള്ള വർഷങ്ങളിലേക്കും ആംനെസ്റ്റി നടപ്പിലാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സംസ്ഥാനത്തെ വ്യാപാരികളിൽ ഒട്ടനവധി പേർ അഭിമുഖീകരിച്ചു കൊണ്ടിരിക്കുന്ന ഒരു ബുദ്ധിമുട്ട് റിട്ടേണുകളിൽ കടന്നുകൂടിയിരിക്കുന്ന സാങ്കേതിക തകരാറുകൾമൂലം വലിയ തുക പിഴയിനത്തിലും നികുതിയിനത്തിലുമായി ഒടുക്കുവാനുള്ള അസസ്മെന്റുകളും നോട്ടീസുകളും വാണിജ്യ നികുതി വകുപ്പിൽ നിന്ന് ലഭിച്ചുകൊണ്ടിരിക്കുകയാണ്. എപ്പോഴും ഈ നോട്ടീസ് വന്നുകൊണ്ടിരിക്കുകയാണ്. ഇതിനൊരു ശാശ്വത

പരിഹാരമെന്നുള്ള നിലയിൽ ഈ പിഴവുകൾ തിരുത്തുന്നതിന് ഈ ധനകാര്യബില്ലിലൂടെ അവസരം നൽകുന്ന എന്നതാണ് ബില്ലിന്റെ മറ്റൊരു പ്രത്യേകത. അതൊടൊപ്പം മനഃപൂർവ്വമല്ലാത്ത മറ്റു പിഴവുകളും തിരുത്തുന്നതിന് ഒരവസരം ധനകാര്യ ആക്ട് പുറപ്പെടുവിക്കുമ്പോൾ നൽകണമെന്ന് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. ചെറുകിട വ്യാപാരികളായ അനുമാന നികുതിദായകർക്ക് കഴിഞ്ഞ ബഡ്ജറ്റിൽ നൽകിയ ആംനെസ്റ്റി ഈ ബഡ്ജറ്റിലൂടെ 2018 ജൂൺ 30 വരെ നീട്ടിയിട്ടുണ്ട്. എന്നാൽ ഇത് 2016-17 സാമ്പത്തിക വർഷം വരെ മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളൂ. ജി.എസ്.ടി. നടപ്പിലാക്കിയ സാഹചര്യത്തിൽ 2017- 18 സാമ്പത്തിക വർഷത്തേയ്ക്കുകൂടി നീട്ടി നൽകുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. അങ്ങനെ ചെയ്താൽ VAT കാലഘട്ടത്തിൽ ചുമത്തപ്പെട്ട ബാധ്യതകളിൽനിന്ന് ചെറുകിട കച്ചവടക്കാരെ പൂർണ്ണമായും മുക്തരാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ധനകാര്യ ബില്ലിന്റെ ഭാഗമായി മദ്യത്തിന്റെ നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ട്. നിലവിലുണ്ടായിരുന്ന വിവിധയിനം സെസ്സുകൾ, ചാർജ്ജുകൾ എന്നിവയെ സംയോജിപ്പിച്ചുകൊണ്ട് യുക്തിസഹമായി പരിഷ്കരിച്ച നികുതിയാണ് ഇത്. അതുകൊണ്ടുതന്നെ

മദ്യവിലയിൽ കാര്യമായ പുരോഗതി ഉണ്ടാകുന്നില്ല. എന്നാൽ നമുക്ക് വരുമാന വർദ്ധനവ് ഉണ്ടാകുകയും ചെയ്യും. വിദേശ നിർമ്മിത വിദേശ മദ്യം സംസ്ഥാനത്ത് വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ വില്പന നടത്തിയിരുന്നത് പഞ്ചനക്ഷത്ര ഹോട്ടലുകളിൽ മാത്രമാണ്. ഇന്ത്യൻ നിർമ്മിത വിദേശ മദ്യം ഉണ്ട്, അത് വേറെയാണ്. ഇത് വിദേശ നിർമ്മിത വിദേശമദ്യം. മറ്റെല്ലായിടത്തും ഒരു തരത്തിലുമുള്ള വ്യവസ്ഥകൾ പാലിച്ചല്ല ഈ വിദേശ നിർമ്മിത വിദേശ മദ്യം വില്പന നടത്തുന്നത്. വ്യാജമദ്യ ഉല്പാദകരും വിതരണക്കാരും ഉണഭോക്താക്കളും കുടിയേറി പാർത്ത യു.ഡി.എഫ്. ഈ സർക്കാരിനെ വിമർശിക്കുന്നതിൽ എനിക്ക് അത്ഭുതമില്ല. അത്തരത്തിൽ വ്യവസ്ഥാപിതമായ മാർഗ്ഗത്തിലൂടെ വിദേശ മദ്യം വില്പന നടത്താത്തതിന്റെ ഫലമായി സർക്കാരിന് വലിയ നികുതി നഷ്ടമുണ്ടായി കൊണ്ടിരിക്കുകയാണ്. ഇതു പരിഗണിച്ച് ബിവറേജസ് കോർപ്പറേഷനിലൂടെ വിദേശ നിർമ്മിത വിദേശ മദ്യം ലഭ്യമാക്കുന്ന തീരുമാനം അനധികൃത മദ്യവില്പന തടയുന്നതിനും സംസ്ഥാന നികുതി വരുമാനത്തിൽ ചെറിയ തോതിലെങ്കിലും വർദ്ധന ഉണ്ടാക്കുന്നതിനും സഹായിക്കും എന്ന് പ്രതീക്ഷിക്കുകയാണ്.

മറ്റൊന്ന് മോട്ടോർ വാഹന നികുതിയിൽ പാരിസ്ഥിതിക പ്രാധാന്യം

കണക്കിലെടുത്ത് ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും വാഹന നികുതിയിൽ വരുത്തിയ കുറവ് വളരെ ശ്ലാഘനീയമാണ്, ദീർഘവീക്ഷണത്തോടുകൂടിയുള്ളതാണ്. കേരളത്തിൽ ഹരിത കേരളം പദ്ധതിയൊക്കെ പ്രഖ്യാപിക്കപ്പെട്ട ഈ സാഹചര്യത്തിൽ പരിസ്ഥിതിയോട് ഇടതുപക്ഷത്തിന്റെ താൽപ്പര്യമെന്താണെന്ന് വ്യക്തമാക്കുന്നതാണ് ഈ നികുതി ഇളവ് നിർദ്ദേശമെന്ന് ഞാൻ കരുതുകയാണ്. പോണ്ടിച്ചേരിയിൽ വ്യാജ മേൽവിലാസത്തിൽ രജിസ്റ്റർ ചെയ്ത, കേരളത്തിൽ സ്ഥിരമായി ഉപയോഗിച്ചിരുന്ന ആഡംബര കാറുകളെയും മറ്റു വാഹനങ്ങളെയും സംബന്ധിച്ചുള്ള വാർത്തകൾ, അതിനെത്തുടർന്നുള്ള നിയമ നടപടികൾ ഇതെല്ലാം സമീപകാലത്ത് വലിയ വാർത്താ പ്രാധാന്യം നേടിയത് നമ്മൾ എല്ലാവരും കണ്ടതാണ്. രാജ്യസഭാംഗമായ ശ്രീ. സുരേഷ് ഗോപി ഉൾപ്പെടെയുള്ള പല സിനിമാ പ്രവർത്തകരും ഇത്തരത്തിൽ നികുതി വെട്ടിപ്പ് നടത്തിയ വാർത്തയും നമ്മൾ ചർച്ച ചെയ്തതാണ്. ഇവരിൽ ചിലരെങ്കിലും അറിവില്ലായ്മകൊണ്ട് കുടുങ്ങുന്നവരാണ് എന്നറിയണം. പോലീസ് നടപടിയെയും നിയമ നടപടിയെയും ഭയന്ന് ഈ വാഹനങ്ങൾ

പുറത്തുകാണിക്കാതെ ഒളിപ്പിച്ചിരിക്കുകയാണ്. ഇവർക്ക് തെറ്റ് തിരുത്തുന്നതിനുള്ള ഒരവസരം ഈ ബില്ലിലൂടെ സാധ്യമാകുകയാണ്. നമ്മുടെ സംസ്ഥാനത്തിന് നൽകാനുള്ള നികുതി അടയ്ക്കാൻ ഒരു വ്യവസ്ഥ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എങ്ങനെയാണ് പ്രതിപക്ഷത്തിന് ഇത് എതിർക്കാൻ സാധിക്കുന്നത്; ആർക്കെങ്കിലും എതിർക്കാൻ കഴിയുമോ?. സംസ്ഥാനത്തെ ജനങ്ങളിൽ വലിയൊരു വിഭാഗം അഭിമുഖീകരിക്കുന്ന മറ്റൊരു പ്രശ്നം വസ്തുസംബന്ധമായ ഇടപാടുകളിൽ ന്യായവില കുറച്ചുകാണിച്ചതുമായി ബന്ധപ്പെട്ടതാണ്. ഇത്തരക്കാരിൽ ഭൂരിപക്ഷം പേർക്കും ഇതിന്റെ വരുംവരായ്മകളെക്കുറിച്ച് ധാരണയുണ്ടായിരുന്നില്ല. ഏകദേശം 10 ലക്ഷത്തിലേറെ കേസ്സുകൾ ഇതുമായി ബന്ധപ്പെട്ട് നിലവിലുണ്ട്. അനിശ്ചിതമായി നീണ്ടുപോകുന്ന തീർപ്പാകാത്ത ഈ പ്രശ്നത്തെ സമഗ്രമായി പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും ബഡ്ജറ്റിൽ വിഭാവന ചെയ്ത സമാശ്വാസ പദ്ധതിയും ഈ ബില്ലിലൂടെ സാക്ഷാത്കരിക്കപ്പെടുകയാണ്. ജനങ്ങൾക്ക് ആശ്വാസവും സർക്കാരിന് മെച്ചപ്പെട്ട വരുമാനവും ലഭ്യമാക്കുന്നതാണ് ബില്ലിലെ എല്ലാ വ്യവസ്ഥകളും. അതുകൊണ്ടുതന്നെ ഇത്തരത്തിൽ സമൂഹനന്മ ലക്ഷ്യമാക്കി സംസ്ഥാനത്തിന്റെ വികസന

താൽപ്പര്യം മുൻനിർത്തി അവതരിപ്പിക്കപ്പെട്ട ഈ ബില്ലിലെ എല്ലാ വ്യവസ്ഥകളും ഐകകണ്ഠ്യേന അംഗീകരിക്കേണ്ടതാണ്. അത് നവകേരള രൂപീകരണത്തിനും കേരളത്തിന്റെ മുന്നോട്ടുള്ള പോക്കിനും അനിവാര്യമാണ് എന്ന് ഒരിക്കൽക്കൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. എം. ഉമ്മർ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നിട്ട് രണ്ട് വർഷം തികയാൻ പോകുകയാണ്. മുൻ ഗവൺമെന്റിന്റെ കാലത്തുണ്ടായിട്ടുള്ള സാമ്പത്തിക ബാധ്യത കാരണം ഈ ഗവൺമെന്റിന് മുന്നോട്ട് പോകാൻ കഴിയുന്നില്ലെന്നാണ് ആദ്യം പറഞ്ഞത്. പിന്നെ പറഞ്ഞത്, ജി.എസ്.ടി.-യും നോട്ട് നിരോധനവും കാരണം ബുദ്ധിമുട്ടുണ്ടായി എന്നാണ്. രണ്ട് വർഷക്കാലത്തോളം ഇങ്ങനെയൊക്കെ പറഞ്ഞുപോയി. ഒരു ഗവൺമെന്റിനെ സംബന്ധിച്ച് അതിന്റെ മധുവിധു കാലം കഴിഞ്ഞുപോയി. അധികാരത്തിൽവന്ന് രണ്ടുവർഷം കഴിഞ്ഞിട്ടും ഈ ഗവൺമെന്റിന് ശരിയായ രീതിയിൽ പ്രശ്നങ്ങളിൽ ഇടപെടാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇപ്പോഴും വളരെ നിരാശനാണ്. മാന്ദ്യവിരുദ്ധകാലത്ത് ഇടതുപക്ഷ ബദലുണ്ടാകുമെന്നാണ് അന്ന് പറഞ്ഞിരുന്നത്. ഇടതുപക്ഷബദൽ എന്നുപറയുന്നത് ഏതാനും മദ്യഷാപ്പുകൾ തുറക്കലാണോ? മുൻഗവൺമെന്റിന്റെ കാലത്ത് ആശുപത്രി

ഇല്ലാത്ത സ്ഥലത്തൊക്കെ ആശുപത്രിയും ഗവൺമെന്റ് കോളേജ് ഇല്ലാത്ത മണ്ഡലങ്ങളിൽ കക്ഷി രാഷ്ട്രീയ വ്യത്യാസമില്ലാതെ ഗവൺമെന്റ് കോളേജുകൾ അനുവദിക്കുകയും ചെയ്തു. എന്നാൽ ഈ ഗവൺമെന്റിന്റെ പ്രഖ്യാപിത നയമായി പറയുന്നത്, എവിടെയാണോ മദ്യഷാപ്പില്ലാത്തത് അവിടെയൊക്കെ ബാർ ഹോട്ടൽ കൊടുക്കുക എന്നതാണ്. ഈ ഗവൺമെന്റുതന്നെ ഒരു ബാർ അറ്റാച്ച്ഡ് ഗവൺമെന്റായി മാറിയിരിക്കുകയാണ്, സാർവ്വത്രികമായി മദ്യം വിളമ്പുകയാണ്. ഈ ഗവൺമെന്റിന് വരുമാനമുണ്ടാക്കാനുള്ള ഇടതുപക്ഷ ബദൽ എന്നുപറയുന്നത് ഇതാണോ? ഇടതുപക്ഷ ബദൽ എന്നുപറഞ്ഞപ്പോൾ പുതിയ നികുതി നിർദ്ദേശങ്ങളുണ്ടാകുമെന്നും സാധാരണക്കാരനെ സപ്പോർട്ട് ചെയ്യുന്ന ധാരാളം സംവിധാനങ്ങളുണ്ടാകുമെന്നാണ് ഞാൻ വിചാരിച്ചത്. കള്ള്ഷാപ്പുകൾ തുറന്ന് അതിൽ നിന്ന് വരുമാനമുണ്ടാക്കുക എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. മുൻഗവൺമെന്റിന്റെ കാലത്ത് 50000 കോടി രൂപ ബാലൻസുണ്ടാക്കി ട്രഷറിയിൽ നിക്ഷേപിച്ച് അതിന്റെ താക്കോൽ ഇവരുടെ കൈയിൽ കൊടുത്താൽ ഭരിക്കാൻ കഴിയുമെന്നാണോ ഇവർ കരുതിയത്. മുൻ ഗവൺമെന്റ് ഭരിക്കുന്നതിനുവേണ്ടി പണം ചെലവഴിക്കുകയായിരുന്നു. നിങ്ങളുടെ കൈയിൽ ചെലവഴിക്കാൻ പണമുണ്ടോ; ഉള്ളതുതന്നെ നിങ്ങൾ ചെലവഴിക്കുന്നുണ്ടോ?

2016-17 സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുകയിൽ 13815 കോടി രൂപ ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. വെറും പ്രഖ്യാപനം മാത്രമേയുള്ളൂ. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്നതല്ലാതെ ഒന്നും ചെലവഴിച്ചിട്ടില്ല. വൈദ്യ സഹായരംഗവും പൊതുജനാരോഗ്യവുമെന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയിൽ സഭ വോട്ട് ചെയ്ത് പാസ്സാക്കി നൽകിയതിൽ 158.77 കോടി രൂപയേ ചെലവഴിക്കാൻ കഴിഞ്ഞിട്ടുള്ളൂ. അതുപോലെ ഓട്ടിസം ബാധിച്ച കുട്ടികൾ, മെന്റലി റിട്ടാർഡഡായ കുട്ടികൾ, ഡിസെബിലിറ്റിയുള്ള കുട്ടികൾ, ഹിയറിംഗ് ഇംപയേർഡായിട്ടുള്ള കുട്ടികൾ തുടങ്ങിയവർക്കും മുതിർന്നവർക്കും ചികിത്സ നൽകുന്ന ഐകോൺസ് എന്ന സ്ഥാപനത്തിന് 2210-05-105-36 (പ്ലാൻ) എന്ന ശീർഷകത്തിൽ ഈ ഗവൺമെന്റ് എത്ര തുകയാണ് നൽകിയിട്ടുള്ളത്. ഐകോൺസ് എന്ന സ്ഥാപനത്തിന്റെ ചെയർപേഴ്സൺ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയാണ്. അതിന് 700 ലക്ഷം രൂപ വകയിരുത്തിയെങ്കിലും 70 ലക്ഷം രൂപയുടെ അനുമതി മാത്രമേ നൽകിയിട്ടുള്ളൂ. സാമ്പത്തിക വർഷം അവസാനിക്കുന്ന ഈ സമയത്തുപോലും 10 പൈസപോലും അതിനുവേണ്ടി കൊടുത്തിട്ടില്ല. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2012-13-ൽ 350 ലക്ഷം രൂപയും 2013-14-ൽ 350

ലക്ഷം രൂപയും 2014-15-ൽ 375 ലക്ഷം രൂപയും 2015-16-ൽ 450 ലക്ഷം രൂപയും അനുവദിക്കുകയും ഇതെല്ലാം ചെലവഴിക്കുകയും ചെയ്തു. 2016-17-ൽ നിങ്ങൾ നൽകിയ തുക 200 ലക്ഷം രൂപയാക്കി ചുരുക്കി. അതിൽ ഒരു പൈസപോലും ഇതുവരെ കൊടുത്തിട്ടില്ല. ഓട്ടിസം ബാധിച്ച, സമൂഹത്തിലെ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗത്തെ ചികിത്സിക്കുന്ന, ആരോഗ്യ വകുപ്പുമന്ത്രി ചെയർപേഴ്സണായിട്ടുള്ള ഒരു സ്ഥാപനത്തിനുപോലും തുക റിലീസ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. അതുപോലെ IMHANS (Institute of Mental Health and Neurosciences)-നും ഫണ്ടിന്റെ ലഭ്യതക്കുറവുണ്ട്. 2210-05-200-95 ആണ് അതിന്റെ ശീർഷകം. ഫണ്ടിന്റെ ലഭ്യതക്കുറവുകാരണം ഡയറക്ടറുടെ ശമ്പളം 2017 മെയ് മാസം മുതൽ കൊടുത്തിട്ടില്ല. ഡയറക്ടർക്ക് ശമ്പളം നൽകുന്നതിനുപോലും പണം നൽകാത്ത ഗവൺമെന്റാണിത്. 13000 കോടി രൂപ ബാക്കി നിൽക്കുമ്പോൾ പ്രയാസമനുഭവിക്കുന്ന സാധാരണക്കാർക്കുപോലും സപ്പോർട്ട് നൽകാതെ എങ്ങനെയാണ് പണം ചെലവാക്കുന്നത്.

ഹജ്ജ് കമ്മിറ്റിയെ സംബന്ധിച്ച് "ഇനി കൊടുത്താൽ പോരെ" എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. ഹജ്ജ് കമ്മിറ്റിക്കുവേണ്ടി പ്രഖ്യാപിച്ച തുകയിൽ ഒരു പൈസപോലും ഇതുവരെ റിലീസ് ചെയ്തിട്ടില്ല.

എന്നാൽ പ്രതിമ നിർമ്മാണത്തിനും രാഷ്ട്രീയപ്പാർട്ടികളുടെ നേതാക്കൻമാർക്ക് സ്മാരകങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടിയും തുക കൊടുക്കുന്നുണ്ട്, 10 കോടി രൂപയാണ് കൊടുത്തത്. പഞ്ഞമാസത്തിലെങ്കിലും ഇങ്ങനെയുള്ള കാര്യങ്ങൾക്ക് നൽകുന്ന തുകയിൽ കുറവ് വരുത്തേണ്ടതല്ലേ.

നിങ്ങളുടെ പ്രയോറിറ്റി ശുദ്ധജല വിതരണവും ശുചീകരണവുമാണ്. ഇതിലും 300 കോടി രൂപ ചെലവഴിക്കാതെ കിടക്കുകയാണ്. നഗര വികസനം - 693.7 കോടി രൂപ, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക ന്യൂനപക്ഷവിഭാഗങ്ങൾക്ക് 344.89 കോടി രൂപ, പലവക സാമ്പത്തിക സർവ്വീസ് - 957.28 കോടി രൂപ, കൃഷി - 589.23 കോടി രൂപ, ഗ്രാമവികസനം - 2271.68 കോടി രൂപ. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ സ്ഥിതിയെന്താണ്? സംസ്ഥാനത്ത് മുമ്പ് 66 കേന്ദ്ര പദ്ധതികളുണ്ടായിരുന്നത് 28 ആയി ചുരുങ്ങി. സംസ്ഥാനത്തിന്റെ മാച്ചിംഗ് ഗ്രാന്റ് കൊടുക്കാൻ കഴിയാത്തതുകൊണ്ടാണ് പദ്ധതികൾ ചുരുങ്ങിയത്. സംസ്ഥാനത്തിന്റെ മാച്ചിംഗ് ഗ്രാന്റ് പോലും കൊടുക്കാത്തതിനാൽ കേന്ദ്രത്തിൽനിന്നും ലഭിക്കേണ്ട ഫണ്ട് ലഭിക്കുന്നില്ല. പിന്നെ എങ്ങനെയാണ് ഫണ്ട് ഉണ്ടാകുന്നത്? അതുപോലെ നഗരങ്ങളുടെ സമഗ്രവികസനം ലക്ഷ്യമിട്ട് കേന്ദ്രസർക്കാർ ആവിഷ്കരിച്ച അമൃത് പദ്ധതി -

2357 കോടി രൂപ ഇപ്പോൾ നഷ്ടമാകാൻ പോകുകയാണ്. അതുപോലെ ആർ.കെ.വി.വൈ (രാഷ്ട്രീയ കൃഷി വികാസ് യോജന) പദ്ധതിയിൽ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് കൊടുക്കാത്തതുകൊണ്ട് ആ ഫണ്ടും നഷ്ടപ്പെടാൻ പോകുകയാണ്. ന്യൂനപക്ഷ സ്കോളർഷിപ്പുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വി. ഡി. സതീശൻ സബ്മിഷൻ ഉന്നയിക്കുകയുണ്ടായി. ഏകദേശം 5 ലക്ഷം കുട്ടികൾക്ക് കൊടുക്കേണ്ട 100 കോടിയോളം രൂപ സംസ്ഥാന ഗവൺമെന്റ് വേണ്ടവിധത്തിൽ കൈകാര്യം ചെയ്യാത്തതുകൊണ്ട് ആരോ തട്ടിയെടുത്തു, അതിന് ഒരു കേസുപോലും എടുത്തിട്ടില്ല. സംസ്ഥാനത്തെ ന്യൂനപക്ഷവിഭാഗങ്ങളിലെ കുട്ടികളുടെ കൈകളിലെത്തിക്കേണ്ട പണം ഇവിടെയുള്ള സൂക്ഷ്മതക്കുറവുമൂലം നഷ്ടപ്പെട്ടു എന്നുമാത്രമല്ല അവരുടെ പേരിൽ ഒരു കേസുപോലും എടുക്കാൻ കഴിഞ്ഞിട്ടുമില്ല. അതുകൊണ്ട് 100 കോടി രൂപ നഷ്ടമായി.

സാമ്പത്തിക പ്രതിസന്ധി - സംസ്ഥാനത്ത് റവന്യൂ കമ്മി 15952 കോടി രൂപയായി വർദ്ധിച്ചു. സംസ്ഥാനത്തിന്റെ പൊതുകടം 18.48 ശതമാനമായി വർദ്ധിച്ചു. 30.01.2018 വരെ 22832 കോടി രൂപയായി വർദ്ധിച്ചിരിക്കുകയാണ്. എന്നാൽ നികുതി പിരിവോ? ഇതിനുള്ള ഒറ്റമൂലി എന്നുപറയുന്നത്

കിഫ്ബിയാണ്. എല്ലാം കിഫ്ബികൊണ്ട് പരിഹരിക്കാൻ കഴിയുമോ? 2016-17 സാമ്പത്തിക വർഷം നികുതിപിരിവ് 19 ശതമാനം ലക്ഷ്യമിട്ടിടത്ത് നമുക്ക് എത്താൻ കഴിഞ്ഞത് 9 ശതമാനമാണ്. 2017-18-ൽ 25 ശതമാനം ലക്ഷ്യമിട്ടിടത്ത് 31.01.2018 വരെ 10 ശതമാനം മാത്രമേ നേട്ടമുണ്ടാക്കാൻ കഴിഞ്ഞിട്ടുള്ളൂ. നികുതി പിരിക്കാനുള്ള സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. ഒരു ഗവൺമെന്റ് ഉണർന്ന് പ്രവർത്തിക്കേണ്ടതല്ലേ; സാമ്പത്തികമായി എങ്ങനെയാണ് പണമുണ്ടാകുന്നത്? എന്നാൽ മുൻസർക്കാരിന്റെ കാലത്ത് 2011-12-ൽ നികുതിപിരിവ് 20 ശതമാനം ലക്ഷ്യമിട്ടു, അത് 20 ശതമാനവും പൂർത്തീകരിക്കാൻ കഴിഞ്ഞു. 2012-13-ൽ 22 ശതമാനം ലക്ഷ്യമിട്ടു, 19 ശതമാനം നേടാൻ കഴിഞ്ഞു. അവിടെയാണ് ഭരിക്കുന്ന ഗവൺമെന്റും ചലിക്കുന്ന ഉദ്യോഗസ്ഥൻമാരുമുള്ള ഒരു ഗവൺമെന്റിന്റെ നേട്ടങ്ങളും വ്യത്യാസങ്ങളും മനസ്സിലാക്കാൻ കഴിയുന്നത്. അതുപോലെ നികുതിവെട്ടിപ്പ് തടയാൻ നടപടിയില്ല. ഉപഭോക്താക്കളിൽനിന്ന് ജി.എസ്.ടി. ഈടാക്കിയതിനുശേഷം ആയത് സർക്കാർ അടയ്ക്കാത്തതുസംബന്ധിച്ച് യാതൊരു നടപടിയുമില്ല. നികുതിക്കുമേൽ നികുതി ഒഴിവാക്കി ഇൻപുട്ട് നികുതിയുടെ പൂർണ്ണ ആനുകൂല്യം ഉപഭോക്താവിന് കൈമാറണമെന്ന

വ്യവസ്ഥയോടെയാണ് പുതിയ നികുതി നിയമം നടപ്പിലാക്കിയതെങ്കിലും ഭൂരിപക്ഷം ഉല്പാദകരും മൊത്ത വ്യാപാരികളും ഈ ആനുകൂല്യം ഉപഭോക്താക്കൾക്ക് നൽകിയിട്ടില്ല. ആന്റി പ്രോഫിറ്ററിംഗ് അതോറിറ്റിയുടെ പ്രവർത്തനം തീരെ കാര്യക്ഷമമല്ല. എന്നുപറഞ്ഞാൽ ഇവിടെ യഥാർത്ഥത്തിൽ നടന്നിട്ടുള്ളത് നിയമാനുസൃതമായി ഒരു നിയമം ഉണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ, മുൻ പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളതുപോലെ, ലീഗലൈസ്ഡ് ലൂട്ടിംഗ് ആണ് നടന്നിട്ടുള്ളത്. ഞാൻ ഒറ്റക്കാര്യം പറഞ്ഞ് അവസാനിപ്പിക്കുകയാണ്. മുമ്പ് ഒരു സുവിശേഷ പ്രസംഗം കഴിഞ്ഞ് എല്ലാവരും പിരിഞ്ഞുപോയപ്പോൾ ഒരാൾ മാത്രം നിൽക്കുന്നു. നിങ്ങൾ എന്താണ് പോകാത്തതെന്നും പ്രസംഗത്തിനിടയിൽ ഞാൻ നിങ്ങളെ ശ്രദ്ധിക്കുന്നുണ്ടായിരുന്നുവെന്നും പ്രാസംഗികൻ പറഞ്ഞു. നിങ്ങൾ കളവ് ചെയ്യരുതെന്ന് പറഞ്ഞപ്പോൾ നിങ്ങളുടെ മുഖത്ത് പരിഭ്രമം കണ്ടുവെന്നും എന്നാൽ മദ്യപിക്കരുതെന്ന് പറഞ്ഞപ്പോൾ നിങ്ങൾ പുഞ്ചിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചുവെന്നും എന്താണ് ഇതിന് കാരണമെന്നും പ്രാസംഗികൻ ചോദിച്ചു. അദ്ദേഹം പറഞ്ഞ മറുപടി, കളവ് ചെയ്യരുതെന്ന് പറഞ്ഞപ്പോൾ എന്റെ കയ്യിൽ ഉണ്ടായിരുന്ന കുട കളവ് പോയോ എന്ന് പേടിച്ച് പരിഭ്രമിച്ചതാണ്; രണ്ടാമത്

മദ്യപിക്കരുതെന്ന് പറഞ്ഞപ്പോൾ എന്റെ കുട കള്ളുഷാപ്പിൽ വച്ച ഓർമ്മ വന്നതുകൊണ്ടാണ് എനിക്ക് സന്തോഷമുണ്ടായതെന്നും പറഞ്ഞു. അതുപോലെ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് ജി.എസ്.ടി., കിഫ്ബി, നോട്ട് നിരോധനം എന്നീ കാര്യങ്ങൾ പറഞ്ഞാൽ മുഖത്ത് പരിഭ്രമമാണ്. അങ്ങയുടെ മുഖത്ത് സന്തോഷം വരണമെങ്കിൽ ബാർഹോട്ടൽ എന്നുപറയണം. എന്നുപറഞ്ഞാൽ ബാർഹോട്ടലിൽ കൂടിയല്ലാതെ ഈ ഗവൺമെന്റിനെ രക്ഷപ്പെടുത്താൻ കഴിയുകയില്ല എന്നാണ് അങ്ങ് ധരിച്ചിട്ടുള്ളത്. ഇതാണോ ഇടതുപക്ഷ ബദൽ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. അതുകൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കണം, ബാർ ഹോട്ടലുകളിൽ മാത്രം ശരണം പ്രാപിക്കാതെ രാജ്യത്ത് നന്മ ഉണ്ടാകുന്നതിനുള്ള നികുതി നിർദ്ദേശങ്ങളുമായി മുന്നോട്ട് പോയി, നികുതി പിരിച്ചെടുക്കാൻ നിങ്ങൾക്ക് കഴിയണം. അതിൽ വമ്പിച്ച പരാജയമാണ് ഈ ഗവൺമെന്റിനുള്ളതെന്ന് പറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: സർ, ധനകാര്യ വകുപ്പുമന്ത്രി തീർച്ചയായും ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പ്രതിസന്ധിയുടെ വലിയ ഭാരം, ഇന്നത്തെ ലോക-ഇന്ത്യൻ-കേരള സാഹചര്യത്തിൽ ചുമലിലേറി ഇടതുപക്ഷ ജനാധിപത്യ

മുന്നണി ഗവൺമെന്റിനുവേണ്ടി നിൽക്കുകയാണ്. പണ്ട് തിരുവിതാംകൂറിൽ ഒരു മരണ വിൽപ്പത്രത്തിന്റെ കഥ പറയുന്നുണ്ട്. സാധാരണ ഒരാൾ മരിച്ചാൽ വിൽപ്പത്രം എഴുതി വയ്ക്കുന്നത് എന്റെ സ്വത്തിന്റെ ഇത്ര ഭാഗം മൂത്തമകനും അടുത്ത ഒരു ഭാഗം നടുവിലത്തെ മകൾക്കും ബാക്കി ഭാഗം ഇളയ മകനുമെന്നാണ്. എന്നാൽ ഒരാൾ എഴുതിവച്ചത് എനിക്ക് കള്ളുഷാപ്പിൽ കൊടുക്കാനുള്ള കടം ഒരു ലക്ഷം രൂപ മൂത്ത മകനും കൈക്കടം അര ലക്ഷം രൂപ നടുവത്തെ മകനും പിന്നെ ബാക്കിയുള്ള കടം ഇളയ മകളും കൊടുത്ത് തീർക്കണമെന്നാണ്. യു.ഡി.എഫ്. അത്തരത്തിൽ ഒരു വിൽപ്പത്രമാണ് ധനകാര്യ വകുപ്പുമന്ത്രിയുടെ കയ്യിൽ കൊടുത്തത്. അവിടെ നിന്നും തുടങ്ങുമ്പോഴാണ് കേരളത്തെ എങ്ങനെ ഐശ്വര്യ പൂർണ്ണമായ ഒരു കേരളം, ഇന്നത്തെ വർഗ്ഗീയത വിഴുങ്ങിയ വലതുപക്ഷ ഇന്ത്യയിൽ, സാമ്പത്തിക മേഖല തകർന്നുകൊണ്ടിരിക്കുന്ന ലോകത്ത്, തിരിച്ചുവന്നുകൊണ്ടിരിക്കുന്ന ഗൾഫ് മലയാളികളുടെ സ്ഥാനത്ത്, നമ്മുടേതല്ലാത്ത കുറ്റംകൊണ്ട് റബ്ബറിന്റെ വില ഇടിഞ്ഞ് കമ്പോളത്തിന്റെ വാങ്ങൽ ശേഷി നഷ്ടപ്പെട്ടിടത്ത്, നോട്ട് പിൻവലിക്കൽ വന്ന് നമ്മുടെ നോട്ടുകൾ ഉൾപ്പെടെ ബോംബെ, കൽക്കട്ട, ഡൽഹി തുടങ്ങിയ സ്ഥലങ്ങളിലെ വലിയ ബാങ്കുകളിൽ പോയി അദാനിക്കും

അംബാനിക്കും അടുത്തായ കാലത്ത്, ജി.എസ്.ടി. എന്ന വലതുപക്ഷ സാമ്പത്തിക സിസ്റ്റം ടാക്സിലൂടെ രാജ്യത്ത് വന്ന് പെട്ടപ്പോൾ രണ്ടുമൂന്ന് ഇനങ്ങളിൽ മാത്രമേ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രിക്ക് ഇടപെടാൻ കഴിയുകയുള്ളൂ. അങ്ങനെ ഒരു അവസ്ഥയിൽ തീർച്ചയായും കേരളത്തിലെ പ്രതിപക്ഷവും ഭരണപക്ഷവും പൊതുപക്ഷവും ജനങ്ങളുമെല്ലാം.... എനിക്ക് ബഹുമാനമുള്ള ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ, ഒരു മനുഷ്യപക്ഷ ബദൽ കേരളം കെട്ടിപ്പടുക്കണമെങ്കിൽ ഇന്നത്തെ ലോകത്ത്, ഇന്നത്തെ രാജ്യത്ത് എളുപ്പമല്ല. അത് ഒരു വലതുപക്ഷ വയറ്റിൽക്കിടന്ന് ഇടതുപക്ഷ കുട്ടി ചലിക്കുന്നയത്രമാത്രമേ കേരളത്തിന് ചലിക്കാൻ സാധിക്കുകയുള്ളൂ. എന്നാലും വേദനിച്ചാൽ അമ്മയ്ക്ക് വേണമെങ്കിൽ വലത്തോട്ടുള്ള യാത്ര ഇടത്തോട്ട് ആക്കിയില്ലെങ്കിലും വേദനിച്ച് നിൽക്കും. ഇന്ത്യയിൽ അത്ര വലിയ പ്രതിസന്ധി രാജ്യത്ത് സാമ്പത്തികമായും രാഷ്ട്രീയമായും നിൽക്കുന്ന സമയത്ത് കേരളം അത്രയെങ്കിലും ചെയ്യണമെന്ന് ഈ വർഗ്ഗീയ വലതുപക്ഷം മാറണമെന്ന് ആഗ്രഹിക്കുന്ന, ഇവിടത്തെ കോൺഗ്രസ് എത്രയാണെന്ന് എനിക്കറിയില്ല, ഇന്ത്യയിലെ കോൺഗ്രസ്സുകാരും മതന്യൂനപക്ഷങ്ങളും  സാധാരണ മനുഷ്യരും കേരളത്തിൽ നിന്ന് പ്രതീക്ഷിക്കുന്നുണ്ട്. ആ പ്രതീക്ഷയ്ക്ക് ഒപ്പിച്ച്

സഞ്ചരിക്കാനാണ് കഴിഞ്ഞ മൂന്ന് ബഡ്ജറ്റുകളിൽ കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് വേണ്ടി മാത്രമല്ല, രാജ്യത്തുള്ള മൊത്തം മനുഷ്യനുവേണ്ടി ശ്രദ്ധിച്ചത്. തീർച്ചയായും എത്രത്തോളം മുന്നോട്ട് പോകാൻ സാധിക്കും, എത്രത്തോളം പ്രതിസന്ധി ഉണ്ട്, അതിന്റെ ഭയാനകമായ വലിപ്പം എത്രയാണ് തുടങ്ങിയ കാര്യങ്ങളിൽ.... ഇപ്പോൾ കോൺഗ്രസ്സിന്റെ എ.ഐ.സി.സി.-യിൽ ചർച്ച ചെയ്തു. ഇവിടെ ഇരിക്കുന്ന കുറച്ചുപേരെങ്കിലും അതിൽ പങ്കെടുത്തതാണ്. കോൺഗ്രസ്സിന്റെ ശ്രീ. കെ. മുരളീധരൻ പറഞ്ഞതുപോലെ, വലതുപക്ഷ യാത്ര തുടങ്ങിയത് ആദ്യം കോൺഗ്രസ് ആയിരുന്നില്ല. അത് 1991-ൽ വന്ന നരംസിഹ റാവു ഗവൺമെന്റ്, അന്ന് മൻമോഹൻ സിംഗ് ധനകാര്യ വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് തുടങ്ങിയതാണ്. എന്റെ ഒരു നിരീക്ഷണം ശരിയായി തോന്നി. അത് രാമചന്ദ്ര ഗുഹയുടെ നിരീക്ഷണമാണ്. അദ്ദേഹം പറഞ്ഞത്, കോൺഗ്രസ്സിന് വന്നുപെട്ട പ്രതിസന്ധി കോൺഗ്രസ്സിലെ എല്ലാവരും അംഗീകരിക്കുന്ന മനുഷ്യപക്ഷ സ്വഭാവമുള്ള സത്യസന്ധനായ വിശ്വപൗരന്റെ മുഖമുള്ള പ്രധാനമന്ത്രി ആയിരുന്ന ജവഹർലാൽ നെഹ്റു എന്നാണ്. അദ്ദേഹം ജയിലിൽ കിടന്നിട്ടുള്ളതും കഷ്ടപ്പെട്ടിട്ടുള്ളതും സമരങ്ങൾ ചെയ്തിട്ടുള്ളതും അതിന്റെ

അനുഭവങ്ങൾ ഉൾക്കൊണ്ടതും ഫാസിസത്തെ എതിർത്തതും മതേതരത്വത്തിന് ഒരു പ്രവർത്തന രൂപം ഇന്ത്യയിൽ നൽകിയതുമായ മനുഷ്യനാണ്. ആ മനുഷ്യൻ മരിക്കുന്നതുവരെ ഇന്ത്യയിൽ നിലനിന്ന..... അദ്ദേഹം ഇന്ദിരാഗാന്ധിയെ പിൻഗാമി ആയി കൊണ്ടുവന്ന ആളല്ല. രാമചന്ദ്ര ഗുഹയുടെ വീക്ഷണം - ജവഹർലാൽ നെഹ്റു മരിച്ച്, അദ്ദേഹത്തിന്റെ ആദർശങ്ങളും രീതികളും തുടരാൻവേണ്ടി കോൺഗ്രസ്സുകാർ തന്നെ കണ്ടെത്തിയ മനുഷ്യനാണ് ലാൽ ബഹദൂർ ശാസ്ത്രി. ലാൽ ബഹദൂർ ശാസ്ത്രി പെട്ടെന്ന് മരിച്ചില്ലായിരുന്നെങ്കിൽ, അദ്ദേഹം 10 വർഷം ഇന്ത്യൻ രാഷ്ട്രീയത്തിൽ നിന്നിരുന്നെങ്കിൽ ഒരിക്കലും നെഹ്റു കുടുംബം ഇന്ത്യൻ രാഷ്ട്രീയത്തിൽ തുടർച്ചയായി വരില്ലായിരുന്നു എന്നാണ് രാമചന്ദ്ര ഗുഹയുടെ വീക്ഷണം. അങ്ങനെയാണെങ്കിൽ കോൺഗ്രസ്സിലെ ധാരാളം സാധാരണക്കാർ, നിങ്ങളും ഞാനും ഉൾപ്പെടുന്ന സാധാരണക്കാർ രാഷ്ട്രീയത്തിന്റെ ഉയരങ്ങളിൽ വരുമ്പോഴാണ് ആ രാഷ്ട്രീയത്തിന് മണവും ശോഭയും ഗുണവും ഉണ്ടാകുന്നത്. അതിൽ കോൺഗ്രസ് ഒരു തടസ്സമായി എന്നാണ് രാമചന്ദ്ര ഗുഹയുടെ വീക്ഷണം. ഞാൻ ആ വീക്ഷണത്തോട് യോജിക്കുന്ന ആളാണ്. അവിടെയാണ് സത്യത്തിൽ അധികാരവും അധികാരത്തിന്റെ താല്പര്യങ്ങളും അനുസരണയും

വരുന്നത്. ഇപ്പോൾ അവസാനം തീരുമാനിക്കേണ്ടിവന്നത് കോൺഗ്രസ്സിന്റെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ രാഹുൽ ഗാന്ധി നിയമിക്കാനാണ്. രാഹുൽ ഗാന്ധി കോൺഗ്രസ്സിലെ, നെഹ്റു കുടുംബത്തിലെ ജൂനിയറായ അംഗമാണ്. പാവങ്ങൾക്കിടയിൽ നിന്ന് കോൺഗ്രസ്സിൽ രാഷ്ട്രീയക്കാർ വന്നിരുന്നെങ്കിൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ ഒരു മുലായംസിംഗ് യാദവും മായാവതിയും ഉണ്ടാകില്ലായിരുന്നു. പ്രദേശങ്ങളിൽ സാധാരണക്കാർ ജാതി പാർട്ടിയിലൂടെ വരേണ്ടി വരില്ല. മതേതരത്വം ഇതുപോലെ തകരേണ്ടി വരില്ല. അങ്ങനെയാണെങ്കിൽ ഒരു നരേന്ദ്ര മോദി 2014-ൽ ഇന്ത്യൻ പ്രധാനമന്ത്രി ആയി വരില്ലായിരുന്നു. ഇത്തരം കാര്യങ്ങൾ നമ്മൾ ശ്രദ്ധിക്കണം. നമ്മുടെ രാജ്യത്ത് എങ്ങനെയാണ് വർഗ്ഗീയത വളർന്നുവന്നത്. വർഗ്ഗീയത വളർന്നുവരണമെങ്കിൽ എവിടെയും ഒരു വലതുപക്ഷ സാമ്പത്തിക നയം ഉണ്ടാകണം. ഒരു കാര്യം ഞാൻ ശക്തമായി പറയാൻ ആഗ്രഹിക്കുന്നു. ഇന്ത്യയിൽ കേരളത്തിൽ വർഗ്ഗീയത വലുതായി വളരുന്നില്ലെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം കേരളത്തിൽ അത്തരത്തിൽ ഒരു വലതുപക്ഷ നയം സാമ്പത്തികമായി ഈ സമൂഹത്തിൽ നടപ്പാക്കുന്നില്ല എന്നാണ്. ഈ സമൂഹത്തിലും തീർച്ചയായും ഒരു രാജ്യത്ത് നിൽക്കുമ്പോഴും ആ രാജ്യത്തിന്റെ

നയം എത്ര ദോഷമുള്ളതാണെങ്കിലും കേരളത്തിനും നടപ്പാക്കേണ്ടിവരും. കാരണം രാജ്യത്തിന്റെ ഭാഗമാണ് നമ്മളും. എന്തുകൊണ്ടാണ് ജാതീയതയും വർഗ്ഗീയതയും വരുന്നത്. തീർച്ചയായും അക്കാര്യങ്ങൾ കോൺഗ്രസ്സുകാർ കൂടുതൽ ആലോചിക്കണം; ആഴത്തിൽ ആലോചിക്കണം. ഇവിടെ ത്രിപുരയുടെ കാര്യം പറയരുതെന്നാണ് ശ്രീ. കെ. മുരളീധരൻ പറഞ്ഞത്. എന്നിട്ടും ത്രിപുരയെക്കുറിച്ച് പറയണമെന്ന് നിർബന്ധിച്ചാൽ നിങ്ങൾ ഒരു കാര്യം മനസ്സിലാക്കണം. വലതുപക്ഷ സാമ്പത്തിക നയം വരുമ്പോൾ വർഗ്ഗീയതയ്ക്ക് തന്നെ മാറ്റം വരും. ഗോൾവാൾക്കറും വാജ്പേയും കൊണ്ടുനടന്ന വർഗ്ഗീയത ഫ്യൂഡൽ വർഗ്ഗീയതയാണ്. എന്നാൽ നരേന്ദ്ര മോദി കൊണ്ടുനടക്കുന്ന വർഗ്ഗീയത കോർപ്പറേറ്റ് വർഗ്ഗീയതയാണ്. ഫ്യൂഡൽ വർഗ്ഗീയത അയിത്തമുള്ള വർഗ്ഗീയതയാണ്. കോർപ്പറേറ്റ് വർഗ്ഗീയത കോൺഗ്രസ്സുകാരെയും മാധ്യമങ്ങളെയും വിലയ്ക്ക് വാങ്ങാവുന്ന എല്ലാവരെയും വിലയ്ക്ക് വാങ്ങും. അതുകൊണ്ട് പഴയ വർഗ്ഗീയതയല്ല, പഴയ ആർ.എസ്.എസ്. അല്ല നരേന്ദ്ര മോദിയുടെ ആർ.എസ്.എസ്. നരേന്ദ്ര മോഡിയുടെ ആർ.എസ്.എസ്., അമിത്ഷായുടെ ആർ.എസ്.എസ്. അത് കോർപ്പറേറ്റ് വർഗ്ഗീയതാണ്. ത്രിപുരയിൽ ആ വർഗ്ഗീയതാണ് സർവ്വ കോൺഗ്രസ്സുകാരെയും വിലയ്ക്ക്

വാങ്ങിയത്; സർവ്വ കോൺഗ്രസ്സുകാരെയും സ്ഥാനാർത്ഥി ആക്കിയത്. ഇത് ഇൻഡ്യയിൽ വളർന്നുവരുന്നുവെന്ന് മാത്രമല്ല ലോകത്തിലുണ്ട്, ഇൻഡ്യയിൽ ഏറ്റവും ശക്തമാണ്. അതിന്റെ കാര്യമെന്താണെന്നുവച്ചാൽ, ഇൻഡ്യയിൽ അതിന് നിലനിൽക്കാവുന്ന വെള്ളവും വളവും കിട്ടുന്ന ഒരു അടിത്തറയുണ്ട് എന്നതാണ്. അത് ശ്രീ. പാറക്കൽ അബ്ദുല്ലകൂടി മനസ്സിലാക്കണം. നമ്മുടെ സമൂഹത്തിൽ പണത്തോടുള്ള കൊതി ഉണ്ടായാൽ പിന്നെ ഏത് വിധത്തിലും പണമുണ്ടാക്കുന്നത് ശരിയാണെന്ന് ധരിക്കും. ബി.ജെ.പി. അങ്ങനെയൊരു ബോധം സമൂഹത്തിൽ സൃഷ്ടിച്ചിട്ടുണ്ട്. അമിത് ഷായും നരേന്ദ്ര മോദിയുമൊക്കെകൂടി രാജ്യത്ത് സൃഷ്ടിച്ച ഒരു ബോധം വടക്കേ ഇൻഡ്യ മിക്കവാറും അതിന്റെ കട്ടിലിൽ കിടപ്പിലാണ്. അതിൽനിന്ന് എതിർത്തുവരാൻ ഇൻഡ്യയ്ക്ക് സാധിക്കും. ശുഭ സൂചനയുണ്ട്. പക്ഷെ, ഇത് എളുപ്പമാണെന്ന് ധരിക്കരുത്. അതിൽ കോൺഗ്രസ് വലിയ പങ്ക് വഹിക്കണം. കോൺഗ്രസ് അതിന് സജ്ജമാണോ, രാഹുൽ ഗാന്ധി അതിനൊത്ത നേതാവാണോ എന്ന കാര്യത്തിലെല്ലാം തീർച്ചയായും തർക്കങ്ങളുണ്ട്. ഞാൻ പറയുന്നത്, പണവുമായിട്ടുള്ള ബന്ധം, പണത്തോടുള്ള ആർത്തി എന്നിവ കേരളത്തിൽ വലുതായി വളരാത്തതാണ് കേരളത്തിൽ ഇപ്പോഴും രാഷ്ട്രീയം മുന്നിലും ജാതിയും മതവും പിന്നിലും നിൽക്കുന്നത്. വടക്കേ ഇൻഡ്യയിലും മറ്റ് പല സംസ്ഥാനങ്ങളിലും

നേരെ തിരിച്ചാണ്. രാഷ്ട്രീയം പിന്നിലും ജാതിയും മതവും മുന്നിലും നിൽക്കുകയാണ്. ഇതിനെക്കുറിച്ചെല്ലാം ഇപ്പോൾ ധാരാളം പഠനങ്ങൾ വരുന്നുണ്ട്. തീർച്ചയായും കോൺഗ്രസിലെയും മുസ്ലീം ലീഗിലെയും ചെറുപ്പക്കാരോട് എന്റെ അഭ്യർത്ഥന അതിനെക്കുറിച്ച് നിങ്ങളും പഠിക്കണമെന്നാണ്. ഒരു തമാശക്കഥയുണ്ട്. പണമുണ്ടെങ്കിൽ പണത്തോടുള്ള ആർത്തിയുണ്ടെങ്കിൽ ഏത് മണ്ടനും ബുദ്ധിമാനെ തോൽപ്പിക്കാം. ഒരു കഥ പറയുന്നത് എന്താണെന്നുവച്ചാൽ, ഒരിക്കൽ രാവിലെ തിരുവനന്തപുരത്തുനിന്ന് ട്രെയിനിൽ ഏറ്റവും ഉയർന്ന ക്ലാസ്സിൽ ഒരു വലിയ മുതലാളിയും ഒരു സാഹിത്യകാരനുംകൂടി നേർക്കുനേർ ഇരുന്ന് കണ്ണൂർവരെ യാത്ര ചെയ്യാൻ തീരുമാനിച്ചു. കൊല്ലത്ത് എത്തിയപ്പോൾ ഒരു ചായ ഒക്കെ വാങ്ങി കുടിച്ച് സാഹിത്യകാരനോട് ഈ മുതലാളി പറഞ്ഞു 'നമ്മളെന്തായാലും കണ്ണൂർ വരെ യാത്രചെയ്യണം. മിണ്ടിയുംപറഞ്ഞുമൊക്കെ പോകാം'. വലിയ പരിചയമൊന്നുമില്ലാത്തതുകൊണ്ട് എന്ത് മിണ്ടും, അപ്പോൾ സാഹിത്യകാരൻ വിചാരിച്ചു ഇയാൾക്ക് ഒരു ബുദ്ധിയുമില്ല, പണമുണ്ടാക്കാനുള്ള കൊതി മാത്രമേയുള്ളൂ. ഇയാളോട് എന്താണ് മിണ്ടുന്നത്? അപ്പോൾ ഈ പണക്കാരൻ പറഞ്ഞു, രസമുണ്ടാകാൻ ഒരു വഴിയുണ്ട്. 'ഞാനൊരു ചോദ്യം ചോദിക്കാം. സർ ഉത്തരം പറയണം. സർ ഒരു ചോദ്യം ചോദിക്കണം ഞാൻ ഉത്തരം പറയും. അപ്പോൾ ഒരു

രസമുണ്ട്; രസംകൂടാൻ വേണ്ടി ഈ ടി.വി.യിലൊക്കെ നടക്കുന്നതുപോലെ ഒരു മത്സരംകൂടി നടത്താം. ഞാൻ ചോദിച്ചാൽ സർ ഉത്തരം പറഞ്ഞില്ലെങ്കിൽ സാറിന് നല്ല വിവരമുള്ളതുകൊണ്ട് സർ എനിക്ക് 100 രൂപ തരണം. സർ ചോദിച്ചാൽ ഞാൻ ഉത്തരം പറഞ്ഞില്ലെങ്കിൽ എനിക്ക് വലിയ വിവരമില്ലാത്തതുകൊണ്ട് ഞാൻ 50 രൂപയേ തരികയുള്ളൂ'. അപ്പോൾ ഈ സാഹിത്യകാരന് തോന്നി, ഇയാൾക്ക് വലിയ വിവരമില്ലല്ലോ, എന്തായിരുന്നാലും 50 രൂപയാണെങ്കിൽ 50. കണ്ണൂർ എത്തുമ്പോൾ ഇയാളുടെ കാശിന്റെ ഒരു പങ്ക് എന്തായിരുന്നാലും എനിക്ക് കിട്ടും. അപ്പോൾ ഈ സാഹിത്യകാരനോട് പണക്കാരൻ പറഞ്ഞു, 'സാമ്പിളിന് ഞാൻ തന്നെ ആദ്യം ചോദ്യം ചോദിക്കാം. ഒരു ജീവി ആ ജീവിക്ക് 8 തല, 16 കാൽ, 20 വാൽ ജീവിയേതാണ്?'. കുറച്ചുനേരം ആലോചിച്ചിട്ടും അങ്ങനെയൊരു ജീവിയെ സാഹിത്യകാരന് മനസ്സിലായില്ല. ബി.ജെ.പി. ചോദിക്കുന്നതും ഇതുപോലെയാണ്. സാഹിത്യകാരൻ ബുദ്ധിമുട്ടിയപ്പോൾ പണക്കാരൻ ചോദിച്ചു 'സാറിന് ഉത്തരം അറിയില്ല അല്ലേ'. ഇല്ലെന്ന് മറുപടി പറഞ്ഞപ്പോൾ 'എങ്കിൽ ഒറ്റ മാർഗ്ഗമേയുള്ളൂ സർ ഒരു 100 രൂപ എനിക്ക് തരൂ', അപ്പോൾ സാഹിത്യകാരൻ 100 രൂപ കൊടുത്തു. 'എന്നാൽ നീ ഉത്തരം പറയ്, എനിക്കും അറിയുകയില്ല, സർ 50 രൂപ വച്ചോളൂ'. അപ്പോൾ സംഗതി ഇതിൽ ഇത്രയേയുള്ളൂ, മിടുക്കനും സത്യസന്ധനുമായ ബുദ്ധിമാൻ

ആർത്തിയുള്ള മണ്ടനായ പണക്കാരന്റെ മുമ്പിൽ തോറ്റുപോകും. കേരളം ആ കാര്യത്തിൽ തോറ്റിട്ടുണ്ട്. ജി.എസ്.ടി.-യിലും നോട്ട് പിൻവലിക്കലിലും തോറ്റിട്ടുണ്ട്. ആ തോൽവി നമ്മുടെയെല്ലാം തോൽവിയാണ്. അങ്ങനെ ആർത്തിയുള്ള മിടുക്കന്മാർ നമ്മെ തോൽപ്പിച്ചുനിർത്തിയിരിക്കുമ്പോൾ, തോൽപ്പിച്ചാലും ജീവിതം കൊടുക്കരുത്. ഒരാളല്ല നമ്മെളല്ലാവരുമാണ് തോൽക്കുന്നത്. ഡോ. ടി. എം. തോമസ് ഐസകിന്റെ ഏറ്റവും വലിയ പ്രത്യേകത എന്താണ്; ഇതിനെയെല്ലാം മറികടക്കാൻ, മറികടക്കുമ്പോൾ ഒരു അമ്മയെ പോലെയായിരിക്കും ഡോ. ടി. എം. തോമസ് ഐസക് എന്നാണ് ഞാൻ കാണുന്നത്. ഒരു നയം നടപ്പാക്കുമ്പോൾ ഒരു അമ്മയുടെ പ്രത്യേകത എന്താണ്, ഏറ്റവും ഇളയ കുഞ്ഞിനെ മറക്കരുത് എന്നാണ്. ഒരമ്മയുടെ മുമ്പിൽ 2 വയസ്സുള്ള കുട്ടിയും 4 വയസ്സുള്ള കുട്ടിയും 6 വയസ്സുള്ള കുട്ടിയും 8 വയസ്സുള്ള കുട്ടിയുംകൂടി നിലവിളിച്ചാൽ മാതാവാണെങ്കിൽ മാതൃത്വമാണെങ്കിൽ 2 വയസ്സുള്ള കുട്ടിയെ എടുക്കും, 4 വയസ്സുള്ള കുട്ടിയുടെ കയ്യിൽ പിടിക്കും, 6 വയസ്സുള്ള കുട്ടിയുടെ കയ്യിൽ മുണ്ടിന്റെ തുമ്പ് കൊടുക്കും, 8 വയസ്സുള്ളവനോട് പിറകേ നടന്നുവരാൻ പറയും. ഇതാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്യുന്നത്. അതുകൊണ്ട് കർഷകത്തൊഴിലാളികളെ, കശുവണ്ടിത്തൊഴിലാളികളെയും രോഗികളെയും സാധാരണക്കാരനെയും മറക്കുകയില്ല. ഇതിനൊരു മുൻഗണനയുണ്ട്. ഒരമ്മ

മുൻഗണന കൊടുക്കുന്ന തരത്തിൽ പരിഗണിക്കുന്നതാണ് ഇൻഡ്യയുടെ നയമെന്ന് രാജ്യത്തോട് പറഞ്ഞത് മഹാത്മാഗാന്ധിയാണ്. ഒരു മാതൃത്വ ഹൃദയമായിരിക്കണം ഭരണത്തിന്റെ ഹൃദയമായി നിൽക്കേണ്ടത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരണത്തിന്റെ ഹൃദയമായി സൂക്ഷിക്കുന്നത് തീർച്ചയായും മാതൃത്വ ഹൃദയമാണ്. നിങ്ങൾ പറഞ്ഞ ചില കാര്യങ്ങളുണ്ട്. മാർക്സിന്റെ കാര്യത്തിൽ തീർച്ചയായും നിങ്ങളാലോചിക്കണം. ഇന്നത്തെ ലോകത്തിന്റെ മുമ്പിൽ ആദ്യത്തെ ഉത്തരമായി ലോകത്തിലെ പ്രതിസന്ധിയിൽപ്പെട്ടവരെല്ലാം കാണുന്നത് മാർക്സിനെയാണ്. മാർക്സ് അന്ന് പറഞ്ഞ തരത്തിൽ ലോകത്ത് ഇന്ന് നടക്കുമെന്നൊന്നും കരുതരുത്. അങ്ങനെയല്ല, ഇന്നത്തെ ലോകത്തിൽ മുതലാളിത്തം സൃഷ്ടിച്ച സാമൂഹിക സാമ്പത്തിക പ്രതിസന്ധി മാത്രമല്ല, ജീവിത പ്രതിസന്ധി മാത്രമല്ല, ഒരു സാംസ്കാരിക സദാചാര പ്രതിസന്ധി ലോകത്തുണ്ട്. അവിടെയാണ് ലോകത്തിന്ന് മാർക്സിനെ ഏറ്റവും കൂടുതൽ ശ്രദ്ധിക്കുന്നത്. മാർക്സിന്റെ ആശയങ്ങൾ പണ്ടത്തെപ്പോലെ ഉൾക്കൊള്ളുന്ന ഒരു യൗവ്വനം ഇന്നില്ല. പക്ഷെ ഉൾക്കൊള്ളാൻ ദാഹിക്കുന്ന മനസ്സുള്ളവർ ലോകത്തുണ്ട്. അതുകൊണ്ട് ആ മാർക്സിസത്തെ... ചൈനയിൽ നടക്കുന്ന കാര്യങ്ങളും അതിന്റെ ശരി തെറ്റുകളും കുറച്ചുകൂടി ഗൗരവമായി പഠിക്കേണ്ടതാണ്. പക്ഷെ നിങ്ങൾ മനസ്സിലാക്കേണ്ടത്,

നമ്മുടെ രാജ്യത്ത് മാർക്സിസം പ്രയോഗിക്കാൻത്തക്കവിധം നമ്മൾ മാർക്സിസം മനസ്സിലാക്കുന്നതോടൊപ്പം ഇൻഡ്യൻ സംസ്കാരത്തെയും മതേതരത്വത്തെയും ജനാധിപത്യത്തെയും മനസ്സിലാക്കിക്കൊണ്ട് അതിനോട് ചേർത്തുവേണം മാർക്സിസത്തെ ബന്ധിപ്പിക്കേണ്ടത്. അതുകൊണ്ട് നിങ്ങളും കുറച്ചുകൂടി അതിനെക്കുറിച്ചൊക്കെ പഠിക്കാൻ ശ്രമിക്കണം. ഞാൻ ഒരു പൂർണ്ണനാണ്, ഞാൻ പൂർണ്ണമായും ശരി എന്നാരും തെറ്റിദ്ധരിക്കരുത്. നമ്മളിൽ ഒരുപാട് കുറവുകളുണ്ട്. ചിലപ്പോൾ നമ്മൾ പരസ്പരം സഹകരിക്കുമ്പോൾ ആ കുറവ് കുറയും. അതിന് സഹകരിക്കാനുള്ള ഒരു മനസ്സ് വേണം. ഇപ്പോൾ കേരളത്തിൽ നമ്മൾ സാമ്പത്തികമായി വന്നുനിൽക്കുമ്പോൾ, സാമ്പത്തിക പ്രതിസന്ധിയുണ്ടാകുമ്പോൾ നമ്മുടെ മുമ്പിൽ ഒരുപാട് മോഹങ്ങളും പരിമിതപ്പെട്ട സാമ്പത്തിക സ്വാധീനവുമായിരിക്കുമ്പോൾ മുൻഗണന നിശ്ചയിക്കേണ്ടിവരും. അങ്ങനെ മുൻഗണന നിശ്ചയിച്ച് മുന്നോട്ടുപോകാൻ ശ്രമിക്കുമ്പോൾ നമുക്ക് ചിലത് വേണ്ടെന്ന് വയ്ക്കാൻ സാധിക്കുകയില്ല. പെൻഷനെല്ലാം കൊടുത്തുതീർക്കണം. ഒപ്പം വികസന പദ്ധതികൾ നടക്കണം. അതിനാണ് കേരളത്തിലെ പ്രിയപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കിഫ്ബി കൊണ്ടുവന്നത്. ഇപ്പോഴും നിങ്ങൾ പലപ്രാവശ്യം കിഫ്ബിയെക്കുറിച്ച് പറഞ്ഞു. പക്ഷെ കിഫ്ബിയിൽ

ധാരാളം പദ്ധതികൾക്ക് സാങ്ഷൻ കൊടുത്തു. ടെണ്ടർ ചെയ്ത് വർക്ക് തുടങ്ങി അത് മുന്നോട്ടുപോകുമ്പോൾ നിങ്ങൾ അതിനെ എതിർക്കുമ്പോൾത്തന്നെ പറയുന്നത് നിങ്ങളുടെ മണ്ഡലങ്ങളിൽക്കൂടി വേണമെന്നാണ്, കിട്ടുന്നത് വേഗത്തിൽ നടക്കണമെന്നാണ്. തീർച്ചയായും അത് വേഗത്തിൽ നടപ്പാക്കികൊണ്ടുമാത്രമേ കേരളത്തിന്, കേരളത്തിന്റെ ഐശ്വര്യപൂർണ്ണമായ വഴികളിൽ സഞ്ചരിച്ച് ലോകത്തിനൊപ്പമെത്താൻ കഴിയുകയുള്ളൂ. കേരളത്തിന്റെ വിദ്യാഭ്യാസ മേഖല ലോകത്തോടൊപ്പം എത്തിച്ചില്ലെങ്കിൽ വരുന്ന കാലത്ത് നമ്മൾ ലോകത്തിന്റെ പുറകിൽ ഇരുണ്ട മൂലയിലായിപ്പോകും. അതുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. അതിന് എവിടെനിന്നെങ്കിലും എങ്ങനെയെങ്കിലും പണം കണ്ടെത്തേണ്ടിവരും. കുറച്ചുകൂടി സ്വയം ശക്തി സംഭരിക്കേണ്ടിവരും. അങ്ങനെ ശക്തി സംഭരിക്കേണ്ടിവരുന്ന വഴികൾ പുതിയതായി ഒരു പ്രതിസന്ധി ഘട്ടത്തിൽ തുറന്നുവയ്ക്കുകയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്തത്. അതിനെ നമ്മൾ അംഗീകരിക്കണം. അത് അംഗീകരിച്ചുകൊണ്ട് കൂട്ടായി മുന്നേറണം. റബ്ബറിന്റെ വിലയുടെ കാര്യത്തിൽ ഇനി എങ്ങനെയാണ്; കുറച്ചുകാലം എങ്ങനെയായാലും മുന്നോട്ടുപോകാൻ പോകുന്നില്ല. നമ്മുടെ വരുമാനം അധികം വർദ്ധിക്കാൻ പോകുന്നില്ല. പക്ഷെ നമ്മുടെ കമ്പോളത്തിൽ സാധാരണ മനുഷ്യന്റെ വാങ്ങൽ

ശേഷി കുറയാതിരുന്നാലേ ഇവിടെ ശ്രീ. എം. ഉമ്മർ സംസാരിച്ചതുപോലെ ടാക്സ് വരവ് കുറഞ്ഞു, ഖജനാവിന്റെ ആഴം കുറഞ്ഞു. സത്യമാണ്. എന്തുകൊണ്ടാണ് കുറഞ്ഞത്. ലോകത്ത് എല്ലായിടത്തും കുറയുകയാണ്. ചിലപ്പോൾ ഇത് കുറച്ചുകൂടി പ്രതിസന്ധിയിലേയ്ക്ക് പോകും. പ്രതിസന്ധിയിലേയ്ക്ക് പോകുമ്പോൾ ചില പ്രതിസന്ധികൾ നമുക്ക് മുമ്പിൽ ഒരുമിച്ച് ചില പുതിയ വഴികൾ തുറക്കും. ആ വഴികൾ തുറക്കേണ്ടത് നമ്മളാണ്. ചില വഴികൾ അടഞ്ഞുപോകും. ചില വഴികൾ അപ്പോൾ തുറന്നുവയ്ക്കണം. ആ പ്രതിസന്ധിയെ മറികടക്കാൻ നമ്മുടേതായ സാധ്യതകൾ കണ്ടെത്താനുള്ള പരിശ്രമം നടത്തുന്നതിന് കേരളത്തിലെ ധനകാര്യ വകുപ്പുമന്ത്രി മുന്നോട്ടുവരുന്നുണ്ട്. നിങ്ങൾ മദ്യത്തിന്റെ കാര്യമെല്ലാം പറയുന്നുണ്ട്. തീർച്ചയായും കേരളത്തിൽ മദ്യം ഒരു പ്രശ്നം തന്നെയാണ്. പക്ഷേ ബാറുകൾ തുറക്കുന്നോ പൂട്ടുന്നോ എന്നുള്ളതല്ല, ലഹരിയുടെ സ്വാധീനം കേരളത്തിലെ യൗവനത്തെ, കേരളീയ ജനതയെ അടിപ്പെടുത്തുന്നുവെന്നുള്ളതാണ്. ഇതിൽനിന്ന് ശാസ്ത്രീയമായി എങ്ങനെ മാറാം എന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. ലഹരി മാഫിയ ഏറ്റവും കൂടുതൽ ടാർഗെറ്റ് ചെയ്യുന്ന കുട്ടികളെ അല്ലെങ്കിൽ അവർ ടാർഗെറ്റ് ചെയ്യുന്ന വിഭാഗത്തെ നമുക്ക് എങ്ങനെ അതിൽനിന്നും മോചിപ്പിക്കാം എന്നുള്ളതാണ്. ഇത് മതപരമോ രാഷ്ട്രീയപരമോ ആയ പ്രശ്നമല്ല.

ഇത് കേരളത്തിന്റെ ഭാവിയെ സംബന്ധിക്കുന്ന പ്രശ്നമാണ്. ഇന്നുള്ള നമ്മുടെ മദ്യവർജ്ജന പരിപാടി അല്ലെങ്കിൽ 'വിമുക്തി' പദ്ധതി പോരാ, അതിന് സമഗ്രവും ശാസ്ത്രീയവുമായ ഒരു രൂപരേഖ ഉണ്ടാകണമെന്നുള്ളതാണ് എന്റെ അഭിപ്രായം. അത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും അംഗീകാരം നേടുന്ന ഒന്നായിരിക്കണം. അതിന് പറ്റിയതരത്തിൽ മുന്നോട്ടുപോകണം. യുവജന സംഘടനകളെല്ലാം ഇതിൽ പങ്കാളിത്തം വഹിക്കണം. നമ്മുടെ സമുദായ സംഘടനകളും മറ്റ് സംഘടനകളുമെല്ലാം ഈ അജണ്ട മുൻവയ്ക്കണം. അങ്ങനെ മുന്നോട്ടുപോകാൻ ശ്രമിക്കണം. മദ്യത്തിന് ചെലവഴിക്കുന്ന കാശിന്റെ 10 ശതമാനം വീതം ആണ്ടുതോറും കമ്പോളത്തിൽ വന്നാൽ ചെറുകിട കച്ചവടക്കാരുടെ വാങ്ങൽശേഷി വർദ്ധിക്കുകയും കുടുംബങ്ങളിൽ സമാധാനം ഉണ്ടാവുകയും പൊതു കമ്പോളം സജീവമാകുകയും ചെയ്യും. അതിനായി സ്വാഭാവികവും ശാസ്ത്രീയമായതുമായ ഒരു പദ്ധതിയുണ്ടാകണം. മദ്യം കുടിക്കാൻ ആഗ്രഹിക്കുന്നവർ എവിടെയും പോയി കുടിക്കും. എവിടെയും പോയി മദ്യം കുടിക്കാൻ പ്രേരിപ്പിക്കുന്നതല്ല, മദ്യോപഭോഗത്തിൽനിന്നും ഒരാളെ മാറ്റാൻ കഴിയുക എന്നതാണ് പ്രധാനം. പലസ്ഥലങ്ങളിലും അങ്ങനെ കഴിഞ്ഞിട്ടുണ്ട്. ആന്ധ്രാപ്രദേശിലെ ഒരു ഗ്രാമത്തിൽ ഇത്തരത്തിലൊരു വിജയഗാഥയുണ്ട്. 1980-81 കാലഘട്ടത്തിൽ നടന്നതാണ്.

സ്ത്രീകൾ മുന്നിട്ടിറങ്ങി നേടിയ വിജയ കഥയാണ്. ഒരു പ്രദേശത്തെ ചെറുപ്പക്കാരെ അതുമല്ലെങ്കിൽ ഒരു വിഭാഗത്തെ മദ്യത്തിന്റെ പിടിയിലേയ്ക്ക് വരുന്നതിൽനിന്നും എങ്ങനെ തടയാമെന്നതു സംബന്ധിച്ചുള്ള ശാസ്ത്രീയമായ ഇടപെടലുകൾ എങ്ങനെ നടത്താം എന്നുള്ളതിനെക്കുറിച്ചാണ് ആലോചിക്കേണ്ടത്. അത് എക്സൈസ് വകുപ്പിന്റെ മാത്രം ജോലിയല്ല, ഏതെങ്കിലും വകുപ്പിന്റെയോ ഭരണകൂടത്തിന്റെയോ ജോലിയല്ല, ഒരു സമൂഹത്തിന്റെ ഉത്തരവാദിത്വമാണ്. അത് നിർവ്വഹിക്കണമെന്ന് സമൂഹത്തോട് നിങ്ങളെല്ലാം അഭ്യർത്ഥിക്കണം. ആ ഉത്തരവാദിത്വം ഏറ്റെടുക്കാൻ ഞാനും തയ്യാറാണെന്ന് പറഞ്ഞുകൊണ്ട് ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തെ ശക്തമായി പിന്തുണക്കുന്നു.

<u>ശ്രീ. എസ്. ശർമ്മ</u>: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച 2018-ലെ കേരള ധനകാര്യ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. സാധാരണഗതിയിൽ ഒരു ബഡ്ജറ്റ് അവതരിപ്പിച്ച് അതിന് നിയമപരമായ പരിരക്ഷ നൽകി പാസ്സാക്കിയെടുക്കുന്ന വേളയിൽ ആ ബഡ്ജറ്റിനെക്കുറിച്ചും ധനബില്ലിനെക്കുറിച്ചുമെല്ലാം വിശദമായ പരിശോധന നടക്കുമ്പോൾ അടിസ്ഥാനപരമായി നാം കാണേണ്ടത് കേരളം പോലുള്ളൊരു

സംസ്ഥാനത്തിൽ വളരെ മോശപ്പെട്ട നിലയിൽ ജനവിരുദ്ധമായ ഒരു നിലപാട് സ്വീകരിക്കുകയാണെങ്കിൽ സാധാരണഗതിയിൽ വൻതോതിലുള്ള പ്രക്ഷോഭങ്ങൾ ശക്തിപ്പെട്ടുവരുമെന്നുള്ളതാണ്. കഴിഞ്ഞ ഒന്നുരണ്ട് ബഡ്ജറ്റ് ഈ സംസ്ഥാനത്ത് അവതരിപ്പിച്ചതിനുശേഷം ഏതെങ്കിലുമൊരു ജനസമൂഹത്തെ ദോഷകരമായി ബാധിക്കുന്ന ഏതെങ്കിലും നികുതി പിൻവലിക്കണമെന്നാവശ്യപ്പെടുന്ന ഒരു സമരവും കേരളത്തിൽ ഉണ്ടായിട്ടില്ലെന്നുള്ളത് ഈ സന്ദർഭത്തിൽ പ്രത്യേകം പ്രസ്താവ്യമാണ്. ഒരു ബഡ്ജറ്റ് എങ്ങനെയാണ്, ധനബിൽ രൂപപ്പെടുത്തിയെടുക്കുമ്പോൾ പങ്കുവഹിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ് എന്നുള്ളത് പരിശോധിക്കുമ്പോൾ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ഈ ധനബില്ലിൽ, നിയമസഭ പാസ്സാക്കിയിട്ടുള്ള ബഡ്ജറ്റിനെ അടിസ്ഥാനമാക്കിയുള്ള കാര്യങ്ങൾക്ക് നിയമപരമായ പരിരക്ഷ നൽകുന്ന ഈ ബിൽ പരിശോധിക്കുമ്പാൾ രണ്ടുമൂന്ന് കാര്യങ്ങൾ വളരെ പ്രധാനമാണ്. ഒന്ന്, ശക്തമായ നികുതി നിർദ്ദേശങ്ങളില്ലാതെ, ജനങ്ങൾക്ക് ദോഷകരമായ നികുതി നിർദ്ദേശങ്ങളില്ലാതെയാണ് ബിൽ അവതരിപ്പിച്ചിരിക്കുന്നതെന്ന് കാണാൻ കഴിയും. വിമർശനാത്മകമായ ഒന്നോ രണ്ടോ കാര്യങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിഞ്ഞെന്നുവരാം. പക്ഷേ അത് പൊതുചർച്ചകൾ വന്നപ്പോൾ സബ്ജക്ട് കമ്മിറ്റിയുടെ സ്കൂട്ടിനിക്ക് വിധേയമാക്കുന്ന

സന്ദർഭത്തിൽ ചർച്ച ചെയ്യാം എന്നദ്ദേഹം പറയുകയും ചെയ്തിട്ടുണ്ട്. അപ്പോൾ ശക്തമായ എതിർപ്പില്ലാതെ സാധാരണ മനുഷ്യന് ദോഷകരമായി ബാധിക്കാത്തതും അധിക നികുതിഭാരം അടിച്ചേൽപ്പിക്കാത്തതും നാടിന്റെ വികസന ചരിത്രത്തിൽ 54,000/- കോടി രൂപയുടെ വികസനക്കുതിപ്പിന് തുടക്കം കുറിച്ചതും സാമൂഹ്യക്ഷേമത്തിൽ ഊന്നിനിന്നുകൊണ്ട് നിസ്വവർഗ്ഗ ജനവിഭാഗത്തിന് സുരക്ഷാ കവചം തീർക്കുന്നതിനുതകുന്ന വിധത്തിലുമുള്ള ധനബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. നികുതിഭാരം ജനങ്ങൾക്ക് ദോഷകരമാകാത്തരീതിയിൽ സാമൂഹ്യസുരക്ഷാ സംരക്ഷണം ഉറപ്പാക്കികൊണ്ട് വികസനരംഗത്ത് സമാനതകളില്ലാത്തവിധം ചരിത്രത്തിലെ ഒരു കുതിപ്പിന് ..........., കിഫ്ബിയുടെ നടത്തിപ്പ് സംബന്ധിച്ചുള്ള ഉത്ക്കണ്ഠകൾക്കും ആശങ്കകൾക്കും വിരാമമിട്ടുകൊണ്ട് കർമ്മമണ്ഡലത്തിലേയ്ക്ക് പ്രവേശിച്ചിരിക്കുന്ന സാഹചര്യത്തിൽ നേരിട്ട് ബഡ്ജറ്ററി വർക്കല്ലാതെ തന്നെ സമാന്തരമായി നമ്മുടെ നാടിന്റെ വികസന പ്രവർത്തനത്തിന് അടിസ്ഥാനപരമായ പങ്ക് വഹിക്കുകയും ചെയ്യുന്നതോടുകൂടി ഈ ധനബിൽ കേരളത്തിന്റെ വികസനക്കുതിപ്പിന് സഹായകരമാകുമെന്നതിൽ സംശയമില്ല. എന്റെ അഭിപ്രായത്തിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ള ബഡ്ജറ്റും ബില്ലും ഇന്ത്യക്കുതന്നെ ഒരു മാതൃകയായി നേതൃത്വപരമായ പങ്ക് വഹിക്കുന്നതിൽ വിജയം കൈവരിച്ച ഒരു

ധനകാര്യമന്ത്രിയാണ് ഡോ. തോമസ് ഐസക് എന്ന് അഭിമാനത്തോടുകൂടി പറയാൻ കഴിയും. ഇന്ത്യയിൽ ഏതെങ്കിലുമൊരു സ്റ്റേറ്റിൽ ഇപ്രകാരം ചൂണ്ടിക്കാണിക്കാൻ കഴിയില്ല. ഇപ്പോൾ ജി.എസ്.ടി. വന്നു, നോട്ട് നിരോധനം വന്നു, അതെല്ലാം നമ്മുടെ സംസ്ഥാനത്തിന് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ജി.എസ്.ടി. വന്നതോടുകൂടി നമ്മുടെ സംസ്ഥാനത്തിന് ലഭിക്കേണ്ട നികുതി വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കുകയും നോട്ട് നിരോധനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിക്ക് വഴിവയ്ക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിൽ ജനങ്ങൾക്കുമേൽ അധികഭാരം അടിച്ചേൽപ്പിക്കാതെയും എന്നാൽ സംസ്ഥാനത്തിന്റെ വികസനാവശ്യങ്ങൾ നിർവ്വഹിക്കാൻ കഴിയുന്ന വിധത്തിലും സമാന്തര മാർഗ്ഗങ്ങൾ ആവിഷ്കരിച്ചുകൊണ്ട് അത് ഏകദേശം വിജയകരമാക്കിത്തീർക്കാൻ കഴിയുമെന്നുള്ള ആത്മവിശ്വാസത്തോടുകൂടി തുടക്കം കുറിക്കാൻ കഴിഞ്ഞിട്ടുള്ളതുമായ പശ്ചാത്തലത്തിലാണ് ഈ ധനബിൽ ഇവിടെ അവതരിപ്പിച്ച് ചർച്ച ചെയ്യുന്നത്. സർക്കാർ ജനങ്ങൾക്ക് ഭാരമാകുന്ന നികുതിയൊന്നും അടിച്ചേൽപ്പിക്കുന്നില്ല. അതേസമയം ക്ഷേമപദ്ധതികൾക്കും വികസന പദ്ധതികൾക്കും യാതൊരു ക്ഷാമവും വരുത്താൻ ഇടനൽകാത്തവിധം പങ്ക് വഹിക്കുകയും ചെയ്യുന്നു. സമ്പദ്ഘടന ഫിനാൻഷ്യൽ ക്രൈസിസിനെ

അഭിമുഖീകരിക്കുമ്പോൾ അതിന്റെ മാനേജ്മെന്റ് സന്തുലിതമായ ഒരു വികസന വീക്ഷണത്തിലൂടെ ജനങ്ങൾക്ക് ദോഷം വരാത്ത വിധത്തിൽ കൈകാര്യം ചെയ്യുന്നതിൽ പങ്ക് വഹിക്കുന്നുവെന്നുള്ളതാണ് പ്രത്യേകത. ഇവിടെ ധന മാനേജ്മെന്റ് എന്നത് യഥാർത്ഥത്തിൽ വ്യത്യസ്ത വർഗ്ഗ താൽപ്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള നടപടിയാണ്. കേന്ദ്രത്തിന്റെ ധനമാനേജ്മെന്റ് എന്നത് കോർപ്പറേറ്റുകൾക്കും മൂലധനശക്തികൾക്കുമുള്ള ഒരു സംരക്ഷണ കവചമാണ്. അതേ സമയം കേരളം പോലെയുള്ള സംസ്ഥാനത്ത് സാധാരണക്കാരും നിരാലംബരുമായ പാവപ്പെട്ടവരുടെ ജീവിതത്തിന്റെ ഒരു സംരക്ഷണ മതിലായിട്ടാണ് ഇവിടത്തെ ധനമാനേജ്മെന്റ് നിലകൊള്ളുന്നത്. കേന്ദ്ര സർക്കാർ അടുത്ത കാലത്ത് ലോക്സഭയിൽ അറിയിച്ചതുപ്രകാരം 2016 മാർച്ച് അവസാനം ബാങ്കുകളുടെ കിട്ടാക്കടമായിരുന്നത് 4,76,816 കോടി രൂപയായിരുന്നു. 2017 മാർച്ച് 31-ാം തീയതി നിഷ്ക്രിയ ആസ്തിയായി കണക്കാക്കിയിരുന്നത് 7 ലക്ഷം കോടി രൂപയായിരുന്നു. പ്രതിവർഷം 60,000/- കോടി രൂപയോളം കിട്ടാക്കടമായി എഴുതിത്തള്ളുന്നു. ആ കൂട്ടത്തിൽ ഇന്ത്യയിലെ കർഷകരെ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടപ്പോൾ സംസ്ഥാനങ്ങൾ വഹിക്കട്ടെയെന്ന് പറഞ്ഞുകൊണ്ട് തള്ളുകയാണ് ചെയ്തത്. പ്രതിവർഷം ഏകദേശം 12000 കർഷകരാണ് ഇന്ത്യയിൽ

ആത്മഹത്യ ചെയ്യുന്നത്. ഇന്ത്യയിൽ കൃഷിക്കാരുടെ കൂട്ടമരണം നടക്കുമ്പോൾ അപ്രകാരം ചൂണ്ടിക്കാണിക്കാൻ ഇവിടെ കഴിയുന്നില്ല. ഇന്ത്യാ ഗവൺമെന്റ് സ്വീകരിക്കുന്ന നടപടി ഫെഡറൽ തത്വങ്ങളെ അട്ടിമറിക്കുന്നതും രാജ്യത്തിന്റെ ജനാധിപത്യത്തിനും ഫെഡറൽ സിസ്റ്റത്തിനും കനത്ത വെല്ലുവിളി ഉയർത്തുന്നതുമായ നവലിബറൽ നയത്തിന്റെകൂടി ഭാഗമായുള്ളതാണ്. ജി.എസ്.ടി. വഴി സംസ്ഥാനങ്ങളുടെ നികുതിവരുമാനം സാരമായി കുറഞ്ഞിരിക്കുകയാണ്. അതേ സമയം ഉപഭോക്താക്കൾക്ക് വലിയ തോതിൽ വിലക്കയറ്റം അനുഭവപ്പെടുന്നു. വിലക്കയറ്റം ശക്തമാണ്. ജനങ്ങളെ വഞ്ചിച്ചുണ്ടാക്കുന്ന തുകയിൽ നിന്നും ഒരു പങ്ക് ചങ്ങാത്ത മുതലാളിത്തത്തിന് നൽകിവരികയാണ്. ഈ പണമാണ് വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നടന്ന തെരഞ്ഞെടുപ്പുകളിൽ അട്ടിമറി നടത്തുന്നതിനും വിലയ്ക്ക് വാങ്ങുന്നതിനും ഉപയോഗപ്പെടുത്തിയത്. ശ്രീ. രാംമാധവിനാണ് ആർ.എസ്.എസ്.-ന്റെ ദേശീയ നേതാവ് ത്രിപുരയിൽ കഴിഞ്ഞ മൂന്ന് വർഷക്കാലമായി അട്ടിമറിപ്പണി നടത്തുന്നതിന് ചുമതല നൽകിയത്. ആ തെരഞ്ഞെടുപ്പ് വിജയത്തിനുശേഷം ഇപ്പോൾ കേരളത്തിന്റെ ചുമതല അദ്ദേഹത്തിന് കൊടുത്തിരിക്കുകയാണ്. ഇന്ത്യയിൽ കമ്മ്യൂണിസ്റ്റുകാർ എവിടെയുണ്ടെങ്കിലും അവരെ തുടച്ചുനീക്കുമെന്ന് രാംമാധവ് പരസ്യമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇവിടെ ശ്രീ. മുല്ലക്കര

രത്നാകരൻ മഹാത്മാ ഗാന്ധിയെ ഉദ്ധരിച്ച് സംസാരിച്ച സന്ദർഭത്തിൽ പ്രതിപക്ഷ ബഞ്ചുകളിൽ നിന്നും എന്തേ മാർക്സിനെ ഉദ്ധരിക്കാത്തതെന്ന് ചോദിച്ചിരുന്നു. മാർക്സിനെ മനുഷ്യനും പ്രപഞ്ചവും നിലനിൽക്കുന്നിടത്തോളം കാലം ഏത് സാഹചര്യത്തിലും ഉദാഹരണത്തിനും മാതൃകയ്ക്കും വെളിച്ചം പകരുന്നതിനും വഴികാട്ടിയായി ലോകത്തിന് മുന്നിൽ ചൂണ്ടിക്കാണിക്കുന്നതിൽ അങ്ങേയറ്റത്തെ അഭിമാനമേ കമ്മ്യൂണിസ്റ്റുകാർക്കുള്ളൂ. 150 വർഷങ്ങൾക്ക് മുമ്പാണ് മഹാനായ മാർക്സ് മൂലധനം രചിച്ചത്. മുതലാളിത്ത വ്യവസ്ഥ പ്രതിസന്ധിയുടെ വ്യവസ്ഥയാണെന്നും പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ പരിഹരിക്കാൻവേണ്ടി സ്വീകരിക്കുന്ന ഓരോ നടപടികളും കൂടുതൽ പ്രതിസന്ധികളിലേക്ക് പോകുമെന്നും അങ്ങനെ പ്രതിസന്ധിയിൽ നിന്നും കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുന്ന ഒരു വ്യവസ്ഥയാണ് മുതലാളിത്ത വ്യവസ്ഥയെന്ന് ലോകത്തിന് മുന്നിൽ ചൂണ്ടിക്കാണിച്ചു. കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ തയ്യാറാക്കുന്ന സന്ദർഭത്തിൽ അദ്ദേഹത്തിന് കുടുംബ സമേതം പാലായനം ചെയ്ത് മറ്റൊരു രാജ്യത്തുപോയി ജീവിക്കേണ്ടിവന്നു. അവിടെയിരുന്നാണ് മൂലധനം തയ്യാറാക്കിയത്. ആ സന്ദർഭത്തിലാണ് അദ്ദേഹത്തിന്റെ മക്കൾ മരിച്ചത്. ഏറ്റവും അവസാനത്തെ കുട്ടി മരിച്ചപ്പോൾ മാർക്സിന്റെ മടിയിൽ 28 മണിക്കൂർ ആ കുഞ്ഞിനെ സൂക്ഷിച്ചിരുന്നു. ജീവിതത്തിൽ

ഒരിക്കൽപോലും കരയാത്ത മാർക്സിന്റെ കണ്ണുകൾ നനഞ്ഞിരുന്നുവെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഏംഗൽസ് വന്നതിനുശേഷം, കൂട്ടുകാർ വന്നതിനുശേഷമാണ് മാർക്സിന്റെ കുഞ്ഞിന്റെ ശവസംസ്കാരം നടത്തിയത്. കാരണമെന്താണെന്നുവച്ചാൽ ശവപ്പെട്ടി വാങ്ങാൻപോലും പണമില്ലാതെ പ്രയാസപ്പെട്ട സാഹചര്യം... ലോകത്തിന്റെ മുന്നിൽ മാർക്സിന്റെ ജീവിതം ലോകത്തിന്റെ ജീവിതമായി, മാർക്സിന്റെ അനുഭവങ്ങൾ ലോകത്തിന്റെ അനുഭവങ്ങളായി വരച്ചുകാട്ടി വഴികാട്ടിയായി മാർക്സ് നൽകിയ സംഭാവന ചരിത്രത്തോളം വലുപ്പമുള്ളതാണ്. ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ നടത്തിയ ഹിതപരിശോധനയിൽ പോയ നൂറ്റാണ്ടിലും ഈ നൂറ്റാണ്ടിലും ലോകത്ത് ഏറ്റവും കൂടുതൽ വിലപ്പെട്ട പങ്കുവഹിച്ച രാഷ്ട്രമീമാംസകനും തത്വചിന്തകനുമാരെന്ന ചോദ്യത്തിന് മുന്നിൽ മറ്റെല്ലാവരെയും പിന്നിലാക്കിക്കൊണ്ട് മഹാനായ മാർക്സാണ് ഒന്നാമത്തെ വ്യക്തിയെന്ന് വന്നിട്ടുണ്ട്. അങ്ങനെ ലോകത്തിന് മുന്നിൽ അതിരുകളില്ലാത്ത വിധം സാമ്പത്തിക ശാസ്ത്രത്തിലും സാമൂഹ്യ ശാസ്ത്രത്തിലും രാഷ്ട്രമീമാംസയിലുമെല്ലാം ചരിത്രത്തോളം വലുപ്പവും മനുഷ്യനും പ്രപഞ്ചവുമെല്ലാം നിലനിൽക്കുന്നിടത്തോളം കാലം മനുഷ്യരുടെ ജീവിത പുരോഗതിക്കുംവേണ്ടി പങ്കുവഹിക്കുകയും ചെയ്യുന്ന ദർശനമാണ് ലോകത്തിന് അദ്ദേഹം സംഭാവന

ചെയ്തത്. ആ ദർശനത്തിന്റെ സ്പർശവും ചൂടും കാറ്റും ഉൾക്കൊള്ളുന്നതാണ് ധനകാര്യ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധന ബിൽ എന്നതിനാൽ അങ്ങേയറ്റത്തെ അഭിമാനത്തോടുകൂടി ഞാൻ ഇതിനെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, Mr. Finance Minister, the people of Kerala are sullen, dejected and apprehensive about their future. ഒരു ഗവൺമെന്റിന് ചില പ്രയോറിറ്റികളുണ്ടാകും. കേരളത്തിലെ ഗവൺമെന്റിന്റെ പ്രയോറിറ്റി എന്താണെന്ന് നിർവ്വചിക്കാൻ ഇവിടെ കഴിയുന്നില്ല. More investments private and public, more jobs, more credit for small and medium business. Easy doing business എന്നുള്ളതാണ് ഇന്നത്തെ കാലഘട്ടത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. Whether this government has equipped with that? ഈ രണ്ട് വർഷത്തെ പ്രവർത്തനം പരിശോധിക്കുമ്പോൾ ഈ ഗവൺമെന്റ് ഈ പ്രയോറിറ്റിയുടെ കാര്യത്തിൽ എത്രമാത്രം മുന്നോട്ട് പോയിട്ടുണ്ട്. വികസനം ആഗ്രഹിക്കുന്ന ഏതൊരു സംസ്ഥാനവും പ്രയോറിറ്റൈസ് ചെയ്യേണ്ട കാര്യങ്ങളിൽ സംസ്ഥാന ഗവൺമെന്റിനുണ്ടായിരിക്കുന്ന പരാജയമാണ് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. ഞാൻ രാഷ്ട്രീയ വിഷയങ്ങളിലേയ്ക്കൊന്നും കടക്കാൻ ആഗ്രഹിക്കുന്നില്ല. സാധാരണ ഫൈനാൻസ് ബില്ലിൽ ആരും രാഷ്ട്രീയം

പറയാറില്ല. കേരള നിയമസഭ ഇങ്ങനെയായി മാറുന്നുവെന്നുള്ളത് ഒരു പ്രത്യേകതയാണ്. ഈ ഗവൺമെന്റ് അധികാരമേറ്റെടുത്തപ്പോൾ വൈറ്റ് പേപ്പർ അവതരിപ്പിച്ചുകൊണ്ട് അങ്ങ് ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു. യു.ഡി.എഫ്. സർക്കാർ കെടുകാര്യസ്ഥതയും സാമ്പത്തിക അച്ചടക്കമില്ലായ്മയും കാരണം സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ കുളംതോണ്ടിയെന്നും അതിൽ നിന്നും സംസ്ഥാനത്തെ കരകയറ്റി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ ഭദ്രമാക്കുകയാണ് ഇടത് സർക്കാരിന്റെ ലക്ഷ്യമെന്നും അങ്ങ് പറഞ്ഞു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ചില ടാർജറ്റുകൾ പ്രഖ്യാപിക്കുകയുണ്ടായി. അത്, ധനക്കമ്മി മൂന്ന് ശതമാനമായി കുറയ്ക്കുമെന്നും റവന്യൂ കമ്മി പൂജ്യം ശതമാനത്തിലെത്തിക്കുമെന്നുമായിരുന്നു. ഡോ. തോമസ് ഐസക്കിന്റെ പ്രഖ്യാപനങ്ങളായിരുന്നു. ടാർജറ്റ് അച്ചീവ് ചെയ്തില്ലെന്ന് മാത്രമല്ല നേരെ മറിച്ചാണ് സംഭവിച്ചത്. ധനക്കമ്മിയും റവന്യൂക്കമ്മിയും കുത്തനെ കുതിച്ചുയർന്നു. 2015-16-ലെ യു.ഡി.എഫ്. കാലത്ത് 3.81 ശതമാനമായിരുന്ന ധനക്കമ്മി 2016-17-ൽ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 4.28 ശതമാനമായി കുതിച്ചുയരുകയാണ്. റവന്യൂക്കമ്മിയാകട്ടെ ഡോ. തോമസ് ഐസക് പറഞ്ഞതുപോലെ പൂജ്യം ശതമാനമായില്ല, പക്ഷെ 1.73 ശതമാനത്തിൽ നിന്ന് 2.5

ശതമാനമായി ഉയർന്നു. Whether this is a better economics; whether it is a better financial management? ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയിൽ നിന്ന് ഞാനൊരു മറുപടി പ്രതീക്ഷിക്കുകയാണ്. സർക്കാരിന് പുറത്ത് പ്രതിപക്ഷത്ത് നിൽക്കുമ്പോൾ എന്തും പറയാം, പക്ഷെ അധികാരത്തിലിരുന്ന് കാര്യങ്ങൾ കൈകാര്യം ചെയ്യുമ്പോഴേ യാഥാർത്ഥ്യമറിയുകയുള്ളൂ. സംസ്ഥാന സർക്കാരിന്റെ പൊതുകടം അസ്ത്രംവിട്ട വേഗതയിലാണ് പൊയ്ക്കൊണ്ടിരിക്കുന്നത്. ശ്രീ. പി. സി. ജോർജിന്റെ ചോദ്യത്തിന് മറുപടിയായി 15-03-2018-ൽ അങ്ങ് നൽകിയ മറുപടി ഞാൻ വായിക്കാം. അക്കൗണ്ടന്റ് ജനറലിന് ലഭ്യമായ താല്ക്കാലിക കണക്കുപ്രകാരം 31-01-2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാധ്യത 2,00,09,286 ആണ്. അക്കൗണ്ടന്റ് ജനറലിന്റെ 31-01-2018 വരെയുള്ള താല്ക്കാലിക കണക്കുകളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ആളോഹരി കടബാധ്യത 60,950.59 രൂപയാണ്. ഈ സംസ്ഥാനത്ത് ജനിക്കുന്ന അല്ലെങ്കിൽ ജീവിക്കുന്ന ഓരോ മനുഷ്യന്റെയും കടബാധ്യതയെപ്പറ്റിയാണ് ഞാനിവിടെ പറഞ്ഞത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 50,329 കോടി രൂപ കടമെടുത്തു. ഇക്കഴിഞ്ഞ മാസം 20,000 കോടി രൂപകൂടി കടമെടുത്തു. സംസ്ഥാനം കടത്തിൽ മുങ്ങിത്താഴുകയാണ്. ഓരോ പൗരന്റെയും ആളോഹരി കടം അനിയന്ത്രിതമായി

വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള ഭീകരമായ അവസ്ഥ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. യു.ഡി.എഫ്.-ന്റെ സമയത്ത് ജി.ഡി.പി.-യുടെ 28 ശതമാനമായിരുന്ന കടം ഇപ്പോൾ 30 ശതമാനമായി വർദ്ധിച്ചു. ഇതാണോ ബെറ്റർ എക്കണോമിക് മാനേജ്മെന്റ്; ബെറ്റർ ഫൈനാൻഷ്യൽ മാനേജ്മെന്റ് ഇതാണോ? ഞാൻ ഒരു എക്കണോമിക്സ് സ്റ്റുഡന്റായിരുന്നു. കടമെടുത്ത് ചെലവാക്കുന്നതുകൊണ്ട് ഉല്പാദനം വർദ്ധിക്കുമെന്ന വാദഗതി എക്കണോമിക്സിലുണ്ട്. എന്നാൽ അതുണ്ടായിട്ടില്ലെന്നു മാത്രമല്ല, യു.ഡി.എഫ് കാലഘട്ടത്തിൽ 2015-16-ൽ മൂലധന ചെലവ് സംസ്ഥാന വരുമാനത്തിന്റെ 1.50 ശതമാനമായിരുന്നത് 2018-19-ലെ ബഡ്ജറ്റിൽ 1.48 ശതമാനമായി കുറയുകയാണ് ചെയ്തതെന്ന കാര്യം അങ്ങ് ആലോചിക്കണം. പാപ്പരായ ഒരു സർക്കാരാണിത്. അതുകൊണ്ട് അത് പിടിച്ചു നിർത്താൻ കുതന്ത്രങ്ങൾ പ്രയോഗിക്കുന്ന ജാലവിദ്യക്കാരനെപ്പോലെയാണ് ഡോ. ടി. എം. തോമസ് ഐസക് ഇവിടെ പ്രവർത്തിക്കുന്നത്. ഇന്ന് അവതരിപ്പിച്ചിരിക്കുന്ന ഫിനാൻസ് ബില്ലിൽ വായ്പകൾക്ക് സർക്കാർ ഗ്യാരന്റി നിൽക്കുന്നതിന്റെ അടിസ്ഥാന തത്വത്തിൽ മാറ്റം വരുത്തുകയാണ്. വളരെ ഗൗരവമുള്ള ഒരു കാര്യമാണിത്. നേരത്തെ പതിനാലായിരം കോടി രൂപയുടെ വായ്പകൾക്ക് മാത്രമേ സർക്കാരിന് ഗ്യാരന്റി നിൽക്കാൻ കഴിയുമായിരുന്നുള്ളൂ. അത്

21,000 കോടി രൂപയായി പിന്നീട് വർദ്ധിപ്പിച്ചു. ഇപ്പോൾ ചെയ്തിരിക്കുന്നതെന്താണ്? ഇപ്പോൾ അതിന്റെ ഘടനതന്നെ മാറ്റിയിരിക്കുകയാണ്. മൊത്തം ആഭ്യന്തരോല്പാദനത്തിന്റെ അഞ്ചു ശതമാനമാക്കി മാറ്റുകയാണ് ചെയ്തിട്ടുള്ളത്. ഇപ്പോഴത്തെ നിലയനുസരിച്ച് ഇത് 34,000 കോടി രൂപയായി മാറും. അതായത് സർക്കാരിന് ഇനിയും 34,000 കോടി രൂപയുള്ള വായ്പകൾക്ക് ഗ്യാരന്റി നിൽക്കാൻ കഴിയുമെന്ന നിലയിലേയ്ക്ക് ഈ ഫിനാൻസ് ബില്ലിലൂടെ ഘടനയിൽ അങ്ങ് മാറ്റം വരുത്തിയിരിക്കുകയാണ്. 21,000 കോടി രൂപയിൽ നിന്നാണ് ഈ മാറ്റമുണ്ടായിരിക്കുന്നത്.

കിഫ്ബിയെപ്പറ്റി നമ്മൾ എപ്പോഴും പറയാറുണ്ട്. ഇതൊരു ആകാശകുസുമമാണെന്നുള്ളത് യാഥാർത്ഥ്യമാണ്. കിഫ്ബി ഒരു സ്വപ്നമാണ്. കിഫ്ബിക്കുവേണ്ടി പണം കടമെടുക്കുമ്പോൾ ഗ്യാരന്റി നിൽക്കുന്നതിനുവേണ്ടിയാണ് ഈ ഘടനാമാറ്റം ഇപ്പോൾ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി വരുത്തിയിട്ടുള്ളത്. കിഫ്ബിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്? ഇനിയും അതിന് ചിറക് വിരിക്കാറായിട്ടുണ്ടോ? പറക്കാൻ കഴിഞ്ഞിട്ടുണ്ടോ? അഞ്ചു വർഷംകൊണ്ട് അമ്പതിനായിരം കോടി രൂപയുടെ പദ്ധതിയാണ് പ്രഖ്യാപിച്ചത്. അത് നടപ്പാക്കി കഴിയുമ്പോൾ സംസ്ഥാനത്തിന്റെ സാമ്പത്തിക ബാധ്യത 94,118 കോടി രൂപയായി

മാറും. കിഫ്ബിയുടെ വായ്പയ്ക്ക് 9.5 ശതമാനമാണ് പലിശ. ഇന്നത്തെ നിരക്കിൽ ഇതൊരു കൊള്ളപ്പലിശയാണ്. ഷെഡ്യൂൾഡ് ബാങ്കിലും നാഷണലൈസ്ഡ് ബാങ്കിലും ഏഴ് ശതമാനത്തിനടുത്ത് മാത്രമാണ് പലിശ നിരക്ക് പ്രഖ്യാപിച്ചിട്ടുള്ളത്. കിഫ്ബിക്കുമാത്രം 9.5 ശതമാനം പലിശ കൊടുക്കേണ്ടിവരുന്നുവെന്നതും പ്രത്യേകതയാണ്. പക്ഷെ ഈ സർക്കാരിന് കടബാധ്യതയിൽനിന്നും രക്ഷപ്പെടാൻതക്കവിധത്തിലാണ് കിഫ്ബിയുടെ ഘടന വളരെ ബോധപൂർവ്വം അല്ലെങ്കിൽ, രസകരമായ നിലയിൽ ബുദ്ധിപൂർവ്വം ഡോ. തോമസ് ഐസക് ചെയ്തിട്ടുള്ളത്. അടുത്തുവരുന്ന രണ്ട് ഗവൺമെന്റുകളുടെ തലയിലായിരിക്കും കിഫ്ബിയുടെ ഭാരം അദ്ദേഹം അടിച്ചേൽപ്പിക്കുന്നത്. അതായത് ഏഴ് വർഷംകൊണ്ട് അടച്ചുതീർക്കത്തക്ക നിലയിലാണ് ഇത് വിഭാവനം ചെയ്തിട്ടുള്ളത്. ആദ്യത്തെ മൂന്ന് വർഷത്തിൽ തിരിച്ചടവില്ല. പിന്നീട് ഏഴ് വർഷംകൊണ്ട് തിരിച്ചടയ്ക്കണം. അതായത് വരാൻ പോകുന്ന രണ്ട് ഗവൺമെന്റുകളുടെ തലയിൽ ഒരു വലിയ ഭാരം അടിച്ചേൽപ്പിക്കുന്ന മായാജാലമാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ ചെയ്തിട്ടുള്ളത്. 50,000 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കയ്യിലുള്ളത് നാലായിരം കോടി രൂപയാണ്. ഇതുവരെ കിഫ്ബിയിലൂടെ ചെലവാക്കിയത് 355-കോടി രൂപ. കിഫ്ബിയിലെ

ജീവനക്കാരുടെ ശമ്പളത്തെപ്പറ്റി ഞാൻ പറയുന്നില്ല, അങ്ങ് അത് പരിശോധിക്കണം. ഇത്രയും വലിയ ശമ്പളം നമുക്ക് കൊടുക്കാൻ കഴിയുമോ? ആരെയും പേഴ്സണലായി പറയുന്നത് ശരിയല്ലാത്തതുകൊണ്ട് പറയുന്നില്ല. I don't want to name anybody. പക്ഷെ ഇത്രയും ഭീമമായ വലിയ ശമ്പളം കൊടുക്കാൻ നമുക്ക് കഴിയുമോയെന്ന് അങ്ങ് ആലോചിക്കണം. സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ഗ്യാരന്റി നിൽക്കുന്നതുകൊണ്ട് കടം കയറുന്നതല്ലാതെ സാമ്പത്തിക വളർച്ചയുണ്ടാകുന്നില്ല. അതൊരു യാഥാർത്ഥ്യമാണ്. അത്തരമൊരു സാമ്പത്തിക വളർച്ച കേരളത്തിന് കൈവരിക്കാൻ കഴിയുന്നില്ല. സംസ്ഥാനത്ത് നൂറിലേറെ പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. 13 സ്ഥാപനങ്ങൾക്കുമാത്രമാണ് ഗ്യാരന്റി കമ്മീഷൻ കൊടുക്കാൻ കഴിയുന്നത്. നമ്മൾ പാസ്സാക്കിയ നിയമമനുസരിച്ചുതന്നെ സർക്കാരിന് കിട്ടേണ്ടതായ ഗ്യാരന്റി കമ്മീഷൻ കടമെടുക്കുന്നയാൾ പൂർണ്ണമായി അടച്ചുതീർക്കാത്തപക്ഷം ഗ്യാരന്റി കാലാവധിക്കുശേഷം നീട്ടാൻപാടില്ലാത്തതാണ്. കേരള നിയമസഭ പാസ്സാക്കിയ നിയമമാണിത്. ഇവിടെ എല്ലാവരും പൊതുവേ പറയുന്നുണ്ട് എൽ.ഡി.എഫ് വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമായെന്ന്. വലിയ ഒരു തട്ടിപ്പാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണെന്ന വീമ്പുപറച്ചിൽ എവിടെയും

കേൾക്കാം. Review of the Public Enterprises in Kerala, 2016-17 എന്ന പുസ്തകം പരിശോധിച്ചാൽ ഇത് വീമ്പുപറച്ചിലാണെന്ന് മനസ്സിലാക്കാൻ കഴിയും. 2015-16-ൽ പൊതുമേഖലാ സ്ഥാപനങ്ങൾ 557.64 കോടി രൂപയുടെ ലാഭമുണ്ടാക്കിയപ്പോൾ 2016-17-ൽ അത് 604.47 കോടി രൂപയാണ്. അതിന്റെ അർത്ഥം നിങ്ങൾ അധികാരത്തിൽ വന്നശേഷം വെറും 46.83 കോടി രൂപയാണ് ലാഭമുണ്ടാക്കിയത്. അത് സ്വാഭാവികമായ പരിണാമം മാത്രമാണ്.

ഡോ. ടി. എം. തോമസ് ഐസക്: നഷ്ടത്തിന്റെ കണക്കുകൂടി പറയണം.

ശ്രീ. രമേശ് ചെന്നിത്തല: സർ, അത് പറയാം. 2015-16-ൽ 2568.1 കോടി രൂപയായിരുന്ന പൊതുമേഖല സ്ഥാപനങ്ങളുണ്ടാക്കിയ നഷ്ടം. 2016-17 ആയപ്പോൾ അത് 4459.64 കോടി രൂപയായി വർദ്ധിക്കുകയാണുണ്ടായത്. അങ്ങ് പരിശോധിക്കണം. അങ്ങേയ്ക്ക് ആ ബുക്ക് തരാം. 2016-ൽ ലാഭത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ 46.83 കോടി രൂപ ലാഭമുണ്ടാക്കിയപ്പോൾ നഷ്ടത്തിലായിരുന്നവയുടെ നഷ്ടം 2016-17-ൽ മാത്രം 1891.63 കോടി രൂപയാണ്. ലാഭം മാത്രം പെരുപ്പിച്ച് കാണിക്കുകയും നഷ്ടം മറച്ചുവയ്ക്കുകയും ചെയ്യുന്ന ജാലവിദ്യ കേരളത്തിലെ ജനങ്ങളുടെ മുന്നിൽ ചെലവാകില്ലെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയെയും ഈ ഗവൺമെന്റിനെയും ഓർമ്മിപ്പിക്കാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഞാൻ റിപ്പോർട്ടിൽ നിന്ന് പറഞ്ഞ കാര്യങ്ങളാണിത്. ഈ ബിൽ വഴി ഇവിടെ ഭൂനികുതി വർദ്ധിപ്പിക്കുന്നു. 2014-ൽ ശ്രീ. കെ. എം. മാണി ഭൂനികുതി വർദ്ധിപ്പിച്ചപ്പോൾ പ്രതിപക്ഷത്തിരുന്നപ്പോൾ പ്രക്ഷോഭം നടത്തുകയും സമരം ചെയ്യുകയും ചെയ്തവരാണ് ഇത് നടപ്പാക്കാനായി മുന്നോട്ടു വരുന്നത്. ഇത് ഒരു ഇരട്ടത്താപ്പല്ലേ? മദ്യത്തിന്റെ വിലയുടെ കാര്യത്തിൽ മറ്റൊരു സൂത്രപ്പണിയാണ് സർക്കാർ ചെയ്തത്. ബാറുകൾ പൂട്ടിയപ്പോൾ തൊഴിലാളികളുടെ പുനരധിവാസത്തിനുവേണ്ടി സെസ് ഏർപ്പെടുത്തി. നിങ്ങൾ ഈ ധനകാര്യ ബില്ലിലൂടെ അത് എടുത്തുകളയുകയാണ്. നിങ്ങൾ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി വർദ്ധിപ്പിച്ചു. ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വിൽപ്പന നികുതി 400/- രൂപവരെയുള്ളതിന് 200 ശതമാനമാക്കി. 400/- രൂപയ്ക്ക് മുകളിലുള്ളതിന് 210 ശതമാനമാക്കി. ബിയറിന്റെ നികുതി 100 ശതമാനമാക്കി. ഇവിടെയാണ് നിങ്ങളുടെ കള്ളക്കളി കാണാൻ പോകുന്നത്. എന്തിനാണ് മദ്യത്തിനുമേലുണ്ടായിരുന്ന തൊഴിലാളികളുടെ പുനരധിവാസ സെസ് ഇല്ലാതാക്കിയത്? ഇടതുമുന്നണിയുടെ ഗൂഢാലോചനയാണ് ഇതിലൂടെ പുറത്തുവരുന്നത്. സംസ്ഥാനത്തെ ബാറുകൾ തുറന്നുകൊടുക്കാൻ ബാറുടമകളും ഇടതുമുന്നണിയും തമ്മിൽ നേരത്തെ ധാരണയുണ്ടാക്കി. അതനുസരിച്ച്

എല്ലാ ബാറുകളും തുറക്കാൻ നേരത്തെ തീരുമാനിച്ചു. അല്ലാതെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി വന്നതുകൊണ്ടല്ല ബാറുകൾ തുറന്നത്. എല്ലാ ബാറുകളും തുറക്കുമ്പോൾ തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ട കാര്യമെന്താണ്? സുപ്രീം കോടതിയുടെ വിധിക്ക് മുമ്പുതന്നെ അങ്ങ് സെസ് എടുത്തുകളയാൻ തീരുമാനിച്ചതുതന്നെ മദ്യമുതലാളിമാരും ഗവൺമെന്റും തമ്മിലുള്ള ധാരണ വളരെ വ്യക്തമായി ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടതാണ്. തൊഴിലാളികളുടെ പുനരധിവാസ സെസ് 900 കോടി രൂപ പിരിച്ചു. ഇതിൽ ചെലവാക്കിയത് നാലോ അഞ്ചോ കോടി രൂപയാണ്. പുനരധിവാസ ഫണ്ട് മറ്റൊന്നിനും ഉപയോഗിക്കരുതെന്ന ഹൈക്കോടതിയുടെ പ്രത്യേക നിർദ്ദേശമുള്ളത് അങ്ങേയ്ക്കും അറിയാമെന്ന് ഞാൻ കരുതുകയാണ്. തൊഴിലാളികൾക്ക് വിഹിതമായി കിട്ടുന്ന തുകകൂടി എടുത്ത് ചെലവഴിക്കാമെന്ന് കരുതിയാൽ അതിൽ കോടതിവിധിയുണ്ടെന്ന കാര്യം ഞാൻ അങ്ങയെ ഓർമ്മിപ്പിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ചെയ്യുന്നതും ഇതേ രീതിയിലുള്ള കാര്യം തന്നെയാണ്. നികുതി കുറച്ചിട്ട് പെട്രോളിന്റെ സെസ് വർദ്ധിപ്പിച്ചു. ഇതുതന്നെയാണ് ശ്രീ. അരുൺ ജെയ്റ്റ്‌ലിയും ചെയ്യുന്നത്. അങ്ങിവിടെ ചെയ്യുന്നതും അതുതന്നെയാണ്. സെസ് എടുത്തുകളഞ്ഞു, മദ്യത്തിന് വിലകൂട്ടി. മദ്യത്തിന് എത്ര വില കൂട്ടിയാലും ആളുകൾക്ക് പ്രശ്നമില്ല. പക്ഷെ സമീപനം ഒന്നുതന്നെയായിരുന്നു.

ഈ ബില്ലിൽ ഭൂമിയുടെ ന്യായവില 10 ശതമാനം വർദ്ധിപ്പിക്കുകയാണ്. ഇത് അന്യായമാണ്. മുദ്രപത്ര രജിസ്ട്രേഷൻ ഭാരം വർദ്ധിപ്പിക്കുകയാണ്. മുദ്രപത്രങ്ങൾ കിട്ടാനില്ലാത്ത സ്ഥിതിയാണ്. 50/- രൂപയുടെയും 100/- രൂപയുടെയും മുദ്രപത്രങ്ങൾ കേരളത്തിൽ കിട്ടാനില്ല. ആളുകൾ ഇപ്പോൾ 500/- രൂപയുടെ മുദ്രപത്രം വാങ്ങിയാണ് ഉപയോഗിച്ചുകൊണ്ടിരിക്കുന്നത്. പത്തിന്റെയും ഇരുപതിന്റെയും അമ്പതിന്റെയും നൂറിന്റെയുമൊന്നുമില്ല, അഞ്ഞൂറിന്റെയും ആയിരത്തിന്റേതുമാണുള്ളത്.

കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം ഇടപാട്, ആ വിഷയത്തിൽ യു.ഡി.എഫ്. സർക്കാർ ഉദാരമായ നിലപാടാണ് സ്വീകരിച്ചത്. 1,000/- രൂപ മാത്രമേ അതിന് ഫീസ് നിശ്ചയിച്ചുള്ളൂ. കഴിഞ്ഞ തവണ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി ഇത് വർദ്ധിപ്പിച്ചപ്പോൾ നിങ്ങൾ എന്തു പ്രക്ഷോഭത്തിനാണ് നേതൃത്വം കൊടുത്തത്? ഞങ്ങൾ അത് പിൻവലിച്ചു. പക്ഷെ ഭാഗപത്ര രജിസ്ട്രേഷന് ഇന്ന് രണ്ടു ഫീസ് ഈടാക്കാമെന്നാണ് പറയുന്നത്. ഇത് പിൻവലിക്കാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർക്കാരിന്റെ സേവനങ്ങൾക്ക് 5 ശതമാനം നികുതി ഏർപ്പെടുത്തിയിരിക്കുകയാണ്. സർക്കാരിന്റെ സേവനം വേണ്ടതാർക്കാണ്? വൻകിടക്കാർക്കോ പണക്കാർക്കോ കോർപ്പറേറ്റുകൾക്കോ

ആവശ്യമുണ്ടോ; പാവപ്പെട്ടവർക്കാണ് സർക്കാരിന്റെ സേവനം വേണ്ടത്. അവിടെയാണ് 5 ശതമാനം വർദ്ധിപ്പിച്ചത്. അത് പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ജി.എസ്.ടി.-യിൽ വമ്പൻ പ്രതീക്ഷ വച്ചുപുലർത്തിയ ധനകാര്യ മന്ത്രിയാണ് ഡോ. ടി. എം. തോമസ് ഐസക്. പക്ഷെ അദ്ദേഹത്തിന്റെ പ്രതീക്ഷകളെല്ലാം അസ്ഥാനത്തായി. ജി.എസ്.ടി. നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് 25 ശതമാനം നികുതി വർദ്ധനവുണ്ടാകുമെന്ന് പറഞ്ഞെങ്കിലും 14 ശതമാനത്തിന്റെ വർദ്ധനവ് മാത്രമേയുണ്ടായിട്ടുള്ളൂ. നമ്മുടെ സാമ്പത്തികനില തകിടം മറിഞ്ഞതിന്റെ ഒരു കാരണമിതാണ്. ലോകത്തിൽ ഏറ്റവും സങ്കീർണ്ണമായ ജി.എസ്.ടി. ഘടനയുള്ളത് ഇന്ത്യയിലാണെന്നാണ് ലോകബാങ്കിന്റെ റിപ്പോർട്ടിൽ പ്രത്യേകം സൂചിപ്പിക്കുന്നത്. നാലുതരം സ്ലാബുകൾ ലോകത്ത് ഒരിടത്തുമില്ല. ഏറ്റവും വലിയ നികുതിയായി 28 ശതമാനം നിശ്ചയിച്ചതിനെയും ലോകബാങ്ക് വിമർശിക്കുന്നുണ്ട്. ഏറ്റവും കൂടിയ നികുതി നിരക്കിന്റെ കാര്യത്തിൽ ലോകത്തുതന്നെ രണ്ടാം സ്ഥാനമാണ് ഇന്ത്യയ്ക്കുള്ളത്. ഇങ്ങനെയൊരു ജി.എസ്.ടി. സംവിധാനമായിരുന്നില്ല യു.പി.എ. വിഭാവനം ചെയ്തത്. അതിനുപകരം ഇന്ന് ഈ നാട്ടിലെ മുഴുവൻ ജനങ്ങളെയും ബുദ്ധിമുട്ടിക്കത്തക്ക നിലയിൽ ജി.എസ്.ടി. മാറിക്കൊണ്ടിരിക്കുന്നു.

ഡീമോണിറ്റൈസേഷന്റെ കെടുതികൾ മാറിയിട്ടില്ല. ഇന്ന് കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നടപടികൾ രാജ്യത്തെ മൊത്തം ബാധിക്കുമ്പോൾ അതിന്റെ ഭാഗമായി കേരളത്തെയും ബാധിക്കുന്നുണ്ടെന്ന് ഞാൻ സമ്മതിക്കുന്നു. പക്ഷെ കേന്ദ്ര ധനകാര്യമന്ത്രിയെക്കാൾ കൂടുതൽ ആവേശത്തോടെ ജി.എസ്.ടി.-യെ പ്രമോട്ട് ചെയ്യാൻ മുന്നോട്ടുവന്നതാണ് നമ്മുടെ ധനകാര്യ മന്ത്രി. ഈ സങ്കീർണ്ണമായ, വിരൂപമായ ജി.എസ്.ടി.-യെപ്പറ്റി അദ്ദേഹം വേണ്ട രീതിയിൽ ആലോചിച്ചില്ല എന്ന് ഞാൻ പറഞ്ഞാൽ അദ്ദേഹത്തിനുപോലും അത് നിഷേധിക്കാൻ കഴിയില്ല. ഈ സംസ്ഥാനത്ത് എന്തെങ്കിലും ഒരു നേട്ടംപറയാൻ ഈ സർക്കാരിന് കഴിയുമോ? സാമ്പത്തിക രംഗത്തുണ്ടായിരിക്കുന്ന ഈ തകർച്ച, ഈ മിസ് മാനേജ്മെന്റ് നമ്മുടെ സംസ്ഥാനത്തെ എവിടെ കൊണ്ടുചെന്നെത്തിക്കുമെന്ന് നമ്മൾ ആലോചിക്കണം. ഈ സംസ്ഥാനത്ത് ഒരു വൻകിട പദ്ധതികളും നടക്കുന്നില്ല. ലൈറ്റ് മെട്രോ വേണ്ടെന്നുവച്ചു. അങ്ങയുടെ പ്രസ്താവന ഞാൻ കണ്ടു, ഇത് ആവശ്യമുണ്ടോ എന്നുപോലും അങ്ങേയ്ക്ക് സംശയമാണ്. ശ്രീ. ഇ. ശ്രീധരൻ പോയി. ഇനി ആഗോള ടെണ്ടർ വിളിക്കുമെന്ന് പറയുന്നു. ആ പദ്ധതി ഏതായാലും അവതാളത്തിലായി. ഇന്നലെ ശ്രീ. അദാനിയുടെ പ്രസ്താവന വന്നിരിക്കുന്നു. വിഴിഞ്ഞം പദ്ധതിയെപ്പറ്റിയുള്ള ആശങ്കകൾ വർദ്ധിക്കുന്നു. നിശ്ചിത സമയത്തിനുള്ളിൽ

അദാനിക്ക് അത് പൂർത്തിയാക്കാൻ കഴിയാതെ വരുന്നു. കേരളത്തിലെ ജനങ്ങൾക്ക് ആശങ്കയുണ്ട്. വിഴിഞ്ഞം പദ്ധതി അവതാളത്തിലാകുന്നതിന്റെ ലക്ഷണങ്ങളാണ് കണ്ടുകൊണ്ടിരിക്കുന്നത്. ഒന്നും ചെയ്യാൻ കഴിയാതെ സർക്കാർ നോക്കിനിൽക്കുകയാണ്. കണ്ണൂർ എയർപോർട്ട് ഉൾപ്പെടെയുള്ള വൻകിട പ്രോജക്ടുകളെല്ലാം ഇഴഞ്ഞുനീങ്ങുന്നു. വികസനത്തിന് സമ്പൂർണ്ണ ഹോളിഡേ പ്രഖ്യാപിച്ച ഒരു ഗവൺമെന്റിനെയാണ് നമുക്ക് കാണാൻ കഴിയുന്നത്. ഇവിടെ കേരളത്തിലെ സാധാരണക്കാരായ ജനങ്ങളുടെ ജീവിതഭാരം വർദ്ധിക്കുന്നു. പൊതുകടവും അവരുടെ പേരിലുള്ള ആളോഹരികടവും വർദ്ധിക്കുന്നു. സംസ്ഥാനം വലിയ സാമ്പത്തിക കടക്കെണിയിലേയ്ക്ക് നീങ്ങുന്നുവെന്നുള്ളതാണ് നമുക്ക് ഇതിൽ നിന്നും കാണാൻ കഴിയുന്നത്. എനിക്ക് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് രണ്ട് പോയിന്റുകൾ കൂടി പറയാനുണ്ട്. ഒന്ന്, അടയ്ക്ക കർഷകരിൽ നിന്ന് പിരിച്ചെടുക്കാത്ത 5 വർഷത്തെ 3 ശതമാനം അധിക നികുതി ഒഴിവാക്കിക്കൊടുക്കണമെന്ന നിവേദനവുമായി കേരളത്തിലെ അടയ്ക്ക വ്യാപാരികൾ എല്ലാവരെയും വന്ന് കാണുന്നുണ്ട്. അത് പരിശോധിക്കാൻ അങ്ങ് തയ്യാറാകണം. അതുപോലെയാണ് ജി.എസ്.ടി. നിലവിൽ വന്നശേഷം വീണ്ടും വാറ്റ് നികുതിയുടെ പേരിൽ ഉദ്യോഗസ്ഥന്മാർ ചെറുകിടക്കാരായ സ്വർണ്ണവ്യാപാരികളെ ബുദ്ധിമുട്ടിക്കുന്നു.

ഇന്ന് അവരുടെ ധർണയുണ്ടായിരുന്നു. ആ പരാതിയും അങ്ങ് പരിശോധിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഞാൻ ഈ ധനകാര്യ ബില്ലിനെ എതിർക്കുന്നത് മറ്റൊന്നും കൊണ്ടല്ല, ഈ ധനകാര്യ ബിൽ കേരളത്തിന്റെ സാമ്പത്തിക സാഹചര്യങ്ങളിൽ പുതിയ പുതിയ നികുതിഭാരം അടിച്ചേൽപ്പിക്കുന്നതും ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരാത്തതുമായ ഒന്നുതന്നെയാണ് എന്നതുകൊണ്ടാണ്. അങ്ങയുടെ ബഡ്ജറ്റിൽ നിന്ന് ഒരു പ്രതീക്ഷയും ജനങ്ങൾക്കുണ്ടായില്ല. അങ്ങ് ധാരാളം നല്ല കാര്യങ്ങളും കവിതകളും നോവലുകളും ഉന്നയിച്ചുവെങ്കിലും സാധാരണ ജനങ്ങളുടെ ജീവിതത്തിൽ ഒരു മാറ്റവും വരുത്താൻ കഴിഞ്ഞിട്ടില്ല. ഞാൻ തിരുക്കുറൽ അദ്ധ്യായം 56 ശ്ലോകം 551 വായിക്കുകയാണ് -'കൊലൈമേർ കൊണ്ടാരിർ കൊടിതേ, അലൈമേർകൊണ്ടു അല്ലവൈ സെയ്തൊഴുക്കും വേന്ത്'- സ്വൈരജീവിതം ആഗ്രഹിക്കുന്ന പ്രജകളെ ധനമോഹത്താൽ കഷ്ടപ്പെടുത്തുന്ന രാജാവ് അല്ലെങ്കിൽ ഭരണാധികാരി കൊലപാതകിയെക്കാൾ ദുഷ്ടനാണ്. കാരണം കൊലപാതകം ചെയ്യുന്നവനുണ്ടാക്കുന്ന വേദന കുറച്ചുനേരത്തേയ്ക്കു മാത്രമാണ്. ഇത്തരം ഭരണാധികാരികൾ ജനങ്ങൾക്കുണ്ടാക്കുന്ന വേദനകൾ അനവധി കാലം നീണ്ടുനിൽക്കുന്ന അപരിഹാര്യമാണ്. ഡോ. ടി. എം. തോമസ് ഐസക്,

അങ്ങയെപ്പറ്റി ജനങ്ങൾ ഇങ്ങനെ പറയാതിരിക്കട്ടെ എന്നാണ് എനിക്ക് ആശംസിക്കാനുള്ളത്. ഞാൻ ഈ ധനബില്ലിനെ എതിർക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സംസാരിക്കുന്നതുവരെ ഞാൻ വലിയ വ്യർത്ഥതാബോധത്തിലായിരുന്നു. ഇങ്ങനെ ഒരു സഭ മുഴുവനും നമ്മളെ മൈൻഡ് പോലും ചെയ്യാതെ സംസാരിക്കുമ്പോൾ എങ്ങനെ തോന്നാതിരിക്കും? ശ്രീ. മുല്ലക്കര രത്നാകരനെപ്പോലെയുള്ളവർ പറഞ്ഞിട്ടുള്ള നല്ല ആലങ്കാരിക പ്രശംസയൊക്കെ മറന്നുകൊണ്ടല്ല പറയുന്നത്. ധനകാര്യ ബില്ലിലേയ്ക്ക് കടന്ന് വിമർശനങ്ങളൊക്കെ ഉന്നയിക്കുന്നതിന് ഭരണകക്ഷികൾക്ക് ഒരു പരിമിതിയുണ്ട്, സ്വാഭാവികമാണ്. എന്നാൽ പ്രതിപക്ഷത്തുനിന്ന് ആഴത്തിലുള്ള വിമർശനമുണ്ടാകുമെന്നാണ് ഞാൻ കരുതിയിരുന്നത്. എന്നാൽ അങ്ങനെയല്ലെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്. എങ്കിലും ഇതുവരെയും എനിക്കൊരു ചിന്തയുണ്ടായിരുന്നത്, കുറച്ചെങ്കിലും വിമർശനമൊക്കെയുണ്ടാകുമെങ്കിലും മൊത്തത്തിൽ ഇത് ഓൾറൈറ്റ്...., ഇവിടെ ശ്രീ. എസ്. ശർമ്മ വിവരിച്ചതുപോലെ ഇങ്ങനെയുള്ള ചില pinpricks ഉണ്ടെങ്കിലും ബഡ്ജറ്റിലുള്ള മൊത്തം കാര്യങ്ങൾ നോക്കുമ്പോൾ അത്ര വലിയ

ബഹളമുണ്ടാക്കേണ്ട കാര്യമില്ല എന്നുള്ള ചിന്തയിലായിരിക്കാം എന്ന് സമാശ്വസിച്ചൊക്കെ ഇരിക്കുകയായിരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ പ്രധാനപ്പെട്ട ചില അടിസ്ഥാന ചോദ്യങ്ങൾ ഉന്നയിച്ചിരുന്നു. രാഷ്ട്രീയ കാര്യങ്ങളിലേയ്ക്ക് അധികം കടക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. അത് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയ്ക്ക് ഒടുവിൽ നോക്കാം. അഡ്വാൻസായി ശ്രീ. കെ. മുരളീധരന് രണ്ടുമൂന്ന് ചോദ്യം ഞാൻ ഇപ്പോൾ പറഞ്ഞുവയ്ക്കാം. ഒന്ന്, കോൺഗ്രസ് തുടങ്ങിവയ്ക്കാത്ത, ആവിഷ്കരിക്കാത്ത, നോട്ടുനിരോധനമൊഴികെയുള്ള ഏത് സാമ്പത്തിക നയമാണ് ബി.ജെ.പി. നടപ്പാക്കിയിട്ടുള്ളത് എന്നുള്ളത് അപ്രോപ്രിയേഷൻ ബില്ലിന്റെ ചർച്ചയിൽ സംസാരിക്കുമ്പോൾ പറഞ്ഞാൽ കൊള്ളാം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങയുടെ നിർദ്ദേശം സ്വീകരിച്ചിരിക്കുന്നു. അപ്രോപ്രിയേഷൻ ബില്ലിന്റെ സമയത്ത് കോൺഗ്രസിന്റെ സാമ്പത്തിക നയവും ബി.ജെ.പി.-യുടെ സാമ്പത്തിക നയവും തമ്മിലുള്ള വ്യത്യാസം ഞങ്ങളിവിടെ എസ്റ്റാബ്ലിഷ് ചെയ്യാം. ഞങ്ങൾ അത് സ്വീകരിച്ചിരിക്കുന്നു.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചർച്ചയിൽ അതുണ്ടാകുമെന്ന് പ്രതീക്ഷിക്കട്ടെ. ചോദ്യം വീണ്ടും പറയുകയാണ്, നിങ്ങൾ തുടങ്ങിവയ്ക്കാത്ത ഏത് നയമാണ് ബി.ജെ.പി. നടപ്പാക്കിയിട്ടുള്ളത്? ഈ ചോദ്യത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് കാര്യങ്ങൾ ചർച്ച ചെയ്യാം.

ഈ സർക്കാരിന് വല്ല പ്രയോറിറ്റിയുമുണ്ടോ; എന്താണ് നിങ്ങളുടെ പ്രയോറിറ്റി? എന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആദ്യം ഉന്നയിച്ചത്. ഈ ബഡ്ജറ്റിന്റെ അവതരണവേളയിൽ ഞാൻ വളരെ കൃത്യമായി അത് വിശദീകരിച്ചിട്ടുണ്ട്. ഈ സർക്കാരിന്റെ ഒന്നാമത്തെ പ്രയോറിറ്റി ഇവിടെ സാധാരണ ജനങ്ങൾക്ക് സമ്പൂർണ്ണമായ സാമൂഹിക സുരക്ഷ ഉറപ്പുവരുത്തലാണ്. അതിന്റെ ഭാഗമായി എല്ലാവർക്കും വീട്. ഈ വർഷം 2.5 ലക്ഷം പേർക്ക് വീട് കൊടുക്കാൻ പോകുന്ന, 2500 കോടി രൂപ വകയിരുത്തിയിട്ടുള്ള ബഡ്ജറ്റാണ്. രണ്ട്, വിശപ്പുരഹിത കേരളത്തിലേയ്ക്കുള്ള മാറ്റം. മൂന്ന്, ഈ പാവപ്പെട്ട സാധാരണക്കാരുടെ കുട്ടികൾ പഠിക്കുന്ന പൊതുവിദ്യാലയങ്ങളുടെ സ്ഥിതി മാറിയെന്ന് ജനങ്ങളടക്കം തന്നെ അംഗീകരിച്ചുതുടങ്ങിയ കാലത്താണ്, ഏതാണ്ട് മൂവായിരത്തി ചില്വാനം

കോടി രൂപയാണ് മൂന്നുവർഷം കൊണ്ട് അവിടെ മുടക്കാൻ പോകുന്നത്. ആരോഗ്യമേഖലയിൽ അയ്യായിരത്തിൽപ്പരം കോടി രൂപയാണ് മൂന്നുവർഷം കൊണ്ട് മുടക്കാൻ പ്ലാനിട്ടിട്ടുള്ളത്. ഈ രണ്ടുമേഖലയിലുമായി അയ്യായിരത്തിൽപ്പരം തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്. ഈ വർഷവും അത് തുടരാൻ പോകുകയാണ്. അവസാനമായി 1,100/- രൂപ പെൻഷൻ. അത് കുടിശ്ശികയില്ല. ഇതിനുപുറമെ പാവങ്ങൾ പണിയെടുക്കുന്ന മേഖലകളെ മുഴുവൻ രക്ഷിച്ചിട്ടില്ല. കയറിനുള്ള എൻ.സി.ഡി.സി. (National Co-Operative Development Corporation) വായ്പ (രണ്ടാം ഗഡുവായി 200 കോടി രൂപ) അനുവദിച്ചെന്നുകാണിച്ച് എനിക്ക് ഇന്ന് അറിയിപ്പ് വന്നു. ബാങ്കിൽനിന്നും വായ്പയെടുത്ത് കശുവണ്ടി വ്യവസായത്തിന് കൊടുക്കുകയാണ്. യൂണിഫോമിനുവേണ്ടി ഏതാണ്ട് 150 കോടിയോളം രൂപയാണ് കൈത്തറി മേഖലയിൽ കൊടുത്തത്. ഞങ്ങളുടെ മുൻഗണനയെക്കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും സംശയമുണ്ടോ? ഒറ്റക്കാലിൽ നടക്കാനല്ല ഉദ്ദേശിക്കുന്നത്. രണ്ടാമത്തെ കാല് എന്താണ്? ഈ പാവപ്പെട്ട സാധാരണക്കാരുടെ മക്കളെല്ലാം പഠിച്ച് നല്ല വിദ്യാഭ്യാസം നേടി. അവരുടെ തൊഴിൽ പ്രതീക്ഷകൾ പരമ്പരാഗത മേഖലയിലല്ല. അവരുടെ വിദ്യാഭ്യാസ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കണം. അതിന് സ്വകാര്യ മൂലധനം വരണം. സ്വകാര്യ മൂലധനം

വരണമെങ്കിൽ കൂലിയോ ട്രേഡ് യൂണിയൻ റൈറ്റ്സോ വേണ്ടെന്നുവയ്ക്കാൻ കഴിയില്ല. പരിസ്ഥിതി നിയമങ്ങളിൽ ഇളവ് കൊടുക്കാൻ കഴിയില്ല. അതിനുവേണ്ടിയാണ് ഈ ആദ്യ വർഷംതന്നെ കടമെടുത്താണെങ്കിലും, 20 വർഷം കഴിഞ്ഞ് ഇവർ വന്നാൽ മതിയെന്ന് പറഞ്ഞാൽ പറ്റില്ലല്ലോ. അതുകൊണ്ട് ഇന്നുതന്നെ വായ്പയെടുത്തിട്ട് 20 വർഷം കൊണ്ട് തിരിച്ചടയ്ക്കേണ്ടിവന്നാലും ഈ സൗകര്യങ്ങൾ സൃഷ്ടിക്കുക, ഈ മൂലധനത്തെ ആകർഷിക്കുക. ഞങ്ങളുടെ പ്രയോറിറ്റി ഇതിൽക്കൂടുതൽ എന്താണ് കൃത്യമായി പറയേണ്ടത്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞ ഒന്നാമത്തെ പ്രയോറിറ്റി എല്ലാവർക്കും വീട് എന്നുള്ളതാണ്. രണ്ടര ലക്ഷം വീട് കൊടുക്കുമെന്ന് പറഞ്ഞു. കേരളത്തിൽ ഐ.എ.വൈ. പദ്ധതിയിൽ ഓരോ വർഷവും നാല്പതിനായിരം വീടുകൾ കൊടുത്തിരുന്നു. നിങ്ങൾ ലൈഫ് പദ്ധതി കൊണ്ടുവന്നിട്ട് ഒരു വർഷമായി. അങ്ങയുടെ ഗവൺമെന്റ് അധികാരമേറ്റതിനുശേഷം പഞ്ചായത്ത് മുഖേന ഒരൊറ്റ വീടുപോലും ഇന്നുവരെ കൊടുത്തിട്ടില്ല. ആ ഭവന പദ്ധതി ആരംഭിക്കാൻ പോകുന്നതേയുള്ളൂവെന്ന് പറഞ്ഞു. നിലവിലുണ്ടായിരുന്ന വീടുകൾ പൂർത്തീകരിക്കുമെന്ന് പറഞ്ഞു. നിലവിലുണ്ടായിരുന്ന വീടുകളുടെ 25 ശതമാനം പോലും പൂർത്തീകരിച്ചിട്ടില്ല. അങ്ങ് ഈ പരാജയം അഡ്മിറ്റ് ചെയ്യണം. ആരംഭിച്ച

വീടുകളുടെ പണി പൂർത്തിയായിട്ടില്ല. എസ്.സി./എസ്.ടി. വീടുകൾ സ്തംഭിച്ചു. ഐ.എ.വൈ., പി.എം.എ.വൈ. പദ്ധതികൾ ഇല്ലാതാക്കി. മാത്രമല്ല, രണ്ട് കൊല്ലം പൂർത്തിയാക്കുമ്പോൾ ഒരു വീടുപോലും ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്നുള്ളത് അങ്ങ് സമ്മതിക്കുന്നുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, പണി തീരാതെ കിടക്കുന്ന എഴുപത്തി അയ്യായിരത്തോളം വീടുകളുടെ പണിയാണ് പൂർത്തീകരിക്കുന്നത്.

ശ്രീ. കെ. സി. ജോസഫ്: സർ, എത്ര വീട് പൂർത്തിയാക്കി.

ഡോ. ടി. എം. തോമസ് ഐസക്: സർ, പണി പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു. ഈ വേനൽക്കാലത്തല്ലാതെ മഴക്കാലത്ത് പണി നടത്താൻ കഴിയുമോ? ഈ വേനൽക്കാലം കഴിയുമ്പോൾ ഇത്രയും വീടുകളുടെ പണി തീരുമോ ഇല്ലയോ എന്നുള്ളത് നോക്കു. രണ്ടാമത്തേത്, ഭൂമിയുള്ള മുഴുവൻ ആളുകൾക്കും വീട് പണിയുന്നതിന് ഈ വർഷം പണം നൽകും. അവരുടെ വീട് നിർമ്മാണം ഈ വർഷം തീർക്കുന്നു. ഒരു വർഷത്തിൽ വന്ന കുറവ് ഈ വർഷംകൊണ്ട് നികന്ന് പോകും. അതിൽ യാതൊരു സംശയവും വേണ്ട. അപ്പോൾ പരമ്പരാഗത മേഖലകൾ, കൃഷി ഇതെല്ലാമാണ് ഞങ്ങളുടെ മുൻഗണനയിൽ വരുന്നത്. സാധാരണക്കാർ പണിയെടുക്കുന്ന പരമ്പരാഗത മേഖലകൾ, കാർഷിക മേഖല,

ഇവയുടെ അഭിവൃദ്ധി എന്നിവയാണ് അതിൽ വരുന്നത്. അതോടൊപ്പം രണ്ട് കാലിന്മേൽ നടക്കുകയാണ് ഈ സർക്കാർ, വീഴുകയില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കാർഷിക മേഖലയിൽ കൂടുതൽ കാര്യങ്ങൾ ചെയ്യുന്നുവെന്ന് അങ്ങ് പറഞ്ഞല്ലോ. അങ്ങനെ ചെയ്യാത്തതിന്റെ ഒരു ഉദാഹരണം പറയാം. ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കേന്ദ്രത്തിൽനിന്ന് 200 കോടി രൂപയോളം കഴിഞ്ഞ രണ്ട് വർഷമായി കിട്ടേണ്ടതായിരുന്നു. 50 കോടി രൂപയാണ് വാങ്ങിയത്. അങ്ങ് മാച്ചിംഗ് ഗ്രാന്റ് വയ്ക്കാത്തതുകൊണ്ടും യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുക്കാൻ കഴിയാത്തതുകൊണ്ടും ബാക്കി തുക കിട്ടിയിട്ടില്ലെന്നുള്ള കാര്യം അങ്ങേയ്ക്ക് അറിയാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ആർ.കെ.വി.വൈ. പദ്ധതിയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യം പുതിയതല്ല. അങ്ങ് രേഖ പരിശോധിച്ചാൽ അത് അറിയാൻ കഴിയും. ഞാൻ 5 സ്റ്റേറ്റുകളിലെ ആർ.കെ.വി.വൈ. പദ്ധതിയുടെ കാര്യങ്ങളെല്ലാം പരിശോധിച്ചുകഴിഞ്ഞു. സെൻട്രൽ ഗവൺമെന്റിന്റെ പാറ്റേൺ മുഴുവൻ മാറിയിരിക്കുകയാണ്. നേരത്തെ നൂറ് ശതമാനം പൂർണ്ണമായി കിട്ടിയിരുന്നു. അന്ന് 90:10-ഉം 80:20-ഉം ആയിരുന്നു. പക്ഷേ സെൻട്രൽ ഗവൺമെന്റ് ഇപ്പോൾ അത് പൂർണ്ണമായും 60:40 ആക്കി

മാറ്റിയിരിക്കുകയാണ്. മാത്രമല്ല, സെൻട്രൽ ഗവൺമെന്റ് ഇപ്പോൾ ഇൻഫ്രാസ്ട്രക്ചർ മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണ്. കേരളത്തിൽ നേരത്തെ പ്രൊഡക്ഷൻ മേഖലയിൽ കൊടുത്തിരുന്നതിൽ നിന്നും അവർ പിന്മാറിയിരിക്കുകയാണ്. ഒരു ഉദാഹരണം പറഞ്ഞാൽ, കൃഷിക്കാർക്കുവേണ്ടി 6,000/- രൂപ കൊടുത്തുകൊണ്ടിരുന്നത് ഇപ്പോൾ 4,500/- രൂപ കൊടുക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. നിലവിലുള്ള ആനുകൂല്യമായ ഈ 4,500/- രൂപ നിലനിർത്താൻവേണ്ടി സ്റ്റേറ്റ് ഗവൺമെന്റിന്റെ ബഡ്ജറ്റിൽ അധികം തുക വയ്ക്കേണ്ടിവന്നിരിക്കുകയാണ്. ആർ.കെ.വി.വൈ. പദ്ധതിയിൽ തുക ക്രോണോളജിക്കലായി കുറഞ്ഞുവരുന്നത് സെൻട്രൽ ഗവൺമെന്റ് നയത്തിന്റെ കൂടി ഭാഗമായിട്ടാണ്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ ഏത് കാലത്തുള്ളതിൽനിന്നും വ്യത്യസ്തമായ കാര്യം ഇപ്പോൾ ഉണ്ടായിട്ടില്ല. യൂട്ടിലിറ്റിയുടെ കാര്യത്തിൽ നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്തെയും ഞങ്ങളുടെ ഗവൺമെന്റിന്റെ കാലത്തെയും സെൻട്രൽ ഗവൺമെന്റ് നോംസ് ഒന്നുതന്നെയാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ വർഷവും ഈ വർഷവുമായി ആർ.കെ.വി.വൈ. പദ്ധതിയിൽ എത്ര കോടി രൂപ കേരള ഗവൺമെന്റിന് ലഭിച്ചു? ധനകാര്യ വകുപ്പുമന്ത്രി മാച്ചിംഗ് ഗ്രാന്റ് വയ്ക്കാത്തതുകൊണ്ടാണ് കേന്ദ്രത്തിൽനിന്ന്

സഹായം ലഭിക്കാത്തത്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുത്തിട്ടുമില്ല.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളെ ഇതിന്റെ ഡിമാന്റ് ചർച്ച നടക്കുകയാണല്ലോ. ആർ.കെ.വി.വൈ. പദ്ധതിയിൽ കൃഷി വകുപ്പ് മാത്രമല്ല. അതിൽ 23 ഏജൻസികളാണുള്ളത്. 23 ഏജൻസികളിൽ ഒരു ഏജൻസി മാത്രമാണ് കൃഷി വകുപ്പുമായി ബന്ധപ്പെട്ട് വരുന്നത്. വ്യത്യസ്തമായ ഡിപ്പാർട്ടുമെന്റുകൾ വരുന്ന 23 ഏജൻസികളാണ് കൈകാര്യം ചെയ്യുന്നത്. ഇതിന്റെ വിശദമായ വിവരം വേണമെങ്കിൽ നാളെ പറയാം. ധനകാര്യ വകുപ്പിന്റെ കുഴപ്പം കൊണ്ടാണ് ഇത് വരുന്നതെന്ന് പറയുന്നത് ശരിയല്ല.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്രത്തിൽനിന്ന് കേരള സംസ്ഥാനത്തിന് ലഭിക്കേണ്ട 200 കോടി രൂപ നഷ്ടപ്പെടുത്തിയതിന്റെ ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. ടി. എം. തോമസ് ഐസക്: സർ, മാച്ചിംഗ് ഗ്രാന്റിനെക്കുറിച്ചാണ് അങ്ങ് പറയുന്നത്. കഴിഞ്ഞ ഏതാനും വർഷമായി കേരളത്തിന്റെ അനുഭവം എന്താണ്? പദ്ധതി അംഗീകരിക്കുന്നു. അതിൽ ഈ മാച്ചിംഗ് ഗ്രാന്റും ഉൾപ്പെടും. ബി.ജെ.പി. സർക്കാർ വന്നതിനുശേഷം പ്രഖ്യാപിക്കുന്നതിനെക്കാൾ വളരെ കുറച്ച് തുക മാത്രമേ സംസ്ഥാനങ്ങൾക്ക് കൈമാറുന്നുള്ളൂ. അതിന്റെ ഫലമായി പ്ലാനിന്റെ ഗണ്യമായ

ഭാഗം വിനിയോഗിക്കപ്പെടാതെ മാച്ചിംഗ് ഗ്രാന്റിൽ ഉൾക്കൊള്ളിച്ച് പോകുന്നു. ഈ വിമർശനം പ്ലാനിംഗ് ബോർഡിനുള്ളതുകൊണ്ട് മാച്ചിംഗ് ഗ്രാന്റ് മിനിമത്തിൽ വയ്ക്കുകയും എപ്പോഴാണ് കേന്ദ്രത്തിന്റെ ഫണ്ട് വരുന്നത് അപ്പോൾ അഡീഷണൽ ആതറൈസേഷൻ കൊടുക്കുകയും ചെയ്യുന്ന രീതിയാണ് അവലംബിക്കുന്നത്. അല്ലാതെ ബഡ്ജറ്റിൽ എത്ര തുക മാച്ചിംഗ് ഗ്രാന്റ് വച്ചിട്ടുണ്ടെന്ന് നോക്കിയിട്ടല്ല കേന്ദ്രം പണം നൽകുന്നത്. പണം തന്നുകഴിഞ്ഞാൽ സംസ്ഥാനം തയ്യാറാണോ ഇല്ലയോ എന്ന് ചോദിച്ചാൽ  തയ്യാറാണ്. അല്ലാതെ ബഡ്ജറ്റ് നോക്കുമ്പോൾ അതിൽ 50 കോടി രൂപയേ വച്ചിട്ടുള്ളൂ എന്നുകരുതി 50 കോടി രൂപ മാത്രം ഇങ്ങോട്ട് തരാം എന്നല്ല.  അലോക്കേഷനിൽ മാച്ചിംഗ് ഗ്രാന്റ് എത്ര വച്ചുവെന്ന് നോക്കുന്നില്ല. ക്രൈറ്റീരിയ വച്ച് നൽകണമെന്നുള്ളതാണ്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ക്രൈറ്റീരിയ വച്ചുതന്നെ നൽകണം. ഇവിടത്തെ പ്രശ്നം എന്താണ്.  ആർ.കെ.വി.വൈ. പദ്ധതി പ്രകാരം കിട്ടേണ്ട പണം കിട്ടാത്തതിന് കാരണം ആദ്യം കിട്ടിയ 50 കോടി രൂപയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല എന്നുള്ളതാണ്. അത് കൊടുത്തിരുന്നെങ്കിൽ കൂടുതൽ പണം കിട്ടുമായിരുന്നു.  50 കോടി രൂപ കിട്ടിയിരുന്നില്ലെങ്കിൽ നമുക്ക് പറയാമായിരുന്നു. അങ്ങയുടെ കുറ്റമല്ല ഞാൻ പറഞ്ഞത്.  ഇക്കാര്യത്തിൽ ശ്രീ. വി. എസ്. സുനിൽ

കുമാറിനെ മാത്രമല്ല, മറ്റ് ഡിപ്പാർട്ടുമെന്റുകളുടെ കുറ്റമാണെന്ന് അങ്ങുതന്നെ സമ്മതിക്കുകയാണ്.

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ആർ.കെ.വി.വൈ. പദ്ധതിയനുസരിച്ച് 2014-15-ൽ 300 കോടി രൂപയാണ് കിട്ടിയത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് (2015-16) 90 കോടി രൂപയാണ് കിട്ടിയത്. എങ്ങനെ 90 കോടി രൂപയായി. 2016-17-ലും 92 കോടി രൂപയായി കുറഞ്ഞിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ കുറ്റം കൊണ്ടാണെങ്കിൽ അങ്ങയുടെ ഗവൺമെന്റിന്റെ കാലത്ത് സംഭവിച്ചത് എന്താണ്? ഇത് പ്രതിപക്ഷവും ഭരണകക്ഷിയും തമ്മിൽ തർക്കിക്കേണ്ട വിഷയമല്ല. ഇത് സെൻട്രൽ ഗവൺമെന്റിൽ വന്നിട്ടുള്ള മാറ്റമാണ്. സ്റ്റേറ്റുകളെല്ലാം ഒന്നിച്ച് നിൽക്കേണ്ട വിഷയമാണിത്. യൂട്ടിലിറ്റി സർട്ടിഫിക്കറ്റുമായി ബന്ധപ്പെട്ട വിഷയത്തിൽ വീഴ്ചകളുണ്ടോ? മറ്റ് സ്റ്റേറ്റുകളുടെ വിഷയമെന്താണ്? മറ്റ് സ്റ്റേറ്റുകൾ സെൻട്രൽ സ്കീമുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുന്ന രീതിയിലേയ്ക്ക് നമ്മൾ വന്നിട്ടില്ല. അത് പുതിയ കാര്യമല്ല. ആർ.കെ.വി.വൈ. പദ്ധതിയുടേതാണെങ്കിലും സെൻട്രലി സ്പോൺസേർഡ് പ്ലാനുമായി ബന്ധപ്പെട്ട കാര്യങ്ങളാണെങ്കിലും അതിൽ വന്നുകൊണ്ടിരിക്കുന്ന കുറവുകൾ നമ്മൾ ഒരുമിച്ച് പരിശോധിക്കേണ്ട വിഷയങ്ങളാണ്.

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇനി കൂടുതലുള്ള കാര്യങ്ങൾ നാളെ ഡിമാന്റ് ചർച്ചയിൽ വരും. അടുത്തതായി ധവളപത്രത്തിന്റെ കാര്യത്തിലേയ്ക്കാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് കടന്നുചെന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്തുണ്ടായ സാമ്പത്തിക തകർച്ചയെക്കുറിച്ച് ധവളപത്രത്തിൽ കാര്യകാരണസഹിതം വിശദീകരിച്ചിട്ടുണ്ട്. തകർച്ചയെന്ന് പറഞ്ഞാൽ എന്താണ്? ശ്രീ. എം. ഉമ്മർ ഇന്ന് കണക്കുകളുടെ കാര്യം വിശദീകരിച്ചപ്പോൾ രണ്ട് വർഷംകൊണ്ട് നിർത്തി. കാരണം എനിക്ക് മുമ്പുണ്ടായിരുന്ന പ്രവണത രണ്ട് വർഷത്തേയ്ക്കുകൂടി ഈ വരുമാനത്തിൽനിന്നു. പിന്നെ 19-20 ശതമാനം വളർച്ചയിൽനിന്ന് 10-9 -ലേയ്ക്ക് തുടർച്ചയായി മൂന്ന് വർഷം താഴ്ന്നു. എന്നാൽ ചെലവ് 15-16 ശതമാനം വച്ച് പണ്ടത്തെപ്പോലെ കൂടിക്കൊണ്ടിരുന്നു. അതിന്റെ ഫലമായി ശ്രീ. എ. കെ. ആന്റണിയുടെ കാലം മുതൽ കേരളത്തിലുണ്ടായിക്കൊണ്ടിരുന്ന ഫിസ്കൽ കൺസോളിഡേഷൻ തകർന്നു. ഇതുപറഞ്ഞ് അങ്ങേയ്ക്ക് എന്നെ വിമർശിക്കാവുന്നതാണ്. ഞങ്ങളുടെ തകർച്ചയിൽനിന്ന് നിങ്ങൾ കരകയറിയിട്ടില്ല. രണ്ട് വർഷം വൈകിപ്പോയെന്ന് വേണമെങ്കിൽ പറയാം. ഇതിൽനിന്ന് കരകയറ്റുന്നതിന് വച്ചിരുന്ന മാർഗ്ഗത്തിൽ ഈ രണ്ട് വർഷം പ്രതീക്ഷിച്ചതുപോലെ പോയിട്ടില്ല. എന്തുകൊണ്ട്? അതിന് വരവും ചെലവും എന്നുള്ള രണ്ട് വശമുണ്ട്.

ചെലവിന്റെ കാര്യം ഞാൻ ബഡ്ജറ്റ് പ്രസംഗത്തിൽ പറഞ്ഞു. ഈ വർഷം നവംബർ വരെയുള്ള കണക്കെടുത്താൽ സർക്കാരിന്റെ ചെലവ് 25 ശതമാനമാണ് വർദ്ധിച്ചിട്ടുള്ളത്. സർക്കാരിന്റെ വരവ് 9 ശതമാനമാണ് കൂടിയിട്ടുള്ളത്. സ്വാഭാവികമായും ഇത് വലിയ പ്രതിസന്ധിയിലേയ്ക്ക് വരും. അതിന്റെ അർത്ഥം, ഫിസ്കൽ കൺസോളിഡേഷൻ വേണ്ട എന്നുള്ളതാണോ? ഞാൻ കണക്ക് വായിക്കാം, 2016-17-ൽ അങ്ങ് പറഞ്ഞതുപോലെ ധനകമ്മി ഞാൻ 0.1 കൂടി കൂട്ടുകയാണ്. 0.42 അല്ല; 0.43 ശതമാനമാക്കി. 2017-18-ൽ ബഡ്ജറ്റ് മതിപ്പ് 3.4 ശതമാനമായി താഴ്ത്തി നിശ്ചയിച്ചു. പുതുക്കിയ ബഡ്ജറ്റ് കണക്കിൽ അത് 3.3 ശതമാനമായി താഴ്ന്നു. 2018-19-ൽ അത് 3.1 ശതമാനമായി താഴ്ത്തി നിശ്ചയിച്ചിരിക്കുകയാണ്. ഇവിടെ ധവളപത്രത്തിൽ പറഞ്ഞതുപോലെ അടുത്തവർഷം ധനകമ്മി കുറച്ച് മൂന്നു ശതമാനത്തിലേയ്ക്ക് നിശ്ചയമായിട്ടും എത്തുമെന്നതിൽ സംശയമില്ല.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, അങ്ങ് ധവളപത്രത്തിൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനെക്കുറിച്ച് ഉന്നയിച്ച മുഖ്യമായ ആക്ഷേപം അതിനുമുൻപുണ്ടായിരുന്ന നിരക്കിലുള്ള നികുതി വരുമാനമുണ്ടായില്ല; നികുതിവരുമാനം താഴോട്ടുപോയി എന്നാണ്. അതേ അവസരത്തിൽ ചെലവ് വർദ്ധിച്ചു. അങ്ങ് യു.ഡി.എഫ്.

സർക്കാരിനെക്കുറിച്ച് ആക്ഷേപിച്ച അതേ കാര്യം തന്നെയാണ് കഴിഞ്ഞ രണ്ടുവർഷം കേരളത്തിലുണ്ടായത്. നികുതി വരുമാനം ഗണ്യമായി താഴോട്ടുപോയി. നികുതി വരുമാനത്തെ സംബന്ധിച്ച് അങ്ങയുടെ ബഡ്ജറ്റ് എസ്റ്റിമേറ്റ് എത്രയായിരുന്നു; ആ ബഡ്ജറ്റ് എസ്റ്റിമേറ്റ് എവിടെ നിൽക്കുന്നു; യഥാർത്ഥത്തിലുണ്ടായ ഇൻകം എവിടെ നിൽക്കുന്നു; എക്സ്പെൻസ് എത്ര കൂടി; അങ്ങ് ആ ധവളപത്രത്തിൽ ആക്ഷേപിച്ച അതേ കാര്യങ്ങൾ അങ്ങയുടെ രണ്ടുവർഷത്തെ ഭരണകാലത്തും ഉണ്ടായില്ലേ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഈ പറഞ്ഞത് പുതിയ കാര്യമല്ല; അതുതന്നെയല്ലേ ഞാനും പറഞ്ഞത്. നിങ്ങൾ വിമർശിക്കുന്നത്, നികുതി വരുമാനം ഗണ്യമായി താഴോട്ടുപോയി സംസ്ഥാന സമ്പദ്ഘടനയെ കരകയറ്റിയിട്ടില്ല എന്നുള്ളതാണ്. 2016-17-ൽ റവന്യൂ കമ്മി 2.5 ശതമാനമാണ്. 2017-18-ലെ ബഡ്ജറ്റ് മതിപ്പിൽ 2.1 ശതമാനമാക്കി. 2017-18 പുതുക്കിയ കണക്കുപ്രകാരം 1.9 ശതമാനമായി. 2018 -19-ൽ 1.6 ശതമാനമാക്കി മാറ്റി. ഒരു മൂന്നോനാലോ വർഷം അപ്പുറത്തേയ്ക്ക് പൂജ്യത്തിലേയ്ക്കാണ് പോകുന്നത്. ഒരുവർഷംകൊണ്ട് നമുക്ക് റവന്യൂ കമ്മി പൂജ്യമാക്കാൻ പറ്റുമോ; എങ്ങനെ ഇത് വന്നു? അവിടെയാണ് ധനനയത്തിൽ വന്നിരിക്കുന്ന ചെറിയൊരു മാറ്റം. ആ മാറ്റം

വരുമാനം വർദ്ധിച്ചിട്ട് ഈ കമ്മികൾ ഫിസ്കൽ കൺസോളിഡേഷൻ ആകാമെന്നുള്ള നില വിട്ടിട്ട് വരുമാനം വർദ്ധിക്കുന്നില്ലെങ്കിൽ ചെലവ് ചുരുക്കി ഫിസ്കൽ കൺസോളിഡേഷൻ വേണമെന്നൊരു സമീപനവും കൈക്കൊണ്ടിട്ടുണ്ട്. അത് കൈക്കൊണ്ടിരിക്കുന്നത് തികഞ്ഞ ഉത്തരവാദിത്വബോധത്തോടു കൂടിയാണ്. കാരണം നിങ്ങൾ ബഡ്ജറ്റിന് പുറത്ത് ഈ 50,000 കോടി രൂപ വായ്പ എടുക്കുന്നതിനും അത് ...... ഒരു ഫിസ്കൽ കൺസോളിഡേഷൻ ബഡ്ജറ്റിൽ വേണമെന്ന് കണ്ടുകൊണ്ട് സ്വല്പം അപ്രീതിയൊക്കെ ഉണ്ടായാൽ പോലും ഈ റവന്യൂ കമ്മി തുടർച്ചയായി കുറച്ചുകൊണ്ടുവരുന്ന ഒരു സമീപനമാണ് കൈക്കൊണ്ടിട്ടുള്ളത്. അങ്ങയുടെ വലിയ വിമർശനം, കടം ഇങ്ങനെ കയറിക്കൊണ്ടിരിക്കുന്നു എന്നാണ്. ഞാൻ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും പ്രതിപക്ഷത്തോടും ചോദിക്കട്ടെ, ഏതെങ്കിലും ഒരു സംസ്ഥാനത്തിന് സംസ്ഥാന വരുമാനത്തിന്റെ മൂന്നുശതമാനത്തിന് അപ്പുറം വായ്പ എടുക്കാൻ സാധിക്കുമോ? എങ്ങനെയാണ് നിങ്ങൾ കടം ഇങ്ങനെ കയറിക്കൊണ്ടിരിക്കുന്നുവെന്ന് പറയുന്നത്? അങ്ങനെ കടമൊന്നും ഉയർത്താൻ കഴിയില്ല. ഏത് സംസ്ഥാനത്തിനും 3 ശതമാനത്തിനപ്പുറം ആക്കാൻ കഴിയില്ല. അതിനാണ് ഫിസ്കൽ ഡെഫിസിറ്റ് മൂന്നാക്കണമെന്ന് പറയുന്നത്. നേരത്തെ 4.2

ആയിരുന്നു. അത് 3 ആക്കി കുറച്ചുകൊണ്ട് വരുന്നു എന്നുപറയുമ്പോൾ അതിന്റെ അർത്ഥം, നിങ്ങൾ ആത്യന്തികമായിട്ട് കുറച്ചുകഴിഞ്ഞാൽ ഡെബ്റ്റ് ജി.ഡി.പി റേഷ്യോ കുറഞ്ഞുതന്നെ വരും. അതൊരു മിസ്പ്ലെയ്സ്ഡ് വെപ്രാളമാണ്. ഇപ്പോൾ ഞാൻ വിചാരിച്ചാലും വായ്പ എടുക്കാൻ പറ്റില്ല. ഇനി വല്ല ഉപായത്തിൽ വായ്പയെടുത്താൽ കേന്ദ്രം പിടിക്കുകയും ചെയ്യും. അതാണ് നമ്മൾ കഴിഞ്ഞ ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ അനുഭവിച്ചത്. ഇപ്പോൾ പണമില്ല. പണമില്ലാതിരുന്നപ്പോൾ നിങ്ങൾ ഭരിച്ചുകൊണ്ടിരുന്നപ്പോഴും ഇപ്പോഴും ചെയ്തുകൊണ്ടിരിക്കുന്നത് കടമെടുക്കാനുള്ളത് തീർന്നുകഴിഞ്ഞാൽ ബിവറേജസിൽ നിന്നോ കെ.എഫ്.സി.-യോടോ അല്ലെങ്കിൽ ക്ഷേമനിധിയോടോ പറയും കുറച്ചു പണം എടുക്കാൻ. അങ്ങനെ മുഴുവനും വാങ്ങിയിട്ടുണ്ട്. ഇനിയിപ്പോൾ അതിനും പറ്റില്ലായെന്നുള്ള വാണിംഗാണ് കേന്ദ്രം തന്നത്. അതുകൊണ്ട് വെറുതെ ഈ വെപ്രാളം ഉണ്ടാക്കരുത്, ബഡ്ജറ്റിൽ ആ വർദ്ധനവില്ല.

അങ്ങ് പറഞ്ഞ ഒരു കാര്യം, 14,000 കോടി രൂപയുടെ ഗ്യാരന്റി ലിമിറ്റ് 21,000 ആക്കിയത് ഞാനല്ല, അതിപ്പോൾ 21,000/-രൂപയിൽ നിന്ന് 30,000/-രൂപയായിട്ട് വയ്ക്കുന്നതിനുപകരം സംസ്ഥാന വരുമാനത്തിന്റെ 5 ശതമാനമാണ്. ഓരോ തവണയും വേണ്ടിവരുന്നതിനേക്കാൾ നല്ലത് സംസ്ഥാനം കൂടുതൽ

വേഗത്തിൽ വളർന്നാൽ കൂടുതൽ ഗ്യാരന്റി കൊടുക്കാൻ സാധിക്കും. യഥാർത്ഥത്തിൽ അങ്ങ് പറയുന്നത് എന്താണെന്ന് അങ്ങ് തിരിച്ചറിയുന്നില്ല. ഞങ്ങളുടെ നയം ബി.ജെ.പി.-യുടെ നയത്തിൽ നിന്ന് വ്യത്യസ്തമാണെന്നല്ലേ പറഞ്ഞത്? അങ്ങ് പൊതുമേഖലയ്ക്കുവേണ്ടി നിൽക്കുന്നുവെന്ന് പറയുന്നു. ഇവിടത്തെ സ്വകാര്യമുതലാളിമാർക്കെല്ലാം ഇഷ്ടംപോലെ വായ്പയെടുക്കാം. വിജയ് മല്യ, നീരവ് മോഡി എന്നിവർക്കൊക്കെ എടുക്കാം, തിരിച്ചുകൊടുക്കാതിരിക്കാം. അദാനിയും മറ്റും എത്രയാണ് എടുത്തുകൊണ്ട് പോകുന്നത്? എന്നാൽ പൊതുമേഖലാസ്ഥാപനങ്ങൾക്ക് അവർ വായ്പ എടുത്ത് എക്സ്പാന്റ് ചെയ്യണം. അതിന് ഗ്യാരന്റി കൊടുക്കാൻ പാടില്ല എന്നുപറയുന്ന മോഡിയുടെ നയം, അതുതന്നെയല്ലേ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ പറഞ്ഞത്.

<u>ശ്രീ. രമേശ് ചെന്നിത്തല:</u> സർ, അങ്ങയുടെ കൈയ്യിൽ പുസ്തകമുണ്ടല്ലോ എടുത്ത് നോക്കണം. പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര പേരാണ് ഗ്യാരന്റി കമ്മീഷൻ കൊടുത്തിട്ടുള്ളത്? പൊതുമേഖലാ സ്ഥാപനങ്ങളുടെ ഹെൽത്ത് എന്താണെ്; നിങ്ങൾ പറഞ്ഞതെല്ലാം തെറ്റല്ലേ? കേരളത്തിൽ ഇടതുപക്ഷം വന്നശേഷം ഇവിടെ ഒരു പൊതുവായ ധാരണയുണ്ടാക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലായി എന്നുപറഞ്ഞ് പ്രചരിപ്പിക്കുകയാണ്.

<u>ഡോ. ടി. എം. തോമസ് ഐസക്:</u> സർ, അങ്ങ് പറഞ്ഞ കണക്ക് കേരളത്തിലെ പബ്ലിക് എന്റർപ്രൈസസ് മുഴുവനുംകൂ ടിയുള്ളതാണ്. നമ്മുടെ കെ.എസ്.ആർ.ടി.സി., കെ.ഡബ്ള്യൂ.എ. ഇങ്ങനെ എല്ലാംകൂടി ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഇവിടെ ഞങ്ങൾ പറയാറുള്ള കണക്ക് പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെക്കുറിച്ചുള്ളതാണ്. ഇത് രണ്ടും രണ്ടാണ്. പൊതുമേഖലാ വ്യവസായസ്ഥാപനങ്ങളായ കെ.ഡബ്ള്യൂ.എ., കെ.എസ്.ആർ.ടി.സി. ഇതുപോലെയുള്ളവയ്ക്ക് ലാഭം പെട്ടെന്നുണ്ടാക്കണമെന്ന് പറയാൻ പറ്റില്ല. അത് യൂട്ടിലിറ്റി സർവ്വീസുകളാണ്. വേറൊരു മാനദണ്ഡം വച്ച് അളക്കേണ്ടതാണ്. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ അങ്ങനെയല്ല. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ മുടക്കിയ മുതലിന് റിട്ടേൺ തരണം. ആ റിട്ടേൺ നോക്കുമ്പോൾ 14 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളാണ് കഴിഞ്ഞവർഷം ലാഭത്തിലായത്. ഈ വർഷം അതിലും കൂടുതൽ വരും, മാർച്ച് മാസമാകട്ടെ. ഈ വ്യവസായസ്ഥാപനങ്ങൾ മൊത്തത്തിൽ അതായത് 60-67 എടുത്തിട്ടുണ്ടെങ്കിൽ നിങ്ങൾ ഭരിക്കുന്ന കാലത്ത് 202 കോടി രൂപ നഷ്ടത്തിലായിരുന്നു. അതിൽ നഷ്ടമുള്ളതിന് നഷ്ട തോത് കുറഞ്ഞു; ലാഭമുള്ളതിന് ലാഭ തോത് കൂടി. അങ്ങനെ 40 കോടി രൂപ മൊത്തത്തിൽ ലാഭത്തിലായ വർഷമാണ് അഭിമാനത്തോടെ

അവകാശപ്പെടുന്നത്. അല്ലാതെ കേരളത്തിലെ പബ്ലിക് എന്റർപ്രൈസസ് മുഴുവൻ ലാഭത്തിലായിയെന്ന് ഞങ്ങൾ അവകാശപ്പെട്ടിട്ടില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞ 40 കോടി രൂപയുടെ വരുമാനം നാച്വറൽ ഇൻക്രീസാണ്. അതിൽ പ്രധാനപ്പെട്ട ഒരു കാരണം KMML-ന്റെ പിഗ്മെന്റിലുണ്ടായ മാർക്കറ്റാണ്. KMML-ന്റെ ഇന്റർനാഷണൽ മാർക്കറ്റിൽ പിഗ്മെന്റിന്റെ വില അതിഭയങ്കരമായി വർദ്ധിച്ചപ്പോൾ, കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിൽ KMML-ന് സർവ്വകാല റെക്കോർഡ് ലാഭം ഈ വർഷമുണ്ടായി. അതാണ് 44 കോടി രൂപ കൂടിയത്. അത് മനസ്സിലാക്കണം.

ഡോ. ടി. എം. തോമസ് ഐസക്: സർ, അതൊക്കെ മനസ്സിലായിട്ടുണ്ട്. മനസ്സിലായിട്ട് തന്നെയാണ് പറയുന്നത്. പക്ഷെ, നിങ്ങളുടെ ഭരണകാലം അവസാനിക്കുമ്പോൾ 9 സ്ഥാപനങ്ങൾ മാത്രം ലാഭത്തിലായിരുന്നു. ഇപ്പോൾ അത് 14 ആയി. ഈ വർഷം എനിക്ക് തോന്നുന്നു 20-ന് അടുത്തോട്ട് വരുമെന്ന്. ഞങ്ങളുടെ കെ.എസ്.ടി.പി. പോലും രണ്ടുകോടിരൂപ ലാഭത്തിലായിട്ട് മാറുകയാണ്. അതിരുകവിഞ്ഞ അവകാശവാദവും കാര്യങ്ങളൊന്നുമല്ല. അവിടെ നിന്ന് അങ്ങ് പോയത് കിഫ്ബിയിലേയ്ക്കാണ്. 9 ശതമാനം പലിശ 7 വർഷം കൊണ്ട് തിരിച്ചടയ്ക്കണം. 9 ശതമാനം പലിശയ്ക്കല്ല ഞങ്ങൾ ഇപ്പോൾ നെഗോഷ്യേറ്റ്

ചെയ്യുന്നത് 6 ശതമാനം പലിശയ്ക്കാണ്. 9 ശതമാനം പലിശ വയ്ക്കുകയും 7 വർഷത്തിനുള്ളിൽ തിരിച്ചടയ്ക്കണമെന്നുള്ള ഷോർട്ട് ടേം ലോണായിട്ടാണെങ്കിൽ പോലും നിങ്ങൾക്ക് തിരിച്ചടവ് വേണ്ടിവരുമ്പോൾ ഈ പറഞ്ഞ 94 ആയിരം കോടി രൂപയേ വരികയുള്ളൂ. അതേസമയം നമ്മൾ പാസ്സാക്കിയ നിയമപ്രകാരം കിഫ്ബിയിലേയ്ക്ക് കൊടുക്കുന്ന മോട്ടോർ വെഹിക്കിൾസിന്റെ ടാക്സ് 15 ശതമാനം വച്ച് വർദ്ധിക്കുന്നുണ്ടെങ്കിൽ അത് ഏതാണ്ട് ഒരു ലക്ഷം കോടി രൂപ വരും. അതുകൊണ്ട് ഇത് ചാൻസ് അനുയോജ്യമല്ല കൂടുതൽ വായ്പ എടുക്കുന്നത്. ഈ 50,000 കോടി വായ്പ എടുത്തത് അതിന്റെ സിങ്കിംഗ് ഫണ്ടുപോലെ നിങ്ങൾ ബഡ്ജറ്റിൽ നിന്ന് കൊടുക്കുന്നുണ്ട്. അങ്ങ് ഇത് ഭാവിയെ കടപ്പെടുത്തുകയല്ലേ; ഭാവിയിലും കൊടുക്കേണ്ടിവരില്ലേ എന്നൊക്കെ ചോദിക്കുകയാണ്. ഞാൻ കക്ഷിരാഷ്ട്രീയം മാറ്റിനിർത്തി. ഇന്ന് ഈ റോഡുകളും പാലങ്ങളും വ്യവസായ പാർക്കുകളും വരുന്നതാണോ ശരി? ഒരു 20 വർഷം കഴിഞ്ഞ് വരുന്നെങ്കിൽ വരട്ടെ കേരളത്തിന് നല്ലകാലം വരുമ്പോൾ നമുക്ക് ചെയ്യാമെന്ന് പറയുന്നതാണോ ശരി? അങ്ങ് ആത്മാർത്ഥമായി നോക്കിയിട്ട് പറയുക. ഞാൻ വിശ്വസിക്കുന്നത് 'ഇന്ന് വരുത്തണം.' ഇന്ന് വന്നുകഴിഞ്ഞാൽ ഞങ്ങളുടെ ഭരണകാലത്തായിരിക്കില്ല അടുത്ത സർക്കാരിന്റെ കാലത്താവും ഈ പ്രൈവറ്റ് ക്യാപ്പിറ്റൽ നിക്ഷേപം വരുന്നത്. പാലം

പണിതു, ഓടിക്കാനായിട്ട് നിക്ഷേപകർ ഓടി വരാൻ പോകുന്നില്ല. അങ്ങനെ ആ രീതിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം ഒരു വികസന സ്റ്റാറ്റജിയായിട്ട് അങ്ങ് കാണണമെന്നാണ് എനിക്ക് പറയാനുള്ളത്. കിഫ്ബിയുടെ ചെലവിന്റെ കാര്യം, അങ്ങ് നേരത്തെ വേറെയും കണക്കുകൾ പറഞ്ഞു. ഉദ്യോഗസ്ഥരിൽ ആരാണ് അവിടെ പോയി സംസാരിക്കുന്നത്; ആറോ ഏഴോ പേർ പോയെന്നല്ലേ പറയുന്നത്; കിഫ്ബിയുടെയും കെ.എസ്.എഫ്.ഇ.-യുടെയും ഉദ്യോഗസ്ഥർ പോകണ്ടേ; അവിടത്തെ നിക്ഷേപകരുടെ യോഗം വിളിച്ചാൽ വാചാൽ ഓരോരുത്തരോടും വിശദീകരിക്കാൻ നിൽക്കണ്ടേ; എന്തിനുവേണ്ടിയാണ് പോകുന്നത്; അവിടത്തെ ഏജന്റുകളുമായും യു.എ.ഇ. എക്സ്ചേഞ്ചുകാരുമായും കാര്യങ്ങൾ ചർച്ച ചെയ്യാനും നാട്ടുകാരുടെ ഫീൽ കിട്ടാൻ ശ്രമിക്കുന്നതിനുമാണ് ഉദ്യോഗസ്ഥന്മാർ പോയത്. 50 ലക്ഷം രൂപ എഫ്.എം. റേഡിയോയ്ക്ക് കൊടുത്തു, അത്രയല്ലേ വന്നുള്ളൂ. നമ്മൾ ആദ്യം ലോഞ്ച് ചെയ്യാൻ പോകുന്ന ഒരു കാര്യത്തെക്കുറിച്ച് എഫ്.എം. റേഡിയോയിലൂടെയും ടെലിവിഷനിലൂടെയും പ്രചരണം നടത്തണ്ടേ; അടുത്ത ഒരു വർഷം കൊണ്ട് ഒരു പതിനായിരം കോടി രൂപയെങ്കിലും നിക്ഷേപം വരുമ്പോൾ ട്രാൻസാക്ഷൻ കോസ്റ്റായിട്ട് ഈ പറയുന്ന തുകയുടെ എത്ര ശതമാനം വരും; വേറെയൊന്നും നിങ്ങൾ കാണണ്ട. ക്രിസിൽ, ഇക്ര

എന്നീ രണ്ട് റേറ്റിംഗ് ഏജൻസികൾ ഉണ്ട്. ഈ രണ്ട് റേറ്റിംഗ് ഏജൻസികളും A+ ഗ്രേഡ് കൊടുത്തു. B+ ഗ്രേഡ് കിട്ടിയാലും മതി. ഇതിൽ ബോണ്ട് ഇറക്കുന്നതിനുവേണ്ടി B+ + ഗ്രേഡ് കിട്ടിയാലും മതി. A+ ഗ്രേഡ് കിട്ടിയിട്ടുണ്ട്. നിങ്ങളുടെ സംവിധാനം എങ്ങനെയാണ്, നിങ്ങളുടെ ആളുകളുടെ ക്വാളിറ്റിയെന്ത് തുടങ്ങിയ കാര്യങ്ങളൊക്കെ റേറ്റിംഗിന് വിധേയമാണ്. ബ്യൂറോക്രാറ്റിക്കായി ആരെയെങ്കിലും ഒരാളെ പിടിച്ചുവച്ചുകൊണ്ട് ബോണ്ട് മാർക്കറ്റിംഗിൽ പ്രവർത്തിക്കാൻ സാധിക്കുകയില്ല. നല്ല പ്രാവീണ്യമുണ്ടെന്ന് തെളിയിക്കപ്പെട്ടിട്ടുള്ള ഇന്റഗ്രിറ്റിയുള്ള അങ്ങേയ്ക്കും എനിക്കും അറിയാവുന്ന ഉദ്യോഗസ്ഥർ തന്നെയാണ് പോയത്. അങ്ങനെയുള്ള ആളുകൾക്ക് മാത്രമേ ഇവരുടെ ബോണ്ട് മാർക്കറ്റിൽ നെഗോഷ്യേറ്റ് ചെയ്യാൻ സാധിക്കുകയുള്ളൂ. ഇക്കാര്യത്തെക്കുറിച്ച് എന്തെങ്കിലും ഉണ്ടെങ്കിൽ നമുക്ക് ഇരുന്ന് ചർച്ച ചെയ്യാം, അങ്ങേയ്ക്കെങ്കിലും ബോധ്യപ്പെടണം. ഏതെങ്കിലും കാര്യം അനധികൃതമാണ്, ഉപേക്ഷിക്കേണ്ടതാണെന്ന് അഭിപ്രായമുണ്ടെങ്കിൽ അതൊക്കെ സ്വീകരിക്കാൻ തയ്യാറാണ്.

<u>ശ്രീ. പി. കെ. ബഷീർ</u>: വീടുകൾ നിർമ്മിക്കുന്നതിനുവേണ്ടി ബഡ്ജറ്റിൽ 2500 കോടി രൂപ നൽകുമെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ ഗവൺമെന്റിന്റെ കാലത്ത്, രണ്ടു കൊല്ലക്കാലമായി ഒരു ഭവന പദ്ധതിയും നടക്കുന്നില്ലെന്നത് എല്ലാവർക്കും അറിയാം.

അതിൽ ഒരു വീടിന് നാല് ലക്ഷം രൂപ കൊടുക്കുമെന്നാണ് പറയുന്നത്. ഫുൾ ബഡ്ജറ്റ് അവതരിപ്പിക്കുന്ന ഒരു നിയമസഭയാണെന്നാണ് അങ്ങ് പറയുന്നത്. ഈ ഗവൺമെന്റ് വലിയ നേട്ടമെന്നു പറയുന്ന ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി മാർച്ച് 31-ന് ഉണ്ടാക്കുകയാണ്. ലൈഫ് ഭവന പദ്ധതി പ്രകാരം പഞ്ചായത്ത് അതിന് പണം നീക്കിവയ്ക്കുമോ; അതല്ല സംസ്ഥാന സർക്കാർ കൊടുക്കുമോ; എങ്കിൽ സംസ്ഥാന സർക്കാർ കൊടുക്കുന്ന വിഹിതം എത്രയാണെന്ന് പറയാമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഐ.എ.വൈ. പദ്ധതിയുടെ സ്കീമിൽ വരുന്ന വീടുകളാണെങ്കിൽ ഐ.എ.വൈ.-യുടെ വിഹിതവും സംസ്ഥാന വിഹിതവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കിട്ടും. അവർ നീക്കി വയ്ക്കുന്ന തുക എത്രയെന്ന് നിശ്ചയിച്ചിട്ടുണ്ട്. 3 പേരാണ് അതിൽ കോൺട്രിബ്യൂട്ട് ചെയ്യേണ്ടത്. ഇതുകൊണ്ട് തീരുന്നില്ലെങ്കിൽ എത്ര രൂപ വായ്പയെടുക്കണമെന്ന് തീരുമാനിക്കും. ഓരോ തദ്ദേശഭരണ സ്ഥാപനവും എത്ര വീട് ഈ വർഷം എടുക്കാൻ തീരുമാനിച്ചുവെന്ന് നോക്കണം, അതിൽ സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം എത്രയാണെന്ന് കൃത്യമായിട്ട് അവരെ അറിയിച്ചിട്ടുള്ളതാണ്. അപ്പോൾ അവരുടെ വിഹിതം എത്രയെന്നുണ്ട്. ഇതുകഴിഞ്ഞ് അഡീഷണലായി എത്ര പണം വേണമെന്നുള്ളത് വീടുകളുടെ എണ്ണത്തെ ആശ്രയിച്ചിരിക്കും. അത് അറിയിച്ചു കഴിഞ്ഞാൽ സംസ്ഥാന

സർക്കാർ തന്നെ വായ്പയെടുത്ത് അവർക്ക് ട്രാൻസ്ഫർ ചെയ്യും. ഒരു നിശ്ചിത കാലയളവിൽ ഓരോ വാർഷിക ഇൻസ്റ്റാൾമെന്റും അവരുടെ പ്ലാൻ ഫണ്ടിൽ നിന്നും കുറയ്ക്കുന്നതിന് അവർ അംഗീകരിക്കണമെന്ന ഒരു കണ്ടീഷനാണ് ആകെ വരുന്നത്. പലിശ സർക്കാർ കൊടുക്കും. ഇ.എം.എസ്. പാർപ്പിട പദ്ധതി പോലെ തന്നെ. ഇതാണ് സ്കീമിനെ കുറിച്ച് പറയാനുള്ളത്. നികുതി സംബന്ധിച്ചുള്ള വിമർശനങ്ങളാണ് പിന്നീട് പറഞ്ഞത്. നിങ്ങൾ ഭൂനികുതിയെക്കുറിച്ച് പറഞ്ഞു. ഏറ്റവും കൂടുതൽ ക്യാപിറ്റൽ ഗെയിൻസ് ഉണ്ടാകുന്ന അസെറ്റ് ഇന്ന് ഭൂമിയല്ലേ; ആകെ ചെയ്തതെന്താണ്; ഭൂനികുതിയുടെ ഫെയർ വാല്യൂ 10 ശതമാനം കൂട്ടി. മാർക്കറ്റ് പ്രൈസും ഫെയർ വാല്യൂവും തമ്മിലുള്ള അന്തരം എത്രയാണ്; ഇന്നിപ്പോൾ ലാന്റ് അക്വിസിഷനുപോകുമ്പോൾ സർക്കാർ എത്രവച്ചാണ് കൊടുക്കുന്നതെന്ന് നമുക്കെല്ലാവർക്കും അറിയാമല്ലോ; മാർക്കറ്റ് ടേം എന്നുപറഞ്ഞിട്ട് 10 ശതമാനം ഫെയർ വാല്യൂ കൂട്ടുന്നുവെന്ന പ്രശ്നം മാത്രമല്ലേയുള്ളൂ. ആധാരത്തിനും മറ്റും ഒരു സ്റ്റാമ്പ് ഡ്യൂട്ടിയും വർദ്ധിപ്പിച്ചില്ല. കഴിഞ്ഞ പ്രാവശ്യം വർദ്ധിപ്പിച്ചതിനെ മാറ്റി. രജിസ്ട്രേഷൻ ഫീസ് 0.2 ശതമാനം കൂട്ടി. വലിപ്പവും ട്രാൻസാക്ഷനും കൂടുന്തോറും അത് കൂടുന്നു. രജിസ്ട്രേഷൻ ഫീ അതു മാത്രമല്ലേയുള്ളൂ. 10 സെന്റ് വരെ വരുന്നവരെ നിശ്ചിത വലിപ്പം വച്ച് ഒഴിവാക്കിയിട്ടുണ്ട്. നഗരത്തിലൊക്കെ സാധാരണക്കാർക്ക് ഭാഗാധാരം

ചെയ്യുന്നതിൽ പ്രശ്നമില്ല. ഒരു സ്കെയിലിന്റെ അടിസ്ഥാനത്തിൽ മുകളിലോട്ട് പോകുന്തോറും ടെലിസ്കോപ്പിക്കായിട്ട് കൂടിക്കൊണ്ടിരിക്കും. അതിൽ നമ്മൾ ഇത്ര വേവലാതി പിടിക്കേണ്ട കാര്യമെന്താണ്?

ശ്രീ. രമേശ് ചെന്നിത്തല: സർ, കഴിഞ്ഞ തവണയും നമ്മൾ ഇതുതന്നെയാണ് ചെയ്തത്. ഞങ്ങൾ ഇറക്കിയ ഓർഡിനൻസ് അങ്ങയെ കാണിക്കാം. അത് അങ്ങയുടെ കയ്യിൽ ഉണ്ടാകുമല്ലോ; എന്തൊക്കെ പ്രക്ഷോഭണങ്ങളും വിമർശനങ്ങളുമായിരുന്നു. ഭൂനികുതി കൂട്ടുകയെന്നതല്ലാതെ വേറെ മാർഗ്ഗമില്ല. അതാണ് ഇന്നിപ്പോൾ ചെയ്യാൻ കഴിയുന്നൊരു കാര്യം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അതുമായി മുന്നോട്ട് വന്നപ്പോൾ എന്തൊക്കെ സമരങ്ങളായിരുന്നുവെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്.

ഡോ. ടി. എം. തോമസ് ഐസക്: അങ്ങ് ഉന്നയിച്ച വളരെ പ്രധാനപ്പെട്ടൊരു കാര്യമുണ്ട്. മദ്യത്തിന്റെ കാര്യത്തിൽ നികുതി കൂട്ടിയിട്ടില്ല. നിലവിലുണ്ടായിരുന്ന ചാർജ്ജുകളും സർചാർജ്ജുകളുമെല്ലാം ഒന്നിപ്പിച്ചു. പ്രോഫിറ്റിന്റെ ഷെയറും കുറച്ചു. അങ്ങനെയാണ് ചെയ്തിരിക്കുന്നത്. വേറെയൊന്നും കൊണ്ടല്ല. വലിയൊരു ഡിമാന്റാണ് ഇൻകം ടാക്സിൽ നിന്നും വന്നിട്ടുള്ളത്. വിൽപ്പന നികുതി മാത്രമേ ഇൻകം ടാക്സിൽ നിന്നും പുറത്തുപോകുകയുള്ളൂ. വേറെ ഏത് പേരിട്ട് വിളിച്ചാലും

ഇൻകം ടാക്സ് കൊടുക്കേണ്ടി വരും. അതുകൊണ്ട് എന്തിനാണ് ഇൻകം ടാക്സിലേയ്ക്ക് പോകുന്നത്; സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് പോകട്ടേ. ഇതുമാത്രമേ അതിന്റെ പിന്നിലുള്ളൂ. നിരക്ക് കൂട്ടിയിട്ടൊന്നുമില്ല. റൗണ്ടിംഗ് ഓഫിൽ വല്ലതും വന്നാൽ മാത്രമേയുള്ളൂ. എന്റെ പ്രസംഗത്തിൽ അത് പൂർണ്ണമായും വ്യക്തമല്ലായിരുന്നു. ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട കാര്യം ഞാൻ പറഞ്ഞതാണ്. ജി.എസ്.ടി. വന്നിട്ടും നിങ്ങൾ എന്തുകൊണ്ടാണ് VAT-ന്റെ പുറകേ പോകുന്നുവെന്നൊരു പ്രശ്നം ഉന്നയിച്ചു. അങ്ങ് സമ്മതിക്കുമോ; 2012-13 മുതൽ VAT നികുതി 9 ശതമാനം വച്ചേ വളർന്നിട്ടുള്ളൂ. അതിന്റെ പൊട്ടൻഷ്യൽ നമ്മൾ ടാപ്പ് ചെയ്തിട്ടില്ല. വലിയ തോതിലുള്ള നികുതി ചോർച്ച വന്നിട്ടുള്ളതുമാണ്. 2011-12 വരെ മാത്രമേ ടൈം ബാർ ആയിട്ടുള്ളൂ. അതിനുശേഷമുള്ളതൊന്നും ചെയ്തിട്ടില്ല. നല്ലൊരു ശതമാനം സ്കൂട്ടിനിയും അസസ്മെന്റും പൂർത്തീകരിക്കാനുണ്ട്. ഇത് സമയബന്ധിതമായി ചെയ്യുന്നതിനുള്ള തടസ്സം, ആ ഭരണ കാലത്തായാലും ഈ ഭരണകാലത്തായാലും അങ്ങനെ തന്നെ വച്ചുകൊണ്ടിരിക്കും. ഒച്ച് ഇഴയുന്ന വേഗത്തിലാണ് പോകുന്നത്. ഇത് കണക്കാക്കുന്നതിന് വലിയ പ്രയത്നം വേണ്ടി വരുന്നു. അതുകൊണ്ട് ഓരോ ഇനം ഉൽപ്പന്നങ്ങളുമെടുത്ത് (വർക്ക്സ് കോൺട്രാക്ട്, ഗോൾഡ്, വൈറ്റ് ഗുഡ്സ്) ഒരു സ്കൂട്ടിനി മോഡ്യൂൾ (ഒരു സോഫ്റ്റ്വെയർ)

ഉണ്ടാക്കിയിട്ടുണ്ട്. ആ സോഫ്റ്റ്‌വെയറിൽ ഓരോ വർഷത്തെയും കീയായിട്ടുള്ള ഡാറ്റകൾ മാത്രം എന്റർ ചെയ്താൽ അതിന്റെ കണക്ക് ശരിയാണോ നികുതി എത്രയാണെന്നുള്ളത് ഈ സോഫ്റ്റ്‌വെയർ പറയും. അത് ഒരു കോടതിയിലും തർക്കമുണ്ടാക്കാൻ പറ്റുന്ന കാര്യങ്ങളല്ല. ഇതിനുവേണ്ടി വ്യാപാരികളുടെ അടുത്ത് പോകേണ്ട കാര്യവുമില്ല. അവർ സമർപ്പിച്ചിട്ടുള്ള annual return-ൽ നിന്നും എടുത്ത് വയ്ക്കാവുന്നതാണ്. പക്ഷെ ഒരു കുഴപ്പം പറ്റി, എളുപ്പത്തിനുവേണ്ടി ഒരുപാട് പേർ 2011-12 മുതലുള്ള മുഴുവൻ കണക്കും ലോ പ്രോഫിറ്റ് ആന്റ് ലോസ് അക്കൗണ്ട് ടേൺ ഓവർ വേണമെന്നുപറഞ്ഞ് നോട്ടീസ് അയച്ചിരിക്കുകയാണ്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, വളരെ കുറച്ച് ടേൺഓവർ ഉള്ള ചെറിയ കടക്കാർക്കുപോലും നോട്ടീസ് അയച്ചിരിക്കുകയാണ്. അതാണ് ഇവിടുത്തെ പ്രശ്നം. വൻകിടക്കാരെ പിടിച്ചാൽ ഇവിടെ ആർക്കും പ്രശ്നമില്ല.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: ഞാൻ സഭയിൽ ഒരു കാര്യം പറയുകയാണ്, ഒരു കോടി രൂപയേക്കാൾ കൂടുതൽ ടേൺഓവർ ഉള്ളവരെ മാത്രമേ ഇപ്പോൾ എടുക്കുകയുള്ളൂ. അതുതന്നെ, ഞങ്ങളുടെ കയ്യിൽ തന്നിട്ടുള്ള റിട്ടേൺസും കാര്യങ്ങളും സ്ക്രൂട്ടിനി മോഡ്യൂൾ ഫിൽ അപ് ചെയ്ത് എന്തെങ്കിലും മിസ്സിംഗ് ഉണ്ടെങ്കിൽ അത് മാത്രമേ ചോദിക്കുകയുള്ളൂ. ഗോൾഡിന്റെ കാര്യത്തിൽ ഒരു ചെറിയ പ്രശ്നം കൂടി

വന്നിട്ടുണ്ട്... അതിനുമുമ്പ് ശ്രീ. മോൻസ് ജോസഫ് കോൺട്രാക്ടർമാരുടെ കാര്യം പറഞ്ഞു. സർക്കാർ കോൺട്രാക്ടേഴ്സിന് നോട്ടീസയക്കേണ്ട ഒരാവശ്യവുമില്ല. കാരണം നികുതി പിടിച്ചിട്ടാണ് കൊടുക്കുന്നത്. പിന്നെ എന്താണ് അന്വേഷിക്കേണ്ടത്. That's out. ആ പ്രശ്നം തീർന്നു. അത് ഇനി അന്വേഷിക്കില്ല. രണ്ടാമത്തേത് ഗോൾഡിന്റേതാണ്. അതിൽ ഞാനും വിചാരിച്ചിരുന്നത് സിമ്പിളാണെന്നാണ്. നോക്കിയപ്പോൾ മോഡ്യൂളിൽ വന്ന ഒരു പ്രശ്നമെന്തെന്നുവച്ചാൽ കോമ്പോണ്ടിംഗ് തുടങ്ങിയപ്പോൾ വളരെ ലളിതമായിരുന്നു. മുൻവർഷത്തേക്കാൾ നിശ്ചിത ശതമാനം നികുതി വരുമാനം കൂടുതൽ തരണമെന്ന് ഓരോ വർഷവും ആവർത്തിച്ചുകൊണ്ടിരുന്നു. അങ്ങനെ പോയിരുന്നെങ്കിൽ പ്രശ്നമില്ല. 2011-2012-ൽ നിങ്ങളുടെ ആദ്യത്തെ ബഡ്ജറ്റിൽ ഒരു ചെറിയ കുനിഷ്ട് വന്നുകയറി. ഒന്നുകിൽ നികുതി ഇങ്ങനെ വർദ്ധിക്കും. അല്ലെങ്കിൽ ടേൺ ഓവറിന്റെ 1.2 ശതമാനം, ഏതാണോ കൂടുതൽ അതാണ് നികുതി എന്ന് വ്യവസ്ഥ വന്നു. ടേൺഓവർ പരിശോധിക്കണം എന്നുള്ള..... നേരത്തെ അത് ഇല്ല. അത് പറഞ്ഞാണ് എല്ലാവരെയും നമ്മൾ ഇതിലേയ്ക്ക് കൊണ്ടുവന്നത്. ടേൺഓവർ നോക്കുകയില്ല. നിങ്ങളുടെ കണക്ക് നോക്കുകയില്ല ഒരു ശല്യവുമില്ല. മുമ്പ് വന്നതിനേക്കാൾ ഫോർമുല വച്ച് കൂടുതൽ തന്നുകൊണ്ടിരുന്നാൽ മതിയെന്നാണ്.

യഥാർത്ഥത്തിൽ അത് ആരും പാലിച്ചിട്ടുമില്ല. മോഡ്യൂളിൽ വന്നപ്പോൾ ടേൺഓവറിന്റെ 1.2 ശതമാനം ഇല്ലേയെന്നുള്ളത് അവർ കൃത്യമായി നോക്കും. അത് എങ്ങനെയാണെന്നുള്ളത് നമുക്ക് പരിശോധിക്കാം. ഒരു കോടിയേക്കാൾ കൂടുതലുള്ളവരെ മാത്രമേ പരിഗണിക്കുന്നുള്ളൂ, പരിശോധനയ്ക്ക് വരുമ്പോൾ ഈ വേവലാതിയെല്ലാം പോകും. പല ചെറുകിട വ്യാപാരികളും എന്റെ അടുത്തും കൊണ്ടുവന്നു. അനുഭവത്തിന്റെ അടിസ്ഥാനത്തിൽ നമുക്ക് പരിശോധിക്കാം. നിങ്ങളെല്ലാവരും പറഞ്ഞത് നികുതി കൂട്ടുമെന്നല്ലേ? അത് സംബന്ധിച്ച് ഒരു പരിശോധന വേണ്ടേ? നിങ്ങളുടെ ഭരണകാലത്തല്ല ഞങ്ങളുടെ ഭരണകാലത്ത്......ഒരു പരിശോധന നടത്തി ഈ മോഡ്യൂളുകളിൽ കമ്പ്യൂട്ടർ പ്രോഗ്രാം വന്നതോടുകൂടി എനിക്ക് തോന്നി ഈ വർഷംകൊണ്ട് തന്നെ ഇതൊക്കെ തീർക്കാൻ സാധിക്കും. അടുത്ത വർഷം നല്ലൊരു ആംനിസ്റ്റി കൊണ്ടുവന്നാൽ ഈ പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന അദ്ധ്യായം അടയ്ക്കാൻ സാധിക്കും .

ശ്രീ. വി. ഡി. സതീശൻ: സർ, ഗോൾഡിന് ശരാശരി ഒരുവർഷം 25 ശതമാനം നികുതി വർദ്ധനവുണ്ടാകണം. അതല്ലേ നമുക്ക് ഉറപ്പുവരുത്തേണ്ടത്. അതിനുവേണ്ടിയാണ് ആ മോഡ്യൂൾ അറേഞ്ച് ചെയ്യേണ്ടത്. ആളുകൾ ഈ സിസ്റ്റത്തിൽ നിന്നും പുറത്തുപോകാൻ പാടില്ല, നമുക്ക് എല്ലാവർഷവും 25 ശതമാനം

നാച്വറലായ ഇൻക്രീസ് എല്ലാ വർഷവും ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അതാണ് കുറെവർഷമായി നടന്നുകൊണ്ടിരിക്കുന്നത്. അതിൽ ഒരു മാറ്റമുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാൻ സാധിക്കുമോ ?

ഡോ. ടി. എം. തോമസ് ഐസക്: ഞാൻ കുറ്റപ്പെടുത്തിയതല്ല. കണക്കുകൂട്ടുന്നതിൽ ടേൺഓവർ അനിവാര്യമാണെന്ന് എനിക്ക് ഇപ്പോഴാണ് മനസ്സിലായത്, കാരണം ഇങ്ങനെയൊരു ക്ലോസ് വന്നിട്ടുണ്ട്. അടയ്ക്കയുടെ കാര്യത്തിൽ അങ്ങനെയേ ചെയ്യൂ. നമുക്ക് നികുതി മാത്രം നിർണ്ണയിച്ചാൽ മതി ഇപ്പോൾ നികുതി 5 ശതമാനമാണ്, 2 ശതമാനം കുറയ്ക്കണമെന്ന് പറഞ്ഞപ്പോൾ അതിനുള്ള അധികാരമില്ല എന്നാണ് നിയമ വകുപ്പ് പറഞ്ഞത്.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇതുവരെ അവർ കർഷകരിൽ നിന്നും നികുതി പിരിക്കാത്തതാണ്. അത് കൊടുക്കണമെന്ന് പറയുന്നത് ചെറുകിട കർഷകരെ ബുദ്ധിമുട്ടിക്കില്ലേ എന്നാണ് എന്റെ ചോദ്യം?

ഡോ. ടി. എം. തോമസ് ഐസക്: സബ്ജക്ട് കമ്മിറ്റി കൂടുമ്പോൾ നിയമവകുപ്പിന്റെ അഭിപ്രായംകൂടി കേൾക്കാം, എനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല. എന്നാൽ അത് illegal ആണ്. സംസ്ഥാനത്തിന് സി.എസ്.ടി.-യിൽ ഇങ്ങനെ നികുതിയിൽ ഇളവ് കൊടുക്കാൻ നിയമം അനുവദിക്കുന്നില്ല എന്നുള്ളതാണ്

അവരുടെ അഭിപ്രായം. സബ്ജക്ട് കമ്മിറ്റിയിൽ ഈ വിഷയം വീണ്ടും പരിശോധിക്കാം. ഞാൻ ഇനി ദീർഘിപ്പിക്കുന്നില്ല. ഇവിടെ പ്രസംഗങ്ങളിൽ എല്ലാ കാര്യങ്ങളും നോട്ട് ചെയ്തിട്ടുണ്ട്. ഓരോരുത്തരെയും ബന്ധപ്പെടുത്തി സംസാരിക്കാൻ ഉദ്ദേശിക്കുന്നില്ല. നമ്മൾ തമ്മിൽ തർക്കിച്ച് തീർക്കേണ്ട കാര്യമുണ്ട്. എങ്ങനെയാണ് നിങ്ങൾ തുടങ്ങിവച്ച ഒരു നയം, നിങ്ങൾ ആവിഷ്കരിച്ച ഒരു നയം, അതിന്റെ തുടർച്ചയല്ലാതെ ഈ ബി.ജെ.പി. സർക്കാർ ഏതെങ്കിലും സാമ്പത്തിക നയം ആവിഷ്കരിച്ചിട്ടുണ്ടോ? പോരാത്തതിന് ഇത് മുഴുവൻ പറയുന്നത് ആരാണ്? ശ്രീ. പി. ചിദംബരം അല്ലേ? അതുതന്നെയാണ് നിങ്ങളുടെ ഏറ്റവും വലിയ ദൗബല്യവും, കാരണം ഇത്രയധികം കോർപ്പറേറ്റ് പൊസിഷൻ എടുത്തിട്ടുള്ള ധനകാര്യ വകുപ്പുമന്ത്രി അപൂർവ്വമാണ്. ഞാൻ അവസാനിപ്പിക്കുകയാണ്. ചർച്ച ചെയ്യാനുള്ള ബാക്കി കാര്യങ്ങൾ സബ്ജക്ട് കമ്മിറ്റിയിൽ വച്ച് ചർച്ച ചെയ്യാം. അടയ്ക്കയുടെ കാര്യമൊക്കെ അവിടെ വച്ച് പരിശോധിക്കാമെന്ന് പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>മി. സ്പീക്കർ</u>: ശ്രീ. അബ്ദുൽ ഹമീദ്. പി., അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. അബ്ദുൽ ഹമീദ്. പി</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. അബ്ദുൽ ഹമീദ്. പി. അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. ശശി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. കെ. ശശി: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. പി. കെ. ശശി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ ധനകാര്യബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെയും മരാമത്തും ഗതാഗതവും വാർത്താവിനിമയവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി V-ന്റെയും ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെയും സംയുക്ത പരിഗണനയ്ക്കായി സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...................

പ്രതികൂലിക്കുന്നവർ..........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി VIII-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

2018-ലെ കേരള ധനകാര്യ (2-ാം നമ്പർ) ബിൽ

മി. സ്പീക്കർ: ശ്രീ. എ. പ്രദീപ് കുമാർ അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(not in the seat)

ശ്രീ. എ. പ്രദീപ് കുമാർ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മുരളി പെരുന്നല്ലി, അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുരളി പെരുന്നെല്ലി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ശ്രീ. മുരളി പെരുന്നെല്ലി അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ ധനകാര്യ (2-ാം നമ്പർ) ബിൽ സാമ്പത്തികകാര്യങ്ങൾ സംബന്ധിച്ച VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ VIII-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കുന്നു.

(iii) 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(iv) 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിച്ചിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബില്ലും 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബില്ലും ആഭ്യന്തരകാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, യഥാർത്ഥത്തിൽ ഞാൻ സംസാരിക്കണമെന്ന് ഉദ്ദേശിച്ചതല്ല. തെറ്റായ ഒരു സന്ദേശം നമ്മുടെ പൊതുസമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട് കഴിഞ്ഞ കുറച്ച് ദിവസങ്ങളായി വന്നുകൊണ്ടിരിക്കുകയാണ്. പ്രത്യേകിച്ച് നമ്മുടെ പത്രദൃശ്യ മാധ്യമ സുഹൃത്തുക്കൾ, കേരളത്തിന്റെ പൊതുസ്വത്ത് ഭരണ-പ്രതിപക്ഷഭേദമന്യേ വീതിച്ചെടുക്കുന്നു എന്ന സന്ദേശമാണ് കൊടുത്തിരിക്കുന്നത്. ഈ രൂപത്തിലുള്ള പ്രചരണങ്ങൾ തികച്ചും നിരാശാജനകമാണ്. 14-03-2018-നാണ് കാബിനറ്റ് ഈ ബിൽ അംഗീകരിച്ചത്. Payment of Salaries and Allowance Act പ്രകാരം മന്ത്രിമാർക്കും സ്പീക്കർമാർക്കും ഡെപ്യൂട്ടി സ്പീക്കർമാർക്കും നിയമസഭാംഗങ്ങൾക്കുമുള്ള ആനുകൂല്യം ഭരണഘടനാപരമായിട്ടുള്ളതാണ്. അത് ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 164(5), 156, 195 read with article 238 പ്രകാരം ഇത് ഉറപ്പുനൽകുന്നതാണ്. Constituent Assembly-യിൽ നിയമസഭാസാമാജികരുടെ ശമ്പളത്തെയും അലവൻസിനെയും സംബന്ധിച്ചുള്ള

ചർച്ചയെത്തുടർന്നാണ് ഇത് ഭരണഘടനാബത്തമായത്. ഇന്ത്യൻഭരണഘടനയ്ക്ക് രൂപം കൊടുക്കുന്നത് ബ്രിട്ടീഷ് പാർലമെന്ററി സിസ്റ്റത്തിന്റെ തുടർച്ചയായിട്ടാണ്. ഇന്ത്യൻ ഭരണഘടനയുടെ ഉറവിടത്തിന്റെ പ്രധാനപ്പെട്ട സ്രോതസ് എന്നുപറയുന്നത് ബ്രിട്ടീഷ് പാർലമെന്ററി സിസ്റ്റമാണ്. അവിടെ 1895-ൽ ഒരു പ്രമേയം ഹൗസ് ഓഫ് കോമൺസിൽ വന്നു. ഹൗസ് ഓഫ് കോമൺസിൽ റീസണബിൾ അലവൻസ് ഉറപ്പ് വരുത്തണമെന്ന് ആ പ്രമേയം വഴി ഒരു നിയമം കൊണ്ടുവരികയാണ്. അതിന്റെ തുടർച്ചയെന്ന നിലയിലാണ് ഇന്ത്യൻ പാർലമെന്റ് ഇത് ഭരണഘടനാബത്തമാക്കിയത്. ഇതിന്റെ ഭാഗമായി ഓരോ സംസ്ഥാനങ്ങളും ഇതിനനുസരിച്ചുള്ള നിയമം ഉണ്ടാക്കണമെന്നുള്ളത് മാൻഡേറ്ററിയാണ്.

The salaries and allowances of Ministers shall be such as the Legislature of the State may from time to time by law determined until the Legislature of the State so determined shall be as specified in the Second Schedule. വിവിധ സംസ്ഥാനങ്ങൾ നിയമനിർമ്മാണം രൂപം കൊടുക്കുന്നതിനുമുമ്പ് ഭരണഘടനയുടെ രണ്ടാം ഷെഡ്യൂളിലാണ് സാലറീസ് ആന്റ് അലവൻസസ്സുമായി ബന്ധപ്പെട്ടുള്ള വിശദാംശങ്ങളുള്ളത്. പിന്നീട് ഓരോ സംസ്ഥാനങ്ങളും, ബന്ധപ്പെട്ട നിയമസഭകൾ നിയമം പാസ്സാക്കി ഈ

ആനുകൂല്യങ്ങൾ നിയമസഭാ സാമാജികരും മന്ത്രിമാരും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും ചീഫ് വിപ്പും പ്രതിപക്ഷനേതാവും വാങ്ങുകയാണ്. അല്ലാതെ ഏതെങ്കിലും ഒരു എക്സിക്യൂട്ടീവ് ഓർഡറിന്റെ അടിസ്ഥാനത്തിലല്ല ഈ ആനുകൂല്യം വാങ്ങുന്നത്. Article 186 - Salaries and allowances of the Speaker and Deputy Speaker and Chairman and Deputy Chairman. - There shall be paid to the Speaker and the Deputy Speaker of the Legislative Assembly, and to the Chairman and the Deputy Chairman of the Legislative Council, such salaries and allowances as may be respectively fixed by the Legislature of the State...... ഇതിന്റെ അടിസ്ഥാനത്തിലാണ് 1951-ൽ കേരള സംസ്ഥാനം നിയമം കൊണ്ടുവരുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 34-ഓളം ഭേദഗതികൾ ഇതുവരെ കൊണ്ടുവന്നു. അതിന്റെ ഭാഗമായാണ് ഈ ആനുകൂല്യങ്ങൾ ഇന്ന് നിയമസഭാ സാമാജികർ അനുഭവിക്കുന്നത്. മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, നിയമസഭാ സാമാജികർ തുടങ്ങിയവരുടെ ശമ്പളവും ബത്തകളും നിയമസഭ പാസ്സാക്കുന്ന ഒരു നിയമനിർമ്മാണത്തിലൂടെ നിശ്ചയിക്കണമെന്ന് ഭരണഘടന വ്യവസ്ഥ ചെയ്തു. അതുപ്രകാരം ആദ്യമായി ഈ ഭരണഘടനാ വ്യവസ്ഥയുടെ

അടിസ്ഥാനത്തിലാണ് Travancore-Cochin Payment of Salaries & Allowances Act 1951 എന്ന നിയമം തിരു-കൊച്ചി സംസ്ഥാനം പാസ്സാക്കിയത്. കേരള സംസ്ഥാന രൂപീകരണത്തോടെ തിരു-കൊച്ചി സംസ്ഥാനത്തിന് ബാധകമായിരുന്ന ഈ ആക്ട്, The Payment of Salaries and Allowances Act 1951 എന്ന പേരിൽ കേരള സംസ്ഥാനത്താകെ ബാധകമായി. ഇതുവരെ 34 ഭേദഗതികൾ ഈ ആക്ടിന്റെ പരിധിയിൽ വരുന്നുണ്ട്. അവസാനമായി ഈ ആക്ടിൽ ഭേദഗതി വരുത്തിയത് 2017-ലാണ്. മന്ത്രിമാർക്കും സ്പീക്കർക്കും മറ്റും നിലവിൽ ലഭിക്കുന്ന അടിസ്ഥാന ശമ്പളമായ ആയിരം രൂപ, മുമ്പുണ്ടായിരുന്നത് എണ്ണൂറ് രൂപയിൽനിന്നും ആയിരം രൂപയായി വർദ്ധിപ്പിച്ചത് 1974-ലാണ്. 2012-ലെ ഭേദഗതി വഴിയാണ് മന്ത്രിമാർക്കും സ്പീക്കർക്കും നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന Constituency allowance 12,000 രൂപയായത്. നിയമസഭാ സാമാജികരുടെ നിലവിലുള്ള constituency allowance-ഉം conveyance allowance-ഉം യഥാക്രമം 12,000 രൂപയായും 10,500 രൂപയായും വർദ്ധിപ്പിച്ചത് 2012-ലെ ഭേദഗതിയുടെ ഭാഗമായാണ്. ഇത് നിലവിൽ വന്നതിനുശേഷം ഇപ്പോൾ 5 വർഷത്തിലധികം പിന്നിട്ടിരിക്കുന്നു.

ഇക്കാലയളവിൽ സംസ്ഥാനത്ത് വിലനിലവാര സൂചികയിൽ ക്രമാതീതമായ വർദ്ധനവുണ്ടായി. സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, പൊതുമേഖലയിലെ ജീവനക്കാർ, മറ്റ് സംഘടിത മേഖലയിലെ ജീവനക്കാർ തുടങ്ങിയ ജീവനക്കാരുടെയും തൊഴിലാളികളുടെയും സേവന-വേതന വ്യവസ്ഥകൾ 5 വർഷത്തിലൊരിക്കൽ പരിഷ്കരിച്ചു. ആ കീഴ്വഴക്കമാണ് നമ്മുടെ സംസ്ഥാനത്തുള്ളത്. 2012-ലെ പരിഷ്കരണത്തിനുശേഷം വില നിലവാരത്തിലുണ്ടായിട്ടുള്ള ക്രമാതീതമായിട്ടുള്ള വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ്, നിയമസഭാ സാമാജികർ എന്നിവരുടെ ശമ്പളവും ബത്തകളും കൂടാതെ, മുൻ നിയമസഭാ സാമാജികരുടെ പെൻഷനും മറ്റ് അലവൻസുകളും വർദ്ധിപ്പിക്കേണ്ടതുണ്ടോ എന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ റിട്ടയേർഡ് ഹൈക്കോടതി ജഡ്ജി ജെയിംസിനെ കമ്മീഷനായി ബഹുമാനപ്പെട്ട സ്പീക്കർ നിശ്ചയിച്ചു. ഈ രൂപത്തിൽ ഒരു റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ അങ്ങ് നിശ്ചയിക്കാൻ നിർബന്ധിക്കപ്പെട്ടത്, ഇത് സുതാര്യമാകണമെന്നുള്ളതും ആനുകൂല്യം പറ്റുന്നത് ഒരു രൂപത്തിലും നിയമവിരുദ്ധമാകാൻ പാടില്ലെന്നതും exorbitant ആകാൻ പാടില്ല എന്നുള്ളതുകൊണ്ടും അത്

റീസണബിളായിരിക്കണമെന്നതും ജൂഡീഷ്യൽ സ്കൂട്ടിണി ആവശ്യമാണെന്നുള്ളതും കൊണ്ടാണ് ബഹുമാനപ്പെട്ട സ്പീക്കർ ജെയിംസ് കമ്മീഷനെ നിയമിച്ചത്. 2017 ആഗസ്റ്റ് 22-ാം തീയതി റിപ്പോർട്ട് സമർപ്പിച്ചു. ആ റിപ്പോർട്ട് ലഭിച്ചിട്ട് ഇപ്പോൾ 7 മാസം കഴിഞ്ഞു. ജയിംസ് കമ്മീഷൻ റിപ്പോർട്ട് വിശദമായി പഠിച്ച ശേഷം റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഏതാനും ചില ഭേദഗതികളോടെ അംഗീകരിച്ച് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചു. സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തുകൊണ്ട് ജെയിംസ് കമ്മീഷൻ ശിപാർശ ചെയ്തത്, കുറഞ്ഞ തുകയാണ് ശമ്പളമായി നൽകാൻ ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഒന്ന്, ഇത് നിയമപരമായിരുന്നു. മാത്രമല്ല, ഒരു ജൂഡീഷ്യൽ സ്കൂട്ടിണി നടത്തി. അതിന്റെ ഭാഗമായി കണ്ട ഫൈന്റിംഗിനെക്കാളും കുറഞ്ഞ നിരക്കിലാണ് ഭേദഗതിയുടെ ഭാഗമായി അലവൻസുകളും ശമ്പളവും നിശ്ചിച്ചിട്ടുള്ളത്. ശമ്പളപരിഷ്കരണവുമായി ബന്ധപ്പെട്ട് അടിസ്ഥാന ശമ്പളം 1000 രൂപയും ക്ഷാമബത്ത 32,000 രൂപയും മണ്ഡലം അലവൻസ് 12,000 രൂപയും കൺവേയൻസ് അലവൻസ് 10,500 രൂപയും ചേർത്ത് 55,500 രൂപയാണ് മന്ത്രിമാർക്കും സ്പീക്കർക്കും ഡെപ്യൂട്ടി സ്പീക്കർക്കും പ്രതിപക്ഷനേതാവിനും ഇപ്പോൾ ലഭിച്ചുവരുന്നത്. ഇതിൽ നിന്നും

മനസ്സിലാക്കേണ്ടത്, 1974-ലെ 1000 രൂപ അടിസ്ഥാന ശമ്പളം ലഭിക്കുമായിരുന്ന ഇൻഡക്സിനെ അടിസ്ഥാനപ്പെടുത്തിയാണ് 32,000 രൂപ ക്ഷാമബത്ത കണക്കാക്കിയിട്ടുള്ളത്. 1974-ൽ 1000 രൂപ ശമ്പളം വാങ്ങുമ്പോൾ പിന്നീടുള്ള ഓരോ വർഷവും ഡി.എ. വർദ്ധിപ്പിച്ചാണ് 32,000 രൂപയിലേയ്ക്ക് വന്നിട്ടുള്ളത്. അന്ന് 2000 രൂപയായിരുന്നു അടിസ്ഥാന ശമ്പളമെങ്കിൽ ഇതിന്റെ ഇരട്ടിയായിരിക്കും ഡി.എ. ഉണ്ടാകുക. 1,10,000 രൂപ ശമ്പളവും 15,000 രൂപ മണ്ഡലം അലവൻസും 10,500 രൂപ കൺവേയൻസ് അലവൻസും ഉൾപ്പെടെ 1,43,000 രൂപയാണ് കമ്മീഷൻ ശിപാർശ ചെയ്തത്. അദ്ദേഹം ഇന്ത്യാ രാജ്യത്തിന്റെ പല നിയമസഭാ അസംബ്ലികളിലെയും ശമ്പളവും അലവൻസുമെല്ലാം സമഗ്രമായി പഠിച്ച് ശാസ്ത്രീമായി രൂപം കൊടുത്തിട്ടുള്ളതാണ് ഈ റിപ്പോർട്ട്. അടിസ്ഥാന ശമ്പളമായ 2000 രൂപയും 31,367 രൂപ ക്ഷാമബത്തയും ചേർത്ത് 33,367 രൂപ പ്രതിമാസ ശമ്പളവും അതിനുപുറമെ 40,000 രൂപ മണ്ഡലം അലവൻസും 17,000 രൂപ കൺവേയൻസ് അലവൻസും ചേർത്ത് പ്രതിമാസം ആകെ 90,367 രൂപയാണ് പരിഷ്കരണം വഴി ബില്ലിൽ നിർദ്ദേശിക്കുന്നത്. അതായത് 1,43,000 രൂപയിൽനിന്ന് 90,367 രൂപയാക്കി ചുരുക്കുകയാണ് ചെയ്തത്. ഈ

പരിഷ്ക്കരണത്തിന് 2018 ഏപ്രിൽ മാസം ഒന്നുമുതൽ പ്രാബല്യം നൽകാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. വേണമെങ്കിൽ ഇതിന് റിട്രോസ്പെക്ടീവ് ഇഫക്ട് കൊടുക്കാം. കാരണം ഇത് ഡ്യൂ ആയി കിടക്കുന്നുണ്ട്. വേണമെങ്കിൽ കമ്മീഷൻ റിപ്പോർട്ട് as such അംഗീകരിക്കാം. ഗവൺമെന്റ് അതിനും നിന്നിട്ടില്ല. കാരണം ഇത് ഇന്നത്തെ സാഹചര്യത്തിൽ അനധികൃതമായി ആനുകൂല്യങ്ങൾ ജനപ്രതിനിധികൾ പറ്റുന്നുവെന്നൊരു സന്ദേശം സമൂഹത്തിൽ പോകാതിരിക്കുന്നതിനുള്ള ശക്തമായുള്ള precaution ആണ് സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്. ഇതിനുപുറമെ എം.എൽ.എ.മാർക്ക് നൽകുന്നതുപോലെ, പലിശരഹിത വാഹന വായ്പ 10 ലക്ഷം രൂപയും 4 ശതമാനം പലിശ നിരക്കിൽ 20 ലക്ഷം രൂപ ഭവന നിർമ്മാണ വായ്പയും മന്ത്രിമാർക്കും സ്പീക്കർക്കും മറ്റും നൽകുന്ന വ്യവസ്ഥയും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് മന്ത്രിമാരുടെ യാത്രാബത്ത സംബന്ധിച്ച് ഇതിൽ പൂർണ്ണമായും കൊടുത്തിട്ടുണ്ട്. സംസ്ഥാനത്തിനകത്ത് ഒരു കിലോമീറ്ററിന് 10 രൂപയാണ്; അത് 15 രൂപയായി വർദ്ധിപ്പിക്കുകയാണ്. റോഡ് മൈലേജിന് 50 പൈസ ഇൻസിഡന്റൽ എക്സ്പെൻസുള്ളത് രണ്ട് രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. ദിന ബത്ത 750 രൂപയായിരുന്നത്

ആയിരം രൂപയാക്കി വർദ്ധിപ്പിക്കുകയാണ്. റെയിൽ യാത്ര 50 പൈസയുള്ളത് ഒരു രൂപ ഇൻസിഡന്റൽ ചാർജ്ജായി കൊടുക്കുകയാണ്. വിമാനയാത്രാക്കൂലിയുടെ അഞ്ചിലൊന്നാണ്. 125 രൂപയാണ് ഇൻസിഡന്റൽ എക്സ്പെൻസായി വാങ്ങുന്നത്. അത് പരമാവധി 500 രൂപ. സംസ്ഥാനത്തിന് പുറത്താണെങ്കിൽ റോഡ് മൈലേജ് കിലോമീറ്ററിന് 10/- രൂപയും ഇൻസിഡെന്റൽ എക്സ്പെൻസായി 50 പൈസയുമായിരുന്നു നിലവിലുണ്ടായിരുന്നത്. ആ ഇൻസിഡെന്റൽ എക്സ്പെൻസ് ഒഴിവാക്കി കിലോമീറ്ററിന് 15/- രൂപയായാണ് പരിഷ്കരിക്കുന്നത്. റോഡ് മൈലേജ്, ഗസ്റ്റ് ഹൗസിൽ നിന്നാണ് വാഹനം എടുക്കുന്നതെങ്കിൽ 50 പൈസയാണ് നിലവിലുണ്ടായിരുന്നത്. അത് 2 രൂപയാക്കുകയാണ്. ദിനബത്ത 900/- രൂപയായിരുന്നു. അത് 1,500/- രൂപയാക്കുകയാണ്. നിയമസഭാ സാമാജികരുടെ അലവൻസുമായി ബന്ധപ്പെട്ട പരിഷ്കരണം ഈ രൂപത്തിലാണ്. റോഡ് മൈലേജ് 7/- രൂപയിൽനിന്നും 10/- രൂപയാക്കും, ദിനബത്ത 750/- രൂപയിൽനിന്നും 1,000/- രൂപയാക്കും. റെയിൽ യാത്രയ്ക്ക് ഇൻസിഡെന്റൽ എക്സ്പെൻസ് കിലോമീറ്ററിന് 25 പൈസയായിരുന്നത് ഒരു രൂപയാക്കും. വിമാന യാത്ര പരമാവധി 500/- രൂപയായിരുന്നു. നിയമസഭാ സാമാജികർക്ക് നിലവിൽ 39,500/- രൂപയാണ് വിവിധ അലവൻസുകളായി

ലഭിക്കുന്നത്. ഇത് 87,000/- രൂപയായി വർദ്ധിപ്പിക്കണമെന്നാണ് കമ്മീഷൻ ശിപാർശ ചെയ്തത്. നിയമസഭാ സാമാജികരുടെ പ്രതിമാസ അലവൻസ് 70,000/- രൂപയായി വർദ്ധിപ്പിക്കാനാണ് ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത്. അതായത് 87,000/- രൂപയിൽ നിന്നും 17,000/- രൂപ അവിടെയും ചുരുക്കുകയാണ്. ഇതിനുപുറമെ എം.എൽ.എ.മാർക്ക് വർഷത്തിൽ 50,000/- രൂപയിൽ കവിയരുതെന്ന നിബന്ധനയോടെ വിമാനയാത്ര നടത്തുന്നതിനുള്ള ഒരു പുതിയ വ്യവസ്ഥകൂടി ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതായത് മാസത്തിൽ പരമാവധി 4,000/- രൂപയുടെ വിമാനയാത്ര നടത്താൻ സാധിക്കും. മേൽപ്പറഞ്ഞ പരിഷ്കരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടുകൊണ്ട് 1951-ലെ ശമ്പളവും ബത്തകളും നൽകൽ ആക്ടിൽ 3, 4, 5C, 5D പുതിയത്, 6(2), 8(1)(a), 8(1)(aa), 8(1)(b), 8A(5), 8A(5A), 8B എന്നീ വകുപ്പുകളിലും ഷെഡ്യൂളിലും ഭേദഗതി ആവശ്യമാണ്. ഈ ഭേദഗതികൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് ഈ ബിൽ.

എൽ.ഡി.എഫ്. ഗവൺമെന്റ് ചെലവ് ചുരുക്കലിന് വലിയ പ്രാധാന്യമാണ് നൽകിയിരുന്നത്. ഞങ്ങൾ അധികാരത്തിൽ വരുമ്പോൾ മുൻ സർക്കാരിൽ 21 മന്ത്രിമാരും മന്ത്രിമാരുടെതന്നെ സ്റ്റാറ്റസിൽ ഒരു ചീഫ് വിപ്പുമടക്കം 22 പേരുണ്ടായിരുന്നു. അത് 19 ആക്കി ചുരുക്കി. ഫിനാൻസ് ഡിപ്പാർട്ടുമെന്റിൽ ലഭിച്ച

കണക്കനുസരിച്ച്, 19 ആക്കി ചുരുക്കുമ്പോൾ ഒരു വർഷം 7,54,78,800/- രൂപയാണ് സേവിംഗ്സ് ഉണ്ടാകുന്നത്. ഈ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി, ഇപ്പോൾ ഞാൻ ഇവിടെ അവതരിപ്പിച്ച ഭേദഗതി ബില്ലിന്റെ ഭാഗമായി 5,25,75,576/- രൂപയുടെ വർദ്ധനവാണ് വരുന്നത്. അങ്ങനെ നോക്കിക്കഴിഞ്ഞാൽ ഇപ്പോൾ ലഭിക്കുന്ന ആനുകൂല്യം യഥാർത്ഥത്തിൽ ഈ ഗവൺമെന്റ് വേണ്ടെന്ന് വച്ച ആനുകൂല്യവുമായി താരതമ്യം ചെയ്യുമ്പോൾ വേണ്ടെന്ന് വച്ചതാണ് കൂടുതൽ. അപ്പോൾ ഒരു രൂപത്തിലും സാമ്പത്തിക ബാധ്യത ഗവൺമെന്റിന് ഏൽക്കുന്നില്ല. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എന്തെല്ലാം പ്രചരണങ്ങളാണ് നടക്കുന്നത്. നിർഭാഗ്യകരമായ കുറെ പ്രചരണങ്ങൾ. വീട് റിപ്പയർ നടത്തുമ്പോൾ കർട്ടൻ വച്ചുകൂടാ. 5 വർഷത്തിലൊരിക്കൽ സാധാരണ നമ്മുടെ വീടുകളൊക്കെത്തന്നെ റിപ്പയർ ചെയ്യുകയും കർട്ടനുകൾ മാറ്റാറുമില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീട്ടിൽ യു.എ.ഇ.-യിലെ ഭരണാധികാരി വന്നപ്പോൾ നിലവിലുള്ള കർട്ടൻ മാറ്റിയതും ആരോപണമായാണല്ലോ വരുന്നത്. സാധാരണ നിലയിൽ നമ്മളൊക്കെ താമസിക്കുന്ന ഒഫീഷ്യൽ വീട്ടിൽ 10-22 വിൻഡോകളുണ്ട്. അതിൽ കെട്ടുനാറിയ കർട്ടനുകളാണുള്ളത്. അടുക്കാൻ പറ്റില്ല. 5 കൊല്ലമായി കിടക്കുകയല്ലേ; അത് മാറ്റി 10,000/- രൂപയുടെയും 20,000/- രൂപയുടെയും കർട്ടൻ

വാങ്ങിയാൽ ആർഭാടമാണ്, എന്താണ് ജനപ്രതിനിധികൾ ചെയ്യുന്നത്; ഇതാണോ ജനപ്രതിനിധികൾ ചെയ്യേണ്ടത്; ഈ രൂപത്തിലുള്ള പ്രചരണവും മനസ്സിലാക്കാം. പിന്നൊരു ഘട്ടത്തിൽ അത് എവിടത്തോളം എത്തിയെന്ന് അറിയാമോ; എന്തിനാണ് കാശില്ലാത്തവൻ, പണമില്ലാത്തവൻ മത്സരിക്കുന്നത്, ഈ രൂപത്തിലേയ്ക്കുള്ള സന്ദേശത്തിലേയ്ക്ക് എത്തി. ഒരു കാലഘട്ടത്തിൽ ടാക്സ് കൊടുക്കുന്നവനായിരുന്നു വോട്ടവകാശമുണ്ടായിരുന്നത്. അതായത് പണക്കാരനാണ് വോട്ടവകാശം ഉണ്ടായിരുന്നത്. അവിടെ നിന്ന് മാറി പണമില്ലാത്തവും വോട്ടവകാശം ഉണ്ടായത് ഒരു വലിയ പോരാട്ടത്തിന്റെ ഭാഗമായാണ്. ആ തെറ്റായ ചിന്താഗതിയാണ് ഇപ്പോഴും ചില ആളുകളെ നയിക്കുന്നത്. ഇതേ വാദക്കാർ ചോദിക്കുന്നതാണ്, എന്തിന് റിസർവേഷനെന്നും മെരിറ്റിൽ കൊടുത്താൽ പോരേയെന്നും. എന്തിനാണ് പാവപ്പെട്ടവന് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ കൊടുക്കുന്നത്; പണമില്ലാത്തവൻ എന്തിനാണ് പഠിക്കുന്നത്; ഈ സന്ദേശവും ഇതിന്റെ ഭാഗമായാണ് വരുന്നത്. ഇന്ത്യാ രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ ആരോഗ്യകരമായ ഉള്ളടക്കമെന്ന് പറഞ്ഞുകഴിഞ്ഞാൽ അത് സാമൂഹ്യനീതിയിൽ അധിഷ്ഠിതമാണ്. പാവപ്പെട്ടവന് മത്സരിക്കാം, പിന്നോക്കക്കാരന് മത്സരിക്കാം, മുന്നോക്ക സമുദായത്തിലെ പാവപ്പെട്ടവനും മത്സരിക്കാം. കാശുള്ളവനേ

മത്സരിക്കേണ്ടതുള്ളൂ എന്ന രൂപത്തിലുള്ള സന്ദേശം ഈ പ്രചരണത്തിന്റെ ഭാഗമായി ടി.വി.യിൽ വരുന്നു. അത് നിർഭാഗ്യമാണ്. അതിലൊക്കെ ഒരു ലക്ഷം രൂപ പെൻഷൻ ലഭിക്കുന്ന ആളുകളാണ് വീമ്പിളക്കുന്നത്. അയാളെക്കൊണ്ട് ഈ സമൂഹത്തിന് ഒരു ഉപകാരവുമില്ല. എല്ലാരെപ്പറ്റിയുമല്ല ഞാൻ പറയുന്നത്. ഈ പറയുന്ന സാമ്പത്തിക വിദഗ്ദ്ധന്മാരും റിട്ടയർ ചെയ്ത ചില ഐ.എ.എസ്. ഉദ്യോഗസ്ഥന്മാരെയുമാണ്. അപ്പുറത്തെയും ഇപ്പുറത്തെയും ജനപ്രതിനിധികൾ നാടിനുവേണ്ടിയാണല്ലോ, അവരുടെ കുടുംബത്തെയല്ലല്ലോ നോക്കുന്നത്. കുടുംബത്തെ നോക്കാൻ സമയമുണ്ടോ; ഒരു കോൺസ്റ്റിറ്റ്യുവൻസിയിൽ ഒരു നിയമസഭാ സാമാജികനെന്ന് പറഞ്ഞാൽ പഴയതുപോലെയാണോ; ഉറങ്ങാൻ പറ്റുമോ; മര്യാദയ്ക്ക് ഭക്ഷണം കഴിക്കാനുള്ള സമയമുണ്ടോ; എന്ത് പ്രശ്നമുണ്ടായാലും ഇടപെടണ്ടേ; എത്ര സാമ്പത്തിക ബാധ്യത വരുന്നുണ്ട്, എത്ര ബുദ്ധിമുട്ട് വരുന്നുണ്ട്, എത്ര ടെൻഷൻ വരുന്നുണ്ട്. എത്ര ആൾക്കാർക്കാണ് അസുഖം. പ്രായമാകുന്നതിനേക്കാൾ മുമ്പേ അസുഖമില്ലാത്ത, പ്രഷറും ഷുഗറും കൊളസ്ട്രോളുമില്ലാത്ത എത്ര ജനപ്രതിനിധികൾ ഇവിടെയുണ്ട്. ടെൻഷനാണ് ഇതിന്റെയൊക്കെ കാരണം. ഇതിന്റെയെല്ലാം ഭാഗമായി എന്തെങ്കിലും അനധികൃതമായി സമ്പാദിക്കുന്നുണ്ടോ; സോഷ്യൽ ഓഡിറ്റിംഗ് നടത്തിക്കോട്ടെ;

ഞാൻ തയ്യാറാണ്. ഒരു ജനപ്രതിനിധിയുടെ അക്കൗണ്ടിൽ എത്ര കാശുണ്ട്; ആ ജനപ്രതിനിധി ശമ്പളം വഴി അല്ലെങ്കിൽ അലവൻസുവഴി കിട്ടുന്നതിനപ്പുറം ഏതെങ്കിലും ഫണ്ട് വന്നിട്ടുണ്ടോ; ഏതെങ്കിലും സ്വത്ത് സമ്പാദിച്ചിട്ടുണ്ടോ; എല്ലാം പരിശോധിച്ചോട്ടെ. ഓരോ ജനപ്രതിനിധിയും താമസിക്കുന്നത് ആ പ്രദേശത്തല്ലേ; അവിടെ ഭരണപക്ഷവും പ്രതിപക്ഷവും പത്രക്കാരുമുണ്ട്, കണ്ടുപിടിക്കാമല്ലോ; സമുദായത്തിൽ ഒന്നിനും പറ്റാത്ത സാധനമാണ് ഈ ജനപ്രതിനിധികളെന്ന ഒരു സന്ദേശം, എല്ലാ ദൃശ്യമാധ്യമങ്ങളുമില്ല, ചിലതിൽ വളരെ മോശമായിട്ടാണ് പറയുന്നത്. ചില എം.എൽ.എ.മാർ എന്നോട് പറയുകയാണ്, നിങ്ങൾ എന്തിനാണ് ഇത് വർദ്ധിപ്പിച്ചത്, വർദ്ധിപ്പിച്ചില്ലായിരുന്നെങ്കിൽ എത്ര സുഖമായി നടക്കാമായിരുന്നു, ഇതിന്റെയൊന്നും ഒരു ആവശ്യവുമില്ല, ഇത് കേൾക്കാൻ വയ്യ. മനസ്സ് മടുക്കുകയാണ്. ഇത് ശരിയാണോ; ഞാൻ ഇത്രയും പറയാൻ നിർബന്ധിക്കപ്പെട്ടത്, യഥാർത്ഥത്തിൽ ഇതൊരു ഭരണഘടനാ വിരുദ്ധമായ കാര്യമല്ല. ഇത് ഭരണഘടനാ ദത്തമാണ്, mandatory ആണ്. നമ്പർ എഴുതിയെടുത്തതല്ല. ഒരു ജൂഡീഷ്യൽ ഓഫീസറുടെ സ്കൂട്ടിനിയുടെ ഭാഗമായിട്ടുള്ളതാണ്. അദ്ദേഹം പറഞ്ഞതിനേക്കാളും 10-15 ശതമാനം കുറവാണ്. മാത്രവുമല്ല, ഇത് ഡ്യൂ ആയി ഒരു വർഷം മുമ്പേ വരേണ്ടതാണ്. അതുപോലും

വേണ്ടെന്ന് വച്ച്, ഈ ബിൽ പാസ്സായതിനുശേഷം, അതായത് അടുത്ത മാസം ഒന്നാം തീയതി മുതൽക്കേ ഇത് പ്രാബല്യത്തിൽ വരൂ. ഇതാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ട് എനിക്ക് ചുരുക്കി സൂചിപ്പിക്കാനുള്ളത്. മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഇത് സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുകയാണ്.

ശ്രീ. കെ. വി. വിജയദാസ്: സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-03-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്: സർ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-04-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. മുരളീധരൻ: സർ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പാർലമെന്ററികാര്യ വകുപ്പുമന്ത്രി വളരെ വിശദമായിത്തന്നെ ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ കാരണങ്ങളെക്കുറിച്ച് വിശദീകരിക്കുകയുണ്ടായി. ഞാൻ അതിനോട് യോജിക്കുകയാണ്. ഭരണഘടനാപരമായി നമ്മുടെ ജനപ്രതിനിധികൾ ബത്തയും ശമ്പളവും അലവൻസും വാങ്ങാൻ നിർബന്ധിതരാണ്. ആർക്കെങ്കിലും വേണ്ടെങ്കിൽപ്പോലും ഒരു രൂപ... ഡോ. മൻമോഹൻ സിങ്ങ് ശമ്പളം വേണ്ട എന്ന് പറഞ്ഞതാണ് കാരണം റിസർവ് ബാങ്ക് ഗവർണ്ണറായും വേൾഡ് ബാങ്കിലുമൊക്കെ ജോലി ചെയ്തതിന്റെ ഫലമായി അദ്ദേഹത്തിന് ധാരാളം പെൻഷൻ ആനുകൂല്യങ്ങളുണ്ട്. അദ്ദേഹം പറഞ്ഞു, ഒരു രൂപ. ഒരു രൂപയെങ്കിലും വാങ്ങിയേ പറ്റുകയുള്ളൂ. ഭരണഘടനാപരമായി അത് വാങ്ങിയേ പറ്റൂ. അദ്ദേഹം പ്രധാനമന്ത്രിയായിരുന്ന 10 വർഷവും ഒരു രൂപയാണ് വാങ്ങിയത്. അത് സൂചിപ്പിക്കുന്നത് ഇത് ഭരണഘടനാപരമായ ഒരു അവകാശമാണ്. അത് വാങ്ങിയേ പറ്റുകയുള്ളൂ. നിർബന്ധിതമാണ്, ഭരണഘടനാനുസൃതമാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി വളരെ വികാരപരമായി പറഞ്ഞതിന്റെ കാരണം മറ്റൊന്നുമല്ല. ജനപ്രതിനിധികൾ എന്തോ വലിയ ആനുകൂല്യം നേടുന്നു എന്നുള്ള പ്രചരണം

നടക്കുന്നു എന്നതിന്റെ വെളിച്ചത്തിലാണ്. എല്ലാ മാധ്യമങ്ങളുമല്ല, ചില മാധ്യമങ്ങൾ ബോധപൂർവ്വമായി അങ്ങനെ ഒരു പ്രചരണം നടത്തുന്നുണ്ട്.

പണ്ട് നിയമസഭാ സാമാജികർ അവരുടെ ബത്ത, ശമ്പളം, ആനുകൂല്യങ്ങൾ എല്ലാം അവർ തന്നെ സ്വയം തീരുമാനിക്കുകയായിരുന്നു. ഞാൻ 1982-ൽ ഈ നിയമസഭയിൽ വന്ന ആളാണ്. അന്നൊക്കെ ഇത് തീരുമാനിക്കുന്നത് അംഗങ്ങൾ തന്നെ ആയിരുന്നു. കഴിഞ്ഞ ശ്രീ. ഉമ്മൻചാണ്ടി ഗവൺമെന്റാണ് അതിന് മാറ്റം വരുത്തിയത്. കാരണം എം.എൽ.എ.മാർ തന്നെ അവരുടെ ശമ്പളവും ബത്തയും തീരുമാനിക്കണ്ട. അതിനൊരു ജുഡീഷ്യൽ സംവിധാനം ഉണ്ടാക്കുക. റിട്ടയേർഡ് ഹൈക്കോടതി ജഡ്ജിയെ ഒരു കമ്മീഷനായി വച്ചുകൊണ്ട് 5 വർഷം കൂടുമ്പോൾ അത് പരിശോധിച്ചശേഷം ഒരു ശിപാർശ ബഹുമാനപ്പെട്ട സ്പീക്കർക്ക് സമർപ്പിക്കുക. സ്പീക്കർ അത് പരിശോധിച്ചശേഷം ഗവൺമെന്റിന് കൊടുത്ത് ക്യാബിനറ്റ് അത് പരിശോധിച്ചശേഷം നടപ്പാക്കുന്ന ഒരു സംവിധാനം കഴിഞ്ഞ ഗവൺമെന്റാണ് കൊണ്ടുവന്നത്. അത് നന്നായി. കാരണം ഓരോ 5 വർഷം കൂടുമ്പോൾ ഉണ്ടാകുന്ന മാറ്റങ്ങൾ, അതോടൊപ്പംതന്നെ സാഹചര്യങ്ങൾ. അതിനനുസരിച്ചുള്ള വർദ്ധനവിനെ കുറിച്ച് അംഗങ്ങൾ തീരുമാനിക്കേണ്ട. അത് ഒരു ജുഡീഷ്യൽ സ്ക്രൂട്ടിനി പോലെയുള്ള സംവിധാനം ഉണ്ടാകട്ടെ എന്ന് കരുതിയാണ് അങ്ങനെയൊരു നിലപാട്

സ്വീകരിച്ചത്. അത് വളരെ നന്നായി. ഇപ്പോൾ നമ്മൾ സ്വീകരിച്ച ഈ സമീപനം പാർലമെന്റും സ്വീകരിക്കുകയാണ്. കഴിഞ്ഞ തവണ ശ്രീ. അരുൺ ജെയ്റ്റ്‌ലി പാർലമെന്റിൽ പറഞ്ഞത് ഈ ഒരു സമീപനം പാർലമെന്റിലും സ്വീകരിക്കുന്നു എന്നുള്ളതാണ്. ഇന്ത്യയിലെ പല നിയമസഭാ സാമാജികൻമാരുമായി ബന്ധമുള്ള ഒരാളാണ് ഞാൻ. അവരെല്ലാം കേരള നിയമസഭയിലെ അംഗങ്ങൾക്ക് ലഭിക്കുന്നതിന്റെ ഇരട്ടി ആനുകൂല്യങ്ങളോ അതിൽ കൂടുതൽ സൗകര്യങ്ങളോ ലഭിക്കുന്നവരാണ്. അവർക്ക് ഇതിനേക്കാൾ കൂടുതൽ സൗകര്യങ്ങളും അതോടൊപ്പംതന്നെ സാഹചര്യങ്ങളും ഗവൺമെന്റ് ഒരുക്കിക്കൊടുക്കുന്നുണ്ട്. മുൻ മുഖ്യമന്ത്രിമാർക്ക് വീടും സൗകര്യങ്ങളുമുള്ള സംസ്ഥാനങ്ങളുണ്ട്. മുൻ എം.എൽ.എ.മാർക്ക് വലിയ തോതിലുള്ള പെൻഷൻ കൊടുക്കുന്നവയുണ്ട്. എം.എൽ.എ.മാരുടെ ശമ്പളം ഒന്നര ലക്ഷം വരെ കൂട്ടിയിട്ടുള്ള സംസ്ഥാനങ്ങളുമുണ്ട്. എം.പി.മാർക്ക് നിയോജക മണ്ഡലങ്ങളിൽ പോകാൻ വാഹനം, കളക്ടറേറ്റിൽ ഓഫീസ്, കളക്ടറേറ്റിലെ സൗകര്യങ്ങൾ, കളക്ടറേറ്റിൽ പ്രത്യേക സംവിധാനങ്ങൾ എന്നിവയൊക്കെ എം.പി.മാർക്ക്, കർണ്ണാടക, മഹാരാഷ്ട്ര, മധ്യപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിലൊക്കെ അതിന് പ്രത്യേകം സംവിധാനങ്ങളുണ്ട്. അതുപോലെതന്നെ വളരെയേറെ സംവിധാനങ്ങളും ആനുകൂല്യങ്ങളും കൊടുക്കുന്നുണ്ട്.

പക്ഷേ നമ്മൾ കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങളും കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതിയൊക്കെ വച്ച് അങ്ങനെയൊരു തീരുമാനത്തിലേയ്ക്ക് എത്താതിരിക്കുന്നത് പലപ്പോഴും പൊതുജന താൽപ്പര്യംകൂടി കണക്കിലെടുത്തുകൊണ്ടാണ്. ഇവിടെ സൂചിപ്പിച്ചത് 100 ശതമാനം ശരിയാണ്. ഇന്നൊരു എം.എൽ.എ. എന്നുപറഞ്ഞാൽ നിയോജക മണ്ഡലത്തിലെ ജനങ്ങളുടെ പ്രശ്നങ്ങൾ, അവരുടെ ആവലാതികൾ, അവിടെ ഉണ്ടാകുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളിലൊക്കെ സജീവമായി ഇടപെടാൻ ബാധ്യസ്ഥനായ ഒരു വ്യക്തിയാണ്. പണ്ടായിരുന്നുവെങ്കിൽ എം.എൽ.എ.മാർക്കും പാർലമെന്റ് അംഗങ്ങൾക്കും നിയമനിർമ്മാണം മാത്രമായിരുന്നുവെങ്കിൽ ഇന്ന് അതല്ല സ്ഥിതി. എല്ലാ ഭാഗത്തുമുള്ള എം.എൽ.എ.മാർ, എം.പി.മാരും ദൈനംദിന ജനങ്ങളുടെ പ്രശ്നങ്ങളിൽ ഇടപെട്ട് പ്രവർത്തിക്കാൻ ബാധ്യസ്ഥരാണ്. സ്വാഭാവികമായി ഒരു എം.എൽ.എ.യ്ക്കോ എം.പി.യ്ക്കോ വാഹനമില്ലാതെ സഞ്ചരിക്കാൻ കഴിയാത്ത സ്ഥിതിയാണ്. പണ്ട് ഞങ്ങളൊക്കെ അക്കാലത്ത് തിരുവനന്തപുരത്ത് വന്നത് ബസ്സിലായിരുന്നു. ഇന്നിപ്പോൾ ആ സാഹചര്യമില്ല. കാരണം അന്ന് ഉണ്ടായിരുന്നതിനേക്കാൾ ഇരട്ടി ജോലിഭാരം ഉണ്ടാകുന്നു. ടൈം കൺസ്യൂമിംഗ് ആണ്. അതുകൊണ്ടാണ് ഇന്ന് പലരും വാഹനങ്ങൾ ഉപയോഗിക്കേണ്ടി വരുന്നത്.

ഡീസലിനും പെട്രോളിനും ഉണ്ടാകുന്ന വിലവർദ്ധനവ് എന്നിവയെല്ലാം കാരണം സാധാരണ എം.എൽ.എ.മാർക്ക് പ്രവർത്തിക്കാൻ വളരെയേറെ ബുദ്ധിമുട്ടുള്ള സാഹചര്യം നിലവിലുണ്ട്.

ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതാണ്. ഇത് ഭരണഘടനാപരമായ ഒരു ആനുകൂല്യമാണ്. സത്യത്തിൽ അവർക്ക് നല്ല സൗകര്യങ്ങൾ കൊടുക്കുന്നത് അവരുടെ നല്ല പ്രവർത്തനങ്ങൾക്ക് ആവശ്യമാണെന്നുള്ളതാണ് എന്റെ പക്ഷം. അവരുടെ എഫിഷ്യൻസി വർദ്ധിപ്പിക്കണം. ഞാൻ നാല് തവണ പാർലമെന്റ് അംഗമായിരുന്ന ആളാണ്. പാർലമെന്റിലുള്ള സൗകര്യങ്ങൾ പരിശോധിച്ചാൽ ഒരു എം.പി.ക്ക് പ്രവർത്തിക്കാനുള്ള എല്ലാ സൗകര്യങ്ങളും പാർലമെന്റ് തന്നെ ലഭ്യമാക്കുകയാണ്. കൂടുതൽ എഫിഷ്യന്റായി പ്രവർത്തിക്കാൻ നമുക്ക് സാധിക്കും. പാർലമെന്ററി പ്രവർത്തനങ്ങളിൽ ഇടപെടാൻ കഴിയും. ലോകത്ത് എല്ലായിടത്തും പരിശോധിച്ചാൽ ഇത്തരം സൗകര്യങ്ങൾ ജനപ്രതിനിധികൾക്കുണ്ട്. അതൊന്നും ഒരു തെറ്റായ കാര്യമൊന്നുമല്ല. അത് അവരുടെ എഫിഷ്യൻസി വർദ്ധിപ്പിക്കാനും അതോടൊപ്പംതന്നെ അവർക്ക് നിയമനിർമ്മാണങ്ങളിലും ജനപ്രതിനിധികളായുള്ള പ്രവർത്തനത്തിനുമൊക്കെ വളരെയധികം നല്ല സംഭാവന ചെയ്യുന്ന തരത്തിലേയ്ക്ക്

അത് മാറ്റിയെടുക്കാനും കഴിയും. തന്നെയുമല്ല ഇതിനകത്ത് തന്നെയുള്ള ഒരു കാര്യമുണ്ട്. ഇവിടെ കർട്ടന്റെ കാര്യമൊക്കെ ചോദിക്കുന്നത് ആരാണ്; നമ്മൾ തന്നെയാണോ? പാർലമെന്റിൽ ഇത്തരം ചോദ്യങ്ങൾ സ്പീക്കർ disallow ചെയ്യും. ഒരു മന്ത്രിയുടെ വീട്ടിൽ എത്ര ചെലവുണ്ടായി; കാപ്പി കുടിച്ചതിന് എത്ര ചെലവ്; ഞാൻ അങ്ങയോട് പലതവണ പറഞ്ഞിട്ടുള്ളതാണ്. പാർലമെന്റിൽ ഈ ചോദ്യങ്ങളൊക്കെ disallow ചെയ്യും. മന്ത്രിയുടെ വീട് നന്നാക്കുന്നത് മന്ത്രിക്ക് വേണ്ടിയാണോ; ഇതെല്ലാം പഴയ കെട്ടിടങ്ങളാണ്. ഇത് നന്നാക്കിയെടുക്കേണ്ടത് ആവശ്യമാണ്. മന്ത്രിക്ക് കാർ വാങ്ങുന്നത് മന്ത്രിക്ക് വേണ്ടിയാണോ; പാർലമെന്റിൽ ഈ ചോദ്യം വന്നാൽ ആ ചോദ്യം അപ്പോൾതന്നെ ലെജിസ്ലേച്ചർ സെക്രട്ടേറിയറ്റ് deny ചെയ്യും. മുഖ്യമന്ത്രിയുടെ ഓഫീസിൽ ചായ കുടിച്ചതിന് എത്ര രൂപ; ഈ ചോദ്യങ്ങളൊക്കെ disallow ചെയ്യേണ്ട കാലം കഴിഞ്ഞു. അത് ഏത് കാലഘട്ടത്തിലും പാർലമെന്ററി സംവിധാനത്തിൽ ചെയ്യേണ്ടതാണ്. ലോകസഭയിൽ അത്തരം ചോദ്യങ്ങൾ വന്നാൽ അപ്പോൾതന്നെ disallow ചെയ്യും. അതൊക്കെ ഇതിന്റെ ഭാഗമായ പ്രവർത്തനങ്ങളാണ്. ജനപ്രതിനിധികളെ സമൂഹത്തിൽ അപമാനിക്കാൻ വേണ്ടിയുള്ള നിലപാടുകൾ ഇന്ന് വളരെ വ്യാപകമായി നടക്കുകയാണ്.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഇക്കാര്യത്തിൽ

നമ്മൾ രണ്ട് കൂട്ടരും ഒന്നിച്ച എന്ന വാർത്തയായിരിക്കും നാളെ പത്രങ്ങളിൽ വരാൻ പോകുന്നത്.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, അതൊക്കെ വന്നോട്ടെ. അതിലൊന്നും കുഴപ്പമില്ല. അരാഷ്ട്രീയ വാദികളായ ആളുകളാണ് ഇത് കൂടുതൽ പ്രചരിപ്പിക്കുന്നത്. നമ്മുടെ ആശയപരമായ പോരാട്ടമാണ് ഇവിടെ നടക്കുന്നത്. വിവിധ കാര്യങ്ങളെ സംബന്ധിച്ചുള്ള വ്യത്യസ്തമായ വിയോജിപ്പ് ഇവിടെ പ്രകടിപ്പിക്കാറുണ്ട്. പാർലമെന്റും നിയമസഭകളും എന്നൊക്കെ പറയുന്നത് ജനങ്ങളുടെ പ്രശ്നങ്ങളും സമൂഹത്തെ ബാധിക്കുന്നതും രാജ്യത്തെ ബാധിക്കുന്നതുമായ കാര്യങ്ങളും ചർച്ച ചെയ്യാൻ വേണ്ടിയാണ്.  ചായ കുടിച്ച കാര്യമോ, കർട്ടൻ മാറ്റിയ കാര്യമോ, കണ്ണട വാങ്ങിയ കാര്യമോ അല്ല ഇവിടെ ഏറ്റവും പ്രധാനപ്പെട്ടത്. ഇതൊക്കെ വളരെ തെറ്റായ നടപടികളാണ്. പാർലമെന്റിന്റെ ഫ്ലോറിലോ അസംബ്ലിയുടെ ഫ്ലോറിലോ വരേണ്ട കാര്യമല്ലിത്. അത് ഭരണപക്ഷമാണെങ്കിലും പ്രതിപക്ഷമാണെങ്കിലും.

നിയമസഭാ സാമാജികർ പല ആളുകളും ജസ്റ്റിസ് ജെയിംസ് കമ്മിറ്റി ശിപാർശ ചെയ്തതനുസരിച്ച്  ആനുകൂല്യങ്ങൾ കിട്ടുമെന്ന് പ്രതീക്ഷിച്ചവരുണ്ട്. പക്ഷേ അത് നമ്മൾ കൂട്ടായ ചർച്ചയിലൂടെ അത്രയും വേണ്ട എന്ന് തീരുമാനിച്ചു. അങ്ങ് വിളിച്ചു കൂട്ടിയ യോഗത്തിലും അനൗപചാരികമായി വിളിച്ചുകൂട്ടിയ യോഗത്തിലും

അത്രയും വേണ്ടെന്ന് തീരുമാനിച്ചു. അതുപോലെ മുൻകാല പ്രാബല്യം വേണമെന്ന അഭിപ്രായം ഉണ്ടായിരുന്നു. അതും വേണ്ടെന്ന് തീരുമാനിച്ചു. ഇതിൽ ചെയ്യാൻ കഴിയാവുന്ന പരമാവധി തുക ചുരുക്കിക്കൊണ്ടാണ് ബെറ്റർ ആയിട്ടുള്ള നിയമസഭാ പ്രവർത്തനം നടത്താൻ ആവശ്യമായ നിലയിലുള്ള ഒരു വർദ്ധനവ് വന്നിരിക്കുന്നത്. അത് പൊതുസമൂഹത്തിന്റെ മുന്നിൽ ആളുകളെ അപമാനിക്കുന്ന തരത്തിലേയ്ക്ക് കൊണ്ടുപോകുന്നത് ശരിയല്ല എന്നുള്ളതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: വളരെ പ്രസക്തമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും സഭയിൽ പറഞ്ഞിരിക്കുന്നത്. ജസ്റ്റിസ് ജെയിംസ് കമ്മീഷന്റെ റിപ്പോർട്ട് ലഭിച്ച ദിവസം ഒരു മാധ്യമ പ്രവർത്തകൻ എന്നോട് ഈ കമ്മീഷന്റെ വിശദാംശങ്ങൾ സംബന്ധിച്ച് അന്വേഷിക്കുകയുണ്ടായി. ഞാൻ അദ്ദേഹത്തോട് എനിക്ക് അറിയാവുന്ന ഒരു നിയമസഭാ സാമാജികന്റെ അവസ്ഥ സൂചിപ്പിച്ചു. 24,500/- രൂപയാണ് ശമ്പളമായി ലഭിക്കുന്നത്. അദ്ദേഹത്തിന് 4,500/- രൂപ അദ്ദേഹത്തിന്റെ പാർട്ടിക്ക് ലെവിയായിട്ട് സംഭാവനയായി കൊടുക്കേണ്ടതുണ്ട്. അതുവരെ അദ്ദേഹം കാർ ഉപയോഗിച്ചിരുന്നില്ല. 16,200/- രൂപ കാറിന്റെ ലോണും അടയ്ക്കണം. പിന്നെ റ്റി.എ. ഇനത്തിൽ നാല് കമ്മിറ്റികൾക്ക് വന്നാൽ മാത്രമാണ് നിന്ന് പോകാൻ പറ്റുന്നത്.

ഭക്ഷണം കഴിക്കാനുള്ള പണം പോലും ഇല്ലാത്ത സാഹചര്യം. അതിനുപുറമെ ഓഫീസിന്റെ ചെലവും. ഇത്തരം കാര്യങ്ങൾകൂടി മനസ്സിലാക്കിക്കൊണ്ടുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ആ മാധ്യമ പ്രർത്തകനോട് അഭ്യർത്ഥിക്കുകയുണ്ടായി. യഥാർത്ഥത്തിൽ നിയമസഭാ സാമാജികരുടെയും മുൻ സാമാജികരുടെയും വേതനം കാലാനുസൃതമായി പരിഷ്കരിക്കുക എന്നുള്ളത് വളരെ ന്യായമായിട്ടുള്ള കാര്യമാണ്. സത്യസന്ധവും സുതാര്യവുമായ ഒരു പൊതുജീവിതത്തിന്റെ മുൻഉപാധിയാണ് മാന്യമായ വേതനം ജനപ്രതിനിധികൾക്ക് ഉറപ്പുവരുത്തുക എന്നുള്ളത്. ജനപ്രതിനിധികളെ ദുഃസ്വാധീനത്തിലേയ്ക്കും വ്യതിയാനങ്ങളിലേയ്ക്കും നയിക്കാതിരിക്കാനുള്ള ഒരു ഉപാധി കൂടിയാണ്. ആ നിലയിൽ ഈ കാര്യങ്ങളെ കണ്ട് മനസ്സിലാക്കി പൊതുസമൂഹത്തിൽ എത്തിക്കാനുള്ള ബാധ്യത മാധ്യമങ്ങൾ ശ്രദ്ധിക്കണം. പൊതുസമൂഹവും ഇക്കാര്യം മനസ്സിലാക്കണമെന്ന് പൊതുവായി ചെയർ അഭിപ്രായപ്പെടുകയാണ്.

ശ്രീ. കെ. വി. വിജയദാസ്, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 എ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥൻ, 2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 എ നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ, 2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ഒരു സെലക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 ബി നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. മുരളീധരൻ: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2018-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച സബ്ജക്റ്റ് കമ്മിറ്റി XIV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 മാർച്ച് മാസം 21-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ രാത്രി 8.30-ന് പിരിഞ്ഞു.)

* * * * *